# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### ഇരുപത്തിയേഴാമത് റിപ്പോർട്ട്

(2022 ഡിസംബർ....... മാസം..06-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം 3.1 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### ഇരുപത്തിയേഴാമത് റിപ്പോർട്ട്

(2022 ജനുവരി മാസം 06-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം 3.1 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]

<u>**മുഖവുര**</u>

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-23) യുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം 3.1 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 നവംബർ മാസം 30 തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി രാമകൃഷ്ണൻ,**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

**തിരുവനന്തപുരം,**
2022 ഡിസംബർ 06

## ഉള്ളടക്കം

പേജ്


| | | |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| റിപ്പോർട്ട് | : | |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | : | |
| അനുബന്ധം II സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-23)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി. സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

## ... റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-2020 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഭാഗം 3.1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പരാമർശങ്ങൾ സംബന്ധിച്ചത്.

### തിരുവനന്തപുരം ജില്ല

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്ത് ഓഫീസിൽ കാർപ്പെറ്റ് സ്ഥാപിക്കൽ- അനാവശ്യ ചെലവ് 2,73,682/-രൂപ നിരാകരിക്കുന്നു.**

(വിളപ്പിൽ ഗ്രാമ പഞ്ചായത്ത് 2018-2019 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1)

- പ്രോജക്ട് നം. - 237/2019
- പ്രോജക്ടിന്റെ പേര് - വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ കാർപെറ്റ് മാറ്റുകൾ സ്ഥാപിക്കൽ
- നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
- അടങ്കൽ - 4,90,000/- രൂപ (തനത് ഫണ്ട്)
- ചെലവ് - 2,73,682/-രൂപ
- ചെക്ക് നം. - 239947 തീയതി, 20.03.2019

തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കിയ മേൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുക, പുതിയ ഓഫീസ് വൃത്തിയായി സംരക്ഷിക്കുക, ശുചീകരണം ഉറപ്പാക്കുക എന്നിവയാണ്. പുതുതായി പണി കഴിപ്പിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ തറ വിട്രിഫൈഡ് ടൈൽസ്/ഗ്രാനൈറ്റ് എന്നീ സാമഗ്രികൾ പാകിയിട്ടുള്ളതാണ്. പ്രസ്തുത പ്രതലത്തിനുമേൽ കയർ കാർപെറ്റ് മാറ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത, പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ട വർക്കിംഗ് ഗ്രൂപ്പിൽ (കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ) ചർച്ച ചെയ്തിട്ടില്ല. എന്നാൽ 16.08.2018-ലെ വികസന

സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ I(5)-ാം തീരുമാന പ്രകാരം കാർപെറ്റ് സ്ഥാപിക്കൽ പദ്ധതി രൂപീകരിക്കാനുള്ള തീരുമാനം എടുക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യുകയും 18.08.2018-ലെ 4(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു.

സ്ഥാപനത്തിന്റെ സാധാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്ന് തിരിച്ചറിയുന്ന പ്രത്യേക/ആഡംബര വസ്തുക്കൾ വാങ്ങുവാൻ സ്ഥാപനമേധാവി സർക്കാരിന്റെ അനുമതി വാങ്ങേണ്ടതാണെന്ന സ്റ്റോർ പർച്ചേസ് മാന്വലിലെ (ഖ.6.7) നിർദ്ദേശം പാലിക്കാതെ നടത്തിയ മേൽ സൂചിപ്പിച്ച പദ്ധതിയും ഇതുമായി ബന്ധപ്പെട്ട് ഓഫീസ് വൃത്തിയായി സൂക്ഷിക്കുന്നതിനായി വാക്വം ക്ലീനർ വാങ്ങേണ്ടി വന്നതും (പ്രോജക്ട് നം. 235/2019; ചെലവ് 14,990/- രൂപ തനത് ഫണ്ട്) അനാവശ്യച്ചെലവ് ഉണ്ടാക്കി.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 29.08.2019-ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25) നൽകിയ മറുപടിയിൽ "തറ ഓട് മുഴുവൻ അഴുക്ക് പിടിച്ച് വൃത്തികേടായി കിടന്നതിന്റെ അടിസ്ഥാനത്തിലാണ് കയർ കാർപെറ്റുകൾ തറയിൽ പാകുന്നതിന് ഭരണസമിതി തീരുമാനിച്ചതെന്നും ജനസൗഹൃദ സദ്ഭരണ ഗ്രാമപഞ്ചായത്ത് എന്ന ആശയം നടപ്പിലാക്കുന്നതിന് 2015 ഓഗസ്റ്റിൽ ജില്ലാ കളക്ടർ വിളിച്ചു കൂട്ടിയ യോഗത്തിൽ, പഞ്ചായത്ത് ഓഫീസുകളെ ISO നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കാർപെറ്റ് ഉൾപ്പെടെയുള്ള വസ്തുക്കൾ വാങ്ങി സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു" എന്നും അറിയിച്ചു. (പ്രസ്തുത യോഗത്തിന്റെ മിനുട്സ് ലഭ്യമായിട്ടില്ല.)

28.06.2018-ൽ ഉദ്ഘാടനം നടന്ന പുതിയ ഓഫീസ് മന്ദിരത്തിന്റെ തറ ഓട് അഴുക്ക് പിടിച്ച് വൃത്തികേടായി കിടന്നതിന്റെ അടിസ്ഥാനത്തിലാണ് കയർ കാർപെറ്റുകൾ തറയിൽ പാകുന്നതിന് ഭരണസമിതി തീരുമാനിച്ചതെന്ന വിശദീകരണം യുക്തിക്ക് നിരക്കാത്തതാണ്. മാത്രമല്ല, ISO സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ [29.01.2015-ലെ സ.ഉ.(എം.എസ്.) 18/2015/തസ്വഭവ.] യിൽ പഞ്ചായത്ത് ഓഫീസുകളെ ISO നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കയർ കാർപെറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച

നിർദേശങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ തനത് ഫണ്ടിൽ നിന്നും 2,73,682/- രൂപ അനാവശ്യച്ചെലവുണ്ടായി.

2007 ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം തെറ്റായ തീരുമാനം എടുക്കുന്നതിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കൂട്ടായ ബാധ്യതയുണ്ട്. ആയതിനാൽ കാർപെറ്റ് സ്ഥാപിക്കൽ പദ്ധതിക്ക് ഭരണാനുമതി നൽകിയ [18.08.2018-ലെ 4(1)-ാം നമ്പർ തീരുമാനം] ഭരണസമിതി അംഗങ്ങളിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും 2,73,682/-രൂപ ഈടാക്കേണ്ടതാണ്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തിന്റെ തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള പഞ്ചായത്തിന്റെ 29.06.2020 തീയതിയിലെ എ 2/9266/19 നമ്പർ മറുപടിയിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം- 3.1, തിരുവനന്തപുരം ജില്ല -1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. പ്രസ്തുത ഖണ്ഡികയ്ക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നാണ് ഓഡിറ്റ് വിഭാഗം അറിയിച്ചിരിക്കുന്നതെന്നും മറുപടി നൽകാത്തതിന്റെ കാരണമെന്താണെന്നും സമിതി ആരാഞ്ഞു. പരാമർശവിഷയം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ യോഗം വിളിച്ച് ചർച്ച ചെയ്യുകയുണ്ടായെന്നും മഴക്കാലത്ത് വികലാംഗരും പ്രായമായവരും ഓഫീസിൽ വരുമ്പോൾ ഫ്ലോറിന്റെ ഫിനിഷിംഗ് കൊണ്ട് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കൗൺസിൽ യോഗം ചേർന്നാണ് കാർപെറ്റ് വിരിക്കുവാൻ തീരുമാനിച്ചതെന്നും ഇതുസംബന്ധിച്ച് കൃത്യമായ വിശദീകരണം ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ടെന്നാണ്

ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

2. പദ്ധതി നിർവ്വഹണം ശരിയായ രീതിയിൽ നടപ്പിലാക്കിയില്ലെന്നതാണ് പ്രശ്നമെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ സമാന പരാമർശങ്ങൾക്കെല്ലാം തനത് ഫണ്ടുപയോഗിച്ചാണ് പ്രോജക്ട് ചെയ്തതെന്നാണ് അറിയിച്ചിരിക്കുന്നതെന്ന് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. തനത് ഫണ്ട് ഉപയോഗിച്ചത് സംബന്ധിച്ച കാര്യത്തിൽ വ്യക്തത വരുത്താതെ പരാമർശം ഒഴിവാക്കാൻ സാധിക്കുകയില്ലെന്നും തെറ്റായ കാര്യങ്ങൾ ചെയ്തതിനെ റാറ്റിഫൈ ചെയ്യാൻ ശ്രമിക്കുന്നത് ശരിയല്ലെന്നും സർക്കാർ മറുപടി തൃപ്തികരമല്ലാത്തതിനാൽ തനത് ഫണ്ട് എന്ന് പറയുന്നത് ജനറേറ്റഡ് ഇൻകം ആണോ ജനറൽ പർപ്പസ് ഗ്രാന്റ് ആണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തി വിശദമായ മറുപടി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**3. പദ്ധതി നിർവ്വഹണം ശരിയായ രീതിയിൽ നടപ്പിലാക്കാതെ തെറ്റായി കാര്യങ്ങൾ ചെയ്തതിനെ റാറ്റിഫൈ ചെയ്യാൻ ശ്രമിക്കുന്ന നടപടി ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. സർക്കാർ മറുപടി തൃപ്തികരമല്ലാത്തതിനാൽ തനത് ഫണ്ട് എന്ന് പറയുന്നത് ജനറേറ്റഡ് ഇൻകം ആണോ ജനറൽ പർപ്പസ് ഗ്രാന്റ് ആണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വീരണകാവ് പി.എച്ച്.സി.യിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി - നിഷ്ക്രിയ ആസ്തി ആയി തുടരുന്നു**

[പൂവച്ചൽ ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-41)

വീരണകാവ് പി.എച്ച്.സി.യിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാൻ (പ്രോ. നം. SO.202/2019) വേണ്ടിയാണ് 2017-18 സാമ്പത്തിക വർഷം ഈ പദ്ധതി വിഭാവനം ചെയ്തിരുന്നത്. ആയതിന് വേണ്ടി 95,63,632/- രൂപ അടങ്കൽ വകയിരുത്തി 47,00,000/- രൂപ ചെലവ് വരുത്തിയിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കെട്ടിടം അറ്റകുറ്റപണികൾ, ഫ്ളോർ ടൈലിംഗ്,

സീലിംഗ് ഇലക്ട്രിക്കൽ പ്രവൃത്തികൾ, പ്ളംബിംഗ്, പെയിന്റിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. പദ്ധതിക്ക് വകയിരുത്തിയിരുന്ന തുക കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എം.എസ്.സി.എൽ.) കൈമാറിയിട്ടുണ്ട്. ഭരണാനുമതി നം. തീയതി-1 (10)/ 30.10.2017 പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ - സിവിൽ വർക്കുകൾ, ഇൻസ്ട്രുമെന്റ് സ്ഥാപിക്കൽ എന്നിവയാണ്. എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് മാനേജിംഗ് ഡയറക്ടർ കെ.എസ്.എം.സി.എൽ.-ന് സെക്രട്ടറി കത്ത് (എ 3-1020/17,6/11,17) നല്കിയത് പ്രകാരം കെ.എസ്.എം.സി.എൽ./ ഇ.പി./1002/17 നമ്പർ കത്ത് അനുസരിച്ച് മാനേജിംഗ് ഡയറക്ടർ കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ചുവടെ ചേർക്കും പ്രകാരം സമർപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ഇൻവോയിസ് നം.കെ.എം.എസ്.സി.എൽ./ഇ.പി./101/2016(5) തീയതി 16.03.2018.

- എസ്റ്റിമേറ്റ് തുക - സിവിൽ വർക്ക് -30,64,512/-
- ഉപകരണ വില - 64,99,117/-
- നാളിതുവരെ 23,58,940/- രൂപ 21.03.2018-ൽ സബ് ട്രഷറി കാട്ടാക്കട മുഖേനയും
- 23,41,060/- രൂപ 20.04.2018-ൽ അക്കൗണ്ട്സ് ട്രാൻസ്ഫർ മുഖേനയും കെ.എസ്.എം.സി.എൽ-ന് നൽകിയിട്ടുണ്ട്.

പദ്ധതിയുടെ കരാർ ചമച്ചിട്ടുണ്ടെങ്കിലും മുദ്രപത്രത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മാനേജിംഗ് ഡയറക്ടർ കെ.എസ്.എം.സി.എൽ.ഉം തമ്മിലുള്ള കരാർ പ്രകാരം ഗ്രാമപഞ്ചായത്ത് ഡിപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ച് സിവിൽ വർക്കുകൾ ആരംഭിക്കുന്നതിന് സന്നദ്ധമാണെന്നും ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന തുകയായ 48,63,632/- രൂപ ഗ്രാമപഞ്ചായത്ത് അനുവദിക്കുന്നതാണെന്നും തുക വിനിയോഗിച്ച് ഈ എഗ്രിമെന്റ് തീയതി മുതൽ 6 മാസത്തിനുള്ളിൽ കെ.എസ്.എം.സി.എൽ. സിവിൽ വർക്ക് പൂർത്തിയാക്കുന്നതാണെന്നും

അവശേഷിക്കുന്ന തുകയായ 48,63,632/- രൂപ അനുവദിച്ച് 60 ദിവസത്തിനകം ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിച്ച് യൂണിറ്റിന്റെ പ്രവർത്തനം കെ.എസ്.എം.സി.എൽ. സജ്ജമാക്കുമെന്നുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഡയാലിസിസ് യൂണിറ്റിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുവാൻ 28.10.2019-ന് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് നിലവിൽ കെട്ടിടത്തിന്റെ നിർമ്മാണവും ഇലക്ട്രിക്കൽ വർക്കും പൂർത്തീകരിച്ചതായും ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിക്കൽ, പെയിൻറിംഗ് എന്നീ വർക്കുകളാണ് ബാക്കിയുള്ളതെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. അടിയന്തരമായി ഡയാലിസിസ് യൂണിറ്റിന്റെ പണി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കുവാൻ ആരംഭിച്ച പ്രവൃത്തി നിലവിൽ നിഷ്ക്രിയാസ്തിയായി തുടരുന്നു. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള കത്തിന് നാളിതുവരെ സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല എന്ന വിവരം ജില്ലാ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം- 3.1, തിരുവനന്തപുരം ജില്ല - 2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

4. വീരണകാവ് പി.എച്ച്.സി.യിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നതെന്നും എന്നാൽ താലൂക്കാശുപത്രികൾക്ക് മാത്രം ചെയ്യാൻ കഴിയുന്നതാണിതെന്നും ഡയാലിസിസ് യൂണിറ്റിനായി പണിത കെട്ടിടം കോവിഡ് അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. 2019-ൽ പദ്ധതി വിഭാവനം ചെയ്ത സമയത്ത് കോവിഡ് പ്രതിസന്ധി വന്നിരുന്നില്ലെന്നും ആയതിന്റെ പേരിൽ തുക അഡ്ജസ്റ്റ് ചെയ്യണമെന്ന് പറയുന്നത് ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കരാർ ചമച്ചിട്ടുണ്ടെങ്കിലും മുദ്രപത്രത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലെന്നതാണ്

ഓഡിറ്റ് പരാമർശമെന്ന് സമിതിയുടെ ജോയിന്റ് സെക്രട്ടറി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, പരാമർശം ഗൗരവമായി പരിഗണിക്കേണ്ടതാണെന്നും ഡയാലിസിസ് സെന്റർ സ്ഥാപിച്ചിട്ട് ഡയാലിസിസ് രോഗികൾക്ക് ഒരു ഗുണവും കിട്ടിയില്ലെന്നും താലൂക്കാശുപത്രികളിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കണമെന്നുള്ളത് സർക്കാരിന്റെ പൊതു നിലപാടാണെന്നും സമിതി അഭിപ്രായപ്പെട്ടു.

5. 2017-18 വർഷത്തിൽ പശ്ചാത്തല സൗകര്യം ഒരുക്കൽ, ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ എന്നീ ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തതെന്നും മെഡിക്കൽ ഓഫീസറായിരുന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനെന്നും ഏകദേശം 47 ലക്ഷം രൂപ ചെലവിട്ട് പശ്ചാത്തല സൗകര്യം ഒരുക്കിയതിനുശേഷം 2018-19-ൽ കെ.എസ്.എം.സി.എൽ.-ന് പ്രോജക്ട് നൽകിയപ്പോഴാണ് ആരോഗ്യവകുപ്പിന്റെ അനുമതിയോടുകൂടി താലൂക്ക് ആശുപത്രി മുതൽ മുകളിലോട്ടുള്ള ആശുപത്രികൾക്ക് മാത്രമേ ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ അനുവാദം നൽകുകയുള്ളൂ എന്ന് കത്ത് മുഖേന അറിയിച്ചതെന്നും ആയതുകൊണ്ട് പഞ്ചായത്ത് ഭരണസമിതി പദ്ധതി ഡ്രോപ് ചെയ്തുവെന്നും കെട്ടിടം പി.എച്ച്.സി. കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതിനാൽ നിലവിൽ നഴ്സസ് സ്റ്റേഷനായി ഉപയോഗിച്ചുവരുന്നതായും പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു.

6. പഞ്ചായത്ത് ഡയറക്ടേറ്റിലെ ഉദ്യോഗസ്ഥർക്ക് പരാമർശ വിഷയവുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് ആരാഞ്ഞതിന് കെട്ടിടം പണിതു കഴിഞ്ഞാൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുമതിക്ക് സാധ്യതയുണ്ടോയെന്ന് ഡി.പി.സി.യാണ് പരിശോധിക്കേണ്ടിയിരുന്നതെന്നും ഡി.പി.സി.ക്ക് വീഴ്ച പറ്റിയിട്ടുണ്ടെന്ന് സംശയിക്കുന്നതായും പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു. പഞ്ചായത്ത് ഈ പ്രോജക്ട് മുന്നോട്ടു വച്ചപ്പോൾ തന്നെ ആരോഗ്യ വകുപ്പുമായിട്ട് ഇക്കാര്യം ചർച്ച ചെയ്ത് പ്രായോഗികമാണോയെന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി കെ.എസ്.എം.സി.എൽ.മായിട്ടുള്ള എഗ്രിമെന്റിലും

ധാരാളം അപാകതകളുണ്ടെന്ന് വിലയിരുത്തുകയും പ്രസ്തുത കെട്ടിടം ആരോഗ്യ വകുപ്പിന്റെ ഭാഗമായി ഉപയോഗിച്ചിട്ട് നിഷ്ക്രിയ ആസ്തിയല്ലാതാക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി കെട്ടിടം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**7. പ്രോജക്ട് മുന്നോട്ടുവച്ചപ്പോൾ തന്നെ ആരോഗ്യ വകുപ്പുമായിട്ട് ചർച്ചചെയ്ത് പ്രായോഗികമാണോയെന്ന് ഉറപ്പ് വരുത്താത്തത് പഞ്ചായത്തിന്റെ വീഴ്ചയായി സമിതി വിലയിരുത്തുന്നു.**

**8. കെ.എസ്.എം.സി.എൽ.മായിട്ടുള്ള എഗ്രിമെന്റിൽ ധാരാളം അപാകതകളുണ്ടെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത കെട്ടിടം ആരോഗ്യ വകുപ്പിന്റെ ഭാഗമായി ഉപയോഗിച്ചിട്ട് നിഷ്ക്രിയ ആസ്തിയല്ലാതാക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കണമെന്നും നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി കെട്ടിടം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് പൂവച്ചൽ ഗ്രാമപഞ്ചായത്ത് അറിയിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

## കൊല്ലം ജില്ല

ഓഡിറ്റ് ഖണ്ഡിക

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - ചെയ്യാത്ത പ്രവൃത്തികൾക്ക് തൊഴിലാളികൾക്ക് കൂലി നൽകി. നിരാകരിക്കുന്ന തുക 2,19,433/- രൂപ**
(കൊട്ടാരക്കര മുനിസിപ്പാലിറ്റി 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10)

2017-2018 സാമ്പത്തിക വർഷത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അപാകത ശ്രദ്ധയിൽപ്പെട്ട വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

- നിർവ്വഹണ ഉദ്യോഗസ്ഥ : അക്രഡിറ്റഡ് ഓവർസിയർ
- അയ്യങ്കാളി നഗര തൊഴിലുറപ്പ് വിഭാഗം
- തൻ വർഷത്തെ ആകെ കൂലി ചെലവ്: 1,05,48,576/- രൂപ

നഗരസഭയുടെ വിവിധ വാർഡുകളിൽ ഓവുചാൽ ശുചീകരണം, ചെറുതോട് ശുചീകരണം, റോഡ് വശങ്ങളിൽ ഓവുചാൽ നിർമ്മാണം എന്നീ പേരുകളിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിലെ പിശകും, മൂല്യനിർണ്ണയത്തിലെ അശ്രദ്ധയും മൂലം നിർവ്വഹിക്കാത്ത പ്രവൃത്തികൾക്ക്, അളവ് രേഖപ്പെടുത്തി തൊഴിലാളികൾക്ക് അർഹതയില്ലാതെ കൂലി നൽകിയതായി കണ്ടെത്തി. റോഡിന്റെ ഇരുവശത്തുമുള്ള കാട് വെട്ടിത്തെളിച്ചതിനുശേഷം ഇരുവശത്തും ഓട/തോട് നിർമ്മിക്കുകയോ വെട്ടുകയോ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ചു. എന്നാൽ റോഡുകളിൽ ഒരു വശത്ത് മാത്രമാണ് ഓടയുള്ളതെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയവും നടത്തി തുക അനുദിച്ചതിനാൽ നഗരസഭയിലെ 9 വാർഡുകളിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ കൂലിയിനത്തിൽ 2,19,433/- രൂപ അധികം അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര്/വാർഡ് നം. | ഭരണാനുമതി നം. | സാങ്കേതിക അനുമതി നം. | മസ്റ്റർ റോൾ പ്രകാരം പ്രവർത്തി നടത്തിയതായി രേഖപ്പെടുത്തിയ കാലയളവ് | എം. ബുക്ക് നം. | ഓടയുടെ യഥാർത്ഥ അളവ്/ അർഹതപ്പെട്ട തുക (രൂപ) | ഓടയുടെ തെറ്റായി രേഖപ്പെടുത്തിയ അളവ്/ അനുവദിച്ച തുക | അധികം അനുവദിച്ച തുക (രൂപ) | ചെക്ക് നം./ തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | അലമൺ പാലം മുതൽ ചേരംകാവ് ഭാഗം വരെയുള്ള കനാൽ ശുചീകരണം - വാർഡ്-15 | 3/ 18.01.17 | 15/AK/ KTR/ 16-17 | 03/03/17- 17.03.17 | 15/20/ 16-17 | 6000 മീ. നീളം x30 സെ.മീ.വീതി x20 സെ.മീ. ആഴം= ആകെ 360 എം$^3$ 3x1012 രൂപ/ 10 എം$^3$ (നിരക്ക്) = 36,432/- രൂപ | 360 എം$^3$ x2 (2 വശം)- 720 എം$^3$ @1,012 രൂപ 10 എം$^3$ (നിരക്ക്)= 72,864/- രൂപ | 36,432 | 024697/ 10.04.17 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2. | ഓടനിർമ്മാണം - വാർഡ്-7 | 5/ 15.04.17 | 170/AK/ KTR/ 16-17 | 20.07.17-24.07.17 | 7/165/ 16-17 | 1800 മീ. നീളം x30 സെ.മീ. വീതി X20 സെ.മീ. ആഴം= ആകെ 108 എം$^3$ 108 എം$^3$x 1314 രൂപ/10 എം$^3$ (നിരക്ക്) = 14,191/- രൂപ | 108 എം$^3$ x2 (2 വശം)- 216 എം$^3$ @1314 രൂപ/ 10 എം$^3$ (നിരക്ക്)= 28,382/- രൂപ | 14,191 | 284195/ 10.11.17 |
| 3. | ഉരുകല്ലം റോഡ് സംരക്ഷണം - വാർഡ് 24 | -ടി- | 166/AK/ KTR/ 16-17 | 13.07.17-20.07.17 | 10/169/16-17 | 1200 മീ. നീളം x30 സെ.മീ. വീതി X30 സെ.മീ. ആഴം= ആകെ 108 എം$^3$ 108 എം$^3$ x 1,012 രൂപ/ 10 എം$^3$ (നിരക്ക്) =10,929.60/- രൂപ | 108 എം$^3$ x2 (2 വശം)- 216 എം$^3$ @ 1,012 രൂപ/ 10 എം$^3$ (നിരക്ക്)= 21,859/- രൂപ | 10,929 | 284196/ 18.11.17 |
| 4. | റോഡ് വശങ്ങളിലെ ചാൽ നിർമ്മാണം - വാർഡ് 29 | -ടി- | 73/AK/KTR/16-17 | 25.04.17-23.05.17 | 29/102/ 16-17 | 1750 മീ. നീളം x120 സെ.മീ. വീതി X20 സെ.മീ. ആഴം= ആകെ 420 എം$^3$ 420 എം$^3$x 1,012 രൂപ/ 10 എം$^3$ (നിരക്ക്) = 42,504/- രൂപ | 420 മീ. 3x2 (2 വശം)- 840 എം$^3$ @1,012 രൂപ/ 10 എം$^3$ (നിരക്ക്)= 85,008/- രൂപ | 42,504 | 24736/ 08.09.17 |
| 5. | റോഡ് വശങ്ങളിലെ ചാൽ നിർമ്മാണം - വാർഡ് 28 | -ടി- | 120/AK/ KTR/ 16-17 | 09.06.17-23.06.17 | 28/193/16-17 | 3200 മീ. നീളം x30 സെ.മീ. വീതി X35 സെ.മീ. ആഴം= ആകെ 336 എം$^3$ 336 എം$^3$x 1,012 രൂപ/ 10 എം$^3$ (നിരക്ക്)= 34,003/- രൂപ | 336 എം$^3$x2 (2 വശം)- 672 എം$^3$@ 1,012 രൂപ/ 10 എം$^3$ (നിരക്ക്)= 68,006/- രൂപ | 34,003 | 284194/ 08.11.17 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 6. | റോഡ് വശങ്ങളിലെ ചാൽ നിർമ്മാണം - വാർഡ് 10 | 5/ 18.05.17 | 109/AK/ KTR/ 16-17 | 26.05.17- 19.06.17 | 10/71/ 16-17 | 5000 മീ. നീളം x30 സെ.മീ. വീതി X25 സെ.മീ. ആഴം= ആകെ 375 എം$^3$ 375 എം$^3$x 1,012 രൂപ/ 10 എം$^3$ (നിരക്ക്) = 37,950/- രൂപ | 375 എം$^3$x2 (2 വശം) 750 എം$^3$@ 1,012 രൂപ/ 10 എം$^3$ (നിരക്ക്)= 75,900/- രൂപ | 37,950 | 24735/ 30.08.17 |
| 7. | തട്ടത്ത്പ്പള്ളി മുളംകുന്ന് വലിയ കനാൽ റോഡ്- വാർഡ് 12 | 3/ 18.01.17 | 13/AK/K TR/16-17 | 04.03.17- 9.03.17 | 12/21/ 16-17 | 1)800 മീ. നീളം x60 സെ.മീ. വീതി x30 സെ.മീ. ആഴം=144 എം$^3$<br><br>2)200 മി.നീളം x50 സെ.മീ. വീതി x25 സെ.മീ. ആഴം=25 മീ$^3$<br><br>3) 500 മീ. നീളം x50 സെ.മീ. വീതിx 30 സെ.മീ. ആഴം = 75 മീ$^3$<br><br>ആകെ 244 മീ$^3$x1,012 രൂപ/10 എം$^3$ (നിരക്ക്)= 24,692.80/- | 244 മീ 3x2 (2 വശം) 488 എം$^3$ @1,012 രൂപ/ 10 എം$^3$ (നിരക്ക്)= 49,385/- രൂപ | 24,692 | 565443/ 12.04.17 |
| 8. | എൻജിനീയറിംഗ് കോളേജ് റോഡ് ചാൽ നിർമ്മാണം - വാർഡ് 20 | 5/ 15.04.17 | 102/AK/ KTR/ 16-17 | 22.05.17- 25.05.17 | 20/124/ 16-17 | 2200 മീ.നീളം x30 സെ.മീ. വീതി x20 സെ.മീ. ആഴം=132 എം$^3$ 132 മീ3x1,012 രൂപ/10 എം$^3$ (നിരക്ക്)= 13,358.40/- | 132 മീ 3x2 (2 വശം) 264 എം$^3$@ 1,012 രൂപ/ 10 എം$^3$ (നിരക്ക്)= 26,717/- | 13,358 | 24739/ 13.10.17 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 9. | ശാന്തി ടീയേറ്റർ ചെറുതോട് ശുചീകരണം - വാർഡ് 6 | 7/ 18.01.17 | 07/AK/KTR/16-17 | 06.03.17-16.03.17 | 6/18/ 16-17 | 300 മി.നീളം x70 സെ.മീ. വീതി x30 സെ.മീ. ആഴം= ആകെ 63 എം$^3$ 63 എം$^3$ x853 രൂപ/10 എം$^3$ (നിരക്ക്)= 5,373.90/- | 63 എം$^3$x2 (2 വശം) 853 എം$^3$ @1,012 രൂപ/ 10 എം$^3$ (നിരക്ക്)= 10,748/- രൂപ | 5,374 | 024698 10.04.17 |
| **ആകെ തുക: 2,19,433/-** | | | | | | | | | |

മേൽ പ്രവർത്തികളുടെ എസ്റ്റിമേറ്റുകളുടെ സാങ്കേതിക അനുമതി നൽകിയത് സമിതിയുടെ കൺവീനറും, അക്രഡിറ്റഡ് ഓവർസീയറും, ചെയർമാനുമാണ് (കൊട്ടാരക്കര നഗരസഭയുടെ എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എൻജിനീയറുമാണ്). എം.ബുക്കുകളിൽ മൂല്യനിർണ്ണയ അളവുകൾ രേഖപ്പെടുത്തിയത് കൺവീനറും ചെക്ക് മെഷർമെന്റ് നടത്തിയത് അസിസ്റ്റന്റ് എഞ്ചിനിയറുമാണ്. അതിനാൽ നഷ്ടമായി തിട്ടപ്പെടുത്തിയ 2,19,433/-രൂപ ഇവരിൽ നിന്നും തുല്യമായി (1,09,716.50/- വീതം) ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

എന്നാൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അധികം നൽകിയ തുക ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നും ഈടാക്കുന്നതായിരിക്കുമെന്നാണ് അക്രഡിറ്റഡ് ഓവർസിയർ മറുപടി നൽകിയിരിക്കുന്നത്. ഇത് അംഗീകരിക്കാവുന്നതല്ല. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സാധാരണക്കാരനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിംഗ് നഗരസഭയിൽ കാര്യക്ഷമമല്ലാത്തതിനാലാണ് മേൽ വീഴ്ച സംഭവിച്ചിട്ടുള്ളത്. ഉദ്യോഗസ്ഥ തലത്തിൽ സംഭവിച്ച പ്രസ്തുത വീഴ്ചയ്ക്ക് തൊഴിലാളികളിൽ നിന്ന് തുക തിരികെ ഈടാക്കുന്നതും അംഗീകരിക്കാവുന്നതല്ല. ഇത്തരം പരാമർശങ്ങൾ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിക്കുന്നുണ്ട്. ഇവിടെ എസ്റ്റിമേറ്റുകൾ ലാഘവത്തോടെ തയ്യാറാക്കിയ തൊഴിലുറപ്പ് വിഭാഗത്തിന്റെയും ആയത് സൂക്ഷ്മമായി പരിശോധിക്കാതിരുന്ന എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടേയും

ഭാഗത്തുള്ള വീഴ്ചയാണിത്. വിഷയം വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടില്ല എന്നതും ചുമതല നിർവ്വഹണത്തിലെ വീഴ്ചയാണ്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ച്, നാളിതുവരെ സ്ഥാപനം ഈ വിഷയത്തിന്മേൽ മറുപടി നൽകുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് അറിയിച്ചതായി കൊല്ലം ജില്ലാ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ 24.09.2020-ലെ കെ.എസ്.എ.കെ.എൽ.എം.പി.ജി1022/ 2020-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം- 3.1, കൊല്ലം ജില്ല -1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

9. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറോടും ഓവർസീയറോടും വിശദീകരണം ആവശ്യപ്പെട്ടപ്പോൾ, തങ്ങളുടെ ഭാഗത്തു നിന്ന് പിശക് സംഭവിച്ചിട്ടില്ലെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നതെന്ന് കൊട്ടാരക്കര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

10. റോഡിന്റെ ഇരുവശങ്ങളിലും ഓട നിർമ്മിച്ച് കാട് വെട്ടിത്തെളിച്ച് വൃത്തിയാക്കുക എന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്തിട്ട് റോഡിന് ഒരു വശത്ത് മാത്രം ഓട നിർമ്മിച്ചതായാണ് ഓഡിറ്റ് വകുപ്പ് നേരിട്ട് പരിശോധിച്ചപ്പോൾ കാണാൻ സാധിച്ചതെന്നും എന്നാൽ റോഡിന് ഇരുവശത്തും ഓട നിർമ്മിച്ചുവെന്ന് കാണിച്ചാണ് എക്സ്പെൻഡിച്ചർ രേഖപ്പെടുത്തിയിരിക്കുന്നതെന്നും നിരീക്ഷിച്ച സമിതി പദ്ധതി വിഭാവനം ചെയ്യുന്ന പ്രവൃത്തി ചെയ്യാതെ തങ്ങളുടെ നിലപാടിൽ ഉറച്ച നിൽക്കുന്നുവെന്ന് ഉദ്യോഗസ്ഥർ പറയുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് ആരാഞ്ഞു. ഓഡിറ്റ് പരാമർശവിഷയത്തിൽ തെറ്റ് പറ്റിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതായും സർക്കാർ ഉദ്യോഗസ്ഥരായതിനാൽ തുക തിരിച്ചുപിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ സാധിക്കുമെന്നും

കൊട്ടാരക്കര മുനിസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു ഓഡിറ്റ് അന്വേഷണ സമയത്ത് അധികം നൽകിയ തുക ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നും ഈടാക്കുന്നതിനെടുത്ത തീരുമാനം തെറ്റാണെന്ന് വിലയിരുത്തിയ സമിതി പദ്ധതി നിർവ്വഹണത്തിൽ ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് ക്രമക്കേട് കാണിച്ച ഉദ്യോഗസ്ഥരിൽ നിന്ന് തന്നെ അത് തിരികെ ഈടാക്കുന്നതിനുള്ള വകുപ്പുതല നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു

## നിഗമനങ്ങളും ശിപാർശകളും

**11. ഓഡിറ്റ് അന്വേഷണ സമയത്ത് അധികം നൽകിയ തുക ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നും ഈടാക്കുന്നതിനെടുത്ത തീരുമാനം തെറ്റാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി നിർവ്വഹണത്തിൽ ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് ക്രമക്കേട് കാണിച്ച ഉദ്യോഗസ്ഥരിൽ നിന്ന് തന്നെ അത് തിരികെ ഈടാക്കുന്നതിനുള്ള വകുപ്പുതല നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ 8,49,575/- രൂപ കുറവ്**

[നെട്ടുവത്തൂർ ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1]

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം റോഡ് റീസ്റ്റോറിംഗ് ചാർജിനത്തിൽ 3,60,568/- രൂപ വരവുണ്ട്. നെട്ടുവത്തൂർ പുത്തൂർ റോഡിലെ കുണ്ടുപാറ ജംഗ്ഷൻ മുതൽ റിലയൻസ് ടവർ വരെ റോഡിന്റെ ഇരുവശത്തുമായി 600 മീറ്റർ കോൺക്രീറ്റ് പ്രതലത്തിലും പത്തടി ജംഗ്ഷൻ മുതൽ റിലയൻസ് ടവർ വരെ 200 മീറ്റർ കോൺക്രീറ്റ് പ്രതലത്തിലും റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ സ്ഥാപിക്കുന്നതിനായുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് 2018-19 വർഷം റോഡ് റീസ്റ്റോറിംഗ് ചാർജ് ഈടാക്കിയിരിക്കുന്നത്. ജിയോ ഓപ്റ്റിക്കൽ ഫൈബർ സ്ഥാപിക്കുന്നതിനായി അനുമതി ആവശ്യപ്പെട്ടുകൊണ്ട് റിലയൻസ് ജിയോ നൽകിയ അപേക്ഷകളിൽ റോഡ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കുന്നതിനുപകരം കോൺക്രീറ്റ് റോഡ്

നിർമ്മിക്കുന്നതിനാണ് അസ്സിസ്റ്റന്റ് എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരിക്കുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ ഇടുന്നതിന് ടെലികോം സേവനദാതാക്കളിൽ നിന്ന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മാത്രമേ റോഡ് കട്ടിംഗ്/റീസ്റ്റോറേഷൻ ചാർജ് ഈടാക്കാവൂ എന്ന് സ.ഉ.(സാധാ) നം.2440/2017 തസ്വഭവ. തീയതി 17.07.2017 പ്രകാരം ഉത്തരവായിട്ടുണ്ട്. 01.11.2017-ലെ GO(Rt)No.1630/2017/PWD ഉത്തരവ് പ്രകാരം കോൺക്രീറ്റ് റോഡിന് ഈടാക്കേണ്ട റോഡ് റീസ്റ്റോറേഷൻ ചാർജ്, 4606.15/ച. മീറ്ററും എർത്ത് സർഫസിന് 820.39/ച.മീറ്ററും ആണ്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**നെടുവത്തൂർ-പുത്തൂർ റോഡിലെ മുണ്ടുപാറ ജംഗ്ഷൻ മുതൽ റിലയൻസ് ടവർ വരെ റോഡിന്റെ ഇരുവശത്തുമായി 600 മീറ്റർ**

അപേക്ഷ നം.- RJIL/OFC/ROW/KL/NEDUVATHOOR/PWD/6737; തീയതി 29.01.2018

റിലയൻസ് ഇൻഫോകോം സമർപ്പിച്ച അപേക്ഷയിൽ 600 മീറ്റർ നീളമുള്ള ടാർ റോഡിൽ 1.5 വീതിയും 1.5 ആഴവുമുള്ള കുഴിയും സൈഡ് ബേമിൽ .50 മീറ്റർ വീതിയും 1.65 മീറ്റർ ആഴവുമുള്ള കുഴിയെടുക്കുന്നതിനുമാണ് അനുമതി ആവശ്യപ്പെട്ടിരിക്കുന്നത്. 250 മീറ്റർ കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്നതിനാണ് അസി.എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കി തുക ഈടാക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സൈറ്റ് പരിശോധിച്ചതിൽ 250 മീറ്റർ നീളം മാത്രമാണ് ആവശ്യമായിട്ടുള്ളത് എന്നതിനാലാണ് ഇപ്രകാരം എസ്റ്റിമേറ്റ് നൽകിയതെന്നും 50 സെ.മീറ്റർ വീതിയിൽ മാത്രമാണ് റോഡ് കട്ട് ചെയ്തതെന്നും കോൺക്രീറ്റ് റോഡിൽ 1.5 മീറ്റർ വീതിയിലാണ് റോഡ് കട്ട് ചെയ്യേണ്ടതെന്ന് അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 50 സെ.മീറ്റർ വീതിയിൽ മാത്രമാണ് റോഡ് കട്ട് ചെയ്തതെന്നും മറുപടി നൽകിയിരിക്കുന്നു.

ഇപ്രകാരം 250 മീറ്റർ റോഡിലെ കുഴിയുടെ വിസ്തീർണ്ണം - 0.5 x 250 = 125 ച.മീ. ഈടാക്കേണ്ട റോഡ് റീസ്റ്റോറേഷൻ ചാർജ് (125 x 4606.15 + 18% GST) =5,75,768.75 + 1,03,638.375 = 6,79,407/- രൂപ

ഉത്തരവിലെ നിബന്ധന പ്രകാരം ഈടാക്കേണ്ട തുക -6,79,407/-രൂപ

ഈടാക്കിയ തുക - 1,63,405+29,413(18%GST)=1,92,818/- രൂപ

(രസീത് നം. 118010400003/ 16.05.2018)

ഈടാക്കാൻ ബാക്കിയുള്ള തുക- 4,86,589/- രൂപ

**പത്തടി ജംഗ്ഷൻ മുതൽ റിലയൻസ് ടവർ വരെ 200 മീറ്റർ**

അപേക്ഷ നം. - RJIL/OFC/ROW/KL/NEDUVATHOOR/PAN/6833; തീയതി 16.02.2018

200 മീറ്റർ കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്നതിനാണ് അസ്സിസ്റ്റന്റ് എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരിക്കുന്നത്. (50 സെ.മീറ്റർ വീതിയിൽ മാത്രമാണ് റോഡ് കട്ട് ചെയ്തതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (6/26.12.2019) മറുപടി നൽകിയിരിക്കുന്നു.)

എന്നാൽ റിലയൻസ് ഇൻഫോകോം സമർപ്പിച്ച അപേക്ഷയിൽ 200 മീറ്റർ നീളമുള്ള ടാർറോഡിൽ 1.5 വീതിയും 1.5 ആഴവുമുള്ള കുഴിയും സൈഡ് ബേമിൽ .50 മീറ്റർ വീതിയും 1.65 മീറ്റർ ആഴവുമുള്ള കുഴിയെടുക്കുന്നതിനുമാണ് അനുമതി ആവശ്യപ്പെട്ടിരിക്കുന്നത്. എങ്കിലും 50 സെ.മീറ്റർ വീതിയിൽ മാത്രമാണ് റോഡ് കട്ട് ചെയ്തതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നു.

ഇപ്രകാരം കുഴിയുടെ വിസ്തീർണ്ണം - 0.5 x 200 = 100 ച.മീറ്റർ

ഈടാക്കേണ്ട റോഡ് റീസ്റ്റോറേഷൻ ചാർജ് - ( 100 x 4606.15 + 18 % GST ) = 4,60,615 + 82,911 = 5,43,526/-രൂപ

ഉത്തരവിലെ നിബന്ധന പ്രകാരം ഈടാക്കേണ്ട തുക - 5,43,526/- രൂപ

ഈടാക്കിയ തുക - 1,53,000 + 18 % GST = 1,80,540/- രൂപ

(രസീത് നം. 118010400005/19.05.2018)

ഈടാക്കാൻ ബാക്കിയുള്ള തുക - 3,62,986/- രൂപ

മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് പ്രവർത്തികളിലായി ഈടാക്കാൻ ബാക്കിയുള്ള 8,49,575/- രൂപ റിലയൻസ് ഇൻഫോകോമിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ച്, തുക അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് സ്ഥാപനം അറിയിച്ചതായി കൊല്ലം ജില്ലാ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ 24.09.2020-ലെ കെ.എസ്.എ.കെ.എൽ.എം-പി.ജി.1022/2020-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, കൊല്ലം ജില്ല - 2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

12. ഓഡിറ്റ് പരാമർശം സംബന്ധിച്ച് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് നെടുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ വ്യക്തമാക്കി. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ കേസ് ഫയൽ ചെയ്തതിനാലും കമ്പനിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇക്കാര്യം ഗൗരവമായി പരിശോധിക്കുമെന്നും പഞ്ചായത്ത് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുള്ളതിനാലും പ്രസ്തുത കേസ് പെൻഡിംഗിൽ വയ്ക്കുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**13. റിലയൻസ് ജിയോ കമ്പനിയിൽ നിന്നും റിസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ കുറവ് വന്ന തുക തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങളും കമ്പനിക്കെതിരെ ഫയൽ ചെയ്തിരിക്കുന്ന കേസിന്റെ നിലവിലെ സ്ഥിതിയും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ശാസ്താംകോട്ട ശുദ്ധജലതടാക സംരക്ഷണം-ഇനിയും ആരംഭിക്കാത്ത സംരക്ഷണം**

[കൊല്ലം ജില്ലാ പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2]

നിർവ്വഹണ ഉദ്യോഗസ്ഥൻ - ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ

അടങ്കൽ തുക

| | |
|---|---|
| വികസന ഫണ്ട് | 5,00,000/- |
| ഗ്രാമ പഞ്ചായത്ത് | 1,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,00,000/- |
| കൊല്ലം നഗരസഭ | 500,000/- |
| **ആകെ** | **16,00,000/-** |

കേരളത്തിലെ പ്രകൃതിദത്ത തടാകമായ ശാസ്താംകോട്ട കായൽ അശാസ്ത്രീയമായ ജല ഉപഭോഗം, ജല ചൂഷണം, നഗരവത്കരണം, മലിനീകരണം, മണ്ണൊലിപ്പ് എന്നിവ നിമിത്തം നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ഇതിനു പരിഹാരമായി ശാസ്താംകോട്ട തടാകതീരത്ത് ഇപ്പോഴുള്ള അക്കേഷ്യാമരങ്ങൾ നീക്കം ചെയ്ത് തനത് വൃക്ഷങ്ങൾ, ഫലവൃക്ഷങ്ങൾ, ഈറ, മുള, കൈത, കയർ ഭൂവസ്ത്രം ഉപയോഗിച്ച് പുല്ല് വച്ചു പിടിപ്പിക്കൽ, തുടർപരിപാലനം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ വേണ്ടി ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതിയാണ് ശാസ്താംകോട്ട ശുദ്ധജല തടാക സംരക്ഷണം.

പദ്ധതി നിർവ്വഹണത്തിനായി കൊല്ലം നഗരസഭ 5,00,000/- രൂപ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് 5,00,000/- രൂപ, പടിഞ്ഞാറേ കല്ലട ഗ്രാമ പഞ്ചായത്ത് 50,000/- രൂപ, ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് 50,000/- രൂപ ക്രമത്തിൽ ജില്ലാ പഞ്ചായത്തിന് തുക നല്കിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ 1,39,950/- രൂപ ബിൽ നം.7/17-18 തീയതി 31.03.2018 പ്രകാരം പിൻവലിച്ച്

വലിയ കൂടയിലെ തൈകൾക്കായി 45/- രൂപ ക്രമത്തിൽ 2130 എണ്ണത്തിന് 95,850/- രൂപയും തൈകളുടെ ജൂൺ 5 വരെയുള്ള പരിപാലന ചിലവായി 70 ദിവസത്തേയ്ക്ക് ദിവസക്കൂലി ഇനത്തിൽ നിയമിച്ചിട്ടുള്ള വാച്ച്മാന്റെ വേതനമായി 630/- രൂപ ക്രമത്തിൽ 44,100/- രൂപയും ചെലവഴിച്ചിരിക്കുന്നു. ഇതിൽ 95,850/- രൂപ സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെയും 44,100/- രൂപ കൈപ്പട്ടൂർ പങ്കാളിത്ത ഹരിത സമിതിയുടെയും അക്കൗണ്ടിൽ നല്കി. ഇതുമായി ബന്ധപ്പെട്ട് 14.03.2018-ൽ സാമൂഹ്യവനവത്കരണ വിഭാഗം, പത്തനംതിട്ടയുമായി കരാറിലേർപ്പെടുകയും ചെയ്തു.

കയർ ഭൂവസ്ത്രം വിരിക്കുന്നതുമായി ബന്ധപ്പെട്ട് 01.06.2018-ൽ 1446/2017 ആയി കയർഫെഡുമായി കരാറിലേർപ്പെടുകയും ചെയ്തു. ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ചെലവുകൾ നടത്തിയിട്ടില്ല. ഫയലുകൾ പരിശോധിച്ചതിൽ നാളിതുവരെ 920 തൈകൾ മാത്രമേ കൈപ്പട്ടൂർ നഴ്സറിയിൽനിന്നും ഏറ്റെടുത്ത് നട്ടുപിടിപ്പിച്ചിട്ടുള്ളൂ. റേഞ്ച് ഫോറസ്റ്റാഫീസർ (സാമൂഹ്യ വനവത്കരണം) പത്തനംതിട്ടയുടെ എസ്.ഇ.പി.327/18, തീയതി 13.07.2018-ൽ മുഴുവൻ തൈകളും ഏറ്റെടുക്കുവാൻ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

16,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 29.10.2018-ൽ ജി.1446/2017 ആയി സാങ്കേതിക അംഗീകാരത്തിനായി ഡയറക്ടർ ഓഫ് സോയിൽ കൺസർവേഷൻ നല്കിയിരുന്നെങ്കിലും അഡീഷണൽ ഡയറക്ടർ ഓഫ് സോയിൽ കൺസർവേഷന്റെ 31.10.2018-ലെ പിജി.(1)8375/2018 ഉത്തരവ് പ്രകാരം മൺകുളം, കയർഭൂവസ്ത്രം എന്നിവ ഒഴിവാക്കി 10,00,000/- രൂപയുടെ മാത്രം പ്രവൃത്തികൾക്കാണ് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളത്.

ഡയറക്ടർ ഓഫ് സോയിൽ കൺസർവേഷന്റെ 17.12.2018-ലെ പിജി(1) 8375/2018 നമ്പർ കത്തിൽ 15.11.2018, 20.11.2018 എന്നീ തീയതികളിൽ മാധ്യമ വാർത്തകളെ തുടർന്ന് ഡയറക്ടർ ഓഫ് സോയിൽ കൺസർവേഷൻ ഓഫീസിൽ നിന്നുമുള്ള സംഘം പദ്ധതി പ്രദേശം പരിശോധിച്ചതിൽ കയർഭൂവസ്ത്രം സ്ഥാപിച്ചിട്ടുള്ളത് തികച്ചും അശാസ്ത്രീയമായാണെന്നും സാങ്കേതികാനുമതി കൂടാതെയാണ്

പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും ആയതിനാൽ തുടർപ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനും ആവശ്യപ്പെട്ടു.

**പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.**

- സാങ്കേതിക അനുമതി ആവശ്യമായ പ്രോജക്ട് ആയതു ലഭ്യമാകുന്നതിനു മുമ്പേ നടപ്പിലാക്കി.
- വനം വന്യജീവി വകുപ്പിന്റെ സ.ഉ. (സാധാ) നം. 159/2017/വനം. തീയതി 22.04.2017 പ്രകാരം വലിയ കുടത്തൈ ഒന്നിന് 45/- രൂപയായി നിശ്ചയിച്ചിട്ടുള്ളതാണ്. ഇതിനോടൊപ്പം തൈകളുടെ പരിപാലനം എന്ന പേരിൽ വാച്ചുമാന്റെ വേതനം ഇനത്തിൽ 44,100/- രൂപ നല്കി.
- നാളിതുവരെ 920 തൈകൾ മാത്രമേ ഏറ്റെടുത്ത് നട്ടു പിടിപ്പിച്ചിട്ടുള്ളൂ.
- തുടർപ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10, തീയതി 06.03.2019) പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായില്ലെന്നും ആയതിനാൽ റിക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നെന്നും തൈകൾ വാങ്ങുന്നത് വനംവകുപ്പിൽ നിന്നായതിനാലാണ് സാങ്കേതികാനുമതിക്ക് മുമ്പേ പ്രവർത്തനങ്ങൾ തുടങ്ങിയതെന്നും, നട്ടു പിടിപ്പിക്കുവാൻ അവശേഷിക്കുന്ന 1210 തൈകൾ കൊട്ടാരക്കര മണ്ണ് സംരക്ഷണ ഓഫീസിൽ സൂക്ഷിച്ച് പരിപാലിച്ചുവരുന്നുണ്ടെന്നും മറുപടി നല്കി. 45/- രൂപയ്ക്ക് ലഭ്യമാകുന്ന തൈകൾക്ക് പരിപാലന ചെലവായി തുക നല്കിയ നടപടി അംഗീകരിക്കുന്നില്ല. കൂടാതെ 2130 തൈകൾ വാങ്ങിയതിൽ ഇതുവരെ നട്ടുപിടിപ്പിക്കാത്ത 1210 തൈകളുടെ വിലയും നിരാകരിക്കുന്നു.

2130 കുടത്തൈകളുടെ വില, തൈകളുടെ പരിപാലന ചെലവ് എന്നീ ഇനങ്ങളിലായി നല്കിയ 1,39,950/- രൂപയിൽ നട്ടുപിടിപ്പിച്ച തൈകളുടെ വിലയായ

41,400/- രൂപ ഒഴികെ 98,550/- രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

വലിയ ലക്ഷ്യത്തോടെ ആരംഭിച്ച ഒരു പ്രോജക്ട് നിരുത്തരവാദിത്തത്തോടെ നടപ്പിലാക്കിയതുമൂലം കുറച്ച് തൈകൾ വാങ്ങുന്നതിന് തുക ചെലവഴിക്കുന്നതിൽ മാത്രം പദ്ധതി പ്രവർത്തനം ഒതുങ്ങി. വാങ്ങിയ തൈകൾ വച്ചു പിടിപ്പിക്കുന്നതിനു പോലും കഴിഞ്ഞില്ല. മോണിറ്ററിംഗ് സമിതി, വികസനകാര്യ സ്ഥിരം സമിതി എന്നിവയുടെ ഫലപ്രദമായ ഇടപെടൽ ഒരു ഘട്ടത്തിലും ഉണ്ടായിട്ടില്ല. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ച്, കൊല്ലം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ 23.09.2020-ലെ ബി.2372/2019(എ) കത്ത് പ്രകാരം ലഭിച്ച തൈകളിൽ 920 എണ്ണം പദ്ധതി പ്രദേശത്ത് വച്ചു പിടിപ്പിക്കുകയും ബാക്കി 1210 തൈകൾ കൊട്ടാരക്കര മണ്ണ് സംരക്ഷണ ഓഫീസിൽ സൂക്ഷിക്കുകയും ചെയ്തു എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ തുടർന്ന് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിച്ചിട്ടുള്ളതായി കൊല്ലം ജില്ലാ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ 24.09.2020-ലെ കെ.എസ്.എ.കെ.എൽ.എം.പി.ജി.1022/2020-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം- 3.1, കൊല്ലം ജില്ല - 3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

14. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. 2017-18-ലെ ഗൈഡ്‌ലൈൻ പ്രകാരം സാധാരണ പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അനുമതിയുണ്ടായിരുന്നതായും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഡി.പി.സി. പാസാക്കിയ ശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല വിദഗ്ധ സമിതിയുടെ അംഗീകാരത്തോടുകൂടിയാണ് ടി പദ്ധതി നടപ്പാക്കിയതെന്നും ജില്ലാ

പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു

15. പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറാണെന്നും ടെക്നിക്കൽ സാംഗ്ഷൻ ആവശ്യമായ ഒരു പ്രോജക്ടായിരുന്നിട്ടും ആയത് ലഭിക്കും മുൻപ് പദ്ധതി നടപ്പാക്കി എന്നതാണ് ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലെന്നും ടെക്നിക്കൽ സാംഗ്ഷനായി ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ 10.05.2019-ൽ മണ്ണ് സംരക്ഷണ ഡയറക്ടർക്ക് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും 6 മാസം കഴിഞ്ഞാണ് പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമായതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സാങ്കേതികാനുമതിക്കായി അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ ഒരാഴ്ചക്കകം അനുമതി നൽകണമെന്നും എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടെങ്കിൽ ആയത് സൂചിപ്പിച്ചുകൊണ്ട് അപേക്ഷ തീർപ്പാക്കണമെന്നുമാണ് ചട്ടമെന്നും സാങ്കേതികാനുമതിയെപ്പറ്റി അന്വേഷിച്ചപ്പോൾ പ്രൈസ് സോഫ്റ്റ്‌വെയറിലെ പരിശീലനം പൂർത്തിയാകാത്തതിനാൽ ഇക്കാര്യം ഡയറക്ടറേറ്റുമായി സംസാരിച്ചിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ട് പദ്ധതി ആരംഭിക്കാൻ വാക്കാൽ നിർദ്ദേശം നൽകിയതായും പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കിയതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു.

16. ഓഡിറ്റ് പരിശോധനയിൽ അന്ന് നട്ട 920 തൈകളുടെ തുക ഒഴികെ ബാക്കി തുകയായ 91,550/- രൂപയ്ക്കാണ് തടസ്സവാദം ഉന്നയിച്ചിരിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥന് സ്ഥലം മാറ്റമുണ്ടായപ്പോൾ പദ്ധതി പ്രവർത്തനം തടസ്സപ്പെടുന്ന അവസ്ഥയുണ്ടായെന്നും ടി വിഷയം ഡി.പി.സി., പ്ലാനിംഗ് ബോർഡ്, ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ബഹു. കൃഷി വകുപ്പുമന്ത്രി എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയ്ക്ക് ടെക്നിക്കൽ സാങ്ഷൻ ലഭിച്ചതെന്നും മണ്ണ് സംരക്ഷണ വകുപ്പിലുണ്ടായ കാലതാമസം സംബന്ധിച്ച് ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടില്ലെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു തുടർന്ന് വാങ്ങിയ

തൈകൾ പൂർണ്ണമായും വച്ച് പിടിപ്പിക്കാത്തതിന്റെ കാരണം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം സമിതി ആവശ്യപ്പെട്ടുകയുണ്ടായി. ആയതിന് പദ്ധതി നിർത്തിവയ്ക്കുവാൻ നിർദ്ദേശം ലഭിച്ചതിനുശേഷം വൃക്ഷത്തൈകൾ ജില്ലാ മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥന്റെ ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്നും തൈകൾ കുറച്ച് നഷ്ടപ്പെട്ട് പോയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

17. പദ്ധതി വിഭാവനം ചെയ്തതുപോലെയുള്ള പ്രയോജനം ലഭിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് നട്ട തൈകളെല്ലാം വളർന്ന് വൃക്ഷങ്ങളായിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു പ്രവൃത്തിക്ക് സാങ്കേതികാനുമതി ആവശ്യപ്പെട്ടാൽ കൃത്യസമയത്ത് ലഭിക്കുന്നില്ലെന്നുള്ളത് പൊതു പ്രശ്നമാണെന്ന് സമിതി അഭിപ്രായപ്പെടുകയും സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസം വരുത്തിയ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു.

18. ഓഡിറ്റ് പരാമർശ വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ റിവ്യൂ യോഗത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെയും അക്കാലയളവിലെ മണ്ണ് സംരക്ഷണ ഡയറക്ടറേയും വിളിച്ചിരുന്നതായും സാങ്കേതികാനുമതി ലഭിക്കാതിരുന്നതു തന്നെയാണ് യഥാർത്ഥ കാരണമെന്ന് അവർ അറിയിച്ചതായും ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനെ പ്രത്യേകമായി കേൾക്കുകയുണ്ടായെന്നും വ്യക്തി വിരോധത്തിന്റെയും വിദ്വേഷത്തിന്റെയും ഭാഗമായി ഡയറക്ടറേറ്റിലെ ജീവനക്കാർ ടിയാളെ ബലിയാടാക്കുകയായിരുന്നുവെന്നും പ്രസ്തുത കാരണത്താലാണ് സാങ്കേതികാനുമതി നിഷേധിച്ചതെന്നും ബഹുമാനപ്പെട്ട സമിതി മുമ്പാകെ പ്രസ്തുത വിവരം ബോധ്യപ്പെടുത്താമെന്ന് ടി ഉദ്യോഗസ്ഥൻ അറിയിച്ചതായും ഇക്കാര്യം വിശദമായി പരിശോധിയ്ക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു

19. സർക്കാരിൽ നിന്നും ലഭിച്ച മറുപടിയിൽ പരാമർശ വിഷയം സർക്കാർ പരിശോധിക്കുകയും പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയവരെ കണ്ടെത്തി

നഷ്ടമായ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തുവെന്ന് വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിഷയം പരിശോധിച്ചതിനുശേഷം പ്രസ്തുത ഓഡിറ്റ് പരാമർശം പരിഗണിക്കുവാൻ സമിതി തീരുമാനിച്ചു

## നിഗമനങ്ങളും ശിപാർശകളും

**20. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു പ്രവൃത്തിക്ക് സാങ്കേതികാനുമതി ആവശ്യപ്പെട്ടാൽ കൃത്യസമയത്ത് ലഭിക്കുന്നില്ലെന്നുള്ളത് ഒരു പൊതു പ്രശ്നമാണെന്ന് സമിതി നിരീക്ഷിക്കുന്നു. സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസം വരുത്തിയ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടാൻ സമിതി നിർദ്ദേശിക്കുന്നു.**

**21. പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയവരെ കണ്ടെത്തി നഷ്ടമായ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരിക്കുന്നതിനാൽ, പ്രസ്തുത തുക തിരിച്ചു പിടിച്ചതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബസ്സുകൾ കയറാത്ത ബസ്സ്സ്റ്റാന്റിനു വേണ്ടി ചെലവഴിച്ചത് 4,43,98,801/- രൂപ**

[കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-27]

നഗരസഭയുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനുമായി പ്രൈവറ്റ് ബസുകൾക്ക് സൗകര്യപ്രദമായി മറ്റു സ്ഥലങ്ങളിലേക്ക് യാത്ര തിരിക്കുന്നതിന് ഒരു ബസ് സ്റ്റാന്റിനു പ്രോജക്ട് നമ്പർ 37/14 പ്രകാരം 37,50,000/- തുക ചെലവഴിച്ച് വസ്തു വാങ്ങിയിരുന്നു. ടി വസ്തു 25,32,343/- രൂപ ചെലവഴിച്ച് (പ്രോജക്ട് നമ്പർ 195/2015) പ്രകാരം മണ്ണിട്ട് നികത്തിയിരുന്നു. തൻവർഷം താഴെ പറയുന്ന രണ്ട് പ്രോജക്ടുകൾ പ്രകാരം ബസ്സ്സ്റ്റാന്റ് കോൺക്രീറ്റ് അപ്രോച്ച് റോഡ് ടാറിംഗ്, കോമ്പൗണ്ട് വാൾ നിർമ്മാണം എന്നിവ നടത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

- **പദ്ധതിയുടെ പേര്: പ്രൈവറ്റ് ബസ് സ്റ്റാന്റ് യാർഡ് കോൺക്രീറ്റിംഗ് ഡിവിഷൻ 14**

  - പദ്ധതി നമ്പർ എസ്.ഒ.305/2017
  - നിർവ്വഹണം - മുനിസിപ്പൽ എഞ്ചിനീയർ
  - അടങ്കൽ- 4,50,000/- രൂപ (ലോകബാങ്ക് സഹായം)
  - ഭരണാനുമതി- 3/22.11.2016
  - കരാർ തീയതി- 114/16-17 തീയതി, 06.03.2017
  - കരാറുകാരൻ ജോയ് വർഗ്ഗീസ്
  - ബിൽ നമ്പർ/തുക 25/2017-18 തീയതി 05.08.2017 (ബിൽബുക്ക് 2017-18 വോള്യം 1) 31,41,021 /- രൂപ
  - മേൽ പദ്ധതി പ്രകാരം 68 മീറ്റർ നീളത്തിലും 38 മീറ്റർ വീതിയിലും യാർഡ് നിർമ്മിച്ചിരിക്കുന്നു.

- **പദ്ധതിയുടെ പേര്: പ്രൈവറ്റ് ബസ് സ്റ്റാന്റ് അപ്രോച്ച് റോഡ് ടാറിംഗ്**

  - കോമ്പൗണ്ട് വാൾ നിർമ്മാണം ഡിവിഷൻ 14
  - പദ്ധതിനമ്പർ എസ്.ഒ.84/2018
  - നിർവ്വഹണം - മുനിസിപ്പൽ എഞ്ചിനീയർ
  - അടങ്കൽ ലോകബാങ്ക് സഹായം ( കേന്ദ്രവിഹിതം ) 2,89,154/-
  - (സംസ്ഥാനവിഹിതം) 10,10,846/- രൂപ
  - ആകെ 13,00,000/- രൂപ
  - ഭരണാനുമതി 7/18.05.2017
  - കരാർ തീയതി 3/17-18 തീയതി 29.04.2017
  - ബിൽ നമ്പർ തുക 36/2017-18 തീയതി 31.12.2017, 2,14,591/-
  - 37/2017-18 തീയതി 31.12.2017, 10,10,846/-രൂപ

മേൽ പദ്ധതി പ്രകാരം 127 മീറ്റർ നീളത്തിലും 7 മീറ്റർ വീതിയിലും അപ്രോച്ച് റോഡ് ടാർ ചെയ്തിരിക്കുന്നു. കൂടാതെ 115 മീറ്റർ നീളത്തിലും 90 സെന്റീമീറ്റർ വീതിയിലും സംരക്ഷണഭിത്തി നിർമ്മിച്ചിരിക്കുന്നു.

തൻവർഷ ചെലവ് ഉൾപ്പെടെ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഉപയോഗയോഗ്യമാക്കുന്നതിന് ആകെ 4,43,98,801/- രൂപ ചെലവഴിച്ചുവെങ്കിലും നിലവിൽ ബസുകൾ സ്റ്റാന്റിൽ കയറാത്ത അവസ്ഥയിലാണ്. പ്രൈവറ്റ് ബസ്സ്റ്റാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടി മുനിസിപ്പൽ അധികാരികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി പ്രോജക്റ്റിനായി നാളിതുവരെ നടത്തിയ ചെലവ് പാഴ്ചെലവായി മാറുന്നതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ ഇടപെടൽ ടി വിഷയത്തിൽ ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ച്, ബസ്സ്റ്റാൻഡ് നാളിതുവരെ ഉപയോഗക്ഷമമാക്കിയിട്ടില്ല എന്നാണ് സ്ഥാപനം അറിയിച്ചതെന്ന് കൊല്ലം ജില്ലാ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ 24.09.2020-ലെ കെ.എസ്.എ.കെ.എൽ.എം.പി.ജി.1022/2020-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, കൊല്ലം ജില്ല - 4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

22. സ്വകാര്യ ബസ് സ്റ്റാന്റിന് സ്ഥലമേറ്റെടുക്കുന്നതിന് കരുനാഗപ്പള്ളി നഗരസഭ ചെലവഴിച്ച തുക നിഷ്ക്രിയാസ്തിയായി തുടരുന്നുവെന്നാണ് ഓഡിറ്റ് പരാമർശമെന്നും പുതിയ കൗൺസിൽ അധികാരമേറ്റശേഷം സെപ്റ്റംബർ 15-ന് ബസ് സ്റ്റാന്റ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും കരുനാഗപ്പള്ളി-ശാസ്താംകോട്ട പി.ഡബ്ല്യൂ.ഡി. റോഡിൽ കിഫ്ബി പ്രവൃത്തി നടക്കുന്നതിനാൽ സാധിച്ചില്ലെന്നും നവംബർ 1-ന് തന്നെ ബസ് സ്റ്റാന്റ് പ്രവർത്തിപ്പിക്കുമെന്ന് സമിതി മുൻപാകെ ഉറപ്പ് നൽകുകയാണെന്നും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി

സെക്രട്ടറി അറിയിച്ചു. തുടർന്ന് നവംബർ 1-ന് തന്നെ പ്രവർത്തനോദ്ഘാടനം നടന്നുവെന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു

**<u>നിഗമനങ്ങളും ശിപാർശകളും</u>**

**23. ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന സ്വകാര്യ ബസ്സ്റ്റാൻഡ് 2021 നവംബർ മാസം 1-ാം തീയതി തന്നെ പ്രവർത്തനക്ഷമമാക്കുമെന്ന് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി സെക്രട്ടറി ഉറപ്പു നൽകിയിരിക്കുന്നതിനാൽ, പ്രസ്തുത തീയതിയിൽ തന്നെ പ്രവർത്തനോദ്ഘാടനം നടന്നുവെന്ന് ഉറപ്പ് വരുത്തണമെന്നും ആയത് സംബന്ധിച്ച വിവരം അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**<u>പത്തനംതിട്ട ജില്ല</u>**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - നിഷ്ഫലമായ ചെലവ് 16 ലക്ഷം രൂപ**

[കടപ്ര ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-21]

പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പ്രോജക് നം S0151/17 പ്രകാരം ആധുനിക ഗ്യാസ് ശ്മശാനം നിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിരുന്നു. 40 ലക്ഷം രൂപയായിരുന്നു അടങ്കൽ നിശ്ചയിച്ചിരുന്നത്. സംയുക്ത പദ്ധതിയായി വിഭാവനം ചെയ്തിരുന്ന ഈ പദ്ധതിക്ക് പഞ്ചായത്ത് വിഹിതമായി 4,00,000/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 16,00,000/- രൂപയും, സംസ്ഥാനാവിഷ്കൃത വിഹിതമായി 20,00,000/- രൂപയുമായിരുന്നു വകയിരുത്തിയിരുന്നത്. അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ തൃശ്ശൂർ, അയ്യന്തോൾ ആസ്ഥാനമായ കോസ്റ്റ്ഫോർഡ് എന്ന സ്ഥാപനത്തെയാണ് നിർവ്വഹണച്ചുമതല ഏൽപ്പിച്ചിട്ടുള്ളത്. 22.02.2017-ൽ 1213/2016-2017 നമ്പരായി എഗ്രിമെന്റ് വെയ്ക്കുകയും രണ്ട് തവണകളായി 16,00,000/- രൂപ കോസ്റ്റ് ഫോർഡിന് നൽകുകയും ചെയ്തു. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം സ്ഥാപനം പണി നടത്തിയിട്ടില്ല. പദ്ധതി അടങ്കലിന്റെ 40% തുകയും കൈപ്പറ്റിയ

സ്ഥാപനം ക്രിമറ്റോറിയത്തിന്റെ 25% പണികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. പദ്ധതി നിലവിൽ ഉപേക്ഷിച്ച നിലയിലാണ്. കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ പഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പദ്ധതിയ്ക്ക് ചെലവഴിച്ച 16,00,000/- രൂപ ഫലത്തിൽ പാഴ്ചെലവായി.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഗുരുതരമായ അപാകതകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം പ്രവൃത്തി നടത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് (കാറ്റഗറി ഡി) സാധാരണ ഗതിയിൽ ടെണ്ടർ കൂടാതെ പ്രവൃത്തികൾ ഏൽപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ തദ്ദേശഭരണ വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഈ സ്ഥാപനങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്താവുന്നതാണ് (G.O.(P)No.311/14/Fin., dtd.30.07.2014). അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം.133/2013/തസ്വഭവ., തീയതി 30.03.2013) പ്രകാരം ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രമാണ് COSTFORD പോലെയുള്ള സ്ഥാപനത്തെ ഏൽപ്പിക്കാവുന്നത്. ഈ പ്രോജക്ടിൽ പ്രധാനമായും രണ്ട് ഭാഗങ്ങളാണുള്ളത്. ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 16,89,010/- രൂപയും, ഗ്യാസ് ഫർണസും അനുബന്ധ നിർമ്മിതികളും നടത്തുന്നതിന് 18,50,000/- രൂപയും നികുതികളും, സർവ്വീസ് ചാർജ്ജും ഇനത്തിൽ 4,60,990/- രൂപമായിരുന്നു എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നത്. കെട്ടിടം നിർമ്മിക്കുന്നതിന് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അല്ല തയ്യാറാക്കിയിട്ടുള്ളത്. PWD ഡാറ്റ ഉപയോഗിച്ചുള്ള സാധാരണ പ്രവൃത്തി നടത്തുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. PWD ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രവൃത്തികൾ

COSTFORD നെ ഏൽപ്പിക്കുന്നതിന് വ്യവസ്ഥയില്ല. മാത്രവുമല്ല പി.ഡബ്ല്യു.ഡി. ഡാറ്റ പ്രകാരവും, ലോ കോസ്റ്റ് (low cost) ടെക്നോളജി പ്രകാരവും എസ്റ്റിമേറ്റുകൾ തയ്യാറാക്കി താരതമ്യം ചെയ്ത് ചെലവ് കുറവാണെങ്കിൽ മാത്രമേ പ്രവൃത്തി ഏൽപ്പിക്കാവൂ എന്നാണ് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള താരതമ്യം നടത്തിയിട്ടില്ല. ഏജൻസി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് ക്രമപ്രകാരം സാങ്കേതികാനുമതിയും വാങ്ങിയിട്ടില്ല.

ഗ്യാസ് ഫർണസ് സ്ഥാപിക്കുന്നതിന് 18,50,000/- രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്. HI-TECH CREMATORIUM PVT.LTD., കൈപ്പട്ടൂർ, പത്തനംതിട്ട എന്ന സ്ഥാപനം COSTFORD-മായി ചേർന്ന് ഗ്യാസ് ഫർണസ് സപ്ലൈ ചെയ്യുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഗണ്യമായ തുകയുള്ള ഈ പർച്ചേസ് സുതാര്യമായും, പ്രോക്യൂർമെന്റ് നടപടിക്രമങ്ങളും പാലിച്ച് വേണമായിരുന്നു നടത്തേണ്ടിയിരുന്നത്. COSTFORD ഏകപക്ഷീയമായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ഗ്യാസ് ഫർണസിന് തുക നൽകുന്നതിന് സമ്മതിച്ച് പഞ്ചായത്ത് കരാറിലേർപ്പെട്ടത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. പ്രോക്യൂർമെന്റ് മാർഗ്ഗരേഖയിൽ സേവനങ്ങളുടെ പ്രോക്യൂർമെന്റ് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതുപ്രകാരം 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന സേവനങ്ങളുടെ പ്രോക്യൂർമെന്റ് QCBS രീതി അനുസരിച്ചാണ് ചെയ്യേണ്ടത്. 2 ലക്ഷത്തിനും 5 ലക്ഷത്തിനും ഇടയ്ക്കുള്ള സേവനങ്ങളുടെ പ്രോക്യൂർമെന്റ് FBS (Fixed Budget Selection) രീതി അനുസരിച്ചോ അല്ലെങ്കിൽ LCS (Least Cost Selection) രീതി അനുസരിച്ചോ ആണ് ചെയ്യേണ്ടത്. അതുകൊണ്ട് 2 ലക്ഷത്തിൽ താഴെ തുകയ്ക്കുള്ള സേവനങ്ങളുടെ പ്രോക്യൂർമെന്റ് മാത്രമേ നേരിട്ട് അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവൂ എന്ന് അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ പ്രോജക്ടിന്റെ കാര്യത്തിൽ ഈ നിബന്ധനകൾ ഒന്നും തന്നെ പാലിച്ചിട്ടില്ല.

കൃത്യമായ 'വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് വയ്ക്കാതെയാണ് COSTFORD-ഉം ആയി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. എഗ്രിമെന്റിൽ

പഞ്ചായത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനം ഏകപക്ഷീയമായി തയ്യാറാക്കി നൽകിയിട്ടുള്ള ഒരു എഗ്രിമെന്റിൽ സെക്രട്ടറി കൈയ്യൊപ്പ് വയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഏജൻസിയുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ സാധ്യതയുള്ള വീഴ്ചകളിന്മേൽ പഞ്ചായത്തിനുണ്ടാകുന്ന നഷ്ടങ്ങൾ ഈടാക്കുന്നതിനോ, പദ്ധതിയുടെ 'നിർവ്വഹണം വൈകിപ്പിക്കുന്ന പക്ഷം പിഴ ഈടാക്കുന്നതിനോ എഗ്രിമെന്റിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം അപാകതകൾ പരിഹരിക്കുന്നതിന് അനുയോജ്യമായ •വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്താതെയും, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവ് ഒബ്സർവേഷൻ കാലയളവായി ഉൾപ്പെടുത്താതെയും കരാർ ചമച്ചത് ക്രമപ്രകാരമല്ല.

ഏജൻസിക്ക് പദ്ധതി അടങ്കലിന്റെ 20% തുകയായ 8,00,000/- രൂപ 20.03.2017-ലെ 0898681 നമ്പർ ചെക്ക് പ്രകാരം നൽകി. തുടർന്ന് 15.05.2017-ൽ ആദ്യ ഗഡു തുകയുടെ യൂട്ടിലൈസേഷൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായി 8,00,000/- രൂപ കൂടി അനുവദിച്ചു (ചെക്ക് നം.898689/15.06.2017). എന്നാൽ തുക കൈപ്പറ്റിയതായുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. രണ്ടാം ഗഡു തുക കൈപ്പറ്റുന്നതിന് ഏജൻസിയുടെ പ്രോജക്ട് എഞ്ചിനീയർ ഹാജരാക്കിയ 9,76,878/- രൂപയുടെ ഒരു മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് ചെയ്ത പ്രവൃത്തികളുടെ മൂല്യം 3,89,082/- രൂപ മാത്രമാണ്. ഗ്യാസ് ഫർണസിന്റെ പാർട്ട് പേയ്മെന്റായി 5,00,000/- രൂപയും നികുതി, സർവ്വീസ് ചാർജ്ജ് ഇനങ്ങളിലായി 87,796/- രൂപയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തികളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തുകയോ, ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ചെക്ക് മെഷർമെന്റ് നടത്തി അളവുകളുടെ കൃത്യത ബോദ്ധ്യപ്പെടുകയോ ചെയ്തിട്ടില്ല. അക്രഡിറ്റഡ് ഏജൻസി നടത്തിയ പ്രവൃത്തികളുടെ ഗുണനിലവാരം, ചെലവിന്റെ സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിന് സെക്രട്ടറി എൽ.എസ്.ജി.ഡി. എഞ്ചിനീയർ വിഭാഗത്തെ ചുമതലപ്പെടുത്തുകയോ, അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി സ്ഥലത്ത്

പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിന്റെ 15% വീതമുള്ള അഞ്ച് ഗഡുക്കളായും, അവശേഷിക്കുന്ന 5% തുക പെർഫോർമൻസ് ഗ്യാരണ്ടിയായി സൂക്ഷിച്ച് ഒബ്സർവേഷൻ പീരിഡിന് ശേഷവുമാണ് നൽകേണ്ടത്. എന്നാൽ കൈപ്പറ്റിയ തുകയുടെ 50% പോലും ചെലവഴിക്കാത്ത ഏജൻസിയ്ക്ക് വീണ്ടും 20% അനുവദിക്കുകയാണ് ഉണ്ടായത്.

നിർമ്മാണം കട്ടിള പൊക്കം വരെ മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമായി. മൊത്തം അടങ്കലിന്റെ 40 ശതമാനം തുകയും കൈപ്പറ്റിയ ഏജൻസി ആകെ പ്രവൃത്തികളുടെ 25 ശതമാനം പോലും പൂർത്തിയാക്കിയിട്ടില്ല. കെട്ടിടം നിലവിൽ കാടുപിടിച്ചും, നാശോന്മുഖവുമായ നിലയിലാണ്. ശ്മശാന പരിസരം മുഴുവൻ ഹരിത കർമ്മ സേന ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം കൊണ്ട് നിറച്ചിരിക്കുന്നു. ശ്മശാനത്തിന്റെ സ്ഥലത്തോട് ചേർന്ന് പഞ്ചായത്ത് പുതുതായി മാലിന്യ സംസ്കരണ കേന്ദ്രം (MRF) സ്ഥാപിച്ചിരിക്കുന്നു. നിർമ്മാണത്തിലിരിക്കുന്ന ശ്മശാനത്തോട് ചേർന്ന് മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിച്ച പഞ്ചായത്തിന്റെ നടപടി പദ്ധതിയുടെ ഉദ്ദേശശുദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്നതാണ്.

ഫയൽ പരിശോധിച്ചതിൽ അവസാനമായി 21.11.2018-ൽ കോസ്റ്റ്ഫോർഡ് ഡയറക്ടർ ക്രിമറ്റോറിയം കെട്ടിടത്തിന്റെ തറ ഉയർത്തുന്നതിന് 4,55,000/-രൂപ കൂടി ആവശ്യമാണെന്നും, അധിക തുക വകയിരുത്തിയ എസ്റ്റിമേറ്റിന് അനുമതി നൽകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും കാണിച്ച് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ട യാതൊരു സാഹചര്യവും ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെടാനായില്ല. അഥവാ ഇത് അനിവാര്യമായിട്ടുണ്ടെങ്കിൽ കോസ്റ്റ്ഫോർഡിന്റെ നിർമ്മാണത്തിലെ പിഴവാണ് കാരണമെന്ന് വിലയിരുത്തുന്നു. ഏജൻസിയുടെ കത്തിന്മേൽ എന്ത് തുടർനടപടിയാണ് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രേഖപ്പെടുത്തലുകൾ ഫയലിൽ ഇല്ല.

പ്രവൃത്തി തുടർന്ന് നടത്തുന്നതിന് നിലവിൽ അടിസ്ഥാന സൗകര്യങ്ങളുടെയോ, ഫണ്ടിന്റെയോ പരിമിതികളില്ല. ഏജൻസി ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങളായ റോഡ് കണക്ടിവിറ്റി, 3 ഫേസ് വൈദ്യുതി സൗകര്യം, ജല ലഭ്യത എന്നിവയെല്ലാം ഗ്രാമപഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്. 30.04.2018-ൽ പഞ്ചായത്ത് ഏജൻസിക്ക് നൽകിയ കത്തിൽ നിർമ്മാണ പ്രവൃത്തികൾ സബ് കോൺട്രാക്ട് എടുത്ത വ്യക്തി പ്രവൃത്തി മുടക്കിയിട്ടുള്ളതിനാൽ രണ്ട് സാമ്പത്തിക വർഷം കഴിഞ്ഞിട്ടും പണി എങ്ങും എത്താതെ മുടങ്ങിക്കിടക്കുകയാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിൽനിന്നും COSTFORD നേരിട്ട് നിർവ്വഹണം നടത്തുന്നതിന് ഉദ്ദേശിച്ച് കരാർ നൽകിയിട്ടുള്ള പ്രവൃത്തി നിർവ്വഹണ ഏജൻസി സബ്കോൺട്രാക്ട് നൽകി എന്ന വസ്തുത പഞ്ചായത്തിനും അറിവുള്ളതാണെന്ന് വ്യക്തമാണ്. അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ COSTFORD ഇടനിലനിന്ന് പ്രവൃത്തി സബ്കോൺട്രാക്ട് നൽകി നടപ്പിലാക്കുന്നത് വ്യക്തമായ കരാർ ലംഘനമാണ്. കൂടാതെ കരാർ പ്രകാരം എഗ്രിമെന്റ് വെച്ച് 6 മാസത്തിനകം ഏജൻസി പണി പൂർത്തിയാക്കേണ്ടതായിരുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഈ പ്രവൃത്തി COSTFORD-നെ ഏൽപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചതും കരാർ ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടും യാതൊരു നടപടികളും സ്വീകരിക്കാതിരുന്നതും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈവിധം പൊതു ഖജനാവിൽ നിന്നും ചെലവഴിച്ച 16 ലക്ഷം രൂപ മുടങ്ങികിടക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരും, പഞ്ചായത്ത് ഭരണസമിതിയും ഉത്തരവാദികളാണ്. ഗൗരവമായ ഈ വിഷയം തുടർ നടപടികൾക്കായി സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.23/29.02.2020).

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള മറുപടിയിൽ നിലവിലെ സ്ഥിതി തുടരുന്നതായി അറിയിച്ചിട്ടുണ്ടെന്ന് പത്തനംതിട്ട ജില്ലാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

14.09.2020-ലെ കെ.എസ്.എ.പി.റ്റി.എ.പി.1/534/2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം- 3.1, പത്തനംതിട്ട ജില്ല - 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. കടപ്ര ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണ പദ്ധതി ഭാഗികമായി മാത്രമേ നടത്തിയിട്ടുള്ളൂവെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തിക്ക് കോസ്റ്റ് ഫോർഡ് എന്ന ഏജൻസിക്ക് അഡ്വാൻസായി 16 ലക്ഷം രൂപ നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും 2.5 ലക്ഷം രൂപയുടെ ബില്ലും ലഭിച്ചിട്ടുണ്ടെന്നും നിലവിൽ ടി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുന്നതാണെന്നും കോസ്റ്റ് ഫോർഡ് പണിത കെട്ടിടം വാല്യൂ ചെയ്തിട്ടില്ലെന്നും പുറത്തുള്ള ഏജൻസി കെട്ടിടം നിർമ്മിച്ചുവെന്ന കാരണത്താൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം വാല്യൂവേഷൻ നടത്തുന്നില്ലെന്നും കടപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു

25. കോസ്റ്റ് ഫോർഡ് 40 ശതമാനം തുക കൈപ്പറ്റിയെങ്കിലും 25 ശതമാനം പ്രവൃത്തി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂവെന്നും നിലവിൽ പ്രസ്തുത കെട്ടിടം കാടുപിടിച്ച് ഉപയോഗശൂന്യമായിരിക്കുകയാണെന്നും എല്ലാ മാർഗ്ഗരേഖകളും തെറ്റിച്ചുവെന്നതാണ് പ്രശ്നമെന്നും കോസ്റ്റ് ഫോർഡിനെ ചുമതലപ്പെടുത്താനുള്ള തീരുമാനം പോലും ശരിയായിരുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു

26. 20 ശതമാനം അഡ്വാൻസ് നൽകേണ്ട സ്ഥാനത്ത് അക്രഡിറ്റഡ് ഏജൻസികൾക്ക് 40 ശതമാനം അഡ്വാൻസ് നൽകിയതുസംബന്ധിച്ച് സമിതി ആരായുകയുണ്ടായി. ആയതിന് 2018-നു മുൻപ് ആദ്യം നൽകുന്ന അഡ്വാൻസ് വിനിയോഗിച്ചതിനുശേഷം 4 ഇൻസ്റ്റാൾമെന്റുകളായി വീണ്ടും അഡ്വാൻസ് നൽകാമായിരുന്നുവെന്നും 2018-നു ശേഷം ധനകാര്യ വകുപ്പ് ആയത് മോഡിഫൈ ചെയ്ത് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഒറ്റ ഇൻസ്റ്റാൾമെന്റായി 20 ശതമാനം തുക മാത്രം നൽകാനും അത് വിനിയോഗിച്ചതിനുശേഷം ബിൽ

പ്രകാരമുള്ള പേമെന്റ് നൽകാനമാണ് നിഷ്കർഷിച്ചിരിക്കുന്നതെന്നും പ്രസ്തുത കേസിൽ 40 ശതമാനം അഡ്വാൻസ് നൽകിയ നടപടി തെറ്റാണെന്നും കോസ്റ്റ് ഫോർഡ് എന്ന ഏജൻസിക്ക് വർക്കുകൾ ചെയ്യുന്നതിന് അക്രഡിറ്റേഷൻ ഉണ്ടോയെന്ന് നഗരസഭ ഉറപ്പുവരുത്തേണ്ടതായിരുന്നുവെന്നും കോസ്റ്റ് ഇഫക്ടീവ് അല്ലാത്ത പ്രവൃത്തികൾക്ക് മത്സരാധിഷ്ഠിത ബിഡ്-ൽ കൂടി മാത്രമേ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്നതാണ് ചട്ടമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

27. കോസ്റ്റ് ഫോർഡുമായുള്ള കരാർ റദ്ദാക്കാനും പുതിയ അക്രഡിറ്റഡ് ഏജൻസിയുമായി കരാറിലേർപ്പെടാനും സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ 15.09.2021-ന് ശേഷം കടപ്ര ഗ്രാമപഞ്ചായത്ത് പ്രസ്തുത വിഷയത്തിൽ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് 15.09.2021-ൽ കോസ്റ്റ് ഫോർഡുമായി യോഗം ചേർന്നിരുന്നതായും റിസ്ക് ആന്റ് കോസ്റ്റിൽ കോസ്റ്റ് ഫോർഡുമായുള്ള കരാർ അവസാനിപ്പിച്ച് നിലവിൽ പണിതിരിക്കുന്ന കെട്ടിടം ശരിയായ രീതിയിലാണെങ്കിൽ തുക നൽകുന്നതിനും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പദ്ധതി പൂർത്തിയാക്കാനുമാണ് പഞ്ചായത്ത് ഭരണ സമിതി ആലോചിക്കുന്നതെന്നും കടപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് വാല്യൂവേഷൻ തുകയേക്കാൾ കൂടുതൽ നൽകിയിട്ടുണ്ടെങ്കിലുള്ള നടപടിക്രമത്തെപ്പറ്റി സമിതി ആരാഞ്ഞതിന് അധികം തുക നൽകിയിട്ടുണ്ടെങ്കിൽ പലിശയുൾപ്പെടെ തിരിച്ചുപിടിക്കാവുന്നതാണെന്നും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുവാൻ അധികതുക ആവശ്യമായി വന്നാൽ അത് റിസ്ക് ആന്റ് കോസ്റ്റ് അടിസ്ഥാനത്തിൽ ആ ഏജൻസിയിൽ നിന്നു തന്നെ ഈടാക്കണമെന്നതാണ് നടപടിക്രമമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു

28. ജനങ്ങളെ സംബന്ധിച്ചിടത്തോളം പദ്ധതി പൂർത്തീകരിക്കുക എന്നത് ആവശ്യമാണെന്നും പഞ്ചായത്തിന്റെ ആശയം നല്ലതാണെന്നും നടപ്പിലാക്കിയ രീതിയിലാണ് പിഴവ് സംഭവിച്ചതെന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന്

വാല്യൂവേഷൻ നടപടി അടിയന്തരമായി പൂർത്തീകരിക്കണമെന്നും കോസ്റ്റ് ഫോർഡിന് കൂടുതൽ തുക നൽകിയിട്ടുണ്ടെങ്കിൽ തിരിച്ചു പിടിക്കണമെന്നും റിസ്ക് & കോസ്റ്റിൽ മിച്ചമുള്ള പണി പൂർത്തീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. പുറത്തുള്ള ഏജൻസി ചെയ്ത വർക്കായതുകൊണ്ട് കൃത്യമായി മെഷർ ചെയ്യാൻ സാധിക്കില്ലെന്നാണ് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിന്റെ നിലപാടെന്നും കടപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിന്റെ മേൽ നോട്ടത്തിൽ ചെയ്ത പ്രവൃത്തി അല്ലാത്തതുകൊണ്ട് വാല്യൂവേഷൻ നടത്തുവാൻ കഴിയില്ലെന്ന നിലപാട് ശരിയല്ലെന്ന് സമിതി നിരീക്ഷിച്ചു. തദവസരത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗിന് ഇതുസംബന്ധിച്ച കൃത്യമായ നിർദ്ദേശം നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വാല്യൂവേഷൻ സമീപത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ നിയോഗിച്ച് നിശ്ചയിക്കാവുന്നതാണെന്നും അത്തരത്തിൽ പ്രശ്നം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**29. ഗ്യാസ് ക്രിമിറ്റോറിയം എന്ന പഞ്ചായത്തിന്റെ ആശയം നല്ലതായിരുന്നെങ്കിലും നടപ്പിലാക്കിയ രീതിയിൽ പിഴവ് സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ വാല്യൂവേഷൻ നടപടി അടിയന്തരമായി പൂർത്തീകരിച്ച് കോസ്റ്റ് ഫോർഡിന് കൂടുതൽ തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചു പിടിക്കുന്നതിനും റിസ്ക് & കോസ്റ്റിൽ മിച്ചമുള്ള പണി പൂർത്തീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിംഗിന്റെ മേൽനോട്ടത്തിൽ ചെയ്ത പ്രവൃത്തി അല്ലാത്തതുകൊണ്ട് വാല്യൂവേഷൻ നടത്തുവാൻ കഴിയില്ലെന്ന നിലപാട് ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വാല്യൂവേഷൻ സമീപത്തെ സർക്കാർ എഞ്ചിനിയറിംഗ് കോളേജുകളെ ഉപയോഗിച്ച് നിശ്ചയിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കാൻ (S00109) - പ്രോജക്ടിന് അംഗീകാരം വാങ്ങിയത് ക്രമപ്രകാരമല്ല - ടെണ്ടർ ക്ഷണിക്കാതെ അമിത വില നൽകി ലൈറ്റുകൾ വാങ്ങി.**

[കൊടുമൺ ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക (1-20)]

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. S0109/19 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 18,20,000/- രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി. (KEL) എന്ന സ്ഥാപനത്തിൽനിന്നും 3,800/- രൂപ നിരക്കിൽ 469 എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയ ഇനത്തിൽ 17,82,000/- രൂപയും, ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ 11,566/- രൂപയും ഉൾപ്പടെ ആകെ 17,93,766/- രൂപ ചെലവഴിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിലാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പ്രോജക്ടിന് അംഗീകാരം വാങ്ങിയിട്ടുള്ളത് ക്രമപ്രകാരമല്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ആ മേലുദ്യോഗസ്ഥന്റെ ജില്ലാതല/ സംസ്ഥാനതല ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ് വെറ്റിംഗ് ഓഫീസർ എന്ന നിലയ്ക്ക് പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകേണ്ടത്. ഈ പ്രോജക്ടിന്റെ കാര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ചുമതലപ്പെടുത്തിയ പെർഫോർമൻസ് ഓഡിറ്റ് (യൂണിറ്റ് 2) സീനിയർ സൂപ്രണ്ടായിരുന്നു പ്രോജക്ട് വെറ്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ പ്രൊക്യൂർമെന്റിനുവേണ്ടിയുള്ള ഈ പദ്ധതി വെറ്റ് ചെയ്തിരിക്കുന്നത് പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കുന്ന പ്രോക്യൂർമെന്റിനു വേണ്ടിയുള്ള ഒരു പ്രോജക്ട് വെറ്റിംഗിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കാതെ മേഖലാ പരിധിയിൽ വരാത്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനീയർക്ക് സമർപ്പിച്ചത് ക്രമപ്രകാരമല്ല. ഈ സാഹചര്യത്തിൽ ക്രമപ്രകാരം അംഗീകാരം വാങ്ങാതെയാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

സ.ഉ.(എം.എസ്.)നം.13/215/ഐ.റ്റി.ഡി., തീയതി 12.05.2015 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രോക്യൂർമെന്റ് നിർബന്ധമാക്കിയിട്ടുണ്ട്. പൊതു സമാഹരണ നടപടികൾ സുതാര്യവും, അഴിമതി രഹിതവും, കാര്യക്ഷമവുമാക്കുന്നതിനാണ് സർക്കാർ ഇ-പ്രോക്യൂർമെന്റ് നിർബന്ധമാക്കിയിട്ടുള്ളത്. എന്നാൽ 18.20 ലക്ഷം രൂപ അടങ്കലുള്ള ഈ പ്രവൃത്തിയുടെ കാര്യത്തിൽ ഇ-ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്താതെ ഒരു പൊതു മേഖലാ സ്ഥാപനമായ KEL-ൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങൽ നടത്തുകയാണുണ്ടായത്. ഈ സ്ഥാപനത്തെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ട് മാനേജ് കൺസൾട്ടൻസിയായി സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന് കാണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ആയതിന് ആധാരമായി ഫയലിൽ ലഭ്യമാക്കിയ ഉത്തരവിൽ (G.O.(P)No.95/ 2017/Fin., dtd.25.07.2017) ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് താല്കാലികമായാണ് അക്രഡിറ്റേഷൻ നൽകുന്നതെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. ഈ ഉത്തരവിൽ ഒരിടത്തും ഈ സ്ഥാപനത്തിൽനിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധനങ്ങൾ നേരിട്ട് വാങ്ങാവുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് സുതാര്യമായി വാങ്ങൽ നടത്താതെ അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമായ നടപടിയാണ്.

പ്രഥമ ദൃഷ്ടിയിൽത്തന്നെ വളരെ ഉയർന്ന വില നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. 2,600/- രൂപ നിരക്കിൽ 700 ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ 3,800/- രൂപ നിരക്കിലാണ് ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. യൂണിറ്റ് നിരക്കിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടും സപ്ലൈ ചെയ്ത സ്ഥാപനവുമായി നെഗോഷിയേഷൻ

നടത്തുന്നതിനോ കുറഞ്ഞ നിരക്കിൽ ലൈറ്റുകൾ ലഭ്യമാക്കുന്നതിനോ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ കാലയളവിൽ ജില്ലയിലെ ഇതര പഞ്ചായത്തുകളിൽ ഇതേ സ്പെസിഫിക്കേഷനുള്ള ലൈറ്റുകൾ ഇതിലും കുറഞ്ഞ നിരക്കിലാണ് വാങ്ങിയിട്ടുള്ളത് (ഉദാ: ഏറത്ത് ഗ്രാമപഞ്ചായത്ത് 2,350/-രൂപ ചിറ്റാർ ഗ്രാമപഞ്ചായത്ത് - 2,500/- രൂപ). കരാറിലേർപ്പെടുന്നതിനു മുമ്പ് വിലയുടെ യുക്തി ഭദ്രത (reasonableness) ഉറപ്പുവരുത്തണമെന്നും അതിനായി തുല്യമായ സാധനത്തിന്റെ കമ്പോള വില പരിഗണിക്കണമെന്നുമുള്ള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥ ഈ പദ്ധതിയുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. ഉയർന്ന വില നൽകി വാങ്ങൽ നടത്തിയ ഇനത്തിൽ ഗണ്യമായ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്.

സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഉടമ്പടി പ്രകാരം ലൈറ്റുകൾ സപ്ലൈ ചെയ്ത് പോസ്റ്റുകളിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചുമതല കരാർ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി-യിൽ സൂപ്പർവിഷൻ ചാർജ് ഒടുക്കി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല കരാർ സ്ഥാപനത്തിനായിരുന്നു. എന്നാൽ ഈ പ്രോജക്ടിൽനിന്നും വകയിരുത്തിയ തുകയിൽനിന്ന് പഞ്ചായത്ത് നേരിട്ടാണ് 11,566/- രൂപ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല.

പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണവകുപ്പിനോട് ഓഡിറ്റ് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. വിഷയം തുടർ നടപടികൾക്കായി സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള മറുപടിയിൽ നിലവിലെ സ്ഥിതി തുടരുന്നതായി അറിയിച്ചിട്ടുണ്ടെന്ന് പത്തനംതിട്ട ജില്ലാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 29.02.2020-ലെ കെ.എസ്.എ.പി.റ്റി.എ.പി1/534/2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, പത്തനംതിട്ട ജില്ല - 2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**31. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കോട്ടയം ജില്ല

ഓഡിറ്റ് ഖണ്ഡിക

### ഷോപ്പിംഗ് കോംപ്ലക്സ്-കം-ബസ്സ്റ്റാൻഡ് നിർമ്മാണം - 11.75 ലക്ഷം രൂപ കൺസൾട്ടൻസി ഫീ ഇനത്തിൽ ചെലവഴിച്ചിട്ട് മൂന്ന് വർഷം നിർമ്മാണം ആരംഭിച്ചിട്ടില്ല

[കിടങ്ങൂർ ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1]

6.86 കോടി രൂപ അടങ്കലായി ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ്- കം ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണത്തിനായി സൈറ്റ് പ്ലാൻ, സർവ്വേ, ഡിസൈൻ ഉൾപ്പെടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2015-16 വർഷം 10,25,613/- രൂപ തനത് ഫണ്ടിൽ നിന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് (കെ.എസ്.എച്ച്.ബി.) കൺസൾട്ടൻസി ഫീസായി നൽകിയിരുന്നു. 23.10.2013-ന് ഗ്രാമപഞ്ചായത്ത് കെ.എസ്.എച്ച്.ബി.യുമായി കരാറിലേർപ്പെട്ടിരുന്നു. കെ.എസ്.എച്ച്.ബി. ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ടോപ്പോഗ്രഫിക്കൽ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ, പ്ലാൻ, റഫ്കോസ്റ്റ് എസ്റ്റിമേറ്റ്, ഡീറ്റെയിൽഡ് ഡിസൈൻ & ഡ്രോയിങ്ങ് എന്നിവ ഉൾപ്പെടെ കൺസൾട്ടൻസി ഫീസായി 18,63,657/- രൂപ ഡിമാൻഡ് ചെയ്തിരുന്നു. ഇതിൽ 1,50,045/- രൂപ 2013-14 വർഷം മുൻകൂർ നൽകിയിരുന്നു.

- കെ.എസ്.എച്ച്.ബി. തയ്യാറാക്കിയ പ്ലാൻ, ഡിസൈൻ എന്നിവയ്ക്കനുസൃതമായി ഗ്രാമപഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ട് പ്രവൃത്തി നടത്തുവാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട് (പഞ്ചായത്ത് കമ്മറ്റിയുടെ 07.08.2015-ലെ XI നമ്പർ തീരുമാനം). കെ.എസ്.എച്ച്.ബി. യുടെ പ്ലാൻ പ്രകാരം ബസ് സ്റ്റാന്റ് നിർമ്മാണം ഉപേക്ഷിച്ച് ഒരു ബ്ലോക്ക് ഷോപ്പിങ്ങ് കോംപ്ലക്സുകൾ 1.20 കോടി രൂപ അടങ്കലിൽ നിർമ്മാണം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു. ആയതിലേയ്ക്കായി പ്രസ്തുത ഭാഗത്ത് മണ്ണ് നീക്കം ചെയ്യുന്നതിനായി ആവശ്യമായ ലെവൽസ് എടുത്ത് സിറ്റിങ്ങ്-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും 22.01.2016-ലെ XII-ാം കമ്മറ്റി തീരുമാനപ്രകാരമുള്ള ഉപസമിതി റിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ എത്ര അളവ് മണ്ണ് നീക്കം ചെയ്യണം എന്നത് സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തിയ സിറ്റിങ്ങ് റിപ്പോർട്ട് പഞ്ചായത്തിന് ലഭിച്ചിരുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 1915$m^3$ മണ്ണ് നീക്കം ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിനായി സംസ്ഥാന പരിസ്ഥിതി ആഘാതനിർണ്ണയ അതോറിറ്റിയുടെ അനുമതി മൈനിങ്ങ് & ജിയോളജി വകുപ്പ് കോട്ടയം ജില്ലാ സീനിയർ ജിയോളജിസ്റ്റിന്റെ അനുമതി എന്നിവ ലഭ്യമായിരുന്നു. പാസ്, പെർമിറ്റ് എന്നിവ ലഭ്യമാക്കുന്നതിനായി 1$m^3$ മണ്ണിന് 40/- രൂപ നിരക്കിൽ 76,600/- രൂപ റോയൽറ്റിയും 1 MT ന് 50/- രൂപ നിരക്കിൽ 19,15,000/- രൂപ സീനിയറേജും ഗ്രാമപഞ്ചായത്ത് അടവാക്കിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിന് നിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ച സ്ഥലത്തു നിന്നും 1915 ഘനമീറ്റർ മണ്ണ് വിൽക്കുന്നതിന് ലേലം വിളിക്കുകയും ലേലം 350/$m^3$ രൂപയ്ക്ക് കരാറുകാരനുമായി ഉടമ്പടി ഉറപ്പിക്കുകയും ചെയ്തു. 6,70,250/- രൂപ കരാറുകാരൻ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- **മണ്ണിന്റെ അളവ് മെട്രിക് ടൺ അളവിലേയ്ക്ക് പരിവർത്തനം ചെയ്യില്ല വിവിധ ഇനങ്ങളിൽ അധിക തുക ഒടുക്കി**

2015 ലെ മൈനിംഗ് മിനറൽസ് കൺസഷൻ ചട്ടങ്ങൾ പ്രകാരം സാധാരണ മണ്ണിന് റോയൽറ്റി ഇനത്തിൽ ടണ്ണിന് 20/- രൂപ അല്ലെങ്കിൽ ഘനമീറ്ററിന് 40/- രൂപയാണ്. ഇതുപ്രകാരം ലവൽ മെഷർമെന്റ് എടുത്ത് 1915 ഘനമീറ്റർ എന്ന് കണക്കാക്കിയ മണ്ണ് ടൺ കണക്കിൽ 3064 ടൺ ആണ് വരുക (ഉറച്ച മണ്ണ് 1.6 ടൺ/ഘനമീറ്റർ) ടൺ കണക്കിൽ ഇതിന് 61,280/- രൂപ റോയൽറ്റി അടച്ചാൽ മതിയാകും. എന്നാൽ 1915 ഘനമീറ്ററിന് 40/- രൂപ നിരക്കിൽ 76,600/- രൂപ അടച്ചിട്ടുണ്ട്. കൂടാതെ സീനിയറേജ് (seigniorage) ചാർജ് ഘനമീറ്ററിന് 100/- രൂപ പ്രകാരം 1,91,500/- രൂപയും പഞ്ചായത്തിൽ നിന്നും അടവാക്കിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജിയിൽ നിന്നുള്ള കത്ത് പ്രകാരം ഇത് ടണ്ണിന് 50 രൂപയാണ്. 3064 ടണ്ണിന് 50/- രൂപ പ്രകാരം 1,53,200/- രൂപ അടയ്ക്കേണ്ട സ്ഥാനത്ത് ഘനമീറ്റർ അളവ് കണക്കിലെടുത്തതിനാൽ സീനിയറേജിനത്തിൽ 38,300/- രൂപയും റോയൽറ്റിയിനത്തിൽ 15,320/- രൂപയും കൂടുതൽ ഒടുക്കേണ്ടതായി വന്നു.

- **ജിഎസ്ടി വിഹിതം അടവാക്കിയില്ല**

12.06.2018-ലെ മണ്ണ് ലേല നോട്ടീസ് പ്രകാരം ലേലം ഉറപ്പിക്കുന്ന കരാറുകാരൻ 7 ദിവസത്തിനുള്ളിൽ മുഴുവൻ തുകയും 18% ജിഎസ്ടിയും റോയൽറ്റിയും ഒടുക്കി പാസ് കരസ്ഥമാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. റോയൽറ്റി ഗ്രാമപഞ്ചായത്ത് തന്നെ മൈനിങ്ങ് & ജിയോളജി വകുപ്പിൽ ഒടുക്കിയിരുന്നുവെങ്കിലും കരാറുകാരൻ തിരികെ ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ ടിയാൾ ജിഎസ്ടി തുക ഒടുക്കിയിരുന്നില്ല. കരാറുകാരനിൽ നിന്നും ജിഎസ്ടി തുക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/29.06.2019) മറുപടി അംഗീകരിക്കാവുന്നതല്ല. ജിഎസ്ടി, റോയൽറ്റി എന്നിവ ഉൾപ്പടെയുള്ള തുകകൾ അടവാക്കാമെന്ന ലേല നിബന്ധനപ്രകാരം ലേലം ഉറപ്പിച്ച കരാറുകാരനിൽ നിന്നും റോയൽറ്റി തുക

ഈടാക്കിയെങ്കിലും ജിഎസ്ടി ഈടാക്കിയിരുന്നില്ല. ജിഎസ്ടി വിഹിതമായി 6,70,250/ - രൂപയുടെ 18% തുകയായ 1,20,645/- രൂപ, കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

- **ലെവൽസ് എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യതിന്റെ രേഖകൾ ലഭ്യമായില്ല**

മണ്ണ് നീക്കം ചെയ്യുന്നതിന് ആവശ്യമായ ലെവൽസ് എടുത്ത് സി.റ്റി.ഇ.യ്ക്ക് (ചീഫ് ടെക്നിക്കൽ എക്സാമിനർ) റിപ്പോർട്ട് ചെയ്യുന്നതിന് 22.01.2016-ലെ XII-ാം കമ്മറ്റി തീരുമാനപ്രകാരമുള്ള ഉപസമിതി റിപ്പോർട്ട് ശുപാർശ ചെയ്തിരുന്നു. എന്നാൽ ലെവൽസ് തയ്യാറാക്കി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. ചീഫ് ടെക്നിക്കൽ എക്സാമിനർ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിരുന്നില്ല. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അംഗീകാരം ലഭ്യമാക്കാതെ മണ്ണ് നീക്കം ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല.

- **അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പരിഗണിക്കാതെ ലേലം ആരംഭിച്ചു**

അസിസ്റ്റന്റ് എഞ്ചിനീയറുടെ 07.02.2018-ലെ AE/LSGD/17-18 നമ്പർ കത്ത് പ്രകാരം മാർക്കറ്റ് നിരക്ക് അനുസരിച്ച് ഒരു ഘനമീറ്ററിന് 290/- രൂപ ബേസ് റേറ്റായി കണക്കാക്കി മണ്ണ് ലേലം ചെയ്യുന്നതിന് വാല്യുവേഷൻ നൽകിയിരുന്നു. എന്നാൽ ലേലം ആരംഭിച്ചത് 200/- രൂപ അടിസ്ഥാന നിരക്ക് കണക്കാക്കിയാണ്. വാല്യുവേഷൻ നിരക്ക് അടിസ്ഥാന നിരക്കായി കണക്കാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി വാല്യുവേഷനിൽ 'ലേലം തുടങ്ങിയെങ്കിലും ആരും ലേലം വിളിയിൽ പങ്കെടുക്കാതിരുന്നതിനാലാണ് 200/- രൂപയായി അടിസ്ഥാന നിരക്ക് കണക്കാക്കി ലേലം തുടങ്ങിയതെന്നും 350/- രൂപയിൽ ലേലം ഉറപ്പിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലായെന്നും മറുപടി ലഭിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായില്ലായെങ്കിൽ കൂടി

നടപടിക്രമങ്ങളിൽ അപാകത സംഭവിച്ചിട്ടുണ്ട്. വാല്യുവേഷൻ നിശ്ചയിച്ച തുകയിൽ തന്നെ വാല്യുവേഷൻ ആരംഭിക്കുവാൻ ശ്രദ്ധിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

- **ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയ്ക്ക് സീനിയറേജ് ആവശ്യമില്ല**

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് ലാന്റ് അക്വിസിഷൻ നടപടിപ്രകാരം സിദ്ധിച്ച് 24.09.2013-ൽ രജിസ്റ്റർ ചെയ്ത കിടങ്ങൂർ വില്ലേജ് ബ്ലോക്ക് 16, റീ സർവ്വേ 89/6-ൽപ്പെട്ട 44.86 ആർ വസ്തു പഞ്ചായത്ത് വില നൽകി വാങ്ങി പഞ്ചായത്തിന്റെ പേരിൽ കൂട്ടി, വില്ലേജിൽ കരം അടച്ച് (തണ്ടപ്പേര് 9067) വരുന്നതാണ്. ടി വസ്തുവിന്റെ തെക്ക് ഭാഗത്ത് 21 സെന്റ് സ്ഥലത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂവികസനം ആവശ്യമായതിനാൽ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതിയ്ക്കായി മൈനിങ്ങ് & ജിയോളജി വകുപ്പിനെ സമീപിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന്റെ വസ്തു സർക്കാർ ഭൂമിയാണെന്നതിനാൽ റവന്യൂവകുപ്പിലേക്ക് സീനിയറേജ് ചാർജ് ഒടുക്കുന്നതിന് നിർദ്ദേശം നൽകുകയും ഗ്രാമപഞ്ചായത്ത് സീനിയറേജ് ചാർജ്ജായി 1,91,500/- രൂപ ഒടുക്കുകയും ചെയ്തിരുന്നു. റവന്യൂ വകുപ്പിൽ നികുതി ഒടുക്കേണ്ടാത്തതും പഞ്ചായത്തിന് അധീനമായിട്ടുള്ള നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള പുറമ്പോക്ക് ഭൂമികളാണ് സർക്കാർ ഭൂമിയുടെ പരിധിയിൽ വരുന്നത്. എന്നാൽ ഇവിടെ ഗ്രാമപഞ്ചായത്ത് വില നൽകി വാങ്ങിയ ഭൂമി സർക്കാർ ഭൂമി എന്ന നിർവ്വചനത്തിൽപ്പെടുന്നതല്ല. ആയതിനാൽ തന്നെ സീനിയറേജ് ചാർജ്ജ് അടയ്ക്കുവാൻ വ്യവസ്ഥയില്ല. ഗ്രാമപഞ്ചായത്ത് ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി തുക തിരികെ ലഭ്യമാക്കുന്നതിന് റവന്യൂ അധികാരികൾക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിരുന്നില്ല. തുക തിരികെ ലഭിക്കുവാൻ ഊർജ്ജിത ശ്രമങ്ങളുണ്ടാവേണ്ടതുമാണ്.

മണ്ണ് നീക്കം ചെയ്യുവാൻ അനുമതി നൽകിയതിനൊപ്പമുള്ള കോട്ടയം ജില്ലാ സീനിയർ ജിയോളജിസ്റ്റിന്റെ 01.03.2019-ലെ 1046/2018-19/1817/DOY/ML/ 2018 നമ്പർ ഉത്തരവ് പ്രകാരം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ ബേസ്മെന്റ്

എങ്കിലും പൂർത്തീകരിച്ച് ജില്ലാ ജിയോളജിസ്റ്റിനെ ബോദ്ധ്യപ്പെടുത്താത്ത പക്ഷം റോയൽറ്റിയുടെ 5 ഇരട്ടി തുക പഞ്ചായത്തിൽ നിന്നും ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കെട്ടിടം പണി ആരംഭിച്ചിട്ടില്ല. നിലവിൽ എൽഎസ്ജിഡി വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്ലാൻ സെറ്റ്ഔട്ട് ചെയ്തപ്പോൾ സെല്ലാർ ഭാഗത്ത് ക്രമീകരിക്കുന്ന പാർക്കിങ്ങ് ഏരിയയിലേക്ക് വാഹനങ്ങൾ ഇറങ്ങിപ്പോകുന്നതിന് പ്ലാനിൽ കാണിച്ചിരിക്കുന്ന വീതി ലഭ്യമല്ലാതെ വന്നിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്ലാൻ പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് ഹൗസിങ്ങ് ബോർഡിന് കത്ത് നൽകിയെങ്കിലും ബോർഡിന്റെ ഭാഗത്തു നിന്നും അനുകൂല മറുപടി ലഭിച്ചിരുന്നില്ല. പ്ലാൻ, ഡിസൈൻ എന്നിവയ്ക്കായി 11 ലക്ഷത്തിലധികം രൂപ കെഎസ്എച്ച്ബിയ്ക്ക് നൽകുന്നതിനായി ചെലവഴിച്ചുവെങ്കിലും ഗ്രാമപഞ്ചായത്തിന് പ്രയോജനപ്രദമായ രീതിയിൽ കുറ്റമറ്റ പ്ലാൻ, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിൽ കെഎസ്എച്ച്ബി പരാജയപ്പെടുകയുണ്ടായി. സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുമുണ്ടായ പിഴവ് പരിഹരിക്കുവാൻ കെഎസ്എച്ച്ബി യാതൊരു നടപടികളും സ്വീകരിക്കുന്നില്ലായെന്നത് വളരെ ഗുരുതരമായ സ്ഥിതി വിശേഷമാണ്. നിലവിൽ ഗ്രാമപഞ്ചായത്ത് സൈറ്റ് കണ്ടീഷനനുസരിച്ച് പുതിയ പ്ലാനും ഡിസൈനും തയ്യാറാക്കേണ്ട പക്ഷം ആദ്യം ചെലവഴിച്ച 11,75,658/- രൂപ പാഴ് ചെലവായി മാറുന്നതാണ്. കെഎസ്എച്ച്ബി തയ്യാറാക്കിയ പ്ലാനിലും ഡിസൈനിലും അടിസ്ഥാനപരമായ പിഴവുകൾ ഉണ്ടെങ്കിൽ ആയത് പ്രസ്തുത ഏജൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ തന്നെ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൺസൾട്ടൻസി ഫീ ഇനത്തിൽ ചെലവഴിച്ച 11.75 ലക്ഷം രൂപ പ്രയോജനപ്പെടാത്ത വിധമുള്ള വിപത്ത് സാധ്യത നിലനിൽക്കുന്ന സ്ഥിതിവിശേഷത്തിലേയ്ക്ക് ഓഡിറ്റ് അധികൃതരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. കെഎസ്എച്ച്ബിയെക്കൊണ്ട് നിലവിലുള്ള പ്ലാൻ, ഡിസൈൻ എന്നിവയിലെ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കി ലഭ്യമാക്കുന്നതിന് കൂടുതൽ ശ്രമങ്ങളുണ്ടാവേണ്ടതിനായി പരാമർശം സർക്കാരിന്റെയും നിയമസഭാ

സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.2/29.06.2019).

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരത്തിൽ നാളിതുവരെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ലായെന്ന് കോട്ടയം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ കെ.എസ്.എ.കെ.ടി.എം.പി2-1081/2020 തീയതി 22.09.2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, കോട്ടയം ജില്ല - 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

32. ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച് ഹൗസിംഗ് ബോർഡ് പ്രതിനിധി, പഞ്ചായത്ത് പ്രസിഡന്റ്, സർക്കാർ പ്രതിനിധി എന്നിവരുടെ സംയുക്ത യോഗം വിളിച്ചുചേർത്ത് വകുപ്പുതലത്തിൽ പ്രശ്നപരിഹാരമുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**33. ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച് ഹൗസിംഗ് ബോർഡ് പ്രതിനിധി, പഞ്ചായത്ത് പ്രസിഡന്റ്, സർക്കാർ പ്രതിനിധി ഉൾപ്പെടെയുള്ളവരുടെ സംയുക്ത യോഗം വിളിച്ച് ചേർത്ത് വകുപ്പുതലത്തിൽ പ്രശ്നപരിഹാരമുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഐ.എ.വൈ. ഭവനപദ്ധതി - മുതലും പലിശയുമടക്കം 1.34 കോടി രൂപയുടെ സാമ്പത്തിക ബാധ്യത**

[വൈക്കം ബ്ലോക്ക് പഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13]

സർക്കാർ ഉത്തരവ് (കൈ.) നം.193/2013/തസ്വഭവ. തീയതി 24.05.2013 പ്രകാരം 2011-12-ൽ എഗ്രിമെന്റ് വച്ച ഐ.എ.വൈ. ഗുണഭോക്താക്കൾക്ക്

പുതുക്കിയ നിരക്കിൽ അധിക ധനസഹായം ലഭ്യമാക്കുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ലോൺ തുക ബ്ലോക്ക് പഞ്ചായത്തുകൾ തന്നെ 10 വർഷം കൊണ്ട് പ്ലാൻ ഫണ്ട് ഉപയോഗിച്ച് തിരിച്ചടയ്ക്കേണ്ടതാണെന്നും 11.25% പലിശ സർക്കാർ വഹിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2012-13-ലെ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിവിധ സഹകരണ ബാങ്കുകളിൽ നിന്നായി ആകെ 87,75,000/- രൂപ വായ്പ എടുത്തിരുന്നു. എന്നാൽ നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് തുടർന്നുള്ള വാർഷിക പദ്ധതികളിലൊന്നും തുക വകയിരുത്തി വായ്പാ മുതൽ തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ല. വായ്പത്തുക അടവാക്കാതിരുന്നതുമൂലം പലിശയിനത്തിൽ മാത്രം 2018-19 വർഷം വരെ 46 ലക്ഷത്തിലധികം രൂപയുടെ ബാധ്യത ഉണ്ടായിട്ടുള്ളതായി ബാങ്കുകൾ ലഭ്യമാക്കിയ കണക്കുകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. (സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി 2013-14 വർഷം പ്ലാൻ ഫണ്ട് വിനിയോഗിച്ച് പലിശയിനത്തിൽ അടവാക്കിയതും പിന്നീട് ജനറൽ പർപ്പസ് ഫണ്ടിൽനിന്നും റീക്കൂപ്പ് ചെയ്തിട്ടുള്ളതുമായ രൂപ കിഴിച്ചുള്ള തുകയാണിത്).

വായ്പ അടവാക്കാതിരിക്കുന്നതും പലിശ വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1/16-10-19) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം അവതരിപ്പിച്ചതിനെതുടർന്ന് വായ്പയെടുത്ത മുതൽ വാർഷിക പദ്ധതിയിൽപ്പെടുത്തി തിരിച്ചടവാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് സർക്കാരിന്റെ അനുമതിക്ക് സമർപ്പിക്കുന്നതാണെന്നും വായ്പ സംബന്ധിച്ച വരവുചെലവുകണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും പ്രസിഡന്റ് അറിയിച്ചു. ഐ.എ.വൈ. പദ്ധതി നിർവ്വഹണം മേൽപ്പറഞ്ഞ തരത്തിൽ പഞ്ചായത്തിനും സർക്കാരിനും വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കാനിടയായത് ഗൗരവമായി കാണുന്നു. വായ്പയെടുത്ത തുക

തിരിച്ചടയ്ക്കുന്നതിനും പലിശയിനത്തിലുള്ള ബാധ്യത വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും വിഷയം അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സജീവ ഇടപെടലുണ്ടാകേണ്ടതുമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരത്തിൽ നാളിതുവരെ തുടർനടപടി സ്വീകരിച്ചിട്ടില്ലായെന്ന് അറിയിച്ചതായി കോട്ടയം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ കെ.എസ്.എ.കെ.ടി.എം.പി2-1081/2020 തീയതി 22.09.2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, കോട്ടയം ജില്ല - 2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയിരുന്ന സർക്കാർ ധനസഹായം 1.25 ലക്ഷം രൂപയിൽ നിന്നും 2012-13 സാമ്പത്തിക വർഷം മുതൽ 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതായും വർദ്ധിപ്പിച്ച തുകയുടെ സംസ്ഥാന വിഹിതമായ 87,75,000/- രൂപ 117 പേർക്കായി ആറ് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് വിതരണം ചെയ്തതായും വായ്പാബാദ്ധ്യത സർക്കാർ ഏറ്റെടുക്കുമെന്ന ധാരണയിൽ 2018 വരെ വായ്പാത്തുക തിരിച്ചടച്ചിട്ടില്ലാത്തതാണെന്നും 26.02.2018-ൽ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള അനുമതിക്കായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് അപേക്ഷ നൽകിയെങ്കിലും ആയതിന്മേൽ തീരുമാനമാകാത്തതിനാൽ 08.06.2020-ന് വീണ്ടും അപേക്ഷ നൽകിയതായും വിശദമായ പരിശോധന ആവശ്യമുള്ള ഫയലായതിനാൽ അതിന്മേൽ തീരുമാനമെടുക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുകയും ടി വിവരങ്ങളെല്ലാം 14.09.2021-ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയിൽ ചർച്ച ചെയ്യുകയും വൈക്കം ബ്ലോക്ക്

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രദേശമാണെന്ന ആശങ്ക ഭരണസമിതി രേഖപ്പെടുത്തിയതായും സി.ആർ.ഡി.യിൽ നിന്നുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയിലുൾപ്പെടുത്തി പണം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും വൈക്കം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു

35. തുടർന്ന് സമിതി റൂറൽ ഡെവലപ്മെന്റ് കമ്മീഷണറുടെ അഭിപ്രായം തേടുകയുണ്ടായി. ആയതിന്, മുതലും പലിശയും സർക്കാരിന്റെ ബാധ്യതയായിരിക്കുമെന്നാണ് 2013-ലെ സർക്കാർ ഉത്തരവുപ്രകാരം നിഷ്കർഷിച്ചിട്ടുള്ളതെന്നും അതിനുശേഷം കോ-ഓർഡിനേഷൻ കമ്മിറ്റി കമ്മീഷണറെ ചുമതലപ്പെടുത്തുകയും ആയത് പരിശോധിച്ച് വേവ് ഓഫ് ചെയ്യുന്നതിനുള്ള റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും കമ്മീഷണർ മറുപടി നൽകി. തദവസരത്തിൽ, ബാങ്കിൽ നിന്നും വായ്പയെടുത്ത് പ്ലാൻ ഫണ്ടിലെ തുക ഉപയോഗിച്ച് പലിശ തിരിച്ചടച്ചിരിക്കുകയാണെന്ന വിവരം സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 2013-ലെ ഉത്തരവിൽ പറയുന്നത്, വായ്പാ തുക 10 വർഷം കൊണ്ട് വികസന ഫണ്ടിൽ നിന്നും അടയ്ക്കണമെന്നും ആയതിനുള്ള പലിശ സർക്കാർ ബഡ്ജറ്റ് പ്രൊവിഷൻ വഴി കൊടുക്കുമെന്നുമാണെന്നും പ്രസ്തുത വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും തുക നീക്കിവച്ചിട്ടില്ലാത്തതും 24.05.2013-ലെ 193/13 ഉത്തരവുപ്രകാരം എഗ്രിമെന്റ് വച്ച് ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധികധനസഹായം കൊടുക്കാമെന്നാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

36. തുടർന്ന് പലിശ സർക്കാർ അടയ്ക്കാമെന്നും മുതൽ പത്ത് തവണയായി ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അടയ്ക്കാമെന്നുമുള്ള രണ്ടാമതൊരു ഉത്തരവ് സർക്കാർ ഇറക്കിയിട്ടുള്ളതനുസരിച്ച് മുതൽ അടച്ചപ്പോൾ സഹകരണ ബാങ്ക് പലിശയിനത്തിൽ വകയിരുത്തുകയാണ് ചെയ്തതെന്നും ടി തുക മുതലിലേയ്ക്ക് വകയിരുത്തണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടപ്പോൾ ബാങ്കിൽ നിന്നും അനുകൂല മറുപടി ലഭിക്കാത്തതിനാലാണ് സർക്കാരിലേയ്ക്ക് അയച്ചതെന്നും വായ്പാതുക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് കോ-ഓർഡിനേഷൻ

കമ്മിറ്റിയുമായി ചർച്ച ചെയ്തതിന്റെയടിസ്ഥാനത്തിൽ CRD (Commissionerate of Rural Development)-നോട് ആവശ്യപ്പെട്ട വിശദമായ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചതായും അതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിനോട് മുഴുവൻ തുകയും മൂന്നോ നാലോ തവണകളായി തിരിച്ചടയ്ക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തതായും റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. ബാങ്കിലേയ്ക്ക് അടച്ച തുക പലിശയായി കണക്കാക്കിയതുകൊണ്ട് അടവ് വന്നതായി കാണുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

37. നേരത്തെയുള്ള ഉത്തരവനുസരിച്ച് സർക്കാർ പലിശയുള്ള തുക നൽകിയിട്ടില്ലേയെന്ന് സമിതി ആരാഞ്ഞതിന് പലിശയുള്ള തുക ആവശ്യപ്പെട്ടാൽ സർക്കാർ കൊടുക്കുന്നതാണെന്നും ഇ.എം.എസ്. ഭവന പദ്ധതിയിലും പലിശ കൊടുക്കുന്നതായും ഐ.എ.വൈ. പദ്ധതിയിൽ പലിശയുള്ള തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ഫയലുകളൊന്നും രണ്ടുമൂന്ന് വർഷത്തിനിടയിൽ ധനകാര്യവകുപ്പിലേയ്ക്ക് വന്നിട്ടില്ലെന്നും ശ്രീ. എ. സി. മൊയ്തീൻ മന്ത്രിയായിരുന്ന സമയത്ത് രണ്ട് തവണ ചർച്ച നടത്തിയാണ് ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് പലിശയിനത്തിൽ നൽകാനുള്ള സർക്കാർ വിഹിതമായ 76 കോടി രൂപ നൽകിയിട്ടുള്ളതെന്നും ബാക്കി തുകയെ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കണമെന്ന് നിരവധി തവണ ആവശ്യപ്പെട്ടിട്ടും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്നും അതുകൊണ്ടാണ് ഇ.എം.എസ്. ഭവനപദ്ധതിയിലെ പലിശ അടച്ചുതീർക്കാൻ സാധിക്കാത്തതെന്നും ബാക്കിയുള്ള തുകയുടെ പലിശ ഔട്ട്സ്റ്റാന്റിംഗാണെന്നും ഓരോ ദിവസം കഴിയുന്തോറും പലിശ കൂടിവരികയാണെന്നും തദ്ദേശസ്വയംഭരണം, സഹകരണം, ധനകാര്യം എന്നീ വകുപ്പുമന്ത്രിമാർ ചർച്ച ചെയ്ത് എടുത്തിട്ടുള്ള തീരുമാനമാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ. പദ്ധതിക്ക് സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള പലിശ നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ആയത് ആവശ്യപ്പെട്ടിട്ടില്ലെന്ന് വൈക്കം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

38. 31.03.2014 വരെയുള്ള പലിശ അടച്ചത് സർക്കാർ സാധൂകരിച്ചിട്ടുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് ആവശ്യപ്പെടാത്തതുകൊണ്ടാണ് സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാതെ പോയതെന്നും ബ്ലോക്ക് പഞ്ചായത്ത് പലിശയിനത്തിൽ സഹകരണ ബാങ്കുകളിലേയ്ക്ക് അടയ്ക്കേണ്ട തുകയെ സംബന്ധിച്ച് ഗ്രാമവികസന വകുപ്പിനെ അറിയിക്കേണ്ടതായിരുന്നെന്നും ആയതിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടത് ഗ്രാമവികസന കമ്മീഷണറേറ്റ് ആയിരുന്നെന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് ടി വിഷയം വൈക്കം ബ്ലോക്കിന്റെ മാത്രം പ്രശ്നമല്ലെന്നും മുഴുവൻ തുകയും കണക്കാക്കിക്കൊണ്ട് കൺസോളിഡേറ്റ് പ്രൊപ്പോസൽ ലഭിക്കേണ്ടതുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

39. പഞ്ചായത്തുകൾ കൺസോളിഡേറ്റഡ് തുക എത്രയാണെന്ന് കണക്കാക്കി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചാൽ ടി പ്രശ്നങ്ങൾ അവസാനിപ്പിക്കാമായിരുന്നുവെന്ന് സമിതി തുടർന്നഭിപ്രായപ്പെട്ടു.

40. ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ക്രോഡീകരിച്ച റിക്വസ്റ്റ് ലഭിച്ചിട്ടില്ലായിരുന്നുവെന്നും 2015-16 മുതൽ പ്ലാൻ ഫണ്ടിൽ നിന്നും അടയ്ക്കുന്നതിനുള്ള ഉത്തരവുണ്ടായിരുന്നുവെന്നും പല ബ്ലോക്ക് പഞ്ചായത്തുകളും പ്ലാൻ ഫണ്ട് വച്ച് പലിശ അടച്ചിരുന്നുവെന്നും റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

41. ഇ.എം.എസ്. ഭവനപദ്ധതിയുടെ പലിശ അടച്ചുതീർക്കുന്നതിനായി തുക നൽകാമെന്ന് ബന്ധപ്പെട്ട മൂന്ന് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ തീരുമാനമെടുത്തിട്ടുപോലും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും യാതൊരു മറുപടിയും കൊടുക്കാത്തത് നീതികരിക്കത്തക്കതല്ലെന്നും ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഡിപ്പാർട്ടുമെന്റിനോട് മാത്രമേ ആവശ്യപ്പെടാൻ സാധിക്കുകയുള്ളൂവെന്നും ഡിപ്പാർട്ടുമെന്റ് കൺസോളിഡേറ്റഡ് പ്രൊപ്പോസൽ ഇതുവരെയും കൊടുത്തിട്ടില്ലെന്നും പലിശ ഗവൺമെന്റ് അടയ്ക്കാൻ തയ്യാറാണെന്ന തീരുമാനമെടുത്തിട്ടും അത് കൺസോളിഡേറ്റ് ചെയ്ത് കൊടുക്കാനുള്ള ചുമതല കമ്മീഷണറേറ്റ് യഥാസമയം നിർവ്വഹിച്ചിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. തദവസരത്തിൽ ഇ.എം.എസ്. പദ്ധതിയുടെ പലിശ ഇനത്തിലുള്ള മുഴുവൻ തുകയും

കൺസോളിഡേറ്റ് ചെയ്ത് സർക്കാരിലേയ്ക്ക് കൊടുത്തിട്ടുണ്ടെന്ന് റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു

42. തുടർന്ന് ഐ.എ.വൈ. പദ്ധതികളുടെ പലിശയിനത്തിൽ ലഭിക്കേണ്ട തുക കൺസോളിഡേറ്റ് ചെയ്ത് എത്ര ദിവസത്തിനുള്ളിൽ ധനകാര്യ വകുപ്പിലേയ്ക്ക് കൊടുക്കാൻ സാധിക്കുമെന്ന് സമിതി ആരാഞ്ഞതിന് രണ്ടാഴ്ചയ്ക്കുള്ളിൽ കൺസോളിഡേറ്റ് ചെയ്ത് നൽകാമെന്ന് റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ മറുപടി നൽകി.

## നിഗമനങ്ങളും ശിപാർശകളും

**43. ഇ.എം.എസ്. ഭവനപദ്ധതിയിൽ പലിശ അടച്ചുതീർക്കുന്നതിനായി തുക നൽകാമെന്ന് തദ്ദേശസ്വയംഭരണം, സഹകരണം, ധനകാര്യം എന്നീ വകുപ്പു മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ തീരുമാനമെടുത്തതിൻ പ്രകാരം പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് പലിശയിനത്തിൽ നൽകാനുള്ള സർക്കാർ വിഹിതമായ 76 കോടി രൂപ നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഇത്തരത്തിലുള്ള അവസരങ്ങൾ ഉണ്ടായിട്ടും ഐ.എ.വൈ. പദ്ധതികളുടെ പലിശയിനത്തിൽ ലഭിക്കേണ്ട തുക കൺസോളിഡേറ്റ് ചെയ്ത് ധനകാര്യ വകുപ്പിന് നൽകാത്തത് നീതീകരിക്കത്തക്കതല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ രണ്ടാഴ്ചക്കുള്ളിൽ തന്നെ ആയത് സംബന്ധിച്ച കൺസോളിഡേറ്റഡ് ലിസ്റ്റ് കൈമാറണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വായ്പ തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചു-പലിശയിനത്തിൽ വൻ തുക ബാദ്ധ്യത**

[പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1]

സർക്കാർ ഉത്തരവ് (കൈ)നം.193/2013/തസ്വഭവ. തീയതി 24.05.2013 പ്രകാരം 2011-12 ൽ എഗ്രിമെന്റ് വച്ച ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധിക ധനസഹായം ലഭ്യമാക്കുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ലോൺ

തുക ബ്ലോക്ക് പഞ്ചായത്തുകൾ തന്നെ 10 വർഷം കൊണ്ട് പ്ലാൻ ഫണ്ട് ഉപയോഗിച്ച് തിരിച്ചടയ്ക്കേണ്ടതാണെന്നും 11.25% പലിശ സർക്കാർ വഹിക്കുന്നതാണ് എന്നും വ്യക്തമാക്കിയിരുന്നു. കൂടാതെ സർക്കാർ ഉത്തരവ് (എം.എസ്.)90/13/തസ്വഭവ. തീയതി 14.03.2013 പ്രകാരം 2012-13 വർഷത്തെ പ്ലാൻ ഫണ്ടിൽ ചെലവഴിക്കാതെ ബാക്കിയായ തുകയിൽ നിന്നും അടിയന്തരമായി ഐ.എ.വൈ. പദ്ധതിയുടെ സംസ്ഥാനസർക്കാർ വിഹിതം നൽകുന്നതിനായി വിനിയോഗിക്കാമെന്നും ടി തുക വായ്പ ലഭ്യമാകുകയോ സർക്കാരിൽ നിന്നും പണം ലഭിക്കുകയോ ചെയ്യുന്നമുറയ്ക്ക് പ്ലാൻ ഫണ്ടിനത്തിൽ തിരിക ഒടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കാതെ ബ്ലോക്ക് പഞ്ചായത്ത് സാമ്പത്തിക ഇടപാടുകളിൽ നടത്തിയ ഗുരുതരമായ ക്രമക്കേടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- **ബാങ്ക് വായ്പ തുക പ്ലാൻ ഫണ്ടിലേക്ക് തിരികെ ഒടുക്കിയില്ല**

2012-13 വർഷം പ്ലാൻ ഫണ്ടിൽ ചെലവാകാതിരുന്ന 52.50 ലക്ഷം രൂപ (പൊതുവിഭാഗത്തിൽ നിന്നും 39 ലക്ഷം രൂപയും എസ്.സി.പി. വിഭാഗത്തിൽ നിന്നും 13.50 ലക്ഷം രൂപയും) ഐ.എ.വൈ. പദ്ധതിക്കായി സർക്കാർ ഉത്തരവ് പ്രകാരം വകമാറ്റി ഐ.എ.വൈ. പ്ലാൻഫണ്ട് അക്കൗണ്ടിൽ വരവ് വച്ചിരുന്നു. (പള്ളിക്കത്തോട് എസ്.ബി.ഐ. അക്കൗണ്ട് നം.67169988433) വായ്പ തുക ലഭ്യമാകുന്ന മുറയ്ക്ക് ടി തുക തിരികെ പ്ലാൻ ഫണ്ടിലൊടുക്കേണ്ടതായിരുന്നു. ബ്ലോക്ക് പഞ്ചായത്തിന് ആനിക്കാട് റീജണൽ ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിന്നും 30 ലക്ഷം രൂപയും കിടങ്ങൂർ സർവ്വീസ് സഹകരണബാങ്കിൽ നിന്നും 22.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 52.50 ലക്ഷം രൂപ വായ്പ ലഭിച്ചിരുന്നു. തുക ലഭിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ലഭിച്ച തുക | വരവ് വന്ന തീയതി |
|---|---|---|
| ആനിക്കാട് റീജണൽ | 1,00,000 | 30.04.2013 |
| ഫാർമേഴ്സ് സഹകരണ ബാങ്ക് | 29,00,000 | 30.12.2013 |
| കിടങ്ങൂർ സർവ്വീസ് | 1,00,000 | 30.04.2013 |
| സഹകരണ ബാങ്ക് | 21,50,000 | 30.01.2014 |
| **ആകെ** | **52,50,000** | |

വായ്പയായി ലഭിച്ച തുക പ്ലാൻ ഫണ്ടിനത്തിൽ വരവ് വയ്ക്കുന്നതിന് പകരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഐ.എ.വൈ. പ്ലാൻ ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (പള്ളിക്കത്തോട് എസ്.ബി.ഐ. അക്കൗണ്ട് നം.67169988433) നിക്ഷേപിച്ച് തനത് ഫണ്ടായി കണക്കാക്കി മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിക്കുകയാണുണ്ടായത്. ഇത് സർക്കാർ ഉത്തരവുകളുടെ ഗുരുതരമായ ലംഘനമാണ്.

- **മതിയായ ഫണ്ട് ബാലൻസ് ഉണ്ടായിരുന്നിട്ടും <u>ആവശ്യാധിഷ്ഠിതമല്ലാതെ വായ്പ എടുത്തു</u>**

ഐ.എ.വൈ. ഗുണഭോക്താക്കൾക്കുള്ള ത്രിതല പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതവും സംസ്ഥാനസർക്കാർ വിഹിതവും സൂക്ഷിച്ചിരുന്നത് പള്ളിക്കത്തോട് എസ്.ബി.ഐ.യുടെ 67169988433 നമ്പർ അക്കൗണ്ടിലായിരുന്നു. ടി അക്കൗണ്ടിൽ 01.04.2013-ലെ മുന്നിരിപ്പ് തുക 1,50,99,819/-രൂപയായിരുന്നു. വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളതും ജില്ലാപഞ്ചായത്തുവിഹിതവും ഉൾപ്പെടെ 30.04.2013-ലെ ബാലൻസ് തുക 2,23,98,246/- രൂപ അക്കൗണ്ടിൽ അവശേഷിക്കുമ്പോഴാണ് ബ്ലോക്ക് പഞ്ചായത്ത് 52.50 ലക്ഷം രൂപ വായ്പ എടുക്കുന്നതിനായി സഹകരണബാങ്കുകളുമായി കരാറിലേർപ്പെടുന്നത്. കൂടാതെ 2013-14 വർഷം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നുമായി 2.19 കോടി രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുകയും 2.14 കോടി രൂപ ഐഎവൈ ഗുണഭോക്താക്കൾക്കായി ചെലവഴിക്കുകയും ചെയ്തിരുന്നു 31.03.2014-ൽ അക്കൗണ്ടിൽ ബാലൻസ് തുകയായി 2.09 കോടി രൂപ അവശേഷിക്കുന്നുമുണ്ടായിരുന്നു. ഇതിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വായ്പ തുകയുടെ ആവശ്യം ഇല്ലാതെ തന്നെ വായ്പ എടുക്കുകയും അതുമൂലം വൻ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുകയുമാണ് ഉണ്ടായത് എന്നത് വ്യക്തമാണ്. 52.50 ലക്ഷം രൂപ അനാവശ്യമായി വായ്പ എടുക്കുകയും തൻമൂലം പലിശ ഉൾപ്പടെ 78,15,291/- രൂപ ബ്ലോക്ക് പഞ്ചായത്തിന് ബാദ്ധ്യത വരുത്തി വയ്ക്കുകയുമാണ് ഉണ്ടായത്.

- **ഭവനപദ്ധതിയ്ക്കായുള്ള വായ്പ തുക വകമാറ്റി വിനിയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കി**

വാസയോഗ്യമായ പാർപ്പിടം ഇല്ലാത്ത എല്ലാ ദരിദ്രകുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ഐ.എ.വൈ. പദ്ധതിയ്ക്ക് സംസ്ഥാനസർക്കാർ വിഹിതം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ലഭ്യമാക്കിയ വായ്പ തുക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുകയും 2013-14, 2014-15 വർഷങ്ങളിൽ റോഡ് നിർമ്മാണ പ്രോജക്ടുകൾ, ബ്ലോക്ക് പഞ്ചായത്തിന് വാഹനം വാങ്ങൽ എന്നിവ ഉൾപ്പടെ വിവിധ പ്രോജക്ടുകൾക്കായി തുക ചെലവഴിക്കുകയും ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പാറാമറ്റം-താന്നിക്കുന്ന് റോഡ് നിർമ്മാണം-പാമ്പാടി പഞ്ചായത്ത് | 11,40,000 | ചെക്ക് നം. 615435/27.03.2014 |
| മലമ്പതി കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 1,99,273 | 960080 & 960081/02.03.2015 |
| രാജീവ് ഗാന്ധി സേവാകേന്ദ്രം നിർമ്മാണം | 5,00,000 | 960083/09.03.2015 |
| സിഡിപിഒ ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ | 80,246 | 960047/28.10.2015 |
| ബ്ലോക്ക് പഞ്ചായത്ത് വാഹനം | 9,98,900 | 615418/30.12.2013 |
| **ആകെ** | **29,18,419** | |

ഭവനപദ്ധതിയ്ക്കായി ലഭിച്ച തുക ഇപ്രകാരം വകമാറ്റി മറ്റ് പ്രവർത്തികൾക്ക് വിനിയോഗിച്ചത് ഗുരുതരമായ ക്രമക്കേടാണ്. ടി പ്രോജക്ടുകൾക്ക് ചെലവഴിച്ചതിന് ശേഷം ബാക്കിയുള്ള തുകയായ 23,31,581/- രൂപയിൽ 20,02,447/- രൂപ 2018-19 വർഷം വായ്പ തുകയിലേക്ക് അടയ്ക്കുകയുണ്ടായി. ലോൺ തുകയിൽ ബാക്കി നിൽക്കുന്ന 3,29,134/- രൂപയും സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

- **വായ്പ ലഭിച്ച് 4 വർഷത്തിന് ശേഷം മാത്രം തിരിച്ചടവ് ആരംഭിച്ചു. ബാങ്ക് നിയമനടപടിയിലേക്ക് നീങ്ങിയതുമൂലം വായ്പ തുക മുഴുവനും തിരികെ അടക്കേണ്ടി വന്നു**

2013-14 വർഷം രണ്ട് ബാങ്കുകളിൽ നിന്നായി 52.50 ലക്ഷം രൂപ വായ്പ ലഭിച്ചിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം അടുത്ത സാമ്പത്തിക വർഷം മുതൽ തന്നെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് 10 തുല്യഗഡുക്കളായി തിരിച്ചടവ് നടത്തേണ്ടിയിരുന്നു. എന്നാൽ മുതലിനത്തിലുള്ള തുകയും പലിശയും സർക്കാർ അടയ്ക്കും എന്ന ധാരണയിൽ ബ്ലോക്ക് പഞ്ചായത്ത് മുതലിനത്തിലുള്ള തുക പോലും അടയ്ക്കുകയുണ്ടായില്ല. വായ്പ നൽകിയ ആനിക്കാട് റീജണൽ ഫാർമേഴ്സ് സഹകരണ ബാങ്ക് 2015-16 വർഷം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുമ്പാകെ ആർബിട്രേഷനിൽ കേസ് ഫയൽ ചെയ്യുകയും പലിശ ഉൾപ്പടെ ലോൺ തുക മുഴുവൻ ഒറ്റ ഗഡുവായി അടച്ചുതീർക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തു. സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 10 വർഷം കൊണ്ടുമാത്രം അടച്ചു തീർക്കാമായിരുന്ന മുതലിനത്തിലുള്ള ലോൺ തുക മുഴുവനായും 2017-18, 2018-19 വർഷങ്ങളിലായി അടച്ചു തീർക്കുകയായിരുന്നു. 2017-18 വർഷം പ്ലാൻ ഫണ്ട് വിനിയോഗിച്ച് വിവിധ പ്രോജക്റ്റുകളിലായി 16,23,776/- രൂപ വീതം രണ്ടുബാങ്കുകളിലുമായി അടയ്ക്കുകയും 2018-19 വർഷം ലോൺ തുക നിക്ഷേപിച്ചിരുന്ന ബാങ്ക് അക്കൗണ്ടിൽ നിന്നും ബാക്കി തുകയായ 20,02,447/- രൂപ നൽകുകയുമാണ് ഉണ്ടായത്. മറ്റ് പ്രോജക്റ്റുകൾക്ക് വിനിയോഗിക്കാമായിരുന്ന തുക ഈ രീതിയിൽ ലോൺ തിരിച്ചടവിന് മാത്രമായി ഉപയോഗപ്പെടുത്തേണ്ടി വന്നത് സ്ഥാപനത്തിന്റെ ഉത്തമ താത്പര്യങ്ങൾക്ക് നിരക്കാത്തതാണ്.

- **ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച വായ്പ തുകയ്ക്ക് പലിശയിനത്തിൽ വൻ ബാധ്യത**

പ്ലാൻ ഫണ്ടിൽ തിരികെ അടയ്ക്കേണ്ടിയിരുന്ന 11.25% പലിശയോടു കൂടിയ വായ്പ തുക ആയത് ചെയ്യാതെ ബാങ്ക് സേവിംഗ്സ് അക്കൗണ്ടിൽ സൂക്ഷിക്കുകയായിരുന്നു. തൻമൂലം 11.06.2018-ൽ ആനിക്കാട് സർവ്വീസ്

സഹകരണ ബാങ്കിൽ പലിശയിനത്തിൽ 14,91,300/- രൂപയും കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്കിൽ 10,44,019/- രൂപയും ഉൾപ്പടെ ആകെ 25,35,319/-രൂപ തിരികെ അടയ്ക്കാൻ ശേഷിക്കുന്നതായി കാണുന്നു. ആവശ്യാധിഷ്ഠിതമല്ലാതെ വായ്പയെടുക്കുകയും എടുത്ത വായ്പ സർക്കാർ ഉത്തരവുകൾക്കനുസൃതമായി തിരികെ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും സർക്കാരിലേക്ക് തിരികെ അടക്കേണ്ട തുക അടയ്ക്കാതെ തനത് ഫണ്ട് പോലെ കൈകാര്യം ചെയ്ത് ചെലവഴിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വന്ന ഭീമമായ പലിശ തുകയ്ക്ക് ഉത്തരവാദിത്വം ടി കാലയളവിലെ സെക്രട്ടറിയ്ക്കും ഭരണസമിതിയ്ക്കുമാണ്. പലിശ അടയ്ക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് 30.08.2018-ൽ നിലവിലെ സെക്രട്ടറി ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ, പി.എ.യു., കോട്ടയത്തിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ സർക്കാരിന്റെ ഭാഗത്തു നിന്നും അനുകൂല മറുപടിയുണ്ടായിട്ടില്ല.

- **മുതൽ ഇനത്തിൽ തിരികെ അടച്ച തുക ബാങ്ക് വരവ് വച്ചത് പലിശയിനത്തിൽ**

26.07.2018-ൽ ബ്ലോക്ക് പഞ്ചായത്ത്, ആനിക്കാട് റീജണൽ ഫാർമേഴ്സ് സഹകരണ ബാങ്കിൽ മുതൽ ഇനത്തിൽ അടച്ച 13,76,223/- രൂപ ബാങ്ക് വരവ് വച്ചത് സംസ്ഥാന സർക്കാർ അടയ്ക്കുമെന്ന് കരുതപ്പെടുന്ന പലിശയിനത്തിലാണ്. തൻമൂലം ബാങ്കിന്റെ കണക്കുകളിൽ മുതൽ ഇനത്തിൽ തുക അടയ്ക്കാൻ അവശേഷിക്കുന്നതുമൂലം പലിശ ഇനത്തിലുള്ള ബാദ്ധ്യത ഇനിയും കൂടാൻ സാധ്യതയുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 30.05.2019-ൽ നം.എ 3/2071/18 നമ്പർ കത്ത് പ്രകാരം ഈ രീതിയിൽ പലിശ തുകയിലേക്ക് വരവ് വച്ചത് സർക്കാർ ഉത്തരവിന്റെയും വായ്പ കരാർ ഉടമ്പടിയുടേയും ലംഘനമായതിനാൽ മേൽ തുക, മുതൽ ഇനത്തിൽ വകയിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആനിക്കാട് ബാങ്കിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബാങ്കിന്റെ ഭാഗത്തു നിന്നും നടപടിയൊന്നും ഉണ്ടായില്ല.

മേൽപറഞ്ഞ അപാകതകൾ വ്യക്തമാക്കുന്നത് ആവശ്യാധിഷ്ഠിതമല്ലാതെ വായ്പ എടുക്കുകയും ടി തുക സർക്കാർ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് തനത് ഫണ്ടിൽ സൂക്ഷിക്കുകയും ചെയ്തതിനാൽ വൻ പലിശബാദ്ധ്യത സ്ഥാപനത്തിന് ഉണ്ടാകുകയും ചെയ്തു എന്നതാണ്. സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുന്നപക്ഷം ആയത് അനുസരിച്ച് ബാധ്യത തീർക്കാൻ നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം പലിശയിനത്തിലുള്ള ബാധ്യത തുകയ്ക്ക് ടി കാലയളവിലെ സെക്രട്ടറിയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും ഉത്തരവാദികളാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 1/03.08.2019)

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരത്തിൽ നാളിതുവരെ തുടർ നടപടി സ്വീകരിച്ചിട്ടില്ലായെന്ന് കോട്ടയം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ കെ.എസ്.എ.കെ.ടി.എം.പി2-1081/2020 തീയതി 22.09.2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട്,

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, കോട്ടയം ജില്ല - 3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നൽകിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി തൃപ്തികരമല്ലെന്നും ഇതിൽ മിസ് അപ്രോപ്രിയേഷൻ ഉണ്ടായിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നതെന്നും നിരീക്ഷിച്ച സമിതി ഫണ്ട് മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നത് ശരിയായ നടപടിയല്ലെന്ന് വിലയിരുത്തുകയും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച ശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**45. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾക്ക് ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കി സമിതിയ്ക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ലക്ഷങ്ങൾ ചെലവഴിച്ച് നഗരസഭയിൽ സ്ഥാപിച്ച ബയോബിന്നുകൾ പ്രവർത്തിക്കുന്നില്ല**

[കോട്ടയം മുനിസിപ്പാലിറ്റി 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-20]

| | |
|---|---|
| പ്രൊജക്ട് നം./പേര് | S.O.830/18-19, വിവിധ വാർഡുകളിൽ ബയോബിന്നുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് |
| ഫണ്ടിനം, വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-73,48,921 |
| ചെലവഴിച്ച തുക, ബിൽ നം. | 26,83,349<br>ബിൽ നം. 27130/18.05.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| എം. ബുക്ക് നം. | 461/17-18, 460/17-18 |

നഗരസഭാ പരിധിയിൽ വിവിധ വാർഡുകളിൽ ബയോബിന്നുകൾ സ്ഥാപിക്കുന്നതിനായി (തുമ്പൂർമുഴി മോഡൽ) 2016-17-ൽ 61 ലക്ഷം രൂപയുടെ പദ്ധതി (പ്രൊജക്ട് നം: 597/17) തയ്യാറാക്കിയിരുന്നു. നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർമാർ കണ്ടെത്തിയ സ്ഥലങ്ങൾ സംബന്ധിച്ച് ആരോഗ്യ കാര്യ സ്ഥിരം സമിതി 04.01.2017-ലെ തീരുമാനപ്രകാരമാണ് ഈ പദ്ധതി തയ്യാറാക്കിയിരുന്നത്. ഇ-ടെണ്ടർ ക്ഷണിച്ചതിനെത്തുടർന്ന് 58,40,607.43/- രൂപ ക്വോട്ട് ചെയ്ത ശ്രീ. ഷാജി ലാൽ എന്ന വ്യക്തിയ്ക്ക് 31.03.2017-ൽ വർക്ക് ഓർഡർ നൽകി.

5.20 മീറ്റർ നീളവും 7.20 മീറ്റർ വീതിയുമുള്ള ഷെഡ്ഡിനകത്ത് 6 ബയോബിൻ യൂണിറ്റുകളടങ്ങുന്ന 16 ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനായിരുന്നു പദ്ധതി തയ്യാറാക്കിയിരുന്നത്. ഇപ്രകാരം 16x6=96 ബയോബിൻ യൂണിറ്റുകൾ നിർമ്മിക്കുന്നതിനായിരുന്നു പദ്ധതി തയ്യാറാക്കിയത്.

വിവിധ ഇടങ്ങളിൽ നിർമ്മാണം തുടങ്ങിയപ്പോൾ നാട്ടുകാർ അത് തടസ്സപ്പെടുത്തിയെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫൗണ്ടേഷന് റബ്ൾ കിട്ടാത്തതിനാൽ സോളിഡ് ബ്ലോക്ക് കട്ടകൾ കൊണ്ട് നിർമ്മിക്കാമെന്നുള്ള

കരാറുകാരന്റെ അഭ്യർത്ഥനയും ഷെഡ്ഡിന്റെ തറ ടൈൽ ഇടണമെന്നുള്ള ഹെൽത്ത് വിഭാഗത്തിന്റെ നിർദ്ദേശത്തേയും തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. വിവിധ സ്ഥലങ്ങളിൽ പല അളവിലുള്ള സ്ഥലങ്ങളാണ് ലഭ്യമാകുന്നതെന്നും അതിനാൽ ഷെഡ്ഡിന്റെ അളവിൽ വ്യത്യാസങ്ങളുണ്ടെന്നും 20.12.2017-ൽ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. പുതുക്കിയ എസ്റ്റിമേറ്റിന് 25.01.2018-ൽ നഗരസഭ ചെയർപേഴ്സൺ അംഗീകാരം നൽകിയിരുന്നു.

തുടർന്ന് പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക നൽകാമെന്നുള്ള 28.03.2018-ലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജയകുമാർ A. യുടെ റിപ്പോർട്ടിനെത്തുടർന്ന് ആദ്യ പാർട്ട് ബിൽ തയ്യാറാക്കുകയും 2018-19-ൽ നൽകുകയും ചെയ്തു. ബിൽ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | പ്രവൃത്തി മൂല്യം | 26,83,349 |
| 2 | (-)IT | 26,833 |
| 3 | (-)KCWWF | 26,940 |
| 4 | (-)Retention 2.5% | 67,084 |
| | Balance to Contractor | 25,62,599 |

50 ബയോബിൻ യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ടെന്നും ആയതിനു പാർട്ട് ബിൽ തുക നൽകിയിട്ടുണ്ടെന്നും 26.06.2018-ൽ എഞ്ചിനീയറിംഗ് വിഭാഗം ഫയലിൽ നോട്ട് എഴുതിയിട്ടുണ്ട്. ടി നോട്ട് പ്രകാരം താഴെ പറയുന്ന ഇടങ്ങളിൽ ബയോബിൻ യൂണിറ്റുകൾ സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

05.09.2018-ലെ PW-1 സെക്ഷന്റെ കുറിപ്പ് പ്രകാരം നിർമ്മിച്ച 58 യൂണിറ്റുകളിൽ 38 എണ്ണം മാത്രമാണ് ഹെൽത്ത് വിഭാഗത്തിനു കൈമാറിയിട്ടുള്ളതെന്ന് കണ്ടു. നാഗമ്പടം മൈതാനം-നോർത്ത്-ൽ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് ഇരുത്തം വന്നിട്ടുള്ളതിനാൽ അവ പരിഹരിച്ച ശേഷമേ ഉപയോഗയോഗ്യമാക്കാൻ കഴിയൂ എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

ബയോബിന്നുകൾ സ്ഥാപിക്കുന്നതിനു സ്ഥലം ലഭ്യമാക്കണമെന്ന കരാറുകാരന്റെ നിരന്തര അഭ്യർത്ഥനയെ തുടർന്ന് ഹെൽത്ത് വിഭാഗത്തിന്റെ ശുപാർശയോടെ കൗൺസിൽ 02.03.2019-ൽ 11 സ്ഥലത്ത് 60 യൂണിറ്റുകൾ നിർമ്മിക്കുന്നതിനു അംഗീകാരം നൽകി. എന്നാൽ ഈ സ്ഥലങ്ങളിൽ സ്ഥല പരിശോധനയിൽ ഇവ നിർമ്മിക്കാൻ കഴിയുകയില്ലായെന്ന് 06.04.2019-ൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ V. K. ലാൽകുമാർ റിപ്പോർട്ട് നൽകിയതിനെത്തുടർന്ന് നിർമ്മാണം പിന്നേയും താമസിച്ചു. സ്ഥലം കണ്ടെത്തുന്നതിലെ കാലതാമസം കാരണം ബയോബിന്നുകൾ സ്ഥാപിക്കുന്നതിന് കരാറുകാരന് 16.11.2019-ലെ കൗൺസിൽ തീരുമാന പ്രകാരം (നം.28) 31.03.2020 വരെ കാലാവധി ദീർഘിപ്പിച്ചു നൽകി.

SP ഓഫീസ്, റയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 27.12.2019-ൽ റിപ്പോർട്ട് ചെയ്യുകയും 18,05,711/- രൂപയുടെ രണ്ടാം പാർട്ട് ബിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പദ്ധതിയിലെ അപാകതകളിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 65/2018-19;18.01.2020) നഗരസഭ അധികൃതർ മറുപടി നൽകിയിട്ടില്ല.

- റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പ് അലൂമിനിയം ട്രഫോർഡ് ഷീറ്റ് മാറ്റി GS ഷീറ്റ് ഇടുന്നതിനു തീരുമാനമുണ്ടായിരുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ അലൂമിനിയം ട്രഫോർഡ് ഷീറ്റ് തന്നെയാണ് കാണിച്ചിട്ടുള്ളത്. കരാറുകാരൻ GS ഷീറ്റാണോ അലൂമിനിയം ട്രഫോർഡ് ഷീറ്റാണോ ഷെഡ്ഡുകളിൽ ഇട്ടത് എന്നു പരിശോധിക്കാനായി എം.ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
- ആദ്യ പാർട്ട് ബില്ലിൽ 58 ബയോ ബിന്നുകൾ നിർമ്മിച്ചതിനു തുക കരാറുകാരനു നൽകിയിട്ടുണ്ട്. എന്നാൽ 38 എണ്ണം മാത്രമേ ഹെൽത്ത് വിഭാഗത്തിനു കൈമാറിയിട്ടുള്ളൂ. നാഗമ്പടം മൈതാനത്തിലെ നോർത്ത് ഭാഗത്തുള്ള 20 യൂണിറ്റുകൾ കെട്ടിടത്തിന്റെ അപാകതകൾ കാരണം

കൈമാറിയിട്ടില്ല. ഇപ്രകാരം അപാകതകൾ നിലനിൽക്കെ, ബിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

- നാഗമ്പടം മൈതാനത്തിലെ നോർത്ത് ഭാഗത്തുള്ള 20 യൂണിറ്റുകൾ കെട്ടിടത്തിന്റെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കരാറുകാരന് മുനിസിപ്പൽ എഞ്ചിനീയർ 05.09.2018-ൽ കത്ത് നൽകിയിരുന്നു. ആയത് ഓഡിറ്റ് കാലയളവു വരെയും പരിഹരിച്ച് ടി യൂണിറ്റുകൾ ഹെൽത്ത് വിഭാഗത്തിന് കൈമാറിയിട്ടില്ല.
- നാഗമ്പടം മൈതാനത്തിലെ നോർത്ത് ഭാഗത്തുള്ള 20 യൂണിറ്റുകളുള്ള കെട്ടിടം റയിൽവെ ഏറ്റെടുത്തതാണെന്നും ടി പ്ലാന്റ് പൊളിച്ചു നീക്കണമെന്നും ചെല്ലിയൊഴുക്കം റോഡിൽ CPI ഓഫീസിനു സമീപം നിർമ്മിച്ച പ്ലാന്റ് പൊട്ടിപ്പൊളിഞ്ഞു പ്രവർത്തനക്ഷമമല്ലായെന്നും നഗരസഭ ഹെൽത്ത് വിഭാഗം സൂപ്രണ്ട് 09.07.2019-ൽ (H4-16137/19) മുനിസിപ്പൽ എഞ്ചിനീയറെ അറിയിച്ചിരുന്നു. റയിൽവെ ഏറ്റെടുത്ത സ്ഥലത്ത് പ്ലാന്റ് നിർമ്മിക്കാനുണ്ടായതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
- നിലവിൽ എത്ര പ്ലാന്റുകൾ പ്രവർത്തനക്ഷമമാണെന്നുള്ള റിപ്പോർട്ട് നഗരസഭ ഹെൽത്ത് വിഭാഗത്തിൽ നിന്നും ലഭ്യമാക്കാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ വിവരിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ ഇതിനായി ചെലവഴിച്ച 26,83,349/- രൂപ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരത്തിൽ നിലവിലെ സ്ഥിതി തുടരുന്നതായി അറിയിച്ചുവെന്ന് കോട്ടയം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ കെ.എസ്.എ.കെ.എം.എം3/199/2020 തീയതി 23.09.2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, കോട്ടയം ജില്ല - 4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. പ്രസ്തുത പദ്ധതിയ്ക്ക് ചെലവഴിച്ച തുകയിൽ 26,83,349/- രൂപയുടെ ഓഡിറ്റ് ഒബ്ജക്ഷനാണ് ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്നും ലക്ഷങ്ങൾ ചെലവഴിച്ച് സ്ഥാപിച്ച ബയോ ബിന്നുകൾ പ്രവർത്തിക്കുന്നില്ലെന്ന പരാമർശമാണ് ഓഡിറ്റ് വകുപ്പ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ നിലവിൽ അവയെല്ലാം പ്രവർത്തനക്ഷമമാണെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് 09.09.2021-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും കോട്ടയം മുൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

46. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ ബിന്നുകൾ നിർമ്മിക്കുന്നതിന് ഉപയോഗിച്ച ടിൻ ഷീറ്റുകൾ സംബന്ധിച്ച് സമർപ്പിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായും എന്നാൽ ബിന്നുകൾ പ്രവർത്തനക്ഷമമാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും 58 ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് പറയുമ്പോഴും 38 എണ്ണം മാത്രമാണ് കൈമാറിയതെന്നും കൂടാതെ റെയിൽവേയുടെ സ്ഥലത്ത് ബിന്നുകൾ സ്ഥാപിച്ചത് സംബന്ധിച്ച വ്യക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും കോട്ടയം ജില്ലാ ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് ജി. ഐ. ഷീറ്റിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും 20 ബിന്നുകൾക്ക് ചില തകരാറുകൾ വന്നതിനാൽ കൈമാറാൻ സാധിച്ചിരുന്നില്ലെന്നും തകരാറുകൾ പരിഹരിച്ച് അവ പിന്നീട് കൈമാറിയെന്നും കോട്ടയം മുൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു

47. ഇരുവകുപ്പുകളും സംയുക്തമായി പരിശോധന നടത്തി ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി വകുപ്പിനെ ബോധ്യപ്പെടുത്തിയാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി അറിയിച്ചു

## നിഗമനങ്ങളും ശിപാർശകളും

**48. ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**ഇടുക്കി ജില്ല**

ഓഡിറ്റ് ഖണ്ഡിക

**വട്ടവട മാതൃകാഗ്രാമം**

[വട്ടവട ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18]

വട്ടവട ഗ്രാമപഞ്ചായത്ത് തങ്ങളുടെ അഭിമാന പ്രോജക്ട് എന്ന നിലയിൽ ആസൂത്രണം ചെയ്ത പാർപ്പിട സമുച്ചയ നിർമാണ പദ്ധതിയാണ് " വട്ടവട മാതൃകാ ഗ്രാമം" - ഗ്രാമപഞ്ചായത്തിലെ സാമ്പത്തികവും സാമൂഹ്യവുമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 108 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് പ്രസ്തുത പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്. അതിന്റെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ട് സ്രോതസ് | തുക (രൂപ) (കോടിയിൽ) | ഉദ്ദേശ്യം |
|---|---|---|---|
| 1 | എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് | 01 | കമ്മ്യൂണിറ്റി ഹാൾ, പകൽ വീട്, അംഗൻവാടി, ലൈബ്രറി കെട്ടിടനിർമാണം |
| 2 | പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമാണ ഫണ്ട്) | 05 | ഭവന സമുച്ചയ നിർമ്മാണം |
| 3 | അംബേദ്കർ സങ്കേത വികസന പദ്ധതി (എം.പി. ഫണ്ട്) | 01 | ഭൂവികസനം, റോഡ് നിർമ്മാണം |
| | അംബേദ്കർ സങ്കേത വികസന പദ്ധതി (എം.എൽ.എ. ഫണ്ട് | 02 | |
| 4 | ജലനിധി, സമ്പൂർണ്ണ ശുചിത്വയജ്ഞം ഫണ്ട് | 01 | ജലവിതരണം, മാലിന്യ സംസ്കരണം |
| 5 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 01 | ഭൂവികസനം, റോഡ് നിർമ്മാണം |
| 6 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 0.01 | സാമൂഹ്യ വനവത്ക്കരണം |

| | | | |
|---|---|---|---|
| 7 | എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ട് | 0.05 | സംരക്ഷണ വേലി, പ്രധാന കവാടം എന്നിവയുടെ നിർമാണം |
| 8 | എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ട് | 0.15 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ |
| | ആകെ | 11.21 | |

വട്ടവട-പഴത്തോട്ടം റോഡിന് സമീപം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ബ്ലോക്ക് നം.64-ൽപ്പെടുന്നതുമായ 1.75 ഏക്കർ സ്ഥലമാണ് നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഇരുനിലകളുള്ള 27 ഭവന സമുച്ചയങ്ങളിലായി (ഓരോന്നിലും 400 ചതുരശ്ര അടി വിസ്തീർണമുള്ള നാലു ഫ്ലാറ്റുകൾ വീതം) 108 വീടുകളും അനുബന്ധമായി കമ്മ്യൂണിറ്റി ഹാൾ, വായനശാല, പകൽവീട്, അംഗൻവാടി, ശുചിത്വ സമുച്ചയം, വ്യാപാരശാല, കുട്ടികൾക്കുള്ള കളിസ്ഥലം, റോഡുകൾ എന്നിവയും നിർമിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിശദമായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന് സംസ്ഥാനതല സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിച്ചതായി അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ടിന്റെ പരിശോധനയിൽ താഴെ വിവരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പദ്ധതിക്ക് സംസ്ഥാനതല സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രത്യേക പദ്ധതികൾക്ക് അനുമതിയും സാധൂകരണവും നൽകുവാൻ സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിന് അർഹതയുള്ള സമിതി വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയാണ്. ഇത്രയും ബൃഹത്തായ ഒരു നിർമ്മാണ പ്രോജക്ടായതിനാൽ കേരള വനം-പരിസ്ഥിതി വകുപ്പിനു കീഴിലുള്ള സംസ്ഥാനതല പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റിയിൽ നിന്ന് (State Level Environmental Impact Assessment Authority-SLEIAA)അതിന് ക്ലിയറൻസ് ആവശ്യമാണെങ്കിലും അത് നേടിയതായി രേഖയില്ല. കൂടാതെ മരാമത്ത് ഇനങ്ങൾ അടങ്ങിയതിനാൽ ചീഫ് എൻജിനിയറുടെ

റാങ്കിൽ കുറയാത്ത സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥനിൽ നിന്നുള്ള സാങ്കേതിക അനുമതിയും പ്രോജക്ടിന് അനിവാര്യമാണ്. അത് ഇനിയും ലഭിച്ചിട്ടില്ലാത്തതിനാൽ നിർവഹണാനുമതി ലഭിച്ചതായുള്ള വാദഗതി അംഗീകരിക്കാനാവില്ല.

2. വൻതോതിൽ മണ്ണ് നീക്കം ചെയ്ത് പ്രതലമൊരുക്കി നിർമ്മാണം നടത്തേണ്ടതിനാൽ മണ്ണിന്റെ ഘടന പരിശോധിക്കേണ്ടത്, നിർമ്മിക്കപ്പെടുന്ന ഭവനസമുച്ചയത്തിന്റെ സുരക്ഷയ്ക്ക് അനിവാര്യമാണ്. അർഹതയുള്ള സ്ഥാപനത്തെ നിയോഗിച്ച് പ്രസ്തുത പരിശോധന നടത്തിയതായ രേഖകൾ സൂക്ഷിച്ചിട്ടില്ല. അശാസ്ത്രീയമായ കെട്ടിട നിർമ്മാണം മൂലം വൻതോതിൽ മണ്ണിടിച്ചിലും പരിസ്ഥിതി നാശവും കഴിഞ്ഞ പ്രളയകാലത്ത് സംഭവിച്ച കാര്യം പ്രാധാന്യത്തോടെ കാണേണ്ടതാണ്.

3. പ്രോജക്ട് റിപ്പോർട്ടിൽ പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തിയിട്ടില്ല. ആകയാൽ പദ്ധതി പൂർത്തീകരണ കാലയളവ് വ്യക്തമല്ല. നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റിന് ഒരു കോടി കൈമാറി ഒരു വർഷം കഴിഞ്ഞെങ്കിലും ഇപ്പോഴും പ്രാഥമിക പ്രവർത്തനമായ ലാന്റ് ഡെവലപ്മെന്റ് മാത്രമാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത് എന്നതിനാൽ 2016-17-ൽ നിശ്ചയിച്ച അടങ്കലിൽ നിർമ്മാണം പൂർത്തീകരിക്കുമെന്ന് കരുതുവാൻ സാധിക്കില്ല.

4. വിവിധ ഏജൻസികളുടെ ധനസഹായമാണ് പദ്ധതിയുടെ വിഭവ സ്രോതസ്സായി പരിഗണിച്ചിട്ടുള്ളത്. എന്നാൽ അവ യഥാസമയം വിനിയോഗത്തിനു ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടില്ല. പട്ടികജാതി വകുപ്പിന്റെ വിഹിതമായ അഞ്ചു കോടി രൂപയിൽ 3.24 കോടി രൂപ ജില്ലാ കളക്ടർ മുഖേന അനുവദിക്കപ്പെട്ടത് മാത്രമാണ് ഈയിനത്തിൽ ലഭ്യമായ ആശാവഹമായ പുരോഗതി. ദേശീയ തൊഴിലുറപ്പ് പദ്ധതി, ജലനിധി, സമ്പൂർണ ശുചിത്വ യജ്ഞം തുടങ്ങിയവയിൽ നിന്ന് 2.01 കോടി രൂപ പ്രതീക്ഷിക്കുന്നുവെങ്കിലും ഇത്രയും ഗണ്യമായ തുക ലഭിക്കുമെന്ന് ഉറപ്പില്ല. പട്ടികജാതി വികസന വകുപ്പിൽ നിന്ന് ബാക്കി ലഭിക്കേണ്ടതുൾപ്പടെ പദ്ധതിക്കായി വകയിരുത്തിയ തുക എപ്പോൾ ലഭിക്കുമെന്നതിനെക്കുറിച്ച് യാതൊരു ഉറപ്പും അധികൃതർക്കില്ലാത്തതിനാൽ

തുടർപ്രവർത്തനങ്ങൾ സമീപഭാവിയിൽ തുടങ്ങാനാവുമെന്ന് കരുതാനാവില്ല. കരാർ കാലാവധി അനന്തമായി നീട്ടുവാൻ നിർവഹണ ഏജൻസി തയ്യാറാകില്ലെന്നതിനാൽ നഷ്ടപരിഹാരം നൽകേണ്ടി വരുന്ന സാഹചര്യവും കരുതലോടെ കാണേണ്ടതാണ്.

5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അനുവദിച്ച 3.24 കോടി രൂപ ആദ്യം ദാരിദ്ര്യ ലഘൂകരണവിഭാഗം ഇടുക്കി പ്രോജക്ട് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിൽ കളക്ടർ മുഖേന നിക്ഷേപിച്ചുവെങ്കിലും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഓഡിറ്റ് ആക്ഷേപത്തെത്തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക് (Spl TSB A/c.No.14/2) മാറ്റുകയാണുണ്ടായത്. അതിൽനിന്ന് 1 കോടി രൂപ നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റിന് 19.09.2018-ലെ 0306381 നമ്പർ ചെക്ക് പ്രകാരം കൈമാറി. ഏജൻസിയുമായി ഏർപ്പെട്ട കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തൻമൂലം പദ്ധതി നിർവഹണത്തിലെ വ്യവസ്ഥകൾ, നിർമ്മാണ കാലാവധി തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. തുക കൈമാറി ഒരു വർഷം കഴിഞ്ഞെങ്കിലും അടുത്ത നാളുകളിൽ സൈറ്റിലെ മണ്ണ് നീക്കം ചെയ്തത് മാത്രമാണ് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തി. കൃത്യമായ പ്രവർത്തനകലണ്ടറിനെ അടിസ്ഥാനപ്പെടുത്തി ഹാബിറ്റാറ്റിന് നിർദ്ദേശം നൽകി പ്രവർത്തനം ഏകോപിപ്പിക്കാത്തതിനാൽ പലിശയിനത്തിൽ തന്നെ നിർവഹണ ഏജൻസിക്ക് വൻതുക ലഭിക്കാൻ സാഹചര്യമൊരുങ്ങി.

6. പട്ടികജാതി വകുപ്പ് 108 കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിനാണ് 3.24 കോടി രൂപ അനുവദിച്ചത് (108x300000). നിർദ്ദിഷ്ട ആവശ്യത്തിന് അനുവദിക്കപ്പെട്ട തുക വകമാറ്റി ലാന്റ് ഡെവലപ്മെന്റിന് വിനിയോഗിച്ച നടപടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുമുള്ള നിരുത്തരവാദപരവും ചട്ടവിരുദ്ധവുമായ നടപടിയാണെന്ന കണ്ടെത്തലിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. (കത്ത് നം. ഡെവ.ബി2-6076/17(1) തീയതി 04.10.2019).

7. ചെങ്കുത്തായ ഒരു മലയുടെ വശങ്ങൾ പന്ത്രണ്ട് അടിയിലേറെ ആഴത്തിൽ ഇടിച്ച് നിരത്തി തട്ടുകളാക്കി വീടുകൾക്കുള്ള പ്രതലം ഒരുക്കുകയും അവയ്ക്കിടയിലൂടെ

മുകളിലേയ്ക്ക് റോഡ് നിർമ്മിച്ചുമാണ് ഭവനസമുച്ചയത്തിന്റെ ഘടന നിർണയിച്ചിട്ടുള്ളത്. ലാന്റ് ഡെവലപ്മെന്റിനുള്ള തുക ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ (MGNREGS) കണ്ടെത്തുവാനാണ് നിശ്ചയിച്ചത്. എന്നാൽ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക പകരം വൻതോതിലുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ച് നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റ് ആണ് പ്രസ്തുത പണികൾ നടപ്പാക്കിയത്. തന്മൂലം തൊഴിലുറപ്പ് പദ്ധതിയിലൂടെ സമാഹരിക്കേണ്ടിയിരുന്ന 1 കോടി രൂപയുടെ സേവനം തുടർന്ന് ലഭിക്കാനുള്ള സാധ്യതയും വിരളമാണ്.

8. 108 കുടുംബങ്ങൾക്കുള്ള ഭവനസമുച്ചയവും അനുബന്ധ സൗകര്യങ്ങളുമാണ് ഒരുക്കാൻ നിശ്ചയിച്ചിരിക്കുന്നത്. ബൃഹത്തായ പദ്ധതിയുടെ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ശുചിത്വ മിഷന്റെ അംഗീകാരം ആവശ്യമാണ്. എന്നാൽ അവരിൽ നിന്നുള്ള അനുയോജ്യതാ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. കൂടാതെ മുകൾനിലയിലേക്കുള്ള പ്രവേശന മാർഗത്തിനും താഴത്തെ നിലയിലെ അടുക്കളകളിൽ നിന്നുള്ള പുകയുടെ ബഹിർഗമനത്തിനും പ്ലാനിലോ എസ്റ്റിമേറ്റിലോ വ്യവസ്ഥകളില്ല. വർക്ക് സൈറ്റായ മലയുടെ അടിവാരത്തുനിന്ന് മുകൾവരെയുള്ള സഞ്ചാരമാർഗം വളവുകളും തിരിവുകളുമുള്ള ഒരു റോഡാണ്. ഫ്ലാറ്റ് സമുച്ചയത്തിന്റെ താഴത്തെ നിലയിലേക്കുള്ള പ്രവേശനം താഴത്തെ റോഡിൽ നിന്നും മുകളിലത്തെ നിലയിലേക്കുള്ളത് മുകൾവശത്തെ റോഡിൽ നിന്നുമാണ് എന്നാണ് വിശദീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇത് പല വീടുകൾക്കും പ്രായോഗികമല്ലെന്ന് നിർവഹണ ഏജൻസി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത് ഭാവിയിൽ സങ്കീർണമായ പല വ്യവഹാരങ്ങൾക്കും ഹേതുവാകാവുന്നതാണ്.

9. പദ്ധതിയുടെ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച കാര്യങ്ങളിൽ റിപ്പോർട്ട് മൗനം പാലിക്കുന്നു. പട്ടികജാതി വിഭാഗക്കാരാണ് ഗുണഭോക്താക്കളെങ്കിലും പ്രൊജക്റ്റിന് പട്ടികജാതി വകുപ്പിൽ നിന്നുള്ള അനുയോജ്യതാ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പട്ടികയും അവരെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങളും റിപ്പോർട്ടിൽ പരാമർശിക്കേണ്ടത് (ആശ്രയ പദ്ധതി കർമപരിപാടി മാതൃകയിൽ) സുതാര്യത ഉറപ്പാക്കുന്നതിന്

അനിവാര്യമായിരിക്കെ അവയുടെ ഒഴിവാക്കൽ വിവാദങ്ങൾക്കിടയാക്കുവാൻ സാധ്യതയുണ്ട്. 113 പേരടങ്ങുന്ന ഒരു ഗുണഭോക്തൃ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതായി കാണുന്നുവെങ്കിലും (14.02.2017-ലെ III(2) നമ്പർ തീരുമാനം) ഗുണഭോക്താക്കളുടെ പേരൊഴികെയുള്ള വിശദവിവരങ്ങൾ (മേൽവിലാസം, വാർഡ് നമ്പർ തുടങ്ങിയവ) പട്ടികയിലില്ല. ഇത് ഗുണഭോക്തൃ ലിസ്റ്റിന്റെ ആധികാരികതയ്ക്ക് ഭംഗം വരുത്തുന്നു.

10. പദ്ധതിയുടെ ഗുണഭോക്താക്കളെ വ്യക്തമായി നിശ്ചയിക്കാതെയും അവരുടെ സമ്മതമോ കരാറോ ഇല്ലാതെ കെട്ടിടനിർമാണം നടത്തുന്നതും പദ്ധതിയുടെ ലക്ഷ്യ സാക്ഷാത്കാരത്തെ ദോഷകരമായി ബാധിച്ചേക്കാം. പഴത്തോട്ടം മേഖലയിൽ നിന്ന് വിദൂര ഗ്രാമങ്ങളായ കൊട്ടക്കാമ്പൂർ കടവരി, ക്ലാവര എന്നിവിടങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ തങ്ങളുടെ കൃഷി ഭൂമിയും മറ്റും ഉപേക്ഷിച്ച് മാതൃകാ ഗ്രാമത്തിൽ താമസത്തിനെത്തുമെന്ന് ഉറപ്പാക്കാനാവില്ല. ഗുണഭോക്താക്കളുടെ സുതാര്യമായ തെരഞ്ഞെടുപ്പ് നടത്താതെയും അവരുടെ സമ്മതപത്രം വാങ്ങാതെയും പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത് ഗൗരവമേറിയ വീഴ്ചയാണ്.

11. വസ്തുവിന്റെ ഉടമസ്ഥാവകാശം നിക്ഷിപ്തമാകുന്നത് സംബന്ധിച്ച വ്യവസ്ഥകളൊന്നും റിപ്പോർട്ടിലില്ല. ഭാവിയിൽ സർക്കാരിന്റെ വിവിധ സേവന പാക്കേജുകളുടെ ഗുണഭോക്താക്കളാകുന്നതിന് വീടിന്റെ ഉടമസ്ഥാവകാശം അനിവാര്യമാണെന്നതിനാൽ അതിൽ കുറഞ്ഞ ഡിമാന്റുകളൊന്നും ഗുണഭോക്താക്കൾ അംഗീകരിക്കുമെന്ന് കരുതാനാകില്ല. അപ്രകാരം തീരുമാനമാകുന്ന പക്ഷം കോടികൾ വിലമതിക്കുന്ന പഞ്ചായത്ത് ഭൂമി അന്യാധീനപ്പെടുന്നതാണ്. ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി ഭൂമി കണ്ടെത്താൻ സർക്കാർ ധനസഹായത്തിന്റെ സാധ്യത തേടാതെ സ്വന്തം ഉടസ്ഥതയിലുള്ള ഭൂമി നഷ്ടപ്പെടുവാനുള്ള സാഹചര്യം ഒരുക്കിയ നടപടി ദൗർഭാഗ്യകരമാണ്.

നിർമാണത്തിനാവശ്യമായ ഫണ്ടുകൾ യഥാർത്ഥത്തിൽ ലഭ്യമാകുമോയെന്നും പദ്ധതി എന്നു പൂർത്തീകരിക്കാനാവുമെന്നും പൂർത്തീകരിച്ചാൽ തന്നെ പുനരധിവാസപ്രക്രിയ പൂർണമായി നടപ്പാക്കാനാവുമോയെന്നും ഉറപ്പ് വരുത്താതെ വൻകിട പദ്ധതി ഏറ്റെടുത്തത് പൊതുമുതലിന്റെ ദുർവ്യയമാണ്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ച്, മറുപടി ലഭ്യമാക്കിയിട്ടില്ലായെന്ന് നാളിതുവരെ സ്ഥാപനം ഈ വിഷയത്തിന്മേൽ മറുപടി നൽകുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് അറിയിച്ചതായി ഇടുക്കി ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 15.09.2020-ലെ കെ.എസ്.എ.ഐ.ഡി.കെ3/720/2020-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, ഇടുക്കി ജില്ല - 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

49. പദ്ധതി വിഭാവനം ചെയ്തതിന് വിരുദ്ധമായി ഫണ്ടുപയോഗിച്ചെന്നാണ് ഓഡിറ്റിന്റെ പ്രധാന കണ്ടെത്തലെന്നും പദ്ധതിക്ക് അനുവദിച്ച തുക വകമാറ്റി ലാന്റ് ഡെവലപ്മെന്റിന് ഉപയോഗിച്ചതാണ് ഓഡിറ്റ് പരാമർശത്തിന് കാരണമെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, മൊബിലൈസേഷൻ അഡ്വാൻസ് മാത്രമാണ് ഹാബിറ്റാറ്റിന് നൽകിയതെന്ന് വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

50. പദ്ധതിയുടെ താത്പര്യത്തിന് വിരുദ്ധമായി ലാന്റ് ഡെവല്പമെന്റിന് തുക ചെലവഴിച്ചിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് ലാന്റ് ഡെവലപ് ചെയ്താൽ മാത്രമേ കെട്ടിട നിർമ്മാണം സാധ്യമാകുകയുള്ളൂവെന്നും മുഴുവൻ തുകയും ഇതിനായി ചെലവഴിച്ചു എന്ന ധാരണയിൽ പട്ടികജാതി വികസന വകുപ്പാണ് കത്ത് നൽകിയതെന്നും വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കാതെ പദ്ധതി പ്രദേശത്തേയ്ക്കുള്ള റോഡ് യന്ത്രസഹായത്തോടെ നിർമ്മാണം നടത്തിയെന്നാണ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നതെന്നും പ്രസ്തുത നടപടിയിലൂടെ സമാഹരിക്കാമായിരുന്ന ഒരു കോടി രൂപ നഷ്ടപ്പെടുത്തിയെന്നാണ് കണ്ടെത്തിയിരിക്കുന്നതെന്നും സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ദേവികുളം എം.എൽ.എ.യും ജില്ലാ കളക്ടറും പങ്കെടുത്ത യോഗത്തിൽ തുടർന്നുള്ള വീട് നിർമ്മാണത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്.-ലെ തൊഴിലാളികളെ ഉൾപ്പെടുത്തി തുക അഡ്ജസ്റ്റ് ചെയ്യാമെന്ന് ക്ലാരിഫിക്കേഷൻ

നൽകിയിരുന്നതായി പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു തദവസരത്തിൽ പദ്ധതിയ്ക്ക് വിരുദ്ധമായി കാര്യങ്ങൾ ചെയ്തിട്ട് മറ്റൊരു രീതിയിൽ റാറ്റിഫൈ ചെയ്യുന്ന നടപടി ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു ഇതു സംബന്ധിച്ച് ഹാബിറ്റാറ്റ് പ്രതിനിധിയ്ക്ക് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞു.

51. ഹാബിറ്റാറ്റ് അഭിമാനപൂർവ്വം ഏറ്റെടുത്ത പദ്ധതിയായിരുന്നു വട്ടവട മാതൃകാഗ്രാമം പദ്ധതിയെന്നും ഒരു അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ 2018-ൽ കരാർ ഒപ്പുവച്ച് 20 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിരുന്നതായും മൊബിലൈസേഷൻ അഡ്വാൻസ് പ്രകാരം 1.85 ഏക്കർ സ്ഥലത്ത് 108 വീടുകളും അതിനനുബന്ധമായി അമിനിറ്റീസ് സെന്ററും കമ്മ്യൂണിറ്റി ഹാളും ഉൾപ്പെടെയുള്ള ഒരു മാതൃകാഗ്രാമം എന്ന പദ്ധതിയാണ് വിഭാവന ചെയ്തിരുന്നതെന്നും പരിമിതമായ സ്ഥലമായതിനാൽ രണ്ട് നിലയിലായി രൂപകല്പന ചെയ്തിട്ടുള്ള എല്ലാ വീടുകളിലും വാഹനസൗകര്യം എത്തുന്ന രീതിയിലാണ് ഡിസൈൻ ചെയ്തിരിക്കുന്നതെന്നും ചരിഞ്ഞ ഭൂപ്രകൃതിയായതിനാൽ 500 മീറ്റർ വരുന്ന റോഡുകൾ നിർമ്മിക്കുന്ന പ്രവൃത്തി ആദ്യം ചെയ്തതായും ലാന്റ് ഡെവലപ്മെന്റ് എന്ന് പറയുന്നത് അംഗീകൃത പദ്ധതിയുടെ ഭാഗമാണെന്നും ഹാബിറ്റാറ്റ് പ്രതിനിധി സമിതി മുൻപാകെ അറിയിച്ചു തുടർന്ന്, 1.38 കോടി രൂപയാണ് ലാന്റ് ഡെവലപ്മെന്റിന് വേണ്ടി വകയിരുത്തിയിരുന്നതെന്നും സാങ്കേതികമായ വശങ്ങൾ ഉൾക്കൊണ്ടാണ് ലാന്റ് ഡെവലപ് ചെയ്തിരുന്നതെന്നും പാറയും മണ്ണും ഇടകലർന്ന ഭൂപ്രകൃതിയായതിനാൽ കുറച്ച് സ്ഥലങ്ങളിൽ ഭൂമിക്ക് ആഘാതമുണ്ടാകാത്ത വിധത്തിൽ പാറ പൊട്ടിച്ച് റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ടെന്നും അതിനനുമതി ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചില്ലെന്നും പിന്നീട് ദേവികുളം സബ്കളക്ടർ പദ്ധതി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്റ്റോപ്പ് മെമ്മോ നൽകിയെന്നും ലഭിച്ച തുകയ്ക്ക് ബില്ലുകൾ തയ്യാറാക്കുന്ന അവസരത്തിൽ അവ സർട്ടിഫൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചില പ്രയാസങ്ങൾ നേരിടേണ്ടി വന്നുവെന്നും രണ്ടരവർഷം കൊണ്ട്

പണിത കെട്ടിടങ്ങൾ യൂട്ടിലൈസേഷൻ സർട്ടിഫൈ ചെയ്തെങ്കിൽ മാത്രമേ പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുമായിരുന്നുള്ളുവെന്നും ഓഡിറ്റ് ഒബ്ജക്ഷൻ സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും സ്റ്റോപ്പ് മെമ്മോ പ്രകാരം പദ്ധതി നിലവിൽ തടസ്സപ്പെട്ടിരിക്കുകയാണെന്നും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർക്ക് വേണ്ടി വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്ന ഒരു നിലപാട് ബഹുമാനപ്പെട്ട സമിതി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളതെന്നും ഹാബിറ്റാറ്റ് പ്രതിനിധി സമിതി മുൻപാകെ ബോധ്യപ്പെടുത്തി.

52. ജനങ്ങളുടെ പുനരധിവാസം സംബന്ധിച്ച് സർക്കാർ നിലപാടെന്താണെന്ന് സമിതി ആരായുകയുണ്ടായി. സമൂഹത്തിലെ ഏറ്റവും പിന്നാക്കാവസ്ഥയിലുള്ള ഒരു വിഭാഗത്തെ പുനരധിവസിപ്പിക്കുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ടാണിതെന്നും പദ്ധതി നടപ്പാക്കണമെന്നതുതന്നെയാണ് പഞ്ചായത്ത് കൗൺസിലിന്റെ നിലപാടെന്നും ഇതുസംബന്ധിച്ച് സമിതിയുടെ ശിപാർശ കൂടി നൽകണമെന്നും തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. നിലവിൽ പദ്ധതി നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്നതെന്താണെന്ന് സമിതി ആരാഞ്ഞു. പദ്ധതി പ്രദേശം റവന്യൂ ഭൂമിയാണോയെന്ന സംശയത്തിലാണ് സബ് കളക്ടർ സ്റ്റോപ്പ് മെമ്മോ നൽകിയതെന്നും റവന്യൂ ഭൂമിയാണെങ്കിൽ പോലും അർഹതപ്പെട്ട സമൂഹമായതിനാൽ അവർക്ക് പട്ടയം നൽകാൻ തയ്യാറാണെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾ ആരംഭിച്ചതായും നിലവിൽ രണ്ടുവർഷത്തിനകം പദ്ധതി പൂർത്തീകരിക്കാമെന്ന് ഹാബിറ്റാറ്റ് അറിയിച്ചിട്ടുണ്ടെന്നും വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റ് മുൻകൈയ്യെടുത്ത് ജില്ലാ കളക്ടറുടെ സഹായത്തോടെ തടസ്സങ്ങൾ മാറ്റി പദ്ധതി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പദ്ധതിയുടെ സാമൂഹ്യപശ്ചാത്തലം ഉൾക്കൊണ്ടുകൊണ്ട് പദ്ധതി നടപ്പാക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

## നിഗമനങ്ങളും ശിപാർശകളും

**53. വട്ടവട മാതൃകാ ഗ്രാമം പദ്ധതി പ്രാവർത്തികമാക്കാനുള്ള തടസ്സം നീക്കുന്നതിന് ജില്ലാ കളക്ടറുടെ സഹായത്തോടെ പഞ്ചായത്ത് ഡയറക്ടറേറ്റ് മുൻകൈയെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പദ്ധതിയുടെ സാമൂഹ്യ പശ്ചാത്തലം ഉൾക്കൊണ്ടുകൊണ്ട് പദ്ധതി പ്രാവർത്തികമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**എറണാകുളം ജില്ല**

ഓഡിറ്റ് ഖണ്ഡിക

**റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്തില്ല - നഷ്ടം 38,02,500/- രൂപ**

[എറണാകുളം ജില്ലാപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2.]

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോന്നാനിക്കാട്-പുന്നമറ്റത്തിൽത്താഴം റോഡ് ആരക്കുഴ ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0022/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| കരാറുകാരൻ | കെ.വി. പോൾ |
| ഫയൽ നമ്പർ | A1-222/17-18 |

ആരക്കുഴ ഗ്രാമപഞ്ചായത്തിലെ കോന്നാനിക്കാട് - പുന്നമറ്റത്തിൽത്താഴം റോഡ് 1090 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ റീടാറിംഗ് ചെയ്യുന്നതിനും 60 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ ഇന്റർലോക്കിംഗ് കട്ട വിരിക്കുന്നതിനും ഐറിഷ് ഡ്രയിൻ നിർമ്മിക്കുന്നതിനും 15 ലക്ഷം രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നു. കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത ശ്രീ. കെ. വി. പോൾ മേൽ പ്രവൃത്തിക്ക് കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനായി മെറ്റീരിയൽസ് നിർദ്ദിഷ്ട സ്ഥലത്ത് സംഭരിക്കുകയും ടൈൽ നിരത്തുന്നതിനുള്ള

മൺവേലകളും ടാറിംഗിനായി റോഡ് ക്ലീനിംഗും പൂർത്തീകരിച്ചിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ടിട്ടുള്ള മേൽ റോഡിന്റെ മധ്യഭാഗത്തുകൂടി കേരള വാട്ടർ അതോറിറ്റിയിൽ (പിറവം പ്രോജക്ട് ഡിവിഷൻ) നിന്നും ഏർപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി രണ്ട് മീറ്റർ വീതിയിലും ഒന്നര മീറ്റർ ആഴത്തിലും റോഡ് വെട്ടിപ്പൊളിച്ച് കുടിവെള്ള പദ്ധതിക്കായി പൈപ്പ് ഇട്ടിട്ടുള്ളതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ LSGD സബ് ഡിവിഷൻ മൂവാറ്റുപുഴ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റോഡിന്റെ പുനരുദ്ധാരണത്തിനായി 51.58 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ ഒടുക്കണമെന്ന് കാണിച്ച് കൊണ്ട് LSGD ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നു. (07.03.2018-ലെ A1-222/17-ാം നമ്പർ കത്ത്).

51.58 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ ഒടുക്കണമെന്ന് കാണിച്ച് കൊണ്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 2 മീറ്റർ വീതിയും 2000 മീറ്റർ നീളവും പരിഗണിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും ടാർ റോഡ് ഏറ്റവും കുറവ് (1.20 മീറ്റർ) മുറിക്കുന്ന വീതിയിൽ 1250 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും 14.03.2018-ൽ കേരള വാട്ടർ അതോറിറ്റി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. (14.03.2018-ലെ EE/PD/PVM/458/2016 കത്ത്). ആയതിനാൽ എസ്റ്റിമേറ്റ് പുനപരിശോധിച്ച് തുക പുനർനിർണ്ണയിച്ച് നൽകണമെന്നും തുക ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മേൽ കത്തിൽ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.76/12.12.2019)

ഇതനുസരിച്ച് 1150 മീറ്റർ നീളത്തിൽ റോഡ് പുനർനിർമ്മിക്കുന്നതിന് 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരക്കുഴ LSGD അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ PWD (R&B) TVM ചീഫ് എഞ്ചിനീയറുടെ

സർക്കുലർ നമ്പർ CE/R&B/GL/6682/06 dt.18.03.2013 പ്രകാരം റെസ്റ്റോറേഷൻ ചാർജ്ജായി 34,98, 300/- രൂപയും കണക്കാക്കിയിട്ടുണ്ട്. (1150x2 = 2300m$^2$ @ 1521/-).

08.03.18 ൽ LSGD സബ്ഡിവിഷൻ, മൂവാറ്റുപുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ ഏകദേശം 2 കി.മീ ദൂരം 2 മീറ്റർ വീതിയിലും 1.5 മീറ്റർ ആഴത്തിലും കുഴിയെടുത്ത് (trenching) വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ 1250 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും 1.20 മീറ്റർ വീതിയിലാണ് റോഡ് മുറിക്കുന്നതെന്നും അറിയിച്ചിട്ടുള്ളതിനാൽ ജി.ഒ (ആർ.ടി)30/2018/ PWD dtd 05.01.2018 ഉത്തരവ് പ്രകാരമുള്ള ഗൈഡ് ലൈൻസ് അനുസരിച്ച് റെസ്റ്റോറേഷൻ വീതി 1.8 (1.2x1.5) മീറ്ററാണ് വരുന്നത്. എന്നാൽ റോഡിന്റെ മധ്യഭാഗത്തുകൂടി 2 മീറ്റർ വീതിയിൽ കട്ട് ചെയ്തിട്ടുണ്ടെന്ന് LSGD സബ്ഡിവിഷൻ, മൂവാറ്റുപുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും 1250 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ അറിയിച്ചിട്ടുള്ളതിനാലും ജില്ലാപഞ്ചായത്തിൽ ഒടുക്കേണ്ട റെസ്റ്റോറേഷൻ ചാർജ്ജ് ചുവടെ കൊടുക്കുന്നു.

1250 x 2 = 2500 m$^2$ @ 1521 = 38,02,500/- രൂപ

റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്തതായി കാണുന്നില്ല, വാർഷിക കണക്കുകൾ പരിശോധിച്ചതിൽ മേൽ ഇനത്തിൽ തുക വരവുള്ളതായോ കിട്ടാനുള്ളതായോ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ടി തുക ഡിമാന്റ് ചെയ്ത് ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള മറുപടിയിന്മേൽ നഷ്ടം നിലനിൽക്കുന്നു എന്ന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ 23.09.2020-ലെ കെ.എസ്.എ.ഇ.കെ.എം/പി.ജി320/2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, എറണാകുളം ജില്ല - 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54. ജില്ലാ പഞ്ചായത്തിന്റെ അനുമതിയില്ലാതെ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡിന്റെ മധ്യഭാഗത്തുകൂടി ആഴത്തിൽ കാന നിർമ്മിച്ചതിലൂടെ 38,02,500/- രൂപയുടെ നഷ്ടമുണ്ടായെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. നബാർഡ് ധനസഹായത്തോടെ ഏറ്റെടുത്ത പദ്ധതിയായതിനാലും ഗുണഭോക്താക്കൾ പഞ്ചായത്തുകളായതുകൊണ്ടും റോഡുകളിൽ വരുന്ന പുനരുദ്ധാരണ പ്രവൃത്തികൾ പഞ്ചായത്തുകളാണ് ചെയ്യേണ്ടതെന്നതിനാലാണ് തുക നൽകാത്തതെന്ന് കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ സമിതിയെ അറിയിച്ചു. നബാർഡ് ധനസഹായത്തോടെ ചെയ്യുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിന് നബാർഡാണ് അംഗീകാരം നൽകുന്നതെന്നും പ്രസ്തുത തുകകൾ നബാർഡ് എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കുകയാണ് ചെയ്യാറുള്ളതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. നബാർഡ് പ്രോജക്ടാണെന്ന കാര്യം പരിശോധിക്കാതെ ഒരു സാധാരണ പ്രോജക്ടെന്ന രീതിയിൽ കണക്കാക്കിയതുകൊണ്ടായിരിക്കാം എറണാകുളം ജില്ലാപഞ്ചായത്ത് റെസ്റ്റോറേഷൻ ചാർജ് ഡിമാന്റ് ചെയ്തില്ലെന്ന ഓഡിറ്റ് പരാമർശത്തിന് കാരണമായതെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**55. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി 2017-18 നഷ്ടം 8,99,593/- രൂപ**

[മൂവാറ്റുപുഴ മുനിസിപ്പാലിറ്റി 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3]

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി |
| പ്രോജക്ട് നമ്പർ | S0253/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവു വിവരം | ബിൽ നമ്പർ 19/17-18 തീയതി 19.02.2018<br>14,99,037/- രൂപ |

2017-18 വർഷത്തെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (എസ്റ്റിമേറ്റ് നിരക്ക്) സൂചിപ്പിച്ച ശ്രീ. ജെയ്സൺ കുര്യാക്കോസിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. നിരക്കുകൾ ചുവടെ കൊടുക്കുന്നു. ഇതനുസരിച്ച് തൻവർഷം താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ഇനം | അനുവദിച്ചത് |
|---|---|
| ട്യൂബ് ലൈറ്റ് | 2200 @ 455 = 10,01,000 |
| SV/MV ലാമ്പ് | 375 @ 695 = 2,60,625 |
| CFL | 854 @ 278 = 2,37,412 |
| **ആകെ** | **14,99,037** |

ടെണ്ടർ വ്യവസ്ഥ പ്രകാരം കരാർ കാലാവധിക്കുള്ളിൽ കേടാകുന്ന ലൈറ്റുകളുടെ സ്പെയർപാർട്സുകൾ കരാറുകാരൻ തന്നെ മാറ്റേണ്ടതാണ്. എന്നാൽ ഇലക്ട്രിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ തന്നെയാണ് അറ്റകുറ്റപ്പണിക്ക് ആവശ്യമായ മെറ്റീരിയൽസ് കരാറുകാരന് നൽകിയിട്ടുള്ളത്. കരാറുകാരൻ സ്പെയർപാർട്സുകൾ വാങ്ങുമ്പോൾ ഉണ്ടാകുന്നതുൾപ്പെടെയുള്ള നികുതികളും ലെവികളും ശരിയായ തെളിവുകൾ ഹാജരാക്കിയാൽ കരാറുകാരന് അനുവദിച്ച നൽകാവുന്നതാണ് (സർക്കുലർ

3055/DA3/2011/തസ്വഭവ. തീയതി 15.09.2011). എന്നാൽ കരാറുകാരൻ സ്പെയർപാർട്സുകൾ വാങ്ങിയ ബില്ലുകൾ ഹാജരാക്കാത്തതിനാലും നഗരസഭ അറ്റകുറ്റപ്പണിക്ക് ആവശ്യമായ മെറ്റീരിയൽസ് നൽകിയിട്ടുള്ളതിനാലും ലേബർ ചാർജ്ജ് മാത്രം മതിയാകും. ജില്ലാപഞ്ചായത്ത് ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് പാനൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ. ഐ. ജോർജ്ജ് (റിട്ട:) തയ്യാറാക്കിയ ക്വോട്ട് ചെയ്ത നിരക്കിൽ ഉൾപ്പെട്ട മെറ്റീരിയൽസിന്റെ വിലയും ലേബർ ചാർജ്ജും ചുവടെ കൊടുക്കുന്നു.

| ഇനം | നിരക്ക് | എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് (ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പാനൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയത്) | |
|---|---|---|---|
| | | മെറ്റീരിയൽസിന്റെ വില | ലേബർ ചാർജ്ജ് |
| ട്യൂബ് ലൈറ്റ് | 455 | 273 | 182 |
| SV/MV ലാമ്പ് | 695 | 417 | 278 |
| CFL | 278 | 167 | 111 |

ഇതനുസരിച്ച് അനുവദിക്കാവുന്ന തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| **ഇനം** | **അനുവദിക്കേണ്ടത്** |
|---|---|
| ട്യൂബ് ലൈറ്റ് | 2200 @ 182 = 4,00,400 |
| SV/MV ലാമ്പ് | 375 @ 278 = 1,04,250 |
| CFL | 854 @ 111 =94,794 |
| **ആകെ** | **5,99,444** |
| അനുവദിച്ചത് | 14,99,037 |
| **അധികം** | **8,99,593** |

കരാറുകാരൻ മരണപ്പെട്ടിട്ടുള്ളതിനാൽ അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കിയപ്പോഴും സാധനങ്ങൾ വാങ്ങിച്ചു നൽകിയിരുന്നതിനാലാണ് കരാറുകാരന് സാധനങ്ങൾ വാങ്ങി നൽകിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. തെരുവ് വിളക്ക് തെളിയിക്കുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങി നൽകുമ്പോൾ ലേബർ ചാർജ്ജിന് മാത്രമാണ് അർഹത. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

**മറ്റു അപാകതകൾ**

1. 2017-18 വർഷത്തെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് കരാർ വെച്ചിരിക്കുന്നത് 12.07.2017-ലാണ്. ടെണ്ടർ വ്യവസ്ഥയനുസരിച്ച് കാലാവധി അവസാനിക്കുന്നത് 11.07.2018-ലാണ്. എന്നാൽ ഇക്കാലയളവിലേക്കുള്ള തുക കരാറുകാരന് 19.02.2018-ൽ നൽകി. (ബിൽ നമ്പർ 19/17-18 തീയതി 19.02.2018 പ്രകാരം 14,99,037/- രൂപ) തെരുവു വിളക്കുകൾ നന്നാക്കുന്നതിന് കരാറിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് തന്നെ മുഴുവൻ തുകയും നൽകി

2. 20.04.2017-ലെ ടെണ്ടർ നോട്ടീസ് പ്രകാരം കാണിച്ചിരിക്കുന്ന തെരുവു വിളകുളുടെ എണ്ണവും കരാറുകാരന് തുക അനുവദിച്ചിരിക്കുന്ന തെരുവു വിളക്കുകളുടെ എണ്ണവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | ടെണ്ടർ നോട്ടീസു പ്രകാരം | കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത് |
|---|---|---|
| ട്യൂബ് ലൈറ്റ് | 1598 | 2200 |
| SV/MV ലാമ്പ് | 695 | 375 |
| CFL | 729 | 854 |

ആയത് പരിശോധിച്ച് അധികം നൽകിയിട്ടുള്ളത് തിരികെ ഈടാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ എണ്ണത്തിൽ കാര്യമായ വ്യതിയാനം സംഭവിച്ചിട്ടുള്ളത് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതിനാലാണ് എണ്ണം കൂടുതലായി കാണുന്നതെന്നാണ് ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (40/01.11.2019) ലഭ്യമാക്കിയ മറുപടി. ഇത് അംഗീകരിക്കാവുന്നതല്ല. ഈ വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള മറുപടി അംഗീകരിക്കാവുന്നതല്ലെന്ന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ 23.09.2020-ലെ കെ.എസ്.എ.ഇ.കെ.എം/(പി.ജി.)320/2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, എറണാകുളം ജില്ല - 2)

## തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി 2018-19 - നഷ്ടം 4,35,146/- രൂപ

[മൂവാറ്റുപുഴ മുനിസിപ്പാലിറ്റി 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4]

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി |
| പ്രോജക്ട് നമ്പർ | S0065/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവു വിവരം | ബിൽ നം. 141/21.03.2019 രൂപ 6,12,248/- |
| | ബിൽ നം. 142/27.03.2019 രൂപ 1,04,887/- |
| | ബിൽ നം. 143/23.03.2019 രൂപ 1,35,803/- |

2018-19 വർഷത്തേക്ക് തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (എസ്റ്റിമേറ്റ് നിരക്ക്) സൂചിപ്പിച്ച ശ്രീ. ജെയ്സൺ കുര്യാക്കോസിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ഇനം | നിരക്ക് | എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് (ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പാനൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയത്) | |
|---|---|---|---|
| | | മെറ്റീരിയൽസിന്റെ വില | ലേബർ ചാർജ്ജ് |
| ട്യൂബ് ലൈറ്റ് | 455 | 273 | 182 |
| SV/MV ലാമ്പ് | 695 | 417 | 278 |
| CFL | 278 | 167 | 111 |

ഇതനുസരിച്ച് തൻവർഷം താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ഇനം | അനുവദിക്കേണ്ടത് |
|---|---|
| ട്യൂബ് ലൈറ്റ് | 2104 @ 455 = 9,57,320/- |
| | (-) cost of unsupplied materials (1264x273)=3,45,072/- |
| | നൽകിയ തുക- 6,12,248/- |
| SV/MV ലാമ്പ് | 460 @ 695 = 3,19,700/- |
| | (-) cost of unsupplied materials (441x417)=1,83,897/- |
| | നൽകിയ തുക- 1,35,803/- |

| | |
|---|---|
| CFL | 802 @ 278=2,22,956/- |
| | (-)cost of unsupplied materials (707x167)=1,18,069/- |
| | നൽകിയ തുക-1,04,887/- |
| **ആകെ** | **8,52,938/-** |

- ടെണ്ടർ വ്യവസ്ഥ പ്രകാരം കരാർ കാലാവധിക്കുള്ളിൽ കേടാകുന്ന ലൈറ്റുകളുടെ സ്പെയർപാർട്സുകൾ കരാറുകാരൻ തന്നെ മാറ്റേണ്ടതാണ്. എന്നാൽ തൻവർഷം നഗരസഭ തന്നെയാണ് അറ്റകുറ്റപ്പണിക്ക് ആവശ്യമായ മെറ്റീരിയൽസ് കരാറുകാരന് നൽകിയിട്ടുള്ളത്. കരാറുകാരൻ സ്പെയർപാർട്സുകൾ വാങ്ങുമ്പോൾ ഉണ്ടാകുന്നതുൾപ്പെടെയുള്ള നികുതികളും ലെവികളും ശരിയായ തെളിവുകൾ ഹാജരാക്കിയാൽ കരാറുകാരന് അനുവദിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ സ്പെയർപാർട്സുകൾ വാങ്ങിയ ബില്ലുകൾ ഹാജരാക്കാത്തതിനാലും നഗരസഭ അറ്റകുപ്പണിക്ക് ആവശ്യമായ മെറ്റീരിയൽസ്, നൽകിയിട്ടുള്ളതിനാലും ലേബർ ചാർജ്ജ് മാത്രം നൽകിയാൽ മതിയാകും.
- 2017-18 വർഷത്തെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ശ്രീ ജെയ്സൺ കുര്യാക്കോസാണ് കരാർ വെച്ചിരിക്കുന്നത്. 12.07.2017-ൽ വെച്ചിട്ടുള്ള കരാർ ടെണ്ടർ വ്യവസ്ഥയനുസരിച്ച് കാലാവധി അവസാനിക്കുന്നത് 11.07.2018-ലാണ്. ഇക്കാലയളവിലേക്കുള്ള തുകയായി കരാറുകാരന് ബിൽ നമ്പർ 19/17-18 തീയതി 19.02.2018 പ്രകാരം 14,99,037/- (അടങ്കൽ 15 ലക്ഷം) രൂപ നൽകിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകൾ നന്നാക്കുന്നതിന് കരാറുകാരന്റെ കാലാവധി 2018 മാർച്ച് 30-ന് അവസാനിച്ചിരിക്കുകയാണെന്നും ആയതിനാൽ റിപ്പയർ ചെയ്യുന്നതിനും മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിനും പറ്റാതെ വന്നിരിക്കുകയാണെന്നും PW1-7182/18, 7182/18(1), 7182/18(2) നമ്പർ ഫയലുകളിൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2018-19 വർഷത്തെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്.

2018-19 വർഷത്തെ കരാർ വെച്ചിരിക്കുന്നതും ശ്രീ. ജെയ്സൺ കുര്യാക്കോസ് ആണ്. കരാർ വെച്ചിരിക്കുന്നത് 02.05.2018-ലാണ്. 11.07.2018 വരെയുള്ള കാലയളവിലേക്കുള്ള തുക 2017-18 വർഷത്തെ പ്രോജക്റ്റിൽപ്പെടുത്തി (ഫയൽ PW1 7385/17, PW1 7385/17(1), PW1 7385/17(2)) നൽകിയിട്ടുണ്ട്. അതിനാൽ 11.07.2018 വരെയുള്ള കാലയളവിൽ റിപ്പയർ ചെയ്യുന്നതിന് കൈപ്പറ്റിയ സാധനങ്ങളുടെ അടിസ്ഥാനത്തിൽ 2018-19 വർഷം താഴെപ്പറയുന്ന എണ്ണം തെരുവു വിളക്കുകൾക്കുള്ള തുക കരാറുകാരന് നൽകേണ്ടതില്ല.

| ഇനം | കൈപ്പറ്റിയ ലൈറ്റുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|
| ട്യൂബ് | 850 | സ്റ്റോക്ക് രജിസ്റ്റർ പേജ് 6, 98 |
| CFL | 86 | സ്റ്റോക്ക് രജിസ്റ്റർ പേജ് 46, 49 |
| SV | 64 | സ്റ്റോക്ക് രജിസ്റ്റർ പേജ് 46, 49 |

ക്രമ നമ്പർ (1), (2)-ൽ പറയുന്ന അപാകതകളുടെ അടിസ്ഥാനത്തിൽ അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| **ഇനം** | **അനുവദിക്കേണ്ടത്** |
|---|---|
| ട്യൂബ് ലൈറ്റ് | 1254 (2104-850) @ 182 = 2,28,228/- |
| SV/MV ലാമ്പ് | 396 (460-64) @ 278 = 1,10,088/- |
| CFL | 716 (802)-86) @ 111 =79, 476/- |
| **ആകെ** | **4,17,792/-** |
| അനുവദിച്ചത് | 8,52,938/- |
| **അധികം** | **4,35,146/-** |

കരാറുകാരൻ മരണപ്പെട്ടിട്ടുള്ളതിനാൽ അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**മറ്റു അപാകതകൾ**

a) ടെണ്ടറിൽ തെരുവുവിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട ധാരാളം വ്യവസ്ഥകൾ പറഞ്ഞിരുന്നെങ്കിലും കരാറിൽ പ്രസ്തുത വ്യവസ്ഥകൾ ഉൾപ്പെടുത്താതെ മരാമത്ത് പ്രവൃത്തികൾക്കുള്ള വ്യവസ്ഥകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

b) തെരുവ് വിളക്കുകളുടെ പരിപാലനം ടെണ്ടറിംഗ് മുഖേന നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (സർക്കുലർ 3055/DA3/ 2011/തസ്വഭവ. തീയതി 15.09.2011) സ്പെയർപാർട്സുകൾ മാറ്റിവെക്കുന്നതിലോ കരാറിൽ ഉൾപ്പെടുന്ന മറ്റു ജോലികളിലോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് യാതൊരു പങ്കുമുണ്ടായിരിക്കില്ലെന്ന നിബന്ധനയുള്ളപ്പോഴും 12.04.2018-ലെ ടെണ്ടറിംഗ് വ്യവസ്ഥയിൽ സ്പെയർ-പാർട്സുകൾ കരാറുകാരൻ തന്നെ മാറ്റി വയ്ക്കേണ്ടതാണെന്ന് വ്യവസ്ഥയുള്ളപ്പോഴും ഇത് പാലിക്കാതെ നഗരസഭ മെറ്റീരിയൽസ് വാങ്ങി നൽകി.

c) തെരുവ് വിളക്കുകളുടെ പരിപാലനം ടെണ്ടറിംഗ് മുഖേന നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള പരാതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

d) 12.04.2018-ലെ ടെണ്ടറിംഗ് വ്യവസ്ഥയിൽ പറഞ്ഞിരിക്കും പ്രകാരമുള്ള റിപ്പേയേർഡ് ലിസ്റ്റും പെൻഡിംഗ് ലിസ്റ്റും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. പകരം കൗൺസിലർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്.

e) തെരുവ് വിളക്കുകൾക്കുള്ള മെറ്റീരിയൽസ് വാങ്ങുന്ന പ്രോജക്ട് പ്രകാരം ട്യൂബ് ഒഴികെയുള്ളവയ്ക്ക് വാറണ്ടിയുള്ളതിനാൽ വാറണ്ടി കാലയളവിൽ കേടുപറ്റുന്നവ വാങ്ങിയ സ്ഥാപനത്തിൽ നിന്നും റീപ്ലേസ് ചെയ്തു വാങ്ങാമായിരുന്നു. എന്നാൽ തെരുവ് വിളക്കു പരിപാലനത്തിന് കരാർ ഏറ്റെടുത്തയാൾ കേടുവന്ന ഉപകരണങ്ങൾ നഗരസഭയിൽ തിരികെ ഏല്പിക്കാത്തതിനാൽ വാറണ്ടി കാലയളവിൽ കേടുപറ്റിയവ വാങ്ങിയ സ്ഥാപനത്തിൽ നിന്നും റീപ്ലേസ് ചെയ്തു വാങ്ങുവാൻ സാധിക്കാതെ വന്നു. കേടുവന്ന സാധനങ്ങൾ യഥാസമയം കരാറുകാരൻ നഗരസഭയിൽ തിരിച്ചേൽപ്പിച്ചിട്ടുള്ളതാണെന്നും വാറണ്ടി കാലാവധിയിൽ കേടുവന്നവ റീപ്ലേസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

f) 12.04.2018-ലെ ടെണ്ടറിംഗ് വ്യവസ്ഥ 6-ൽ 'തെരുവ് വിളക്കുകളുടെ കേടുപാടുകൾ 48 മണിക്കൂറിനുള്ളിൽ മാറ്റി ആയത് റിപ്പോർട്ട്

ചെയ്യേണ്ടതാണെന്നും അല്ലാത്തപക്ഷം ഓരോ മണിക്കൂറിനും താഴെപ്പറയുന്ന നിരക്കിൽ പിഴ ബില്ലിൽ നിന്നും കുറവ് ചെയ്യാനും വ്യവസ്ഥ ചെയ്യുന്നു.

CFL/സിംഗിൾ ട്യൂബ് - 4/-

ഡബിൾ ട്യൂബ് സെറ്റ് -5/-

SV ലാമ്പ് - 10/-

16.12.2018-ൽ 10-ാം വാർഡ് കൗൺസിലർ നൽകിയ കത്തിൽ 10-ാം വാർഡിലെ സ്ട്രീറ്റ് ലൈറ്റുകളും SV ലാമ്പുകളും മാസങ്ങളായി കത്തുന്നില്ലെന്നും പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും നടപടിയുണ്ടാകുന്നില്ലെന്നും കരാർ വ്യവസ്ഥ പാലിക്കാത്തതിനാൽ കരാറുകാരനെ മാറ്റുവാനും രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിട്ടും തെരുവു വിളക്കുകളുടെ കേടുപാടുകൾ യഥാസമയം തീർക്കാതിരുന്നതിന് ടെണ്ടറിംഗ് വ്യവസ്ഥ 6 പ്രകാരമുള്ള ഫൈൻ ഈടാക്കിയില്ല. കനത്ത മഴയും വെള്ളപ്പൊക്കവും കാരണം വൈദ്യുതി ബന്ധവും വിതരണവും അറ്റുപോയതിനാലാണ് ചില ഭാഗങ്ങളിൽ അറ്റകുറ്റപ്പണിക്ക് താമസം നേരിട്ടത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ പരാതിയിൽ മാസങ്ങളായി തെരുവ് വിളക്കുകൾ തെളിയുന്നില്ലെന്നാണ് സൂചിപ്പിക്കുന്നത്. ആയത് പരസ്പരവിരുദ്ധമാണ്.

g) 27.10.2018-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും 12.04.2018-ലെ ടെണ്ടറിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും കാണിച്ചിരിക്കുന്നത് ചുവടെ കൊടുക്കുന്നു.

| ഇനം | സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം | 12.04.18 ലെ ടെണ്ടർ പ്രകാരം |
|---|---|---|
| ട്യൂബ് ലൈറ്റ് | 1598 | 2104 |
| SV/MV ലാമ്പ് | 362 | 460 |
| CFL | 729 | 802 |
| LED | 100 | ------ |

മേൽപ്പറഞ്ഞ വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല.

h) കരാർ കാലാവധി ഒരു വർഷമാണെന്നിരിക്കെ (02.05.2018 മുതൽ 01.05.2019 വരെ) 20.03.2019-ൽ മുഴുവൻ തെരുവു വിളക്കുകളുടേയും തുക കരാറുകാരന് അനുവദിച്ചിരിക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം.40/01.11.2019) ഈ വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള മറുപടിയിന്മേൽ നഷ്ടത്തുക ഈടാക്കിയിട്ടില്ല എന്ന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ 23.09.2020-ലെ കെ.എസ്.എ.ഇ.കെ.എം/(പി.ജി.)320/2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.
(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, എറണാകുളം ജില്ല - 3)
ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. മൂവാറ്റുപുഴ മുൻസിപ്പാലിറ്റിയെ സംബന്ധിച്ച് രണ്ട് ഖണ്ഡികകളാണ് ഓഡിറ്റ് പരാമർശത്തിലുള്ളതെന്നും 2017-18 വർഷത്തിൽ 8,99,593/- രൂപ നഷ്ടം സംഭവിച്ചുവെന്നാണ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുള്ളതെന്നും ടി വിഷയത്തിൽ എഗ്രിമെന്റ് പ്രകാരമുള്ള തുകയാണ് നൽകിയതെന്നും 2018-19-ലെ 4,35,146/- രൂപ നഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് പാർട്ട് പേയ്മെന്റ് മാത്രമാണ് നൽകിയിട്ടുള്ളതെന്നും മൂവാറ്റുപുഴ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു.

57. കരാർ വ്യവസ്ഥ പ്രകാരം അറ്റകുറ്റപ്പണിക്കാവശ്യമായ സാധനങ്ങൾ പഞ്ചായത്ത് വാങ്ങി നൽകിയെന്ന പരാമർശം സംബന്ധിച്ച് എ.എം.സി.യിൽ ഉൾപ്പെട്ട ഒരു പോസ്റ്റിനും അറ്റകുറ്റപ്പണിക്കാവശ്യമായ മെറ്റീരിയൽസ് വാങ്ങിക്കൊടുത്തിട്ടില്ലെന്നും ലൈൻ എക്സ്റ്റൻഷൻ വന്നപ്പോൾ പുതിയ പോസ്റ്റിനുള്ള മെറ്റീരിയൽസ് മാത്രമാണ് വാങ്ങി നൽകിയതെന്നും ഇതു സംബന്ധിച്ച രേഖകൾ എറണാകുളം ജില്ലാ ഓഡിറ്റ് ഓഫീസിൽ

സമർപ്പിച്ചിട്ടുണ്ടെന്നും മൂവാറ്റുപുഴ മുൻസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ മറുപടി നൽകി. രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതിനാലാണ് തെരുവുവിളക്കുകളുടെ എണ്ണത്തിൽ വ്യത്യാസം സംഭവിച്ചതെന്ന വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി സംബന്ധിച്ച് സമിതി തുടർന്ന് ആരായുകയുണ്ടായി. ആയതിന് 28 വാർഡുകൾക്കായി ഒരു ഓവർസീയർ മാത്രമാണുള്ളതെന്നും രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിരുന്നില്ലെന്നും ഓഡിറ്റ് പരാമർശം ലഭിച്ച ശേഷം രജിസ്റ്റർ കാലാനുസൃതമായി സൂക്ഷിക്കുന്നുണ്ടെന്നും മുൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

58. കരാറിൽ പറഞ്ഞതിനേക്കാൾ കൂടുതൽ തുക തെരുവുവിളക്കുകൾക്ക് കൊടുത്തത് സംബന്ധിച്ച് സെക്രട്ടറിക്ക് വ്യക്തമായ ഉത്തരം നൽകാൻ സാധിച്ചിട്ടില്ലെന്നും നിലവിൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുവെന്ന് പറയുന്നതിൽ കാര്യമില്ലെന്നും പുതിയ പ്രവൃത്തികൾക്കുപോലും പഞ്ചായത്തിൽ കണക്ക് സൂക്ഷിക്കാത്തത് ന്യായീകരിക്കത്തക്കതല്ലെന്നും തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട കരാർ കാലാവധി അവസാനിക്കുന്നതിന് മുമ്പ് മുഴുവൻ തുകയും നൽകിയതിന് വിശദീകരണം നൽകിയിട്ടില്ലെന്നും കരാറുകാരന് അധികം നൽകിയ തുക അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടില്ലെന്നും ട്യൂബ് ലൈറ്റുകളുടെ എണ്ണം കൂട്ടിക്കൊടുത്തതും കരാറുകാരന് അഡ്വാൻസ് നേരത്തെ കൊടുത്തതും കരാർ കാലാവധിക്ക് മുമ്പേ തുക കൊടുത്തുതീർത്തതും മിസ് അപ്രോപ്രിയേഷന്റെ ഭാഗമാണെന്നും വിലയിരുത്തിയ സമിതി ഓഡിറ്റ് ഖണ്ഡികയിലെ മറ്റ് ഭാഗങ്ങളിലെ പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് ഓഫീസിൽ നൽകണമെന്നും മേൽ പ്രസ്താവിച്ച പരാമർശങ്ങളിന്മേൽ മറുപടി ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു. തുടർന്ന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് 2016 മുതൽ 2019 വരെയുള്ള 9 പ്രവൃത്തികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതായി കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (മൂവാറ്റുപുഴ) സമിതി മുൻപാകെ ബോധിപ്പിച്ചു. തുടർന്ന് ടി വിഷയത്തിന്മേൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റി സെക്രട്ടറി നൽകിയിട്ടുള്ള മറുപടി പരിശോധിച്ച് ലോക്കൽ വെരിഫിക്കേഷൻ നടത്തിയും കെ.എസ്.ഇ.ബി.യുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥൻ നൽകിയ മറുപടിയും പരിശോധിച്ച

കൊണ്ടുള്ള റിപ്പോർട്ട് സമിതിക്ക് നൽകാമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു

**നിഗമനങ്ങളും ശിപാർശകളും**

**59. പുതിയ പ്രവൃത്തികൾക്ക് പോലും രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തത് വീഴ്ചയായി സമിതി വിലയിരുത്തുന്നു. കൂടാതെ, ട്യൂബ്ലൈറ്റുകളുടെ എണ്ണം കൂട്ടിനൽകിയതും കരാറുകാരന് അഡ്വാൻസ് നേരത്തെ നൽകിയതും കരാർ കാലാവധിക്ക് മുമ്പേ തുക കൊടുത്തു തീർത്തതും മിസ് അപ്രോപ്രിയേഷന്റെ ഭാഗമായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് ഖണ്ഡികയിലെ മറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്നും മേൽ പ്രസ്താവിച്ച പരാമർശങ്ങളിന്മേൽ മറുപടി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**60. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയില്ലെന്ന പരാമർശ വിഷയത്തിൻമേൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ ലോക്കൽ വെരിഫിക്കേഷൻ നടത്തിയും കെ.എസ്.ഇ.ബി.യുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥൻ നൽകിയ മറുപടിയും പരിശോധിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നക്ഷത്ര തടാകം - കാർണിവൽ 2018 - സർക്കാർ അനുമതിയില്ലാതെ ഏറ്റെടുത്ത് നടത്തി - നടത്തിപ്പിൽ ഗുരുതര അപാകതകൾ**

[മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16]

| | |
|---|---|
| പ്രോജക്ട് നമ്പർ | 195/18- 19 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | 10,00,000/- |
| ആകെ ചെലവ് | 4,00,000/- രൂപ<br>(2,50,000/-തനത് ഫണ്ട് + 1,50,000/- ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെക്ക് നമ്പർ, തീയതി | 596089/5-12-18<br>596095/20-12-18<br>2289053/15-3-19 |

മലയാറ്റൂർ ഗ്രാമപഞ്ചായത്ത്, മലയാറ്റൂർ ജനകീയവികസന സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ മലയാറ്റൂർ മെഗാ കാർണിവൽ 2018 - നക്ഷത്ര തടാകം എന്ന ഒരു പരിപാടി ഓഡിറ്റ് വർഷത്തിൽ സംഘടിപ്പിച്ചിട്ടുള്ളതായി കാണുന്നു. എറണാകുളം ജില്ലാ പഞ്ചായത്ത്, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്, കെ.റ്റി.ഡി.സി. (ഡി.റ്റി.പി.സി.), ഡോ. വർഗീസ് മൂലൻ ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പാക്കിയിട്ടുള്ളത്. നാളിതുവരെ ജനകീയവികസനസമിതി നടത്തിവന്നിരുന്ന ഈ പരിപാടി 2018-19 വർഷത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയായിരുന്നു. (തീരുമാനം നമ്പർ 1, 2, 3, 4, 5, 6, & 7 തീയതി 04.12.2018). ഈ പരിപാടിയുടെ നടത്തിപ്പിലേക്കായി മലയാറ്റൂർ ഗ്രാമപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നതായി കാണുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ട് വിഹിതമായി 2,50,000/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 2,50,000/- രൂപ, ബ്ളോക്ക് പഞ്ചായത്ത് വിഹിതം 2,50,000/- രൂപ, സന്നദ്ധ സേവനം/സംഭാവന എന്ന ഇനമായി 2,50,000/- രൂപ എന്നിവ ഉൾപ്പെടെ ആകെ 10,00,000/- രൂപയാണ് പദ്ധതിയുടെ ആകെ അടങ്കൽ. തനത് ഫണ്ട് രണ്ടര ലക്ഷം രൂപയും (2,50,000/-) ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിഹിതമായ 1.5 ലക്ഷം രൂപയും ഉൾപ്പെടെ നാല് ലക്ഷം രൂപ കൈമാറിയതായി സുലേഖ പദ്ധതി ചെലവ് റിപ്പോർട്ട്, വാർഷികകണക്കുകൾ എന്നിവ പ്രകാരം ബോധ്യപ്പെടുന്നു. മേൽ തുക കാർണിവലിനായി പ്രത്യേകം ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. പദ്ധതിക്കായി പഞ്ചായത്തിൽ നിന്നുള്ള ഫണ്ട് ഓർഗനൈസിംഗ് കമ്മിറ്റി പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലാണ് കൈമാറിയിട്ടുള്ളത്. ബ്ളോക്ക് പഞ്ചായത്തിൽ നിന്ന് പദ്ധതി പ്രകാരം 2.5 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും ലഭ്യമായിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റ് ജനറൽ കൺവീനർ ആയും വിവിധ വാർഡ് മെമ്പർമാർ സബ്കമ്മിറ്റി കൺവീനർമാരായും സെക്രട്ടറി ട്രഷററായും ആണ് കാർണിവൽ ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ളത് എന്ന് കാർണിവൽ ബ്രോഷറിൽ രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടത്തിപ്പിൽ താഴെ ചേർത്തിട്ടുള്ള ഗുരുതരമായ അപാകതകൾ സംഭവിച്ചതായി കാണുന്നു.

1. ഗവൺമെന്റ് അനുമതിയില്ലാതെ മെഗാ കാർണിവൽ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നതിനും പദ്ധതിപ്പണം കൈമാറുന്നതിനും തീരുമാനമെടുത്ത കമ്മിറ്റി മീറ്റിംഗുകളിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയുണ്ടായില്ല

2. പ്രാദേശികമായ ഒരു ജനകീയ വികസനസമിതി നടത്തിവന്നിരുന്ന ഒരു കാർണിവൽ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുന്നതിനു മുൻപ് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. ആയത് ലഭ്യമാക്കാതെ പദ്ധതി രൂപീകരിച്ച് ഗ്രാമ/ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് കൈമാറിയത് ഗുരുതരമായ അപാകതയാണ്. പ്രളയം മൂലമുണ്ടായ കെടുതികളിൽ നിന്ന് കരകയറും മുൻപാണ്, ഇനിയും നിരവധി വികസനപ്രവർത്തനങ്ങൾ ആവശ്യമുള്ള പഞ്ചായത്തിൽ 5 ദിവസമുള്ള ആഘോഷങ്ങൾക്കായി പദ്ധതി രൂപീകരിച്ചത്. പഞ്ചായത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ട ഭരണസമിതിയും, സെക്രട്ടറിയും പദ്ധതി മാർഗ്ഗരേഖ തെറ്റായി വ്യാഖ്യാനം ചെയ്താണ് ഈ ആഘോഷത്തിനായി പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയത്.

3. മലയാറ്റൂർ ജനകീയ വികസന സമിതി, മൂലൻസ് ട്രസ്റ്റ് തുടങ്ങിയ നോൺ ഗവൺമെന്റൽ ഏജൻസികൾ കൂടി ഉൾപ്പെട്ട ഒരു കാർണിവലിൽ പഞ്ചായത്ത് സെക്രട്ടറി ഗവൺമെന്റ് അനുമതിയില്ലാതെ ഓർഗനൈസിംഗ് കമ്മിറ്റിയുടെ ട്രഷറർ എന്ന നിലയിൽ പ്രവർത്തിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല

4. നക്ഷത്രതടാകം - കാർണിവൽ എന്നിവയുടെ നടത്തിപ്പിനായി പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ നക്ഷത്ര തടാകം എന്നതിന്റെ ചുരുക്കപ്പേരായി NTMNG എന്ന പേരിലാണ് അക്കൗണ്ട് ആരംഭിച്ചത്. (അക്കൗണ്ട് നമ്പർ 50100262483542, HDFC, Kalady).

5. സംഭാവനകൾ പിരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ രസീത്ബുക്കുകൾ അച്ചടിച്ചിട്ടുണ്ട്. എന്നാൽ എത്ര രസീത് ബുക്കുകൾ അടിച്ചു എന്ന് വ്യക്തമാക്കുന്ന ബിൽ, രസീത്ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവയില്ല. ആർക്കൊക്കെ രസീത്

ബുക്കുകൾ ഇഷ്യൂ ചെയ്തു എന്ന രേഖപ്പെടുത്തലുകൾ ഇല്ല. ഒരു രസീത് ബുക്ക് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബുക്ക് നമ്പർ ഇല്ലാത്ത 40 ലീഫുകൾ ഉള്ള ഈ രസീത് ബുക്കിൽ നിന്ന് 16 എണ്ണം ഉപയോഗിച്ച് 4,72,500/- പിരിച്ചിട്ടുണ്ട്. രസീതുകൾ കൗണ്ടർ ഫോയിൽ രീതിയിലാണ് പ്രിന്റ് ചെയ്തിരിക്കുന്നത്. സംഭാവനകൾ സ്വീകരിക്കുമ്പോൾ ഒറിജിനൽ രസീത് സംഭാവന നല്കിയ ആൾക്ക് നല്കുകയും കൗണ്ടർ ഫോയിൽ പഞ്ചായത്ത് സൂക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ ഈ കൗണ്ടർ ഫോയിലിൽ ലഭിച്ച തുക രേഖപ്പെടുത്താൻ ഉള്ള ഭാഗം ഉൾക്കൊള്ളിച്ചിട്ടില്ല. പേര്, ഫോൺ നമ്പർ എന്നീ രണ്ട് കോളങ്ങൾ മാത്രമാണ് ഉള്ളത്. അതിൽ ഫോൺ നമ്പറിന്റെ കോളത്തിലാണ് പിരിച്ച തുകകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിങ്ങ്) ചട്ടങ്ങളിലെ ചട്ടം 20(സി) പ്രകാരം പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് വിരുദ്ധമാണ്. ചട്ടം 20(സി) പ്രകാരം കൈയ്യെഴുത്ത് സമ്പ്രദായത്തിൽ നല്കുന്ന രസീതുകൾ മെഷീൻ നമ്പർ നല്കിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ളിക്കേറ്റ് പണം നല്കിയ ആൾക്ക് നൽകേണ്ടതുമാണ്. ഈ ചട്ടം പാലിച്ചുകൊണ്ടുള്ള രസീത് ബുക്ക് അല്ല ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ കൗണ്ടർഫോയിലിൽ രേഖപ്പെടുത്തിയ തുകകൾ തന്നെയാണോ യഥാർത്ഥത്തിൽ പിരിച്ചെടുത്തതെന്ന് ഉറപ്പ് വരുത്താൻ കഴിയില്ല. കൗണ്ടർ ഫോയിലുകൾക്ക് പുറമേ, ഉപയോഗിക്കാതെ അവശേഷിച്ച ക്യാൻസൽ ചെയ്ത രസീതുകളും ഈ ബുക്കിലുണ്ട്. മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്ത് നക്ഷത്ര തടാകം മെഗാ കാർണിവൽ 2018 റസീപ്റ്റ് എന്നാണ് കൺവീനറുടെ പേരിൽ അച്ചടിച്ചിട്ടുള്ള ഈ രസീത് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ രസീത് ബുക്കിന് പുറമേ ഇത്തരത്തിൽ ഒരു രസീത് ബുക്ക് ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നേടേണ്ടിയിരുന്നു. ആയത് ചെയ്തിട്ടില്ല. മാത്രമല്ല രസീത് ബുക്കുകൾ എത്രയെണ്ണം പ്രിന്റ് ചെയ്തു, ആരെല്ലാം ഇതുപയോഗിച്ച് പിരിവ് നടത്തി എന്നും വ്യക്തമല്ല.

6. രസീത് ബുക്കിലെ ഉപയോഗിച്ച ലീഫുകളുടെ കൗണ്ടർ ഫോയിലുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭാവനകളുടെ ആകെ മൂല്യം 4,72,500/- രൂപയാണ്.

എന്നാൽ കാർണിവലിനായുള്ള ബാങ്ക് അക്കൗണ്ടിൽ സംഭാവനയിനത്തിൽ വരവ് വന്നിട്ടുള്ളത് 3,04,000/- രൂപ മാത്രമാണ്. അതായത് 1,68,500/- രൂപ (4,72,500/- - 3,04,000/-) കുറവായാണ് ബാങ്കിൽ വരവ് വന്നിട്ടുള്ളത്.

7. രസീത് ബുക്ക് പ്രകാരം മൂലൻസ് എന്ന പേരിലുള്ള സംഭാവന 50,000/- രൂപയാണ്. എന്നാൽ ബാങ്ക് അക്കൗണ്ട് പ്രകാരം മൂലൻസ് എന്ന പേരിൽ 1,00,000/- രൂപ വരവുണ്ട്. രസീത് എഴുതാതെയും തുകകൾ വരവ് വന്നിട്ടുണ്ട് എന്ന് ഇത് വ്യക്തമാക്കുന്നു.

8. 28.10.2019-ലെ 2(1) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പാസ്സാക്കിയ കാർണിവൽ വരവ് ചെലവ് കണക്കുകൾ പ്രകാരം ആകെ വരവ് 18,06,684/- രൂപയാണ്. എന്നാൽ പാസ്ബുക്ക് പ്രകാരമുള്ള ആകെ വരവ് 13,56,134/- രൂപ മാത്രമാണ്. നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുമില്ല.

9. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കണക്കുകളിലെ ഒരു വരവിനമാണ് ട്രേഡ് ഫെയർ വരവ്. ഇത് 2,32,050/- രൂപയാണ്. എന്നാൽ ഇത്തരത്തിൽ ഒരു ഇനവും തുകയും ബാങ്ക് അക്കൗണ്ട് പ്രകാരം വരവ് വന്നിട്ടില്ല.

10. വിവിധ സബ്കമ്മിറ്റികൾ മുഖേനയാണ് കാർണിവലിനായി ചെലവ് നടത്തിയിട്ടുള്ളത്. ഈ കമ്മിറ്റികളാണ് സേവനദാതാക്കളിൽ നിന്ന് ക്വട്ടേഷനുകൾ സ്വീകരിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. ഭൂരിഭാഗം കമ്മിറ്റികൾക്കും ബാങ്ക് അക്കൗണ്ടിൽ നിന്ന് സെക്രട്ടറി മുൻകൂറുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ചില സബ്കമ്മിറ്റികൾ തങ്ങൾക്ക് ലഭിച്ച സംഭാവനത്തുകകൾ ഉപയോഗിച്ച് നേരിട്ട് ചെലവ് നടത്തിയതായും ശ്രദ്ധയിൽപെട്ടു.

11. സബ്കമ്മിറ്റികൾ ക്വട്ടേഷനുകൾ സ്വീകരിച്ചാണ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. സ്റ്റേജ്, ഫ്ലോട്ടിംഗ് സ്റ്റാർ, ലൈറ്റ് ആന്റ് സൗണ്ട്, നക്ഷത്രം, പപ്പാനി എന്നീ ഇനങ്ങളെല്ലാം ഒരു ലക്ഷം രൂപയിലധികം തുക ചെലവ് വന്ന ഇനങ്ങളാണ്. പഞ്ചായത്തിന് ബാധകമായ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം ഇവ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിച്ച് ചെയ്യേണ്ടിയിരുന്ന പ്രവൃത്തികളായിരുന്നു. 5 ലക്ഷത്തിലധികമായി വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

12. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കണക്കുകൾ പ്രകാരം ആകെ ചെലവ് 17,91,179/- രൂപയാണ്. എന്നാൽ ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം ആകെ 14,60,227/- രൂപയുടെ ചെലവ് മാത്രമാണ് നടന്നിട്ടുള്ളത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കുന്നു എന്ന കമ്മിറ്റി തീരുമാനമെടുത്ത് നടപ്പാക്കിയ ഈ പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പഞ്ചായത്തിന്റെ വാർഷികകണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. പദ്ധതി തുക കൈമാറിയത് മാത്രമാണ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

13. വൗച്ചറുകളോടൊപ്പം ചേർത്തിരിക്കുന്ന പല ബില്ലുകളും ആധികാരികമല്ല. ഉദാ: നക്ഷത്രങ്ങൾ വാങ്ങിയ ബില്ല്. വാങ്ങുന്നവയിൽ വീണ്ടും ഉപയോഗിക്കാവുന്നവ പോലും സ്റ്റോക്കിൽ ചേർക്കുന്നില്ല. പ്ളാസ്റ്റിക്ക് നക്ഷത്രങ്ങളാണ് ഉപയോഗിക്കുന്നത്. മുൻവർഷങ്ങളിലേത് വൃത്തിയാക്കി ഉപയോഗിക്കുന്നതിനായി തൊഴിലാളികൾക്ക് കൂലി നൽകിയിട്ടുണ്ട്. എന്നാൽ ഇവ എത്രയെണ്ണം ഉണ്ടെന്ന് രേഖപ്പെടുത്തുകയോ, പുതിയതായി വാങ്ങിയ 3000 നക്ഷത്രങ്ങൾ ഉൾപ്പെടെ ആകെ നക്ഷത്രങ്ങൾ സ്റ്റോക്കിൽ ചേർക്കുകയോ ചെയ്തിട്ടില്ല

പരിശോധന ആരംഭിച്ച ആദ്യഘട്ടത്തിൽ തന്നെ പദ്ധതി സംബന്ധിച്ച ഫയൽ അപൂർണ്ണമാണെന്ന് ബോധ്യപ്പെടുകയും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി (നം.9/17.02.2020) നല്കുകയുമാണുണ്ടായത്. ഫയലിൽ പദ്ധതി വിഹിതം കൈമാറിയത് സംബന്ധിച്ച രേഖ മാത്രമാണുണ്ടായിരുന്നത്. ഓഡിറ്റ് അവസാനിക്കുന്ന ദിവസം എക്സിറ്റ് കോൺഫറൻസ് വേളയിലാണ് ഇത് സംബന്ധിച്ച രസീത് ബുക്ക്, പാസ്ബുക്ക്, വൗച്ചറുകൾ ഉൾപ്പെടെയുള്ള പ്രധാന രേഖകളെല്ലാം ഹാജരാക്കിയത്.

പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത ആവശ്യത്തിന് വേണ്ടി സർക്കാർ അനുമതി ഇല്ലാതെ ഏറ്റെടുത്ത് നടപ്പാക്കിയതിനാൽ നാല് ലക്ഷം രൂപ (4,00,000/-) ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത്, മലയാറ്റൂർ ജനകീയസമിതി എന്നിവയുടെ നേതൃത്വത്തിൽ നടപ്പാക്കിയ നക്ഷത്ര തടാകം - മെഗാകാർണിവൽ 2018 എന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ഭരണവകുപ്പ്

വിശദമായ അന്വേഷണം നടത്തേണ്ടതാണെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഈ സാഹചര്യത്തിൽ വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.9/17.02.2020)

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള മറുപടിയിന്മേൽ പരാമർശത്തിലെ സ്ഥിതി തുടരുന്നതായി അറിയിച്ചിട്ടുണ്ടെന്ന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ 23.09.2020-ലെ കെ.എസ്.എ.ഇ.കെ.എം/(പി.ജി.)320/2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, എറണാകുളം ജില്ല - 4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

61. സർക്കാരിന്റെ അനുമതിയോടുകൂടിയാണോ കാർണിവൽ നടത്തിയതെന്ന് സമിതി ആരാഞ്ഞതിന് അനുമതി ലഭിച്ചിരുന്നില്ലെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്നും മലയാറ്റൂർ നീലേശ്വരം പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് ഭരണസമിതിയെടുക്കുന്ന തീരുമാനങ്ങൾ നിയമങ്ങൾക്ക് വിരുദ്ധമാണെങ്കിൽ ചൂണ്ടിക്കാണിക്കാനുള്ള ബാധ്യത സെക്രട്ടറിയ്ക്കുണ്ടെന്നും വിഷയത്തിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. തദവസരത്തിൽ ഡി.പി.സി. അംഗീകാരമുണ്ടായിരുന്ന പദ്ധതി കോ-ഓർഡിനേഷൻ കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ട ആവശ്യകതയെന്താണെന്നും അനുമതി ലഭ്യമാക്കുക എന്നത് സെക്രട്ടറിയുടെ ഉത്തരവാദിത്വമാണെന്നും സമിതി വ്യക്തമാക്കി.

62. എറണാകുളം ജില്ലാ പഞ്ചായത്തും ടി പദ്ധതിയിൽ പങ്കാളിയായിരുന്നുവെന്നും ഡി.പി.സി. അനുമതിയുള്ള പദ്ധതിയായിരുന്നതിനാലും സർക്കാരിൽ നിന്ന് നീലേശ്വരം ഗ്രാമപഞ്ചായത്തിന് അനുമതി ലഭിക്കുമെന്ന്

പറഞ്ഞിരുന്നതിനാലും 1,50,000/-രൂപ നൽകിയിട്ടുണ്ടായിരുന്നുവെന്നും അക്കാലയളവിലെ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ പരാമർശമുണ്ടായിരുന്നുവെന്നും ടിയാൻ മരണപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണെന്നും പദ്ധതി നടത്തിപ്പിലുള്ള യു.സി. ലഭ്യമാകുകയും ഓഡിറ്റ് വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിരുന്നുവെന്നും പ്രസ്തുത വിഷയത്തിൽ എറണാകുളം ജില്ലാ പഞ്ചായത്തിനും സാമ്പത്തിക ബാധ്യത വന്നിരുന്നുവെന്നും എറണാകുളം ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു ഡി.പി.സി അംഗീകാരമുള്ള പദ്ധതിയായിരുന്നിട്ടും രസീത് ബുക്കിൽ സെക്രട്ടറിയുടെ പേരില്ലാത്തതും ആരാണ് അത് കൊണ്ടുപോയതെന്നത് സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാത്തതും ഗൗരവമുള്ള വിഷയമാണെന്നും ഫെസ്റ്റിവൽ നടത്താൻ തീരുമാനമെടുത്താൽ രസീത് ബുക്ക് പ്രിന്റ് ചെയ്യേണ്ടതും സാമ്പത്തിക കാര്യങ്ങൾ നിർവ്വഹിക്കേണ്ടതും പൂർണ്ണമായും സെക്രട്ടറിയുടെ മേൽനോട്ടത്തിലായിരിക്കേണ്ടതാണെന്നും സമിതി നിരീക്ഷിച്ചു

63. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ കൺവീനറായിട്ടോ ഓർഗനൈസേഷൻ കമ്മിറ്റിയുടെ ട്രഷററായിട്ടോ സെക്രട്ടറി പ്രവർത്തിച്ചിട്ടില്ലെന്നും പഞ്ചായത്ത് കമ്മിറ്റി നേരിട്ടാണ് ചെയ്തിരിക്കുന്നതെന്നും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കണക്കുപ്രകാരം ചെലവായത് 17,91,179/- രൂപയും ഹാജരാക്കിയ വൗച്ചർ 14,60,227/- രൂപയുടേതാണെന്നും രസീത് പ്രകാരം 4,72,500/- രൂപയുടെ വരവ് കാണിച്ചിട്ടുണ്ടെങ്കിലും 3,04,000/- രൂപ മാത്രമേ ബാങ്ക് അക്കൗണ്ടിൽ എത്തിയിട്ടുള്ളുവെന്നും 1,68,500/- രൂപയുടെ കുറവുണ്ടെന്നും സമാനമായി മൂലൻസ് ട്രസ്റ്റ് എന്ന പേരിൽ 50,000/- രൂപ സംഭാവന വന്നുവെന്ന് പറയുമ്പോഴും ബാങ്ക് അക്കൗണ്ടിൽ ഒരു ലക്ഷം രൂപ വരവുണ്ടായി എന്നാണ് സൂചിപ്പിക്കുന്നതെന്നും ഇത്തരം പദ്ധതികളെല്ലാം ഇവന്റ് മാനേജ്മെന്റ് കമ്പനിക്കാർ പഞ്ചായത്ത് പ്രസിഡന്റുമാരെ സ്വാധീനിച്ച് ജനങ്ങളിൽ നിന്ന് പണം പിരിക്കുന്നതിന് രൂപീകരിക്കുന്ന പദ്ധതികളാണെന്നും പഞ്ചായത്തുകൾ ചെയ്യേണ്ടവയല്ലെന്നും സമിതി വിലയിരുത്തുകയും ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനോട്

അഭിപ്രായം ആരായുകയും ചെയ്തു. അതിന് മറുപടിയായി ഒരു പ്രത്യേക സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയെന്നാണ് പഞ്ചായത്ത് പറയുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ നടത്തുന്ന പദ്ധതികൾക്ക് പൊതു സമൂഹം വലിയ വിലയാണ് കൽപ്പിക്കുന്നതെന്നും സംഭാവന എന്നും പറഞ്ഞ് പഞ്ചായത്ത് രസീത് നൽകി പണം പിരിക്കുമ്പോൾ പഞ്ചായത്തിന്റെ എന്ത് ആവശ്യത്തിനാണ് എന്നാണ് ജനങ്ങൾ ആദ്യം ചോദിക്കുന്നതെന്നും 2018-ൽ പ്രളയം മൂലം കേരളം ദുരിതമനുഭവിക്കുന്ന കാലഘട്ടത്തിലാണ് പഞ്ചായത്ത് കാർണിവൽ നടത്തിയിരിക്കുന്നത് എന്നതാണ് പ്രസക്തമായ കാര്യമെന്നും പ്രളയത്തിൽ തകർന്ന റോഡുകൾ നന്നാക്കുന്നതിന് പകരം നക്ഷത്ര തടാകവും കാർണിവലും നടത്തുകയാണ് ചെയ്യുതെന്നും പഞ്ചായത്തുകളുടെ ഫണ്ട് ചെലവഴിക്കുന്നതിനെ സംബന്ധിച്ചും പഞ്ചായത്തുകളുടെ പ്രവർത്തന മേഖല സംബന്ധിച്ചും വ്യക്തമായ വിശദീകരണം നിയമത്തിൽ പറയുന്നുണ്ടെന്നും ഫണ്ട് ചെലവഴിക്കുന്ന കാര്യങ്ങളിൽ നിയമത്തെ അവഗണിച്ചുകൊണ്ടുള്ള പഞ്ചായത്തുകളുടെ പ്രവർത്തനം അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

64. ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിന് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ലെന്ന പരാമർശമുണ്ടായതെങ്ങനെയാണെന്ന് സമിതി തുടർന്ന് ആരായുകയുണ്ടായി. കാർണിവൽ നടത്തി ലഭിച്ച തുകയുടെ ആധികാരികത സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും 4,72,500/- രൂപ രസീത് വഴി സംഭാവന ലഭിച്ചതിൽ 3,04,000/- രൂപ മാത്രമാണ് പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളതെന്നും 1,68,500/- രൂപ കുറവാണെന്നാണ് രേഖകളിൽ നിന്നു മനസ്സിലാക്കുന്നതെന്നും രസീത് ബുക്ക് പ്രകാരം 50,000 രൂപയും ബാങ്ക് രേഖ പ്രകാരം അക്കൗണ്ടിൽ 1,00,000/- രൂപ വന്നതായും കാണുന്നുണ്ടെന്നും 2015-ലെ പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള അക്കൗണ്ടിംഗ് ക്രമം പാലിച്ചില്ലായെന്നതാണ് പ്രധാനപ്പെട്ട നിരീക്ഷണമായി

വന്നിട്ടുള്ളതെന്നും എറണാകുളം ജില്ലാ ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതി മുൻപാകെ അറിയിച്ചു. മാർഗ്ഗരേഖ മറികടന്ന് ഡി.പി.സി. അംഗീകാരം ലഭിച്ചുവെന്നത് ഗൗരവമായി കാണുന്നുവെന്നും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഡി.പി.സി. പദ്ധതികൾക്ക് അംഗീകാരം നൽകരുതെന്നും അത്തരം പദ്ധതികളുടെ അനുമതിക്കായി ഡി.പി.സി.യെ സമീപിച്ചാൽ അക്കാര്യം സർക്കാരിനെ അറിയിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്നുള്ള കർശന നിർദ്ദേശം സർക്കാർ നൽകണമെന്നും ടി വിഷയത്തിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് അന്വേഷിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**65. 2018-ലെ പ്രളയം മൂലം കേരളം ദുരിതമനുഭവിക്കുന്ന കാലഘട്ടത്തിൽ പഞ്ചായത്ത് നക്ഷത്രതടാകവും കാർണിവലും പോലുള്ള പരിപാടികൾ സംഘടിപ്പിച്ച നടപടി അനുചിതമായിപ്പോയി എന്ന് സമിതി വിലയിരുത്തുന്നു. പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്ന കാര്യങ്ങളിൽ നിയമത്തെ അവഗണിച്ചുകൊണ്ടുള്ള പഞ്ചായത്തുകളുടെ പ്രവർത്തനം അംഗീകരിക്കാൻ കഴിയുന്നതല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാർഗ്ഗരേഖ മറികടന്ന് പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചുവെന്നത് സമിതി ഗൗരവമായി കാണുന്നു. മേലിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഡി.പി.സി. പദ്ധതികൾക്ക് അംഗീകാരം നൽകരുതെന്നും അത്തരം പദ്ധതികളുടെ അനുമതിയ്ക്കായി ഡി.പി.സി.യെ സമീപിച്ചാൽ അക്കാര്യം സർക്കാരിനെ അറിയിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്നുള്ള കർശന നിർദ്ദേശം സർക്കാർ നൽകുണമെന്നും പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് അന്വേഷിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**പാലക്കാട് ജില്ല**

ഓഡിറ്റ് ഖണ്ഡിക

**റെയിൽവേ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മാണം - നടപടിക്രമങ്ങൾ പാലിക്കാതെ തുക അനുവദിച്ചതിനാൽ മുനിസിപ്പൽ ഫണ്ടിന് 4,25,415/- രൂപയുടെ നഷ്ടം**

[പട്ടാമ്പി മുനിസിപ്പാലിറ്റി 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-16]

- പ്രോജക്ട് നം.341/18
- പ്രോജക്ടിന്റെ പേര് - റെയിൽവേ ഫൂട്ട് ഓവർ ബ്രിഡ്ജ് തുക കൈമാറൽ
- അടങ്കൽ 62,70,333/-രൂപ ( തനത് ഫണ്ട് )
- ചെലവ് 62,70,333/-രൂപ (ചെക്ക് നം.02099857/17-01-2018)
- നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പട്ടാമ്പി റെയിൽവേ സ്റ്റേഷൻ പരിസരത്ത് റെയിൽവേ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായി മുനിസിപ്പൽ ഫണ്ടിൽ നിന്നും 62,70,333/- രൂപ വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം മുൻകൂറായി 62,70,333/- രൂപ സതേൺ റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചതിൽ തുക കൈമാറിയത് നടപടിക്രമങ്ങൾ പാലിക്കാതെയാണെന്നും പദ്ധതി ഉപേക്ഷിക്കപ്പെട്ടതായും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

- 2017-18 സാമ്പത്തിക വർഷത്തിൽ റോഡ്, കലുങ്ക്, പാലങ്ങൾ എന്ന വർക്കിംഗ് ഗ്രൂപ്പിലോ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലോ റെയിൽവേ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് റെയിൽവെയ്ക്ക് തുക കൈമാറുന്നത് സംബന്ധിച്ച് ഒരു ചർച്ചയും വന്നിട്ടില്ലെന്ന് മിനിറ്റ്സുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു കൗൺസിലിന്റെ 22.06.2017-ലെ 11-ാം നമ്പർ തീരുമാന പ്രകാരമാണ് തുക കൈമാറിയിട്ടുള്ളത്. റെയിൽവേയുമായി കരാർ ചമക്കാതെയാണ് മുൻകൂർ തുക കൈമാറിയിട്ടുള്ളത്.

- മുനിസിപ്പൽ ഫണ്ടിൽ നിന്നും 62.70 ലക്ഷം രൂപ വകയിരുത്തിയത് നഗരസഭയുടെ സാമ്പത്തിക സ്ഥിതി വിലയിരുത്തിയില്ല എന്നും ബോധ്യപ്പെട്ടു
- റെയിൽവേയുടെ രേഖകൾ പ്രകാരം പദ്ധതിയുടെ എസ്റ്റിമേറ്റ് 2,12,70,786/- രൂപയാണ്. ആയതിലേക്ക് വിഹിതം നൽകുന്നതിനു മുമ്പായി മറ്റ് ഫണ്ടുകൾ ഏതൊക്കെയെന്ന് നഗരസഭ റെയിൽവേയോട് അന്വേഷിച്ചതായും രേഖകളില്ല
- ആവശ്യകത വിലയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചതായും നടപടിക്രമങ്ങൾ പാലിക്കാതെ തുക കൈമാറിയതായും വിലയിരുത്തുന്നു
- 28.05.2018-ലെ റെയിൽവേയുടെ പാലക്കാട് ഡിവിഷണൽ മാനേജരുടെ കത്ത് പ്രകാരം ഫൂട്ട് ഓവർ ബ്രിഡ്ജിന് പകരം ലിമിറ്റഡ് യൂസ് സബ്‌വേ എന്ന പദ്ധതി എം.പി. ഫണ്ട് ഉപയോഗപ്പെടുത്തി പൂർത്തീകരിക്കുവാൻ തീരുമാനിച്ചതായും ഫൂട്ട് ഓവർ ബ്രിഡ്ജ് പദ്ധതി ഉപേക്ഷിച്ചതായും നഗരസഭയെ അറിയിച്ചിട്ടുണ്ട്.
- തുക കൈമാറിയതിനുശേഷം പദ്ധതി നടപ്പാകാതിരുന്ന സാഹചര്യത്തിൽ 4,25,415/- രൂപ സെന്റേജ് ചാർജ്ജ് ഈടാക്കിയതിനുശേഷമാണ് റെയിൽവേ നഗരസഭയ്ക്ക് തുക തിരികെ നൽകിയതെന്ന് പരിശോധനയിൽ കണ്ടെത്തി.

തിരികെ ലഭ്യമായ തുകയുടെ വിവരം:

58,44,918/- രൂപയാണ് നഗരസഭയ്ക്ക് തിരികെ ലഭ്യമായിട്ടുള്ളത്. യൂണിയൻ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 570902010008555) 30-11-2018 നാണ് തിരികെ ലഭ്യമായത്.

- പദ്ധതി നടപ്പിലാകാതെ സെന്റേജ് ചാർജ് ഈടാക്കിയത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടില്ല. റെയിൽവേ ഇക്കാര്യം വ്യക്തമാക്കിയതായും കാണുന്നില്ല
- നടപ്പാകാതിരുന്ന പദ്ധതിക്കായി റെയിൽവേ ഈടാക്കിയ 4,25,415/- രൂപയുടെ സെന്റേജ് ചാർജ്ജ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല
- ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.5/17.12.2018-നുള്ള മറുപടിയിൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുമെന്നതിനാലാണ് ഭരണ സമിതി

തീരുമാന പ്രകാരം പദ്ധതിയുടെ അംഗീകാരം വാങ്ങിയതെന്നും തുക റെയിൽവേക്ക് കൈമാറിയതെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭയുമായി യാതൊരു കൂടിയാലോചനയും നടത്താതെ പദ്ധതി വ്യതിചലിക്കുകയും 3.71 കോടി രൂപയുടെ പുതിയ പദ്ധതി നഗരസഭയുടെ നയപരമായ തീരുമാനത്തിന് വിരുദ്ധമായതിനാലുമാണ് തുക തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചത് . അനധികൃതമായി ഈടാക്കിയ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കരാർ ചമച്ച് റെയിൽവേയ്ക്ക് കൈമാറിയിരുന്നുവെങ്കിൽ ഇത്തരത്തിൽ തുക ഈടാക്കുമായിരുന്നില്ല എന്ന് വിലയിരുത്തുന്നു. എഗ്രിമെന്റ് ഇല്ലാതെ അനുവദിച്ച തുകയിൽ റെയിൽവേ പിടിച്ചുവെച്ച തുക തിരികെ ലഭ്യമാകുന്നതിനുള്ള സാധ്യതയില്ലെന്നും മുനിസിപ്പൽ ഫണ്ട് പാഴായെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ നടപ്പാകാത്ത പദ്ധതിക്കായി ചെലവഴിച്ച 4,25,415/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ വരവു വെക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 5/17.12.2018).

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്,ഭാഗം 3.1, പാലക്കാട് ജില്ല - 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

66. 2018-ൽ എം.പി. ഫണ്ടും എം.എൽ.എ. ഫണ്ടും മുനിസിപ്പാലിറ്റിയുടെ ഷെയറായ 62,70,333/- രൂപയും ചേർത്തുകൊണ്ടാണ് റെയിൽവേ ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് തുക നൽകിയതെന്നും ടോട്ടൽ കോസ്റ്റ് 2,12,70,786/- രൂപ ആയിരുന്നുവെന്നും തുക കൈപ്പറ്റിയതിനുശേഷം പദ്ധതി നടപ്പാക്കാതിരുന്ന സാഹചര്യത്തിൽ 4,25,415/- രൂപ സെന്റേജ് ചാർജ് ഈടാക്കിയതിനു ശേഷം റെയിൽവേ നഗരസഭയ്ക്ക് 58,44,918/- രൂപ തിരികെ നൽകിയെന്നും ഇതിലൂടെ 4,25,415/- രൂപ നഷ്ടം വന്നുവെന്നും പട്ടാമ്പി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. ചെലവഴിച്ചുകഴിഞ്ഞതുകൊണ്ട് തിരികെ

നൽകുവാൻ കഴിയില്ലെന്ന മറുപടിയാണ് റെയിൽവേ നഗരസഭയ്ക്ക് നൽകിയതെന്ന് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു. ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിനുമുമ്പായി ഫീസിബിലിറ്റി സ്റ്റഡി നടത്തേണ്ടതായിരുന്നുവെന്നും എഗ്രിമെന്റില്ലാതെ 'റെയിൽവേയുമായുള്ള പ്രോജക്ട് മുന്നോട്ടുകൊണ്ടുപോകുവാൻ പാടില്ലായിരുന്നുവെന്നും അഭിപ്രായപ്പെട്ട സമിതി ഇത്തരത്തിലുള്ള തെറ്റുകൾ മേലിൽ ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

<u>നിഗമനങ്ങളും ശിപാർശകളും</u>

**67. ആവശ്യകത വിലയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചതായും നടപടിക്രമങ്ങൾ പാലിക്കാതെ തുക കൈമാറിയതായും വിലയിരുത്തിയ സമിതി പദ്ധതികൾ ഏറ്റെടുക്കുന്നതിനുമുമ്പായി ഫീസിബിലിറ്റി സ്റ്റഡി നടത്തേണ്ടതായിരുന്നുവെന്നും എഗ്രിമെന്റില്ലാതെ റെയിൽവേയുമായുള്ള പ്രോജക്ട് മുന്നോട്ടുകൊണ്ടു പോകുവാൻ പാടില്ലായിരുന്നുവെന്നും അഭിപ്രായപ്പെടുന്നു. ഇത്തരത്തിലുള്ള വീഴ്ച ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർജ്ജീവാസ്തിയായി തുടരുന്നു**

[മണ്ണാർക്കാട് മുനിസിപ്പാലിറ്റി 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3]

2015-16-ൽ 20,00,000/- രൂപ വകയിരുത്തി ആവിഷ്കരിച്ച 165/18: ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ് എന്ന പദ്ധതിക്കായി 2015-16-ൽ 7,54,322/- രൂപയും 2016-17-ൽ 9,50,604/- രൂപയും ചെലവഴിച്ച് ആറ് കടമുറികളുടെ സ്ട്രക്ചർ വർക്ക് പൂർത്തിയാക്കിയിരുന്നു. 2017-18 വർഷം 21,12,864/- രൂപ വകയിരുത്തി ആവിഷ്കരിച്ച 105/18: ബസ്സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് പൂർത്തീകരണം എന്ന പദ്ധതി പ്രകാരം ഇതിന്റെ മുകളിലത്തെ നിലയിൽ 6 കടമുറികളുടെ സ്ട്രക്ചർ വർക്ക് കൂടി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം ഉപയോഗിക്കാനാവാത്ത സ്ഥിതിയാണ്. മുകളിലത്തെ നിലയിലേക്ക് കയറാനുള്ള Stair എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2016-17-ൽ പൂർത്തിയാക്കിയ താഴത്തെ

നിലയിൽപ്പോലും ഷട്ടറുകൾ പിടിപ്പിക്കുകയോ ഇലക്ട്രിക്കൽ, പ്ലമ്പിങ്ങ്, ഫ്ലോറിങ്ങ് വർക്കുകൾ ഉൾപ്പെടെയുള്ള ഫിനിഷിങ്ങ് വർക്കുകൾ ചെയ്യുകയോ ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്യാതെയാണ് 2017-18-ൽ മുകളിലത്തെ നില പണിതത്. 37,75,671/- രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം നിലവിൽ നിർജ്ജീവ ആസ്തിയായി തുടരുകയാണ്. കെട്ടിടം ഉപയോഗപ്പെടുത്താനുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുത്താതെ പദ്ധതി ആവിഷ്കരിച്ചത് സംബന്ധിച്ച് വിശദീകരണവും നിലവിൽ ഈ കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/24-12-2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2017-18 വർഷത്തെ പദ്ധതികൾ തയ്യാറാക്കുന്നതിനായി ജി.ഒ.(എം.എസ്.) നം. 79/2017/തസ്വഭവ. തീയതി 03.04.2017 പ്രകാരം പുറപ്പെടുവിച്ച മാർഗരേഖ ഖണ്ഡിക 6.3(4)-ൽ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊജക്ട് അനുബന്ധ സൗകര്യങ്ങൾ എല്ലാം ഉൾപ്പെടുത്തിവേണം ആവിഷ്കരിക്കാൻ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. കെട്ടിടം പണി അടിയന്തിരമായി പൂർത്തിയാക്കി കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, പാലക്കാട് ജില്ല - 2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

68. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ചതായി മണ്ണാർക്കാട് മുൻസിപ്പൽ സെക്രട്ടറി അറിയിച്ചപ്പോൾ ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**69. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ചതുസംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

**<u>മലപ്പുറം ജില്ല</u>**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കുടുംബശ്രീ യൂണിറ്റുകളിലേക്ക് ന്യൂട്രിമിക്സ് പൗഡർ പാക്കിംഗ് മെഷീൻ വാങ്ങൽ - അപാകതകൾ**

[മലപ്പുറം ജില്ലാ പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7]

- നിർവഹണം : ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ, കുടുംബശ്രീ
- പ്രൊജക്റ്റ് നമ്പർ: SO 639/17-18
- തുക : 22,22,840/- ( വികസന ഫണ്ട് ജനറൽ )
- ബിൽ നമ്പർ : 14/17-18 തീയതി 29-03-2018

ജില്ലയിലെ 6 കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് പൗഡർപാക്കിംഗ് മെഷീൻ എന്ന മേൽ പദ്ധതിയുടെ നിർവഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ M/s. Metal Age Machineries എന്ന സ്ഥാപനത്തിൽ നിന്ന് ലഭിച്ച ടെണ്ടർ ഭരണ സമിതിയുടെ 28.03.2018-ലെ യോഗത്തിന്റെ 2(10) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, 623/A2/16/KSMPM Dtd. 24.03.2018 പ്രകാരം സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ടെണ്ടറിലും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീയുടെ സപ്ലൈ ഓർഡറിലും രേഖപ്പെടുത്തിയ ലഭ്യമാക്കേണ്ട മെഷിനറികളുടെ വില വിവരം ചുവടെ ചേർക്കുന്നു.

**ടെണ്ടറിലും സപ്ലൈ ഓർഡറിലും ലഭ്യമാക്കേണ്ട മെഷിനറികളുടെ വില വിവരം**

| Sl No. | Item | Quantity | Rate |
|---|---|---|---|
| 1 | Screw Feeder- Feeding Powder to Packing Machine | 6 | 6,00,000+ 1,08,000 (GST) = 7,08,000 |
| 2 | SS Lined Hammermill | 6 | 13,20,000+ 66,000 (GST) = 13,86,000 |
| | | **Total** | **20,94,000** |

ഫയൽ പരിശോധിച്ചതിൽ സ്ഥാപനം മേൽ മെഷിനറികൾ അംഗീകൃത ടെണ്ടറിലെ വിലയേക്കാളും കൂടിയ വിലക്കാണ് സപ്ലൈ ചെയ്തിട്ടുള്ളത്. വിശദവിവരം ചേർക്കുന്നു.

**മെഷിനറികൾ സപ്ലൈ ചെയ്ത ശേഷം തുക നൽകിയ ബിൽ പ്രകാരം**

| Sl No. | Item | Quantity | Rate |
|---|---|---|---|
| 1 | Screw Feeder- Feeding Powder to Packing Machine | 6 | 7,52,840/- (GST ഉൾപ്പെടെ)- ഇൻവോയിസ് നം. M/104 dt.27-3-18 |
| 2 | SS Lined Hammermill | 6 | 14,70,000/- (GST ഉൾപ്പെടെ)- ഇൻവോയിസ് നം. M/101 dt.27-3-18 |
| | | **Total** | **22,22,840/-** |

അധികം നൽകിയ വില രൂപ 1,28,840/- 14/17-18 തീയതി 29.03.2018 നമ്പർ ബിൽ പ്രകാരം 22,22,840/- രൂപ സുധീഷ്, മാനേജിംഗ് പാർട്ണർ, മെറ്റലേജ് മെഷിനറീസിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

മെഷിനറികൾ വിതരണം ചെയ്യപ്പെട്ട 6 ന്യൂട്രിമിക്സ് യൂണിറ്റുകളിൽ 16.05.2019, 02.09.2019, 03.09.2019 എന്നീ തീയതികളിൽ കുടുംബശ്രീ ഉദ്യോഗസ്ഥരുടെയും ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിമാരുടെയും സാന്നിധ്യത്തിൽ സന്ദർശിച്ചു. M/0104 Dated. 27.03.2018, M/0101 Dated. 27.03.2018 എന്നീ ഇൻവോയ്സുകൾ പ്രകാരമുള്ള Screw Feeder, Hammer Mill SS Lined എന്നിവ

ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് ലഭ്യമായിട്ടില്ലെന്ന് ബോധ്യപ്പെട്ട ജില്ലാ പഞ്ചായത്തിന്റെ 2017-18 പദ്ധതി പ്രകാരം പാക്കിംഗ് മെഷീൻ എന്ന ഉപകരണമാണ് ലഭിച്ചതെന്ന് ന്യൂട്രിമിക്സ് യൂണിറ്റ് ഭാരവാഹികൾ രേഖാമൂലം അറിയിച്ചു. പരിശോധന നടത്തിയ 6 യൂണിറ്റുകളിലും 2017-18 പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതായി പറയുന്ന പാക്കിംഗ് മെഷീൻ ജില്ലാ പഞ്ചായത്ത് വാങ്ങിയതു സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. ടെണ്ടർ പ്രകാരം വിതരണം ചെയ്യേണ്ട മെഷിനറികൾക്ക് പകരം പാക്കിംഗ് മെഷിൻ വാങ്ങുന്നതിനുള്ള തീരുമാനം ഭരണ സമിതി അംഗീകരിച്ചത് സംബന്ധിച്ച രേഖകളും ലഭ്യമാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 5/09.05.2019, 21/18.05.2019 ഓഡിറ്റ് എൻക്വയറികൾ നൽകി. ഇവക്ക് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല.

ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങളല്ല യൂണിറ്റുകളിലുള്ളത് എന്നും പരിശോധനയിൽ കണ്ട പാക്കിംഗ് മെഷീനുകളുടെ ക്വട്ടേഷൻ, ഇൻവോയ്സ്/ ബിൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല എന്ന് ആദ്യ മറുപടിയും പുനരഭിപ്രായവും നൽകി. പുനരഭിപ്രായക്കുറിപ്പിന് ജില്ലാ പഞ്ചായത്ത് നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

"ജില്ലയിലെ 6 ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് പൗഡർ പാക്കിംഗ് മെഷീൻ എന്നായിരുന്നു പദ്ധതിയിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ മറ്റൊരു ന്യൂട്രിമിക്സ് യൂണിറ്റിനുള്ള ഹാമ്മർ മില്ല് ഉൾപ്പെടെയുള്ള മെഷിനറികളും ഈ പദ്ധതിയുടെ മെഷിനറികളും ഒരുമിച്ചാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത്. ഹാമ്മർമിൽ എന്ന മെഷിന്റെ പ്രവർത്തനം നിലവിൽ യൂണിറ്റുകളിൽ പൾവറൈസർ എന്ന മെഷീൻ നിർവ്വഹിക്കുന്നുവെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടെ പൗച്ച് പാക്കിംഗ് മെഷിൻ വാങ്ങി നൽകാൻ കമ്പനിയോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ടെണ്ടറിൽ ഹാമ്മർ മില്ലും സ്ക്രൂ ഫീഡറും എന്ന് കാണിച്ച പോയതിനാലാണ് ബില്ലിൽ പൗച്ച് പാക്കിംഗ് മെഷീന്റെ വിലയായ തുക ഹാമ്മർ മില്ല്, സ്ക്രൂ ഫീഡർ എന്നിവയായി കാണിച്ചത് എന്ന്

ഏജൻസി അറിയിച്ചിട്ടുണ്ട്. പുതുക്കിയ ബില്ല്, വിതരണ ഏജൻസിയുടെ വിശദീകരണം, ആയതിൻമേലുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ വിലയിരുത്തൽ, ജില്ലാ പഞ്ചായത്ത് ഭരണ സമിതി തീരുമാനം എന്നിവ യഥാക്രമം അനുബന്ധം 4, 5, 6, 7 എന്നിവയായി ചേർക്കുന്നു.

മറുപടി പരിശോധിച്ചതിൽ ചില വൈരുദ്ധ്യങ്ങൾ കാണുന്നു. അനുബന്ധം 4 ആയി പൗച്ച് പാക്കിംഗ് മെഷീന്റെ ഇൻവോയ്സ് (നം.M/101 തീയതി 27.03.2018) ഹാജരാക്കി. എന്നാൽ ടെണ്ടറിൽ ഈ മെഷിന്റെ വില ഉൾപ്പെടുത്താതെ ബില്ലിൽ ലഭ്യമാക്കിയ വില എങ്ങനെ അംഗീകരിച്ചു എന്ന് വ്യക്തമല്ല.

അനുബന്ധം 5 ആയി മെറ്റൽ എയ്ജ് മെഷീനറിസ് കിഴുത്തോണി, ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്റർ, മലപ്പുറം-ന് അയച്ച 15.03.2018-ലെ കത്താണ്. "മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കുടുംബശ്രീ ന്യൂട്രിമിക്സുകൾക്ക് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുമ്പാകെ ടെണ്ടർ പ്രകാരം 6 ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് ഹാമർ മിൽ, സ്ക്രൂ ഫീഡർ ആണ് നൽകേണ്ടിയിരുന്നത്. പ്രസ്തുത പ്രൊജക്ടിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തോടെ പാക്കിംഗ് മെഷീനുകൾ വിതരണം ചെയ്യുകയാണ് ഉണ്ടായത്.

എന്നാൽ ഈ കത്ത് 15.03.2018-ലേതാണ്. ഈ കത്തിനു ശേഷം 24.03.2018-നാണ് മിഷൻ കോ-ഓർഡിനേറ്റർ ഹാമ്മർ മിൽ, സ്ക്രൂ ഫീഡർ എന്നിവയ്ക്ക് സപ്ലൈ ഓർഡർ നൽകിയിരിക്കുന്നത്. മാത്രമല്ല ടെക്നിക്കൽ കമ്മിറ്റിയുടെ യാതൊരു ശുപാർശയും ഫയലിൽ ലഭ്യമല്ല.

അനുബന്ധം 6 ആയി ജില്ലാ പഞ്ചായത്ത് സാങ്കേതിക കമ്മിറ്റി 2020 ജനുവരി 24-ന് ചേർന്ന യോഗത്തിന്റെ മിനുട്സിന്റെ പകർപ്പ് ലഭ്യമാക്കി. തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

- ടെണ്ടർ പ്രകാരം ഹാമ്മർ മിൽ നൽകാനുള്ള ഓർഡർ ആയതിനാൽ പ്രസ്തുത ബിൽ കാണിച്ച തന്നെ പാക്കിംഗ് മെഷീൻ നൽകുകയാണുണ്ടായത്. ഹാമർ മില്ലിന് യഥാർത്ഥത്തിൽ 5 ലക്ഷം രൂപയാണെന്നും അംഗീകാരത്തോടെ

3,13,960/- രൂപ വില വരുന്ന പാക്കിംഗ് മെഷീനുകൾ 6 ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നൽകുന്നതിനായി ബില്ല് വിഭജിച്ച് കാണിച്ചതാണെന്നും വിതരണ ഏജൻസിയുടെ മാനേജിംഗ് പാർട്ണർ സാങ്കേതിക കമ്മിറ്റി മുമ്പാകെ ഫോണിൽ വിളിച്ച് അറിയിച്ചതിൻ പ്രകാരം പദ്ധതി പ്രയോജനം സംരംഭകർക്ക് ലഭ്യമാക്കിയിട്ടുള്ളതായി കമ്മിറ്റി വിലയിരുത്തുന്നു.

- പാക്കിംഗ് മെഷീന്റെ യഥാർത്ഥ ബിൽ വിതരണ ഏജൻസിയിൽ നിന്നും ഫയലിൽ കൈപ്പറ്റുവാൻ തീരുമാനിച്ചു.

അനുബന്ധം 7 ആയി ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 28.01.2020-ലെ യോഗത്തിന്റെ 9(10) നമ്പർ തീരുമാനത്തിന്റെ ശരിപ്പകർപ്പാണ് ലഭ്യമാക്കിയത്. തീരുമാനം ചുവടെ ചേർക്കുന്നു.

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ പ്രൊജക്ടിൽ ഉൾപ്പെടുത്തിയ 6 ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് പാക്കിംഗ് മെഷീൻ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊജക്ടിന് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ പദ്ധതി രേഖയിൽ പാക്കിംഗ് മെഷീൻ എന്നും അകത്ത് ഹാമ്മർ മിൽ എന്നുമാണ് രേഖപ്പെടുത്തിയത്. അതനുസരിച്ച് ഹാമ്മർമില്ലാണ് ടെണ്ടർ ചെയ്തത്. എന്നാൽ യൂണിറ്റ് അംഗങ്ങളുടെ യോഗത്തിൽ ഈ മെഷിനറിക്ക് സമാനമായ രീതിയിൽ പ്രവർത്തിക്കുന്ന പൾവറൈസർ നിലവിൽ ഉള്ളതിനാലും പദ്ധതി രേഖയിൽ പാക്കിംഗ് മെഷീൻ രേഖപ്പെടുത്തിയിട്ടുള്ളതിനാലും ഹാമ്മർ മിൽ ആവശ്യമില്ലെന്ന് യൂണിറ്റുകൾ അറിയിക്കുകയും പ്രൊജക്ട് കാലാവധി കഴിയുകയായതിനാൽ റീ ടെണ്ടർ ചെയ്യുന്നതിന് സമയമില്ലാത്തതിനാൽ പൗച്ച് പാക്കിംഗ് മെഷീൻ വാങ്ങി നൽകുകയാണുണ്ടായതെന്നും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ 27.01.2020-ലെ 623/എ 2/16/കെ.എസ്.എം.പി.എം. നമ്പർ കത്തിൽ അറിയിച്ചത് പ്രകാരം ഹാമ്മർ മില്ലിന് പകരം പാക്കിംഗ് മെഷീൻ വാങ്ങിയ നടപടിക്ക് സാധൂകരണം നൽകി തീരുമാനിച്ചു.

യൂണിറ്റുകളിൽ നിലവിൽ ഉപയോഗിച്ചു വരുന്ന മെഷിനറികൾ ഏതെല്ലാമാണ്, പദ്ധതി രൂപീകരണ സമയത്ത് യൂണിറ്റുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമായ പഠനം നടത്തി ആയതിനുള്ള നടപടികൾ

ആസൂത്രണം ചെയ്യുന്നതിൽ പദ്ധതി രൂപീകരണഘട്ടത്തിലും നിർവഹണത്തിലും വീഴ്ച വന്നതായി കാണുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയും വിതരണ ഏജൻസിയും ചെയ്ത തെറ്റായ നടപടിക്രമങ്ങൾ സാങ്കേതിക കമ്മിറ്റിയും ഭരണ സമിതിയും 2 വർഷത്തിനു ശേഷം അംഗീകരിക്കുന്നതായാണ് കാണുന്നത്. ഈ നടപടി അംഗീകരിക്കാവുന്നതല്ല. ഈ വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള മറുപടി അംഗീകരിക്കാവുന്നതല്ലെന്ന് മലപ്പുറം ജില്ലാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 24.09.2020-ലെ കെ.എസ്.എ.എം.പി.എം19/ 437/2019 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, മലപ്പുറം ജില്ല - 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

70. ജില്ലയിലെ 6 കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ പൗഡർ പാക്കിംഗ് മെഷീൻ എന്നായിരുന്നു പദ്ധതിയിൽ രേഖപ്പെടുത്തിയിരുന്നതെന്നും എന്നാൽ ഡാറ്റ എൻട്രി സമയത്ത് പദ്ധതി രേഖയിൽ പാക്കിംഗ് മെഷീൻ എന്നും അകത്ത് 'ഹാമ്മർ മിൽ' എന്നും തെറ്റായി രേഖപ്പെടുത്തിയതുമൂലമാണ് ഹാമ്മർ മിൽ ടെണ്ടർ ചെയ്തതെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു. ഡാറ്റാ എൻട്രിയിലെ തെറ്റായ പരാമർശമാണ് പരാമർശ വിഷയത്തിന് ആധാരം എന്ന മറുപടി ഉൾക്കൊള്ളാൻ കഴിയുകയില്ലെന്നും ഒരു നിരീക്ഷണവുമില്ലാതെയാണ് ആറേഴ് വർഷം കൊണ്ട് പദ്ധതി പൂർത്തീകരിച്ചതെന്നും സമിതി അഭിപ്രായപ്പെട്ടു.

71. നിലവിൽ 6 മെഷീനുകൾ കുടുംബശ്രീ യൂണിറ്റുകൾക്ക് ഉപയോഗപ്രദമല്ലെന്നാണ് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിരിക്കുന്നതെന്നും മെഷീനുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സപ്ലൈ ചെയ്ത കമ്പനികളുമായി 20.09.2021-ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതാണെന്നും ഒരു മാസത്തിനകം റിപ്പോർട്ട് നൽകാമെന്നും

മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു പ്രസ്തുത വിഷയത്തിൽ വിശദമായ പരിശോധന ആവശ്യമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ടെണ്ടർ അടക്കമുള്ള വിഷയങ്ങളിലെ പരിശോധനാ റിപ്പോർട്ട് ലഭിച്ച ശേഷമേ വിശദമായ മറ്റ് നടപടികളിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

**72. ഡാറ്റാ എൻട്രിയിലെ തെറ്റായ രേഖപ്പെടുത്തലാണ് ഓഡിറ്റ് പരാമർശത്തിന് ആധാരം എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ലെന്നും ഒരു നിരീക്ഷണവുമില്ലാതെ ആറേഴ് വർഷം കൊണ്ട് പദ്ധതി പൂർത്തീകരിച്ചു എന്നാണ് ഓഡിറ്റ് പരാമർശത്തിൽ നിന്നും ബോധ്യപ്പെടുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. പരാമർശ വിഷയത്തിന്മേൽ വിശദമായ അന്വേഷണം നടത്തി ടെണ്ടർ സഹിതമുള്ള വിഷയങ്ങളിലെ പരിശോധനാ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**വയനാട് ജില്ല**

**തെരുവ് വിളക്ക് പരിപാലനം - വാർഷിക മെയിന്റനൻസ് കോൺട്രാക്ട് (AMC) നൽകിയതിലെ അപാകതകൾ**

[കൽപ്പറ്റ മുനിസിപ്പാലിറ്റി 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5]

2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിനായി വാർഷിക മെയിന്റനൻസ് കരാർ ടെണ്ടർ ക്ഷണിക്കുകയും പത്രത്തിൽ പരസ്യപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ട് ടെണ്ടറുകൾ ലഭിക്കുകയും കുറഞ്ഞ നിരക്ക രേഖപ്പെടുത്തിയ ടെണ്ടർ സ്ഥിരപ്പെടുത്തുകയും ചെയ്തു. അംഗീകരിച്ച ടെണ്ടർ പ്രകാരം രേഖപ്പെടുത്തിയ നിരക്ക് താഴെ ചേർക്കുന്നു.

| ഇനം | നിരക്ക് (രൂപ) |
|---|---|
| സിംഗിൾ സി.എഫ്.എൽ. | 2,270 |
| ഡബിൾ സി.എഫ്.എൽ | 2,460 |
| 36/25w സി.എഫ്.എൽ | 2,560 |
| 65W സി.എഫ്.എൽ | 2,840 |
| സോഡിയം വേപ്പർ | 4,400 |
| ലോമാസ്റ്റ് | 46,060 |
| ഹൈമാസ്റ്റ് | 68,600 |
| എൽ.ഇ. ലൈറ്റ് | 5,510 |

മേൽ രേഖപ്പെടുത്തിയ നിരക്ക് പ്രകാരമാണ് തൻവർഷം തുക കരാറുകാരന് നൽകിയത്.

തെരുവ് വിളക്ക് എ.എം.സി. നൽകിയത് പരിശോധിക്കുന്നതിനായി ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് തയ്യാറാക്കാതെയാണ് എ.എം.സി. ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. തെരുവ് വിളക്കുകളുടെ എണ്ണം, തെരുവ് വിളക്കുകൾ സ്ഥാപിച്ച സ്ഥലങ്ങളുടെ സൈറ്റ് പ്ലാൻ, കെ.എസ്.ഇ.ബി. പോസ്റ്റുകളുടെ നമ്പർ സഹിതമുള്ള രേഖകൾ എന്നിവ തയ്യാറാക്കിയിട്ടില്ല.

2. തെരുവ് വിളക്ക് സ്ഥാപിക്കുമ്പോൾ ആയതിന്റെ മെയിന്റനൻസിന്റെ ഭാഗമായി തകരാറുകൾ സംബന്ധിച്ച് നഗരസഭയെ അറിയിക്കുന്നതിനും തെരുവ് വിളക്കുകളുടെ പ്രവർത്തനം കൃത്യമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുമായി പ്രാദേശിക സമിതി രൂപീകരിക്കേണ്ടതാണ്. ആയത് രൂപീകരിച്ചിട്ടില്ല.

3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15.09.2011-ലെ സർക്കുലർ നം.3055/ ഡി.എ 3/2011 തസ്വഭവ., കരാറുകാരന്റെ ബാധ്യതകളും അവകാശങ്ങളും വ്യവസ്ഥ (ഇ) പ്രകാരം തെരുവ് വിളക്ക് സ്ഥാപിക്കലിന്റെ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ

നിർദ്ദിഷ്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പരാതി സംബന്ധിച്ച വിശദമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇതേ രജിസ്റ്ററുകൾ കെ.എസ്.ഇ.ബി. ഓഫീസ്, തദ്ദേശസ്ഥാപന ഓഫീസ് എന്നിവിടങ്ങളിൽ സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം പരാതി രജിസ്റ്റർ ഓഡിറ്റിനായി ഹാജരാക്കുന്നതിന് നിരവധി തവണ നേരിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അത്തരം രജിസ്റ്ററോ പകരം രേഖകളോ സൂക്ഷിച്ചിട്ടില്ല.

4. 2016-17 സാമ്പത്തിക വർഷത്തിൽ 33,89,770/- രൂപ തെരുവ് വിളക്കുകളുടെ എ.എം.സി.ക്കായി ചെലവഴിച്ചിട്ടുണ്ട്. തൻവർഷം കരാർ നൽകിയത് മുൻവർഷ കരാറിൽ ഏർപ്പെട്ട കരാറുകാരന് തന്നെയാണ്. ഇത്രയും തുക കരാർ തുക നൽകിയ സാഹചര്യത്തിലും ഇ-ടെണ്ടർ നടത്താത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. 2016-17, 2017-18 വർഷങ്ങളിൽ എ.എം.സി. നൽകിയതിന്റെ മുഴുവൻ രേഖകളും ഓഡിറ്റ് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. (ടെണ്ടർ, കരാറുടമ്പടികൾ, തുക നൽകിയതിന്റെ വൗച്ചറുകൾ, പ്രസ്തുത വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന തെരുവ് വിളക്കുകളുടെ എണ്ണം ഉൾപ്പടെയുള്ള വിവരങ്ങൾ രേഖകൾ സഹിതം).

5. എ.എം.സി.ക്കായി ഓപ്പൺ ടെണ്ടർ ആണ് വിളിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടീസിൽ മാതൃഭൂമി, ദി ഹിന്ദു എന്നീ പത്രങ്ങളിൽ പരസ്യം ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മാതൃഭൂമി പത്രത്തിൽ മാത്രമാണ് പരസ്യം ചെയ്തിട്ടുള്ളത്.

6. ടെണ്ടർ ക്ഷണിച്ചത് നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് ഉചിതമായില്ല. നിലവിൽ അത്തരത്തിൽ കരാറുകാർക്ക് നഗരസഭ രജിസ്ട്രേഷൻ നൽകുന്നില്ല.

7. തൻവർഷം തെരുവ് വിളക്ക് കത്താത്തതുമായി ലഭിച്ച പരാതികൾ ഓഡിറ്റിനായി ലഭ്യമാക്കുന്നതിനും പ്രസ്തുത പരാതികളിൽ തദ്ദേശസ്ഥാപനത്തിൽ നിന്നും അന്വേഷണം നടത്തിയതിന്റെ രേഖകൾ ആയതിന് ശേഷം കരാറുകാരന് തകരാർ പരിഹരിക്കുന്നതിനായി നിർദ്ദേശം നൽകിയതിന്റെ രേഖകൾ, പരാതി പരിഹരിച്ചതിന് ശേഷം തദ്ദേശസ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ

പരിശോധിച്ചതിന്റെ റിപ്പോർട്ട്, തെരുവ് വിളക്ക് സ്ഥിതി ചെയ്യുന്ന പ്രാദേശിക സമിതികളുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഇത്തരം രേഖകൾ സൂക്ഷിക്കുന്നില്ല എന്നാണ് അറിയിച്ചത്.

8. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15.09.2011-ലെ സർക്കുലർ നം.3055/ ഡി.എ 3/2011/തസ്വഭവ., സർക്കുലർ നം.ഡി.എ 3/2016/തസ്വഭവ., തീയതി 07.11.2017 നിർദ്ദേശങ്ങൾ കരാറുകാരനുമായുള്ള ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

9. മേൽ സർക്കുലർ പ്രകാരം എ.എം.സി. തുക 3 മാസത്തിലൊരിക്കൽ ആനുപാതികമായാണ് നൽകേണ്ടത്. കേടാവുന്ന തെരുവ് വിളക്കുകൾ കരാർ തീയതി മുതൽ ഒരു വർഷത്തേക്ക് തെളിയിക്കുന്നതിനാവശ്യമായ നടപടികൾ കരാറുകാരൻ സ്വീകരിക്കുന്നതിനാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇതിന് ആവശ്യമായ സ്പെയർപാർട്സ് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ കരാറുകാരൻ ഹാജരാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്.

നൽകിയ തുകയുടെ വിവരം.

| | | |
|---|---|---|
| ചെക്ക് നം. 2637009 തീയതി 21.08.2018 തുക | - | 15,76,130/- രൂപ |
| ചെക്ക് നം. 2637017 തീയതി 15.11.2018 തുക | - | 17,00,000/- രൂപ |
| ചെക്ക് നം. 2607026 തീയതി 18.6.2019 തുക | - | 8,88,857/- രൂപ |
| തൻവർഷം ആകെ ചെലവഴിച്ച തുക | - | 41,64,987/- രൂപ |
| ഇനി നൽകാൻ കാരാറുകാരൻ ആവശ്യപ്പെട്ട് നഗരസഭ നൽകാൻ തീരുമാനിച്ച ബാക്കി തുക | - | 2,77,270/ - രൂപ |
| ആകെ | - | 44,42,257/- രൂപ |

കരാറുകാരൻ നൽകിയ ബില്ലുകൾ പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തത്. ഹാജരാക്കിയ ബില്ലുകളോടൊപ്പം നന്നാക്കിയ തെരുവ് വിളക്കുകളുടെ ലിസ്റ്റ് കരാറുകാരൻ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ആയതിൽ നഗരസഭാ പരിധിയിലെ ചില പ്രദേശങ്ങളിലെ വിവിധ ഗണങ്ങളിൽപ്പെട്ട (സി.എഫ്.എൽ., എൽ.ഇ.ഡി. തുടങ്ങിയവ) തെരുവ് വിളക്കുകൾ നിശ്ചിത തീയതിയിൽ റിപ്പയർ ചെയ്തിട്ടുണ്ടെന്നും

ആയത് തങ്ങൾക്ക് ബോധ്യപ്പെട്ടെന്നും വിവിധ നഗരസഭാ കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയ പേജിൽ തന്നെയാണ് തെരുവ് വിളക്കുകളുടെ വിവരങ്ങളും ചേർത്തിട്ടുള്ളത്. സാക്ഷ്യപത്രം നൽകിയത് അച്ചടിച്ച നിലയിലും തെരുവു വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയത് കൈ കൊണ്ട് എഴുതിയ നിലയിലുമാണ്. ഇത് സാക്ഷ്യപത്രം സുതാര്യമല്ല എന്ന സൂചന നൽകുന്നു. മാത്രമല്ല റിപ്പയർ ചെയ്തതായി പറയപ്പെടുന്ന പേരിലുള്ള തെരുവ് വിളക്ക് സംബന്ധമായ യാതൊരു രേഖകളും നഗരസഭയിലില്ല. നഗരസഭ നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള തെരുവ് വിളക്കുകളാണ് റിപ്പയർ ചെയ്യേണ്ടതെന്നിരിക്കെ കരാറുകാരൻ നൽകിയ ലിസ്റ്റ് പ്രകാരം തുക നൽകിയ നടപടി തെറ്റാണ്. കരാറുകാരൻ നൽകിയ ലിസ്റ്റ് പ്രകാരമുള്ള തെരുവ് വിളക്കുകൾ തെളിയുന്നില്ല എന്ന പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. മാത്രമല്ല കരാറുകാരൻ നൽകിയ ലിസ്റ്റിലെ തെരുവ് വിളക്കുകൾ തെളിയുന്നുണ്ടോ എന്നും ഇവ തകരാറിലാണെന്ന് മുമ്പ് പരാതി വന്നിട്ടുണ്ടോ എന്നും യാതൊരു പരിശോധനയും നടത്തിയിട്ടില്ല. തെളിയാത്ത വിളക്കുകളാണ് റിപ്പയർ ചെയ്തത് എന്ന് യാതൊരു പരിശോധനയും നടത്തിയിട്ടില്ല.

മാത്രമല്ല മെയിന്റനൻസ് കരാർ ഒരു വർഷത്തേക്കാണ് കരാറുകാരനുമായി ഏർപ്പെട്ടിട്ടുള്ളത്. കരാറുകാരന് തുക അനുവദിക്കേണ്ടത് ഓരോ 3 മാസത്തിലൊരിക്കൽ ആനുപാതികമായാണ്. എന്നാൽ ഓരോ ഇനം തെരുവ് വിളക്കിനും എ.എം.സി. ആയി നൽകേണ്ട മുഴുവൻ തുകയും കരാറുകാരന്റെ ലിസ്റ്റ് പ്രകാരം ഒന്നിച്ച് നൽകുകയാണ് ചെയ്തത്. പിന്നീട് ഈ തെരുവ് വിളക്കുകൾ തെളിയാതെ വന്നത് കരാറുകാരൻ പരിഹരിക്കാതിരിക്കുകയും ചെയ്തു. നഗരസഭ സെക്രട്ടറി 25.03.2019-ന് മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയ കുറിപ്പിൽ നഗരത്തിലെ മെയിൻ റോഡ്, പത്മപ്രഭാ റോഡ്, എമിലി റോഡ്, മുണ്ടേരി റോഡ് തുടങ്ങി നഗരസഭ പരിധിയിലെ ഭൂരിപക്ഷം തെരുവ് വിളക്കുകളും മാസങ്ങളായി തെളിയുന്നില്ല എന്നും വിവിധ ഹൈമാസ്റ്റ് ലൈറ്റുകൾ രണ്ട് മാസമായി തെളിയുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 29.03.2019-ന് കരാറുകാരന് നൽകിയ കത്തിൽ തെരുവ് വിളക്ക് നന്നാക്കുന്നതിന് കരാറുകാരനോട് നഗരസഭ

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർദ്ദേശിച്ചിട്ടും കരാറുകാരൻ നിർദ്ദേശങ്ങൾ അവഗണിക്കുകയാണ് ചെയ്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് കരാർ ലംഘനമാണെന്നിരിക്കെ കരാറുകാരനെതിരെ യാതൊരു നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല.

10. കരാറുകാരൻ ടെണ്ടറിനോടൊപ്പം ലൈസൻസ്, പ്രവൃത്തി നടത്തുന്ന തൊഴിലാളികളുടെ ലൈസൻസ്, തൊഴിലാളികളുടെ സുരക്ഷക്കായി എടുത്തിട്ടുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസിയുടെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

11. മുൻ വർഷം 33 ലക്ഷം രൂപയിലധികം എ.എം.സി. ആയി നൽകിയിരിക്കെ, തൻവർഷം ടെണ്ടർ നൽകുന്നതിന് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. മേൽ സർക്കുലറുകൾ പ്രകാരം 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി വാങ്ങേണ്ടതാണ്. നഗരസഭയുടെ ഇ 3-147/18 പ്രകാരം 1,50,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടയ്ക്കാൻ കരാറുകാരന് നിർദ്ദേശം നൽകുകയും സെക്രട്ടറി, കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 1,00,000/- രൂപയായി കുറവ് ചെയ്യുകയും ചെയ്തു.

12. 2018-19 വർഷത്തെ ടെണ്ടർ സംബന്ധിച്ച് ചില കൗൺസിലർമാർ വിയോജന കുറിപ്പ് നൽകിയിരുന്നു. പ്രസ്തുത വിയോജന കുറിപ്പിൽ ടെണ്ടറിൽ പങ്കെടുത്ത വ്യക്തികൾ അച്ഛനും മകനുമാണെന്നും ആയതിനാൽ റീ-ടെണ്ടർ നടത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയതായി കാണുന്നില്ല.

മേൽപ്പറഞ്ഞ അപാകതകൾ കൂടാതെ ടെണ്ടർ നടപടികളിൽ സുതാര്യമല്ലാത്ത നടപടികൾ സ്വീകരിച്ചതിനാൽ 2018-19 വർഷത്തിൽ വൻതുക അധികമായി ചെലവഴിക്കേണ്ടി വന്നു.

2019-20 വർഷത്തേക്ക് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് നഗരസഭ ഓപ്പൺ ടെണ്ടർ ക്ഷണിക്കുകയും ആയത് പ്രകാരം നൽകേണ്ട തുകയും 2018-19 വർഷത്തിൽ നൽകിയ തുകയും തമ്മിലുള്ള താരതമ്യം താഴെ ചേർക്കുന്നു.

| ഇനം | 2018-19 വർഷത്തിൽ അംഗീകരിച്ച നിരക്ക് | 2019-20 വർഷത്തിൽ അംഗീകരിച്ച നിരക്ക് | അധികമായി നൽകേണ്ടി വന്ന തുക |
|---|---|---|---|
| സിംഗിൾ സി.എഫ്.എൽ | 2,270 | 560 | 1,710 |
| ഡബിൾ സി.എഫ്.എൽ | 2,460 | 560 | 1,900 |
| 36/25w സി.എഫ് എൽ | 2,560 | 560 | 2,000 |
| 65W സി.എഫ്.എൽ | 2,840 | 560 | 2,280 |
| സോഡിയം വേപ്പർ | 4,400 | - | നിലവിലില്ല |
| ലോമാസ്റ്റ് | 46,060 | 31,360 | 14,700 |
| ഹൈമാസ്റ്റ് | 68,600 | 39,200 | 29,400 |
| എൽ.ഇ. ലൈറ്റ് | 5,510 | 2,464 | 3,046 |

മേൽ പട്ടികയിൽ നിന്ന് തന്നെ 2019-20 വർഷത്തെ അപേക്ഷിച്ച് 2018-19 വർഷത്തിൽ വൻതുക വാർഷിക മെയിന്റനൻസ് കരാർ ഇനത്തിൽ നഷ്ടമായിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തിൽ പുതുതായി ഒരു എൽ.ഇ.ഡി. വിളക്ക് സ്ഥാപിക്കുന്നതിന് 6,900/- രൂപ മാത്രമാണ് ചെലവഴിക്കുന്നത്. ഇത് നഗരസഭ 17.01.2019 തീയതിയിൽ കെൽട്രോണുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ നിന്ന് വ്യക്തമാണ്. ഇതിന് മൂന്ന് വർഷത്തെ വാറണ്ടിയും ലഭ്യമാകുന്നു. ഈ സാഹചര്യത്തിലും നഗരസഭ ഒരു വർഷത്തെ മെയിന്റനൻസിനായി 2018-19 വർഷത്തിൽ ചെലവഴിക്കുന്നത് 5,510/- രൂപയാണ്. പുതിയ എൽ.ഇ.ഡി. ലൈറ്റ് 3 വർഷ വാറണ്ടിയോടെ മേൽ നിരക്കിൽ സ്ഥാപിക്കുമ്പോൾ ഒരു വർഷം ചെലവാക്കേണ്ടി വരുന്നത് 2,300/- രൂപ മാത്രമാണ്. നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാർക്ക് മാത്രമായി 2018-19 വർഷത്തിൽ ടെണ്ടർ ക്ഷണിച്ചതിനാലാണ് ഈ തരത്തിൽ തുക ചെലവഴിക്കേണ്ടി വന്നത്. കരാർ ലഭിച്ച ആൾക്ക് തന്നെ ഇത്തരത്തിൽ രജിസ്ട്രേഷൻ ഇല്ല. മേൽ അപാകങ്ങൾ നില നിൽക്കുന്ന സാഹചര്യത്തിൽ പദ്ധതിക്കായി തുക ചെലവഴിച്ചത് നഗരസഭ ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കുന്നു. തൻവർഷം ചെലവഴിച്ച 41,64,987/- രൂപ ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ

നിന്നും ഈടാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവു വിളക്ക സ്ഥാപിക്കലിലും പരിപാലനത്തിലും സമാന സ്വഭാവമുള്ള പരാമർശങ്ങൾ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. കൃത്യമായ നിയമ ദർശനം ഉണ്ടായിട്ടും തുടർന്നു വരുന്ന ഈ വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു (എൻക്വയറി നം. 19/18-19 തീയതി 01.11.2019).

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള മറുപടി ലഭ്യമാക്കിയിട്ടില്ലായെന്ന് വയനാട് ജില്ലാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 23.09.2020-ലെ കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. എം3-1014/20 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, വയനാട് ജില്ല - 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

73. 2018-19 വർഷത്തെ തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതികൾ വാർഡ് കൗൺസിലർമാരാണ് റിപ്പോർട്ട് ചെയ്യുന്നതെന്നും പരാതി രജിസ്റ്റർ മുനിസിപ്പൽ ഓഫീസിൽ സൂക്ഷിക്കുകയും രേഖപ്പെടുത്തുകയും ലൈസൻസിയെ അറിയിക്കുകയും ചെയ്യിട്ടുണ്ടെന്നും പത്രപരസ്യം നൽകി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത വ്യക്തിക്കാണ് മെയിന്റനൻസ് കോൺട്രാക്ട് നൽകിയതെന്നും ഒരു ഇംഗ്ലീഷ് പത്രത്തിലും മലയാളം പത്രത്തിലും പരസ്യം നൽകിയിരുന്നുവെങ്കിലും മാതൃഭൂമി പത്രത്തിൽ മാത്രമാണ് പരസ്യം വന്നതെന്നും ഹിന്ദു പത്രത്തിൽ പരസ്യം വരാതിരുന്നത് ശ്രദ്ധയിൽപ്പെട്ടില്ലെന്നും കൽപ്പറ്റ മുനിസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

74. ഹിന്ദു പത്രത്തിന് പരസ്യത്തിനുള്ള തുക നൽകിയിരുന്നോയെന്ന് സമിതി ആരാഞ്ഞതിന് തുക നൽകിയിട്ടില്ലെന്നും 2018-19 വർഷത്തേക്കാളും കുറഞ്ഞ റേറ്റിലാണ് 2019-20 വർഷത്തിൽ കോൺട്രാക്ട് എടുത്തതെന്നാണ് മറ്റൊരു ഓഡിറ്റ് പരാമർശമെന്നും നടപടിക്രമമനുസരിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നാണ് അപേക്ഷിക്കാനുള്ളതെന്നും എ.എം.സി.ക്കായി ഇ.എം.ഡി. കുറച്ചു നൽകി എന്ന പരാമർശത്തിൽ 05.11.2015-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവുപ്രകാരം upto 2.5% of the project cost അനുസരിച്ചാണ് ഇ.എം.ഡി. അനുവദിച്ചിട്ടുള്ളതെന്നും കൽപ്പറ്റ മുനിസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു കരാറുകാരന് മെയിന്റനൻസിനുള്ള ലിസ്റ്റ് നഗരസഭ നൽകിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് തെരുവു വിളക്കുകളുടെ ലിസ്റ്റ് നഗരസഭ നൽകിയതു പ്രകാരമാണ് പ്രവൃത്തി നടത്തിയതെന്നും പ്രാദേശിക സമിതിയുടെ ചെയർമാനായ വാർഡ് കൗൺസിലർ ഒപ്പിട്ട് ഓവർസീയർ പരിശോധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കൗണ്ടർസൈൻ ചെയ്തതിന് ശേഷം കൗൺസിലിൽ വച്ചാണ് തുക അനുവദിച്ചിരുന്നതെന്നും എഗ്രിമെന്റ് പ്രകാരം 44,42,257/- രൂപ നൽകേണ്ടിയിരുന്നെങ്കിലും 41,64,987/- രൂപയാണ് നൽകിയതെന്നും സെക്രട്ടറി നോട്ടീസ് നൽകിയിട്ടും മെയിന്റനൻസ് ചെയ്യാൻ കാലതാമസം വരുത്തിയതിന് കൗൺസിൽ തീരുമാനപ്രകാരം 2,77,270/- രൂപ കുറവ് ചെയ്തിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. രജിസ്റ്റർ തയ്യാറാക്കി കൊടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലെന്നതാണ് ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലെന്നും സമിതി നിരീക്ഷിച്ചു ഇവിടെ ഇ.എം.ഡി. 2.5% അനുസരിച്ചാണ് ഈടാക്കിയതെന്നും എന്നാൽ, 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റും ഒരു ശതമാനം ഇ.എം.ഡി.യുമാണ് ഈടാക്കേണ്ടതെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. സെക്യൂരിറ്റി തുക സംബന്ധിച്ച് ധനകാര്യ വകുപ്പ് ചൂണ്ടിക്കാണിച്ച വിഷയം നിലനിൽക്കുന്നുണ്ടെന്നും ഡിഫക്റ്റ് ലയബിലിറ്റി പീരിഡ് കഴിയുന്നതുവരെ സൂക്ഷിക്കണമെന്ന് പറയുമ്പോഴും അത് കൃത്യമായി പാലിക്കാൻ മുൻസിപ്പാലിറ്റിക്ക്

കഴിഞ്ഞിട്ടില്ലെന്നും ആയത്ു സംബന്ധിച്ച് കൃത്യമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകിയാൽ മാത്രമേ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്നും സമിതി അറിയിച്ചപ്പോൾ മറുപടി ലഭ്യമാക്കാമെന്ന് കൽപ്പറ്റ മുൻസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**75. ഓഡിറ്റ് പരാമർശം സംബന്ധിച്ചുള്ള കൃത്യമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## കണ്ണൂർ ജില്ല

**എ.ബി.സി.പ്രോജക്ടിനുവേണ്ടി നിർമ്മിച്ച കെട്ടിടം ഉപയോഗിക്കാനായില്ല 14,34,562/- പാഴ് ചെലവ്**

[കണ്ണൂർ ജില്ലാപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-25]

- പ്രോജക്ട് : - 372/2019 തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി
- അടങ്കൽ - 22,60,000/- (വികസനഫണ്ട് ജനറൽ)
- 20,000/- (തനത് ഫണ്ട്)
- 1,00,00,000/- (ഗ്രാമപഞ്ചായത്ത് വിഹിതം)
- ആകെ- 1,22,80,000/-
- നിർവഹണ ഏജൻസി :- നിർമിതി കേന്ദ്രം
- ആകെ പ്രവൃത്തിമൂല്യം 14,34,562/-
- ചെക്ക് നമ്പർ : 2946157/27.3.2019 - 10,61,087/-
- മൊബിലൈസേഷൻ അഡ്വാൻസ് (2017-18) 3,10,000/- (ചെക്ക് നമ്പർ ലഭ്യമല്ല)
- നിർവഹണ ഉദ്യോഗസ്ഥൻ-ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം സർക്കാരിലേക്കുള്ള അടവുകൾ - ഇൻകം ടാക്സ് 25,390/-, ജി.എസ്.ടി. 25,390/- രൂപ, KCWWF - 12,695/- രൂപ

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2017-18 വർഷത്തെ 803/18 നമ്പർ പ്രോജക്ടായ തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കോപ്പാലം വെറ്ററിനറി ഡിസ്പെൻസറിയിൽ എബിസി കേന്ദ്രം നിർമിക്കുന്നതിന് 15,50,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, നിർമിതി കേന്ദ്രക്ക് മൊബിലൈസേഷൻ അഡ്വാൻസായി 2017-18-ൽ 3,10,000/- രൂപ അനുവദിക്കുകയും 2018-19-ൽ ഫൈനൽ ബിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച ചെക്ക് പ്രകാരം ഫൈനൽ ബിൽ തുക നിർമിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി 05.12.2019-ന് തലശ്ശേരി നഗരസഭയുടെ പരിധിയിലുള്ള കോപ്പാലം വെറ്ററിനറി സെന്ററിൽ നിർവഹണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. അപ്പോൾ കണ്ടെതായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. കോപ്പാലം വെറ്ററിനറി സെന്ററിൽ നിർമിച്ച എബിസി സെന്റർ നിലവിൽ പ്രവർത്തിക്കുന്നില്ല.

2. സെന്ററിന് തൊട്ടടുത്ത ബിൽഡിംഗിൽ അങ്കണവാടി പ്രവർത്തിക്കുന്നുണ്ട്.

3. മാലിന്യ നിർമാർജനത്തിന് ഫലപ്രദമായ മാർഗങ്ങളില്ല.

4. നായകൾക്കു വേണ്ടിയുള്ള 12 കൂടുകൾ ഉപയോഗ ശൂന്യമായിക്കിടക്കുന്നു.

5. ഷെൽഫുകൾ, വാഷിംഗ് മെഷീൻ, ഓട്ടോക്ലേവ്, ശസ്ത്രക്രിയോപകരണങ്ങൾ എന്നിവ ഉപയോഗിക്കാതെ നശിക്കുന്നു.

6. ഉപ്പുവെള്ളം മാത്രം ലഭ്യമാകുന്നതിനാൽ ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു.

സ്ഥാപനത്തിന്റെ നിർമാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രസ്തുത സ്ഥലം എബിസി കേന്ദ്രം പ്രവർത്തിക്കുന്നതിന് അനുയോജ്യമാണോ എന്ന സാധ്യതാ പഠനം നടത്തിയിട്ടില്ല. ആ കാലത്ത് ചുമതലയുണ്ടായിരുന്ന നിർവഹണ ഉദ്യോഗസ്ഥൻ, സ്ഥലം വെറ്ററിനറി സർജൻ, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ തീരുമാന പ്രകാരമാണ് ഇവിടെ കേന്ദ്രം ആരംഭിച്ചതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണം നമ്പർ

29/19.11.2019-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. കൂടാതെ എബിസി കേന്ദ്രം നിലവിൽ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ലെന്ന് സമ്മതിച്ചിട്ടുമുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 14,34,562/- രൂപ പാഴ് ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള മറുപടി ലഭ്യമാക്കിയിട്ടില്ലായെന്ന് കണ്ണൂർ ജില്ലാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 23.09.2020-ലെ കെ.എസ്.എ.കെ.എൻ.ആർ/സി17/125/ 2020 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, കണ്ണൂർ ജില്ല - 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

76. സർക്കാരിന് പാഴ്ച്ചെലവുണ്ടായിട്ടില്ലെന്ന ഗവൺമെന്റ് മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു

## നിഗമനങ്ങളും ശിപാർശകളും

**77. സർക്കാരിന് പാഴ്ചെലവുണ്ടായിട്ടില്ലെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## കാസർഗോഡ് ജില്ല

ഓഡിറ്റ് ഖണ്ഡിക

**കെട്ടിട നിർമ്മാണം ക്രമവത്കരണം - അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിടവിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല.**

[കിണാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1]

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ ഈ കാലയളവിൽ കെട്ടിട നിർമ്മാണ പെർമിറ്റ്

അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 (2) ടേബിൾ 2 (Table 2 substituted by SRO No. 675/2017, w.e.f. 31.10.2017) അനുസരിച്ച് ലോഡ്ജിംഗ് ആവശ്യങ്ങൾക്ക് (ലോഡ്ജിംഗ് ഹൗസുകൾ) ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണം 'A2' ആണ്. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതം '1.5' ആണ്. അധികം വരുന്ന ഓരോ ചതുരശ്ര മീറ്ററിനും 5,000/- രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '2.25' വരെ തറ വിസ്തീർണ്ണാനുപാതം അനുവദിക്കാവുന്നതാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 (2) (iii) പ്രകാരം ഒന്നിൽ കൂടുതൽ കൈവശ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പരമാവധി അനുവദനീയമായ തറ വിസ്തീർണ്ണാനുപാതവും പരിധിയും പുരയിടത്തിന് 0.5 ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണവുമുണ്ടെങ്കിൽ പട്ടിക 2 (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) ലെ യഥാക്രമമുള്ള കൈവശാവകാശ ഗണങ്ങളുടെ കീഴിലുള്ള തറ വിസ്തീർണ്ണാനുപാതത്തിന്റെയും പരിധിയുടെയും ശരാശരി മൂല്യമായിരിക്കേണ്ടതാണ്. എന്നാൽ പുരയിട വിസ്തീർണ്ണം 0.5 ഹെക്ടർ വരെയാണെങ്കിൽ തറ വിസ്തീർണ്ണാനുപാതവും പരിധിയും ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റെ ആയിരിക്കണം. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിർമ്മിച്ച താഴെ വിവരിക്കുന്ന കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ കാറ്റഗറി ഗണം മാറ്റി അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതത്തിലും ഉപരിയായി തറ വിസ്തീർണ്ണാനുപാതം അനുവദിച്ച് കൊണ്ട് നിർമ്മാണ പെർമ്മിറ്റ് അനുവദിച്ചതായി കാണുന്നു. എന്നാൽ, അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന തറ വിസ്തീർണ്ണാനുപാതം അനുവദിക്കുന്നതിന് ചട്ടങ്ങളിലെ പട്ടിക 2 കോളം 6-ലെ അധിക ഫീസ് ഇടാക്കിയതായി കാണുന്നുമില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | ജോസ് എബ്രഹാം |
| സർവ്വെ നം. & സെന്റ് | 40/1k, 50/1B-ലെ 81 സെന്റ് (3278 $m^2$) |
| വില്ലേജ് | പരപ്പ |
| പെർമിറ്റ് നം | SC2-BA(6907)/2018 തീയതി 09.01.2018 |
| പെർമിറ്റ് എടുത്ത കെട്ടിടത്തിന്റെ അളവ് | 6641.28$m^2$ (പ്ലിന്ത് ഏരിയ)<br>5375.34$m^2$ (ഫ്ലോർ ഏരിയ) |
| അടവാക്കിയ ഫീസ് | 33,207/- രൂപ, (Receipt No. & Date 105766/09.01.2018) |

കെട്ടിടത്തിന്റെ അളവ്-

| **കെട്ടിടത്തിന്റെ നിലകൾ** | **ഫ്ലോർ ഏരിയ ($m^2$)** | **കെട്ടിടത്തിന്റെ കൂടുതൽ വിശദാംശങ്ങൾ** |
|---|---|---|
| GROUND F | 547.55 | 692.76$m^2$(parking), floor area 547.55$m^2$ |
| FIRST F | 1165.32 | 598.62$m^2$+566.70$m^2$ |
| SECOND F | 1523.74 | 962.23$m^2$ + 561.51$m^2$ |
| THIRD F | 1020.97 | |
| FOURTH F | 1018.02 | |
| Terrace floor | 99.74 | 58.38$m^2$ + 41.36$m^2$ |
| **Total** | **5375.34** | |

- കെട്ടിടത്തിന്റെ തരം-വാണിജ്യ-താമസ ആവശ്യം (ഗ്രൂപ്പ് A2, എഫ്)
- കെട്ടിടത്തിന്റെ തറ വിസ്തീർണ്ണാനുപാതം = 5375.34/ 3278 = 1.64 $m^2$
- അനുവദനീയമായ തറ വിസ്തീർണ്ണാനുപാതം = 1.5 x 3278 = 4917 $m^2$
- ഓരോ ചതുരശ്ര മീറ്ററിനും 5,000 രൂപ അധിക ഫീസ് ഇടാക്കി അനുവദിക്കാവുന്ന കെട്ടിട വിസ്തീർണ്ണം = 2.25 x 3278$m^2$ = 7375.5$m^2$ ആണ്.
- ഇവിടെ അധിക നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ അളവ് താഴെ കൊടുക്കുന്നു.
- കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ - അനുവദനീയമായ തറ വിസ്തീർണാനുപാതം = 5375.34$m^2$ - 4917$m^2$ = 458.34 $m^2$
- അധിക നിർമ്മാണം = 458.34$m^2$

അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് 22,91,700/- രൂപ (458.34x5,000) കൂടി പെർമിറ്റ് ഫീയോടൊപ്പം ഉടമയിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കാതെ 33,207/- രൂപ (Rcceipt No.&Date 105766/09.01.2018) ഫീസ് മാത്രം ഈടാക്കി പെർമിറ്റ് നല്കുകയാണുണ്ടായത്. പെർമിറ്റ് ഇനത്തിൽ കുറവ് വന്ന 22,91,700/- രൂപ ഈടാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം സംബന്ധിച്ചുള്ള മറുപടിയിൽ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2)iii, പട്ടിക (2) എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെയാണ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമായതായി കാസർഗോഡ് ജില്ലാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 16.09.2020-ലെ കെ.എസ്.എ.കെ.എസ്.ഡി11/210/2020-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.1, കാസർഗോഡ് ജില്ല - 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിശോധിച്ച സമിതി, പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത്, പ്രാദേശിക ഓഡിറ്റ് വിഭാഗവുമായി ബന്ധപ്പെട്ട് പരിശോധന നടത്തി മേൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു

## നിഗമനങ്ങളും ശിപാർശകളും

**79. പരാമർശ വിഷയം സംബന്ധിച്ച് പഞ്ചായത്ത് പ്രാദേശിക ഓഡിറ്റ് വിഭാഗവുമായി ബന്ധപ്പെട്ട് പരിശോധന നടത്തി മേൽ നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

തിരുവനന്തപുരം,
...2022 മാർച്ച് 06

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

## അനുബന്ധം -I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നം. | ഖണ്ഡിക | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1. | 3 | തദ്ദേശസ്വയംഭരണ വകുപ്പ് | പദ്ധതി നിർവ്വഹണം ശരിയായ രീതിയിൽ നടപ്പിലാക്കാതെ തെറ്റായി കാര്യങ്ങൾ ചെയ്തതിനെ റാറ്റിഫൈ ചെയ്യാൻ ശ്രമിക്കുന്ന നടപടി ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. സർക്കാർ മറുപടി തൃപ്തികരമല്ലാത്തതിനാൽ തനത് ഫണ്ട് എന്ന് പറയുന്നത് ജനറേറ്റഡ് ഇൻകം ആണോ ജനറൽ പർപ്പസ് ഗ്രാന്റ് ആണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 2. | 7, 8 | " | പ്രോജക്ട് മുന്നോട്ടുവച്ചപ്പോൾ തന്നെ ആരോഗ്യ വകുപ്പുമായിട്ട് ചർച്ചചെയ്ത് പ്രായോഗികമാണോ യെന്ന് ഉറപ്പ് വരുത്താത്തത് പഞ്ചായത്തിന്റെ വീഴ്ചയായി സമിതി വിലയിരുത്തുന്നു.<br>കെ.എസ്.എം.സി.എൽ.മായിട്ടുള്ള എഗ്രിമെന്റിൽ ധാരാളം അപാകതകളുണ്ടെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത കെട്ടിടം ആരോഗ്യ വകുപ്പിന്റെ ഭാഗമായി ഉപയോഗിച്ചിട്ട് നിഷ്ക്രിയ ആസ്തിയല്ലാതാക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കണമെന്നും നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി കെട്ടിടം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് പൂവച്ചൽ ഗ്രാമ പഞ്ചായത്ത് അറിയിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 3. | 11 | " | ഓഡിറ്റ് അന്വേഷണ സമയത്ത് അധികം നൽകിയ തുക ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നും ഈടാക്കുന്നതിനെടുത്ത തീരുമാനം തെറ്റാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി നിർവ്വഹണത്തിൽ ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് ക്രമക്കേട് കാണിച്ച ഉദ്യോഗസ്ഥരിൽ നിന്ന് തന്നെ അത് തിരികെ ഈടാക്കുന്നതിനുള്ള വകുപ്പുതല നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4. | 13 | " | റിലയൻസ് ജിയോ കമ്പനിയിൽ നിന്നും റിസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ കുറവ് വന്ന തുക തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങളും കമ്പനിക്കെതിരെ ഫയൽ ചെയ്തിരിക്കുന്ന കേസിന്റെ നിലവിലെ സ്ഥിതിയും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 5. | 20, 21 | " | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു പ്രവൃത്തിക്ക് സാങ്കേതികാനുമതി ആവശ്യപ്പെട്ടാൽ കൃത്യസമയത്ത് ലഭിക്കുന്നില്ലെന്നുള്ളത് ഒരു പൊതുപ്രശ്നമാണെന്ന് സമിതി നിരീക്ഷിക്കുന്നു. സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസം വരുത്തിയ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടാൻ സമിതി നിർദ്ദേശിക്കുന്നു.<br>പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയവരെ കണ്ടെത്തി നഷ്ടമായ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരിക്കുന്നതിനാൽ, പ്രസ്തുത തുക തിരിച്ചു പിടിച്ചതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 6. | 23 | " | ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന സ്വകാര്യ ബസ്സ്റ്റാൻഡ് 2021 നവംബർ മാസം 1-ാം തീയതി തന്നെ പ്രവർത്തനക്ഷമമാക്കുമെന്ന് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി സെക്രട്ടറി ഉറപ്പു നൽകിയിരിക്കുന്നതിനാൽ, പ്രസ്തുത തീയതിയിൽ തന്നെ പ്രവർത്തനോദ്ഘാടനം നടന്നുവെന്ന് ഉറപ്പ് വരുത്തണമെന്നും ആയത് സംബന്ധിച്ച വിവരം അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 7. | 29 | " | ഗ്യാസ് ക്രിമിറ്റോറിയം എന്ന പഞ്ചായത്തിന്റെ ആശയം നല്ലതായിരുന്നെങ്കിലും നടപ്പിലാക്കിയ രീതിയിൽ പിഴവ് സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ വാല്യൂവേഷൻ നടപടി അടിയന്തരമായി പൂർത്തീകരിച്ച് കോസ്റ്റ് ഫോർഡിന് കൂടുതൽ തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചു പിടിക്കുന്നതിനും റിസ്ക് & കോസ്റ്റിൽ മിച്ചമുള്ള പണി പൂർത്തീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിംഗിന്റെ മേൽനോട്ടത്തിൽ ചെയ്ത പ്രവൃത്തി അല്ലാത്തതുകൊണ്ട് വാല്യൂവേഷൻ നടത്തുവാൻ കഴിയില്ലെന്ന നിലപാട് ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വാല്യൂവേഷൻ സമീപത്തെ സർക്കാർ എഞ്ചിനിയറിംഗ് കോളേജുകളെ ഉപയോഗിച്ച് നിശ്ചയിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 8. | 31 | " | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9. | 33 | " | ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച് ഹൗസിംഗ് ബോർഡ് പ്രതിനിധി, പഞ്ചായത്ത് പ്രസിഡന്റ്, സർക്കാർ പ്രതിനിധി ഉൾപ്പെടെയുള്ളവരുടെ സംയുക്ത യോഗം വിളിച്ച് ചേർത്ത് വകുപ്പുതലത്തിൽ പ്രശ്നപരിഹാരമുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 10. | 43 | " | ഇ.എം.എസ്. ഭവനപദ്ധതിയിൽ പലിശ അടച്ചുതീർക്കുന്നതിനായി തുക നൽകാമെന്ന് തദ്ദേശസ്വയംഭരണം, സഹകരണം, ധനകാര്യം എന്നീ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ തീരുമാനമെടുത്തതിൻ പ്രകാരം പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് പലിശയിനത്തിൽ നൽകാനുള്ള സർക്കാർ വിഹിതമായ 76 കോടി രൂപ നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഇത്തരത്തിലുള്ള അവസരങ്ങൾ ഉണ്ടായിട്ടും ഐ.എ.വൈ. പദ്ധതികളുടെ പലിശയിനത്തിൽ ലഭിക്കേണ്ട തുക കൺസോളിഡേറ്റ് ചെയ്ത് ധനകാര്യ വകുപ്പിന് നൽകാത്തത് നീതീകരിക്കത്തക്കതല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ രണ്ടാഴ്ചക്കുള്ളിൽ തന്നെ ആയത് സംബന്ധിച്ച കൺസോളിഡേറ്റഡ് ലിസ്റ്റ് കൈമാറണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 11. | 45 | " | പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾക്ക് ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കി സമിതിയ്ക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 12. | 48 | " | ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 13. | 53 | " | വട്ടവട മാതൃകാ ഗ്രാമം പദ്ധതി പ്രാവർത്തികമാക്കാനുള്ള തടസ്സം നീക്കുന്നതിന് ജില്ലാ കളക്ടറുടെ സഹായത്തോടെ പഞ്ചായത്ത് ഡയറക്ടറേറ്റ് മുൻകൈയ്യെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പദ്ധതിയുടെ സാമൂഹ്യ പശ്ചാത്തലം ഉൾക്കൊണ്ടുകൊണ്ട് പദ്ധതി പ്രാവർത്തികമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 14. | 55 | " | ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 15. | 59, 60 | " | പുതിയ പ്രവൃത്തികൾക്ക് പോലും രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തത് വീഴ്ചയായി സമിതി വിലയിരുത്തുന്നു. കൂടാതെ, ട്യൂബ്ലൈറ്റുകളുടെ എണ്ണം കൂട്ടിനൽകിയതും കരാറുകാരന് അഡ്വാൻസ് നേരത്തെ നൽകിയതും കരാർ കാലാവധിക്ക് മുമ്പേ തുക കൊടുത്തു തീർത്തതും മിസ് അപ്രോപ്രിയേഷന്റെ ഭാഗമായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് ഖണ്ഡികയിലെ മറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്നും മേൽ പ്രസ്താവിച്ച പരാമർശങ്ങളിന്മേൽ മറുപടി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br>യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയില്ലെന്ന പരാമർശ വിഷയത്തിൻമേൽ |

| | | | |
|---|---|---|---|
| | | | മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ ലോക്കൽ വെരിഫിക്കേഷൻ നടത്തിയും കെ.എസ്.ഇ.ബി. യുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥൻ നൽകിയ മറുപടിയും പരിശോധിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 16. | 65 | " | 2018-ലെ പ്രളയം മൂലം കേരളം ദുരിതമനുഭവിക്കുന്ന കാലഘട്ടത്തിൽ പഞ്ചായത്ത് നക്ഷത്രതടാകവും കാർണിവലും പോലുള്ള പരിപാടികൾ സംഘടിപ്പിച്ച നടപടി അനുചിതമായിപ്പോയി എന്ന് സമിതി വിലയിരുത്തുന്നു. പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്ന കാര്യങ്ങളിൽ നിയമത്തെ അവഗണിച്ചുകൊണ്ടുള്ള പഞ്ചായത്തുകളുടെ പ്രവർത്തനം അംഗീകരിക്കാൻ കഴിയുന്നതല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാർഗ്ഗരേഖ മറികടന്ന് പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചുവെന്നത് സമിതി ഗൗരവമായി കാണുന്നു. മേലിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഡി.പി.സി. പദ്ധതികൾക്ക് അംഗീകാരം നൽകരുതെന്നും അത്തരം പദ്ധതികളുടെ അനുമതിയ്ക്കായി ഡി.പി.സി.യെ സമീപിച്ചാൽ അക്കാര്യം സർക്കാരിനെ അറിയിച്ച് അംഗീകാരം വാങ്ങേണ്ടതാണെ ന്നുള്ള കർശന നിർദ്ദേശം സർക്കാർ നൽകണമെന്നും പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് അന്വേഷിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 17. | 67 | " | ആവശ്യകത വിലയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചതായും നടപടിക്രമങ്ങൾ പാലിക്കാതെ തുക കൈമാറിയതായും വിലയിരുത്തിയ സമിതി പദ്ധതികൾ ഏറ്റെടുക്കുന്നതിനുമുമ്പായി ഫീസിബിലിറ്റി സ്റ്റഡി നടത്തേണ്ടതായിരുന്നുവെന്നും എഗ്രിമെന്റില്ലാതെ റെയിൽവേയുമായുള്ള പ്രോജക്ട് മുന്നോട്ടുകൊണ്ടു പോകുവാൻ പാടില്ലായിരുന്നുവെന്നും അഭിപ്രായപ്പെടുന്നു ഇത്തരത്തിലുള്ള വീഴ്ച ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18. | 69 | " | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ചതുസംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 19. | 72 | " | ഡാറ്റാ എൻട്രിയിലെ തെറ്റായ രേഖപ്പെടുത്തലാണ് ഓഡിറ്റ് പരാമർശത്തിന് ആധാരം എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ലെന്നും ഒരു നിരീക്ഷണവുമില്ലാതെ ആറേഴ് വർഷം കൊണ്ട് പദ്ധതി പൂർത്തീകരിച്ചു എന്നാണ് ഓഡിറ്റ് പരാമർശത്തിൽ നിന്നും ബോധ്യപ്പെടുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. പരാമർശ വിഷയത്തിന്മേൽ വിശദമായ അന്വേഷണം നടത്തി ടെണ്ടർ സഹിതമുള്ള വിഷയങ്ങളിലെ പരിശോധനാ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 20. | 75 | " | ഓഡിറ്റ് പരാമർശം സംബന്ധിച്ചുള്ള കൃത്യമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 21. | 77 | " | സർക്കാരിന് പാഴ്ചെലവുണ്ടായിട്ടില്ലെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22. | 79 | " | പരാമർശ വിഷയം സംബന്ധിച്ച് പഞ്ചായത്ത് പ്രാദേശിക ഓഡിറ്റ് വിഭാഗവുമായി ബന്ധപ്പെട്ട് പരിശോധന നടത്തി മേൽ നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

## തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പരാമർശ ഖണ്ഡികനമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | വിളപ്പിൽ | 3.1.1 | 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1<br><br>സർക്കാർ അനുമതി കൂടാതെ (പഞ്ചായത്ത് ഓഫീസിൽ കാർപ്പെറ്റ് സ്ഥാപിച്ചത്) അനാവശ്യച്ചെലവ്- 2,73,682 രൂപ നിരാകരിക്കുന്നു - ഭരണസമിതി അംഗങ്ങളിൽ നിന്നും നിർവണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കേണ്ടതാണ്. | പുതിയതായി പണികഴിച്ചതും വെടിഫൈഡ് ടൈൽസ് പാകിയതുമായ നിലത്തിൽ കാർപെറ്റ് വിരിച്ചത് ആഡംബരമാണെന്നും ആഫീസിൻെറ നിലത്ത് കാർപെറ്റ് വിരിക്കുക വഴി 2,73,682/- രൂപയുടെ അനാവശ്യ ചെലവുണ്ടായി എന്ന് ആഡിറ്റ് നിരീക്ഷിക്കുകയും ആയതിന് ചെലവായ 2,73,682/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ഭരണസമിതി, അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കണമെന്നും ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം നിർദ്ദേശിച്ചിരുന്നത്. വിളപ്പിൽ ഗ്രാമപഞ്ചായത്താഫീസിനായി പുതിയ കെട്ടിടം പണികഴിപ്പിച്ചതിനെ തുടർന്ന് 28/06/2018 ലാണ് പുതിയ കെട്ടിടത്തിൽ, ഗ്രാമപഞ്ചായത്താഫീസും, വിവിധ ജനപ്രതിനിധികളുടെ ആഫീസ് എന്നിവയും പ്രവർത്തനം ആരംഭിച്ചത്. ഒന്നാം നിലയിൽ ജനപ്രതിനിധികളുടെ ആഫീസും രണ്ടാം നിലയിൽ ഗ്രാമപഞ്ചായത്താഫീസും മൂന്നാം നിലയിൽ കമ്മിറ്റി ഹാളുമാണ് പ്രവർത്തിച്ചിരുന്നത്. പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും വാർദ്ധക്യകാല, വികലാംഗ പെൻഷൻ ഗുണഭോക്താക്കളുടെയും നിരന്തരമായ ഉപയോഗം മൂലം ഓഫീസ് കെട്ടിടത്തിൻെറ മുൻവശത്ത് കെട്ടിട നിർമ്മാണത്തിൻെറ ഭാഗമായി തറ നിരത്തുന്നതിന് ഉപയോഗിച്ച മണ്ണ് ചവിട്ടി ആഫീസിനകം ചെളിയാവുക പതിവായിരുന്നു. മഴയുള്ളപ്പോൾ സ്ഥിതി വളരെ രൂക്ഷമായിരുന്നു. നിലവിലുള്ള ക്ലീനിംഗ് സ്റ്റാഫിനെ കൊണ്ട് തറ എപ്പോഴും ചെളി തുടച്ച് വൃത്തിയാക്കുന്നതിന് കഴിയാതെയും വന്നു. കൂടാതെ ക്രച്ചസ്സിൽ ആഫീസിൽ വന്നിരുന്ന വികാലംഗരായുള്ള ആൾക്കാർ വെർട്ടിഫൈഡ് ടൈൽസിൽ ക്രച്ചസ്സ് ഊന്നിയപ്പോൾ ഗ്രിപ്പ് കിട്ടാതെ മറിഞ്ഞ് വീഴുന്ന അവസ്ഥയും ഉണ്ടായി . ചെരുപ്പ് ഉപയോഗിക്കാതെ ആഫീസിൽ കയറിയ പലരും തെന്നിവീണ് പരിക്കേൽക്കുകയുണ്ടായി. ടി സാഹചര്യത്തിലാണ് |

| | | | | |
|---|---|---|---|---|
| | | | | പ്രായമേറിയ വൃദ്ധ ജനങ്ങളുടെ സുരക്ഷ പരിഗണിച്ച് (അപകടമുണ്ടാകാതിരിക്കാൻ) ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ഓഫീസിൽ കാർപെറ്റ് വിരിക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാൻ വികസന സ്റ്റാൻറിംഗ് കമ്മിറ്റി പഞ്ചായത്തിനോട് ആവശ്യപ്പെട്ടത്. ഗ്രാമപഞ്ചായത്തിന് ISO സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതിനായി വന്ന ലീഡ് ആഡിറ്റർ, ISO ആഡിറ്റ് ഭാഗമായ 5'S' ഫ്രെയിം വർക്ക് നടപ്പിലാക്കലിൻറെ ഭാഗമായി ഖണ്ഡിക 5.8.2(i) ലെ ഓഫീസ് വൃത്തിയും, വെടിപ്പും, ഭംഗിയും ഉള്ള രീതിയിൽ ഭാവിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ട് സജ്ജീകരിക്കണമെന്ന നിർദ്ദേശം, ഇപ്രകാരം ഭിന്നശേഷി, വൃദ്ധജന സൗഹൃദമായി ക്രമീകരിച്ചിട്ടുള്ളതിനെ പ്രശംസിച്ചിരുന്നു. ISO സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ ആ നിരീക്ഷണം ഒരു പ്രധാന ഘടകമായിരുന്നു. പണ്ടുകാലത്തെ പരമ്പരാഗത സർക്കാർ ഓഫീസുകൾ എന്ന നിലയിൽനിന്നും ഗ്രാമപഞ്ചായത്ത് ഓഫീസുകൾ 5'S' ഫ്രെയിം വർക്കിൻെറ കാര്യത്തിൽ ബഹുദൂരം മുന്നിൽ പോയിട്ടുണ്ട്. തനതു ഫണ്ടുള്ള ഓഫീസുകളെല്ലാം പ്ലാൻ ഫണ്ട് ആശ്രയിക്കാതെ തനത് ഫണ്ട് അതിനായി ഉപയോഗിക്കുന്നുണ്ട്. വികസന സ്റ്റാൻറിംഗ് കമ്മിറ്റി ശുപാർശ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു പോയതുകൊണ്ടാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളാതിരുന്നതെന്നും പ്രോജക്ടിൻെറ നടത്തിപ്പ് സർക്കാരിൻെറ മാർഗ്ഗനിർദ്ദേശ പ്രകാരം സർക്കാർ ഏജൻസി മുഖേന പൂർത്തിയാക്കിയതുമെന്നുമുള്ള വസ്തുതകൾ പരിഗണിച്ചും തനത് ഫണ്ടാണ് പ്രോജക്ട് നിർവ്വഹണത്തിന് ഉപയോഗിച്ചിരിക്കുന്നതെന്ന വസ്തുതയും പരിഗണിച്ചും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബോധിപ്പിക്കുന്നു. |
| 2. | പൂവച്ചൽ | 3.1.2 | 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-41 വീരണകാവ് പി.എച്ച്.സിയിൽ ഡയാലിസിസ് യൂണിറ്റ് | പദ്ധതി കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്( KMSCL) മുഖേന നടപ്പിലാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തത് പ്രകാരം ഡയാലിസിസ് യൂണിറ്റിന് ആവശ്യമായ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് 47 ലക്ഷം രൂപ KMSCL ന് നൽകി നിലവിലുള്ള കെട്ടിടം പുനരുദ്ധാരണം നടത്തി |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | നൽകണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതിയോട് ബോധിപ്പിക്കുന്നു. |

സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| 3. | **കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്ത്**<br><br>നെടുവത്തൂർ | 3.1. | ജിയോ ഒപ്റ്റിക്കൽ ഫൈബർ അപേക്ഷകളിൽ റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിനു പകരം കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരിക്കുന്നത്- 1.നെടുവത്തൂർ-പുത്തൂർ റോഡിലെ മുണ്ടുപാറ ജംഗ്ഷൻ മുതൽ റിലയൻസ് ടവർ വരെ റോഡിന്റെഇരുവശത്തുമായി 600 മീറ്റർ 2.പത്തടി ജംഗ്ഷൻ മുതൽ റിലയൻസ് ടവർ വരെ 200 മീറ്റർ -ഈടാക്കാൻ ബാക്കിയുള്ള 8,49,575/- രൂപ റിലയൻസ് ഇൻഫോകോമിൽ നിന്നും ഈടാക്കേണ്ടതാണ്. | റിലൈയൻസ് ജിയോ കമ്പനിയിൽ നിന്നും റീ സ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് രജിസ്റ്റേഡായി കത്ത് നല്കിയിരുന്നു എന്നാൽ കമ്പനി കത്തിന് മറുപടി നൽകുകയോ തുക ഒടുക്ക് വരുത്തുകയോ ചെയ്തിട്ടില്ല ആയതിനാൽ 10/08/2021 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ തുക ഈടാക്കുന്നതിന് റിലൈയൻസ് ജിയോ കമ്പനിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും കമ്പനിക്കെതിരെ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം കർശനമായി നിരീക്ഷിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ | | | | |
|---|---|---|---|---|
| 4. | കടപ്ര | 3.1.1 | ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം - നിഷ്ഫലമായ ചെലവ് 16 ലക്ഷം രൂപ. (കടപ്ര ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-2) അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ തൃശൂർ, അയ്യന്തോൾ ആസ്ഥാനമായ കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തെയാണ് നിർവ്വഹണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. 22.02.2017 ൽ 1213/2016-2017 നമ്പരായി എഗ്രിമെന്റ് വെക്കുകയും, രണ്ട് തവണകളായി 16,00,000/- രൂപ കോസ്റ്റ് ഫോർഡിന് നൽകുകയും ചെയ്തു. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം സ്ഥാപനം പണി നടത്തിയിട്ടില്ല. . പദ്ധതി നിലവിൽ ഉപേക്ഷിച്ച നിലയിലാണ്. കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ പഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പദ്ധതിക്ക് ചെലവഴിച്ച 16,00,000/- രൂപ | നിലവിൽ 16 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കോസ്റ്റ് ഫോർഡ് നൽകിയിട്ടുണ്ട്. 2018 ലെ പ്രളയ ശേഷമായിരുന്നു പ്രസ്തുത ഓഡിറ്റ് നടന്നിട്ടുള്ളതെന്നും ഈ കാലയളവിൽ ഒന്നാം ഗഡുവിന്റെ പണി മാത്രമാണ് പൂർത്തീകരിച്ചിരുന്നതെന്നും ആയതിന് പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചതിനെ തുടർന്ന് പണി നിർത്തി വെച്ചിരുന്നുവെന്നും വെള്ളം കയറിയ ഒന്നര മീറ്റർ ലെവലിൽ അപ്രോച്ച് റോഡ് ഉയർത്തി ഭാവിയിൽ ടി കെട്ടിടത്തിന് വെള്ളക്കെട്ട് ഉണ്ടാകാത്ത തരത്തിൽ പണി പൂർത്തീകരിക്കുന്നതിന് 4,55,000/- രൂപയുടെ എസ്റ്റിമേറ്റ് കൂടി നൽകി അടങ്കൽ തുക 44,55,000/- രൂപയാക്കിയ എസ്റ്റിമേറ്റ് ഭരണ സമിതിയുടെ 31.03.2020 ലെ 1(3) നമ്പർ തീരുമാന പ്രകാരം ഭരണാനുമതി നൽകിയിരുന്നതായും ആയതിന് 04.06.2020 ലെ 7/2020/21 നമ്പരായി സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതും 16 ലക്ഷം രൂപയുടെ പണി പൂർത്തീകരിച്ച് ബില്ല് പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും കോസ്റ്റ് ഫോർഡ് പഞ്ചായത്ത് ഡയറക്ടറെ അയിച്ചിട്ടുണ്ട്.<br>16.04.2021 ൽ കടപ്ര ഗ്രാമപഞ്ചായത്ത് എൽ എസ് ജി ഡി, എ ഇ യ്ക്ക് കത്ത് നൽകുകയും ടിയാൾ പ്രോജക്ട് ഫയൽ പരിശോധിച്ച് അപാകതകൾ ചൂണ്ടികാണിച്ച് 21.05.2021 ൽ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുള്ളതുമാണ്. ടി അപാകതകൾ പരിഹരിക്കുന്നതിന് 30.06.2021 ൽ കോസ്റ്റ് ഫോർഡിന് കത്ത് നൽകുകയും അപാകതകൾ പരിഹരിച്ചതായി 22.07.2021 ൽ കോസ്റ്റ് ഫോർഡ് ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയത് പരിശോധനയ്ക്കായി എൽ എസ് ജി ഡി എ ഇ യ്ക്ക് നൽകിയിട്ടുള്ളതുമാണ്. കോസ്റ്റ് ഫോർഡ് നൽകിയ റിപ്പോർട്ട് അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ലെന്നും ആയത് പൂർണ്ണമായും പരിഹരിച്ചെങ്കിൽ മാത്രമെ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂയെന്നും എൽ എസ് ജി ഡി, എ ഇ നൽകിയ റിപ്പോർട്ട് പ്രകാരം അറിയിച്ചിട്ടുള്ളത്. ടി റിപ്പോർട്ട് 24.08.2021 ൽ തുടർനടപടികൾക്കായി കോസ്റ്റ് ഫോർഡിന് നൽകിയിട്ടുള്ളതുമാണ്.<br>നിലവിൽ ടി പദ്ധതി 2021/22 സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ടായി |

| | | | | |
|---|---|---|---|---|
| | | | ഫലത്തിൽ പാഴ് ചെലവായി. ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 16,89,010/- രൂപയും ഗ്യാസ് ഫർണ്ണസും അനുബന്ധ നിർമ്മിതികളും നടത്തുന്നതിന് 18,50,000/- രൂപയും നികുതികളും, സർവ്വീസ് ചാർജ്ജുകളും ഇനത്തിൽ 4,60,990/- രൂപയുമായിരുന്നു എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നത്. കെട്ടിട നിർമ്മിക്കുന്നതിന് ചെലവ് കുറഞ്ഞ -സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള എസ്റ്റ്മേറ്റ് അല്ല തയ്യാറാക്കിയിട്ടുള്ളത്. PWD Data ഉപയോഗിച്ചുള്ള സാധാരണ പ്രവർത്തി നടക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയത് PWD Data ഉപയോഗിച്ച തയ്യാറാക്കുന്ന പ്രവർത്തികൾ കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുന്നതിന് വ്യവസ്ഥയില്ല. ഏജൻസി നടത്തിയിട്ടുള്ള എസ്റ്റിമേറ്റിന് ക്രമപ്രകാരം സാങ്കേതികാനുമതിയും | പുതിയ ഭരണ സമിതി ഏറ്റെടുത്തിട്ടുള്ളതും എൽ എസ് ജി ഡി, എ ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്ത് വിഹിതയായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. ബാക്കി തുക അനുവദിച്ചെങ്കിൽ മാത്രമേ ഫർണ്ണസ് സ്ഥാപിച്ച് ഗ്യാസ് ക്രമറ്റോറിയം പ്രവർത്തനക്ഷമമാക്കാൻ കഴിയുകയുള്ളു എന്നാണ് കോസ്റ്റ് ഫോർഡ് അറിയിച്ചിട്ടുള്ളത്.<br>22.07.2021 തീയതിയിൽ ചേർന്ന പഞ്ചായത്ത് യോഗം ഓഡിറ്റ് റിപ്പോർട്ടിലെ വാദങ്ങൾ ശരിവയ്ക്കാൻ 1(1) നമ്പർ യോഗ തീരുമാന പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്. ബഹു. പഞ്ചായത്ത് യോഗത്തിന്റെ തീരുമാനം കേരള സംസ്ഥന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി തുടർ നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ കർശനമായി നിരീക്ഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>കടപ്ര ഗ്രാമപഞ്ചായത്ത് അപ്പർ കുട്ടനാട് പ്രദേശമാണ് മണിമലയാറിന്റെയും പമ്പയാറിന്റെയും സംഗമ സ്ഥാനമായ കടപ്ര ഗ്രാമ പഞ്ചായത്തിന്റെ 75 ശതമാനത്തിൽ അധികവും പാടശേഖരങ്ങളും നദീതട പ്രദേശങ്ങളുമാണ് ടി പ്രദേശത്ത് ഒരു ശ്മശാനം അനിവാര്യമായതിനാൽ കൊണ്ടൂർ പാടശേഖര സമതി വിട്ടു കൊടുത്ത 88/40 സർവ്വേ നമ്പറിലുള്ള 33 ആർ സ്ഥലത്താണ് ടി ശ്മശാനം പ്രവർത്തിക്കുന്നത്, 2010-15 ഭരണ സമതി ആണ് ടി ശ്മശാനം നിയമാനുസൃതം സ്ഥാപിച്ചത്. ലക്ഷം വീട് കോളനികൾ ഉൾപ്പെടെ 15 -ൽ അധികം കോളനികൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ പ്രദേശത്തെ മരണപ്പെട്ട ആളുകളെയും, സമീപ പ്രദേശങ്ങളിലെ മരണപ്പെട്ട ആളുകളെയും അടക്കം ചെയ്യുന്നതിന് ടി ശ്മശാനം ആണ് ഉപയോഗിക്കുന്നത്. കോവിഡ് മൂലം മരണപ്പെട്ട കടപ്ര നിരണം ഗ്രാമ പഞ്ചായത്തുകളിലെ എല്ലാ ആളുകളെയും അടക്കം ചെയ്തത് ഇവിടെയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിനു ഈ ശ്മശാനം അനിവാര്യമാണ്.<br>വാതകശ്മശാനം സ്ഥാപിക്കുന്നതിലൂടെ ധാരാളം അടക്കം നടക്കുന്ന ശ്മശാനം വൃത്തിഹീനമാകാതെയും പരിസരവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാതെയും പ്രവർത്തിക്കും എന്ന കരുതലോടെയാണ് ടി ശ്മശാനത്തിന്റെ സമീപത്തായി |

| | | | | |
|---|---|---|---|---|
| | | | വാങ്ങിയിട്ടില്ല. കോസ്റ്റ് ഫോർഡ് ഏകപക്ഷീയമായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ഗ്യാസ് ഫർണ്ണസിന് തുക നൽകുന്നതിന് സമ്മതിച്ച് പഞ്ചായത്ത് കരാറിലേർപ്പെട്ടത് പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമാണ്. ഈ പ്രോജക്ടിന്റെ കാര്യത്തിൽ ഈ നിബന്ധനകൾ ഒന്നും തന്നെ പാലിച്ചിട്ടില്ല. | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിച്ചത് . ഗ്രാമ പഞ്ചായത്തിൽ ശ്മശാനം, എം സി എഫ് എന്നിവയ്ക്ക് സ്ഥലം ലഭ്യമാകുക എന്നത് ശ്രമകരമായ കാര്യമാണ് ഈ ആവശ്യത്തിനായി വെള്ളം കയറാത്ത മറ്റ് സ്ഥലങ്ങൾ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ലഭ്യമല്ല. ആയതിനാൽ അപാകതകൾ പരിഹരിച്ച് ടി വാതക ശ്മശാനം ലക്ഷ്യപ്രാപ്തിയിൽ എത്തുക എന്നത് ഗ്രാമ പഞ്ചായത്തിന് അനിവാര്യമാണെന്ന് അന്വേഷണത്തിൽ കാണുന്നു. കടപ്ര ഗ്രാമ പഞ്ചായത്തിലെ LSGD എൻജിനീയറിങ് വിഭാഗത്തോട് പ്രവൃത്തിയുടെ വാല്യൂവേഷൻ എടുത്തു നൽകണമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് എളുപ്പമാക്കുന്നതിന് കോസ്റ്റ് ഫോർഡും ആയുള്ള ഒരു കൂടിക്കാഴ്ച 15/9/2021ൽ നടത്തുകയും ഈ യോഗത്തിൽ കോസ്റ്റ്ഫോർഡുമായുള്ള കരാർ റദ്ദാക്കുന്നതിനും നിയമാനുസൃതമുള്ള മറ്റ് ഏജൻസികളുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും കടപ്ര ഗ്രാമ പഞ്ചായത്ത് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. |
| 5. | കൊടുമൺ | 3.1.2 | എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ (S00109/19)- പ്രോജക്ടിന് അംഗീകാരം വാങ്ങിയത് ക്രമപ്രകാരമല്ല-ടെണ്ടർ ക്ഷണിക്കാതെ അമിത വില നൽകി ലൈറ്റുകൾ വാങ്ങി- മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് സുതാര്യമായി വാങ്ങൽ നടത്താതെ അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം | 2018-19 മുതൽ 2021-22 വരെ ബാധകമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.9.2 പ്രകാരം സ്ട്രീറ്റ് ലൈറ്റുകളായി LED ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണമെന്നും ആയതിന് വിൽപ്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് 2018-19 വാർഷിക പദ്ധതിയിൽ 18,20,000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുള്ളത്. അസിസ്റ്റൻറ് എൻജിനീയർ കൺവീനറായ പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പാണ് ടി പദ്ധതി തയ്യാറാക്കി വികസന സ്റ്റാൻറിംഗ് കമ്മറ്റി മുഖേന ഗ്രാമ പഞ്ചായത്ത് ഭരണ സമിതിക്ക് സമർപ്പിച്ചിട്ടുള്ളത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്നതും പദ്ധതികളുടെ |

| | | | | |
|---|---|---|---|---|
| | | | വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമായ നടപടിയാണ്.<br>ഉയർന്ന വില നൽകി വാങ്ങൽ നടത്തിയ ഇനത്തിൽ ഗണ്യമായ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്.<br>കരാർ ഉടമ്പടി പ്രകാരം ലൈറ്റുകൾ സപ്ലൈ ചെയ്ത് പോസ്റ്റുകളിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചുമതല കരാർ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. എന്നാൽ ഈ പ്രോജക്ടിൽ നിന്നും വകയിരുത്തിയ തുകയിൽനിന്ന് പഞ്ചായത്ത് നേരിട്ടാണ് 11,566/- രൂപ സൂപ്പർ വിഷൻ ചാർജ്ജ് ഒടുക്കിയിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. | വെറ്റിംഗ് ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആയതിനാലും ആണ് ടി പദ്ധതികളുടെ അംഗീകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും വാങ്ങിയിട്ടുള്ളത്.<br>ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുള്ള ടി പദ്ധതിയിൽ നിർവഹണ രീതി നേരിട്ടുള്ളതാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നേരിട്ട് വാങ്ങുന്നതിന് കെൽട്രോൺ, ക്രൂസ്, കെൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇൻവോയിസ് ആവശ്യപ്പെട്ടിരുന്നു. കെൽട്രോൺ, ക്രൂസ് എന്നീ സ്ഥാപനങ്ങൾക്ക് 14/07/2014 ലെ സ ഉ (സാധാ)നം . 1807/2014/ത.സ്വ.ഭ.വ. പ്രകാരം 20 വാട്ട് ലൈറ്റുകൾക്ക് 4150/- രൂപ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ കെൽ അതിനേക്കാൾ കുറഞ്ഞ നിരക്കായ 24 വാട്ട് ലൈറ്റുകൾക്ക് 3800/- രൂപ രേഖപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്.<br>31.11.2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാന പ്രകാരം 18.01.2019 ലെ സ.ഉ (സാധാ)നം . 91/2014/ത.സ്വ.ഭ.വ. ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി KEL -നെ അംഗീകരിച്ചിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന സ്ട്രീറ്റ് ലൈറ്റുകൾക്ക് വിൽപനാനന്തര സേവനം ഉറപ്പ് വരുത്താൻ കഴിയുന്നില്ല എന്ന മുൻകാല അനുഭവത്തിന്റെ പശ്ചാത്തലത്തിലും മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും മറ്റ് സർക്കാർ ഏജൻസികൾക്ക് സർക്കാർ നിശ്ചയിച്ച നൽകിയിട്ടുള്ള വിലയും താരതമ്യപ്പെടുത്തിയാണ് ടി സ്ഥാപനത്തിൽ നിന്നും LED സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുന്നതിന് പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.<br>ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നതു പോലെ ടെണ്ടർ മുഖേന കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്ന ലൈറ്റുകൾക്ക് പരമാവധി നൽകുന്ന വാറണ്ടി ഒരു വർഷമാണ്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും 3 വർഷ റീപ്ലേസ്മെൻറ് വാറണ്ടിയോടു കൂടിയാണ് LED ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്.<br>04/03/2019 469 LED ലൈറ്റുകൾ സ്ഥാപിച്ചതിനുശേഷം ഗ്രാമ പഞ്ചായത്തിൽ നിശ്ചിത ഇടവേളകളിലായി ടി സ്ഥാപനത്തിലെ ജീവനക്കാർ എത്തിച്ചേർന്ന് |

| | | | | |
|---|---|---|---|---|
| | | | | തകരാറിലായ സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വാറണ്ടി ഉറപ്പാക്കിയതിലൂടെ പഞ്ചായത്തിന് 3 വർഷക്കാലയളവിൽ പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ചെലവഴിക്കപ്പെടുമായിരുന്ന തുക ലാഭിക്കുകയാണുണ്ടായത്.<br>കരാർ വ്യവസ്ഥകൾ പ്രകാരം KSEB സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയതിൽ ഇൻവോയ്സ് പ്രകാരം അപാകതയുള്ളതിനാൽ ടി സ്ഥാപനത്തിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.<br><br>കൊടുമൺ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.09.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 13(1)-ാം നമ്പർ തീരുമാന പ്രകാരം 'അത്യന്തികമായി പദ്ധതി നിർവ്വഹണം വിജയകരമായി പൂർത്തികരിച്ച് തുടർ പ്രവർത്തനങ്ങൾ നാളിതുവരെ ചെയ്തുവരുന്നത് കുറ്റമറ്റ രീതിയിലായതിനാലും, അംഗീകൃത ഏജൻസിയ്ക്ക് 3800/-രൂപ നിരക്കിൽ പദ്ധതി നിർവ്വഹണത്തിനും തുടർ പരിപാലനത്തിലും ചുമതല നൽകി പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചതിന് പഞ്ചായത്തിന് ധനനഷ്ടം ഒന്നും ഉണ്ടായിട്ടില്ലാത്തതിനാലും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശം ഒഴിവാക്കണമെന്ന് ബഹു നിയമസഭ സമിതിയോട് ബോധിപ്പിക്കുന്നു. |
| **കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ** | | | | |
| 6. | കിടങ്ങൂർ | 3.1.1 | 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1<br>ഷോപ്പിംഗ് കോംപ്ലക്സ് കം ബസ്സ്റ്റാന്റ് നിർമ്മാണം | |
| | | | 1.മണ്ണിന്റെ അളവ് മെട്രിക് ടൺ | 2018-19 ലെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 ലെ പരാമർശം |

| | | | | |
|---|---|---|---|---|
| | | | അളവിലേക്ക് പരിവർത്തനം ചെയ്തില്ല - വിവിധയിനങ്ങളിൽ അധിക തുക ഒടുക്കി | പരിഗണിച്ച് സീനിയറേജ് ഇനത്തിൽ അടവാക്കിയ 191500/-രൂപ തിരികെ ഈടാക്കി 25.02.2021 ലെ 120100900223 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരികെ അടച്ചിട്ടുണ്ട്. |
| | | | 2.ജി.എസ്.ടി. വിഹിതം അടവാക്കിയില്ല | ജി.എസ്.ടി. വിഹിതമായി 670250/-രൂപയുടെ 18% തുകയായ 120645/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കണമെന്ന് ടി റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ വാണിജ്യ നികുതി വകുപ്പുമായി ബന്ധപ്പെട്ടപ്പോൾ സാധാരണ മണ്ണിന് 5% ജി.എസ്.ടി. ആണ് നിശ്ചയിച്ചതെന്ന് അറിയിക്കുകയും,, ആയത് പ്രകാരമുള്ള തുകയായ 33516/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി വാണിജ്യനികുതി വകുപ്പിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട് |
| | | | 3.ലെവൽസ് എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല. | മണ്ണെടുക്കുന്നതിലേക്കായി പാമ്പാടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലെവൽസ് ചെക്ക് ചെയ്ത് CTE ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥലപരിശോധന നടത്താത്തതിനാൽ ടി സമയപരിധിക്കു ശേഷം മണ്ണ് നീക്കം ചെയ്യുന്നതിന് തടസ്സമില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മണ്ണ് നീക്കം ചെയ്തതെന്ന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| | | | 4. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പരിഗണിക്കാതെ ലേലം ആരംഭിച്ചു. | അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ച ബേസ് റേറ്റായ 290/-രൂപയിൽ നിന്നും അധികരിച്ച് 350/- രൂപയാക്കി മണ്ണിന്റെ ലേലം ഉറപ്പിച്ചതിനാൽ, പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ല. എന്നാൽ നടപടിക്രമങ്ങളിൽ അപാകതകൾ സംഭവിച്ചിട്ടുള്ളത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കുന്നതാണ്. |
| | | | 5.ഗ്രാമപഞ്ചായത്തിന്റെ | സീനിയറേജ് ഇനത്തിൽ അടവാക്കിയ 191500/-രൂപ റെവന്യൂ വകുപ്പിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | ഉടമസ്ഥതയില്ലാത്ത ഭൂമിക്ക് സീനിയറേജ് ആവശ്യമില്ല | തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.<br>പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനും ജനങ്ങളുടെ ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രോജക്ട് പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നൽകുന്നതിന് കെ.എസ്.എച്ച്.ബി.യിൽ നിന്നുണ്ടായ കാലതാമസം, ലഭ്യമാക്കിയ പ്ലാനിലെ അപാകത, മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട പാരിസ്ഥിതികാനുമതി, സാങ്കേതികാനുമതി നേടിയെടുക്കുന്നതിനു നേരിട്ട കാലതാമസം, ചീഫ് എഞ്ചിനീയറിൽ നിന്നും അംഗീകാരം വാങ്ങുന്നതിൽ സംഭവിച്ച സാങ്കേതിക പിഴവ് എന്നിവ മൂലമാണ് പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത്. 2.47 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2017 ൽ റ്റി.എസ്. വാങ്ങിയ പദ്ധതി ഭരണസമിതി വെട്ടിച്ചുരുക്കി 20 കോടി രൂപയിൽ അടങ്കൽ നിജപ്പെടുത്തി അംഗീകാരം നേടി, കരാറുകാരനുമായി കരാറുറപ്പിച്ചെങ്കിലും സൈറ്റിൽ ഉൾക്കൊള്ളാവുന്നതരത്തിലുള്ള പ്ലാനല്ലാത്തതിനാൽ കെ.എസ്.എച്ച്.ബി. അധികൃതരിൽ നിന്നും പുതുക്കിയ പ്ലാനും ഡിസൈനും ലഭ്യമാക്കിയിരുന്നു. എന്നാൽ പുതിയ ഭരണസമിതി നിലവിലെ പ്ലാനിലും വിവിധ തരത്തിലുള്ള അപാകതകൾ കണ്ടെത്തുകയും തുടർന്ന് പുതുക്കിയ പ്ലാനും ഡിസൈനും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ സാങ്കേതിക തടസ്സങ്ങൾ നീങ്ങുന്നതോടെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ആരംഭിക്കുന്നതാണെന്ന് സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ കർശനമായി നിരീക്ഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| **ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ** | | | | |
| 7. | വട്ടവട | 3.1.1 | 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18<br>വട്ടവട മാതൃകാ ഗ്രാമം പദ്ധതി -അപാകതകൾ | |

സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | 1.സംസ്ഥാന തല പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറിറിയിൽ നിന്നും ക്ലിയറൻസ് ലഭിച്ചിട്ടില്ല. | 1. വട്ടവട ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത പാർപ്പിട സമുച്ചയ നിർമ്മാന പദ്ധതി യായ 'വട്ടവട മാതൃകാ ഗ്രാമം' എന്ന പദ്ധതിക്ക് വട്ടവട- പഴത്തോട്ടം റോഡിന് സമീപം ഗ്രാമപഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നമ്പർ 64-ൽ പെടുന്നതുമായ 1.75 ഏക്കർ സ്ഥലത്തിൻെറ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് 23/07/2021 തീയതിയിലെ V(3) നമ്പർ തീരുമാന പ്രകാരം ബഹു. പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റി, അഡ്മിനിസ്ട്രേറ്റർക്ക് 10.09.2021 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. |
| | | | 2.പദ്ധതിക്ക് വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതലകോർഡിനേഷൻകമ്മിറ്റിയുടെ അംഗീകാരവുംചീഫ്എൻജിനിയറുടെ റാങ്കിൽ കുറയാത്ത സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥനിൽനിന്നുള്ള സാങ്കേതിക അനുമതിയും ലഭിച്ചിട്ടില്ല | 2. വിവിധ വകുപ്പുകളിൽ നിന്നുള്ള ധനസ്രോതസ്സുകൾ ഉപയോഗിച്ചാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്തിൻെറ തനത് ഫണ്ടോ, പ്ലാൻ ഫണ്ടോ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി പ്രോജക്റ്റ് സമർപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. കൂടാതെ വിവിധ വകുപ്പുകൾ/ ഏജൻസികൾ പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകിയിട്ടുള്ള ഒരു സംയോജിത പദ്ധതിയുടെ ക്രോഡീകരണം മാത്രമാണ് പഞ്ചായത്ത് തലത്തിൽ നിർവഹിച്ചിട്ടുള്ളത്. ബഹു.എംഎൽഎ, ബഹു.എം.പി. എന്നിവർ മുഖേന അനുവദിക്കുന്ന ഫണ്ടുകൾക്ക് പ്രത്യേകമായാണ് ആയതിൻെറ ബന്ധപ്പെട്ട അധികാരികൾ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടത്. കൂടാതെ ജലനിധി, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയ്ക്കും സാങ്കേതികാനുമതി നൽകുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ബഹു.സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഭവന സമുച്ചയ നിർമ്മാണം സർക്കാർ അക്രെഡിറ്റഡ് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നതിനാൽ, ആയതിനുള്ള സാങ്കേതികാനുമതി ടി അക്രഡിറ്റഡ് ഏജൻസിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ലഭ്യമാക്കേണ്ടിയിരുന്നത്. |
| | | | 3.അർഹതയുള്ള സ്ഥാപനത്തെ | 3. ഈ പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | ഉപയോഗിച്ച് മണ്ണിന്റെ ഘടന പരിശോധിച്ചിട്ടില്ല. | കണക്കിലെടുത്താൽ ചുരുക്കം ചില കൃഷിസ്ഥലങ്ങൾ ഒഴികെയുള്ള ബാക്കി പ്രദേശങ്ങൾ ചെറിയ കുന്നുകളായോ തട്ടുതട്ടായോ ആണ് കാണപ്പെടുന്നത്. മാതൃകാ ഗ്രാമം എന്ന പദ്ധതി പ്രദേശത്തിന് സമീപത്തുപോലും സ്വകാര്യ റിസോർട്ടുകളുൾപ്പെടെ നിരവധി നിർമ്മാണങ്ങൾ നടന്നിട്ടുള്ളതാണ്. DPR തയ്യാറാക്കിയ സ്ഥാപനം ആവശ്യമായ പ്രാഥമിക പരിശോധനകൾ നടത്തിയ ശേഷമാണ് കോണ്ടൂർ സർവ്വേ പൂർത്തിയാക്കി ടോപ്പോ ഗ്രാഫിക് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. |
| | | | 4.പ്രോജക്റ്റ് റിപ്പോർട്ടിൽ പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തിയില്ല. | DPR-ൻറെ പേജ് 55 ൽ പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തിയിട്ടുണ്ട് |
| | | | 5. 2016-17 ൽ നിശ്ചയിച്ച അടങ്കളിൽ നിർമ്മാണം പൂർത്തീകരിക്കുമെന്ന് കരുതുവാൻ സാധിക്കില്ല. | നാളിതു വരെയും നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. |
| | | | 6.ടി പദ്ധതിക്ക് വിഭവസ്രോതസ്സായി ലഭിക്കുന്ന വിവിധ ഏജൻസികളുടെ ധനസഹായം ഉറപ്പുവരുത്തിയിട്ടില്ല. | വിവിധ ഏജൻസികളിൽ നിന്നുള്ള തുകകളാണ് ഈ പ്രോജക്റ്റിൽ വകയിരുത്തിയിട്ടുള്ളതെന്നതിനാൽത്തന്നെ ഈ പദ്ധതി ജില്ലാതലത്തിൽ കോ-ഓർഡിനേറ്റ് ചെയ്തിരുന്നത് ബഹു. ജില്ലാ കളക്ടറായിരുന്നു. നിരവധി മീറ്റിംഗുകൾ നടത്തുകയും ഓരോ ഏജൻസിയുടെയും തുക അനുവദിക്കേണ്ട ഉദ്യോഗസ്ഥരായ പ്രോജക്റ്റ് ഡയറക്ടർ (DRDA), ADC( ജനറൽ), റീജിയണൽ പ്രോജക്റ്റ് ഡയറക്ടർ (ജലനിധി) എന്നിവരെ ഉൾപ്പെടുത്തി നിരവധി അവലോകന യോഗങ്ങൾ നടത്തിയും തുക യഥാസമയത്ത് തന്നെ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ ജില്ലാതലത്തിൽത്തന്നെ സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെയും നിർവ്വഹണ ഏജൻസി യാതൊരു നഷ്ടപരിഹാരവും ആവശ്യപ്പെട്ടിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | 7. നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റുമായി ഏർപ്പെട്ട് കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൃത്യമായ പ്രവർത്തനകലണ്ടറിന് അടിസ്ഥാനപ്പെടുത്തി ഹാബിറ്റാറ്റിന് നിർദ്ദേശം നൽകി പ്രവർത്തനം ഏകോപിച്ചിട്ടില്ല | 7. ബഹു പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 18.06.2018-ലെ ഡെവ.ബി.2-6067/17 നമ്പർ ഉത്തരവ് പ്രകാരമാണ് വട്ടവട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ഈ പദ്ധതിയുടെ പഞ്ചായത്ത് തല കോ-ഓർഡിനേറ്ററായി നിയമിച്ചിട്ടുള്ളത്. ജില്ലാതലത്തിൽ ബഹു.ജില്ലാ കളക്ടറായിരുന്നു ഈ പദ്ധതിയുടെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചിരുന്നത്. 2016 മുതൽ വിവിധ കാലങ്ങളിൽ നിലവിലുണ്ടായിരുന്ന ബഹു.ജില്ലാ കളക്ടർമാരൊക്കെയും തന്നെ കൃത്യമായ ഇടവേളകളിൽ മീറ്റിംഗ് വിളിച്ച് കൂട്ടി തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളതാണ്. ഇതിനുശേഷം വട്ടവട പഞ്ചായത്തിൽ വച്ച് തന്നെ വിവിധ മീറ്റിംഗുകൾ ഇതിലേക്കായി വിളിച്ച് ചേർക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. |
| | | | 8.പട്ടികജാതി വകുപ്പ് 108 കുടുംബങ്ങൾക്ക് ഭവനം നിർമ്മിയ്ക്കുന്നതിന് നൽകിയ തുക വക മാറ്റി ലാന്റ് ഡവലപ്മെന്റിന് വിനിയോഗിച്ചു. | 8. ഹാബിറ്റാറ്റ് ഗ്രൂപ്പ് എന്ന സ്ഥാപനവുമായിട്ട് ഏർപ്പെട്ടിട്ടുള്ള കരാറിലെ നിബന്ധന രണ്ടിൻെറ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന് 20% തുക മൊബിലൈസേഷൻ അഡ്വാൻസായി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 31.07.2018-ലെ 8(1) നമ്പർ തീരുമാന പ്രകാരമാണ് m/s ഹാബിറ്റാറ്റ് ഗ്രൂപ്പ് എന്ന സ്ഥാപനത്തിന് നിയമാനുസരണം മൊബിലൈസേഷൻ അഡ്വാൻസ് തുക മാത്രം കൈമാറ്റം ചെയ്തു നൽകിയിട്ടുള്ളത്. ടി അഡ്വാൻസ് തുക തുടർന്നുള്ള 5 വർക്ക് ബില്ലുകളിൽ നിന്നും ആനുപാതികമായി റിക്കവർ ചെയ്തു കൊള്ളാവുന്നതാണെന്നും, പ്രീ ഫൈനൽ ബില്ലിന് മുമ്പ് മുഴുവൻ തുകയും സെറ്റിൽ ചെയ്ത് കൊള്ളുന്നതാണെന്നും ടി സ്ഥാപനമായുള്ള കരാറിൽ രണ്ടാമത്തെ നിബന്ധനയായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. വട്ടവട വില്ലേജ് ഓഫീസറുടെ സ്റ്റോപ്പ് മെമ്മോ ലഭിച്ചതിന് ശേഷം ടി പ്രവർത്തി ചെയ്യുന്നതിന് താൽപര്യം ഇല്ലായെന്ന് ടി സ്ഥാപനം |

| | | | | |
|---|---|---|---|---|
| | | | | അറിയിച്ചതിനെ തുടർന്ന് മൊബിലൈസേഷൻ അഡ്വാൻസ് മുഴുവൻ തുകയും തിരിച്ചടയ്ക്കണമെന്ന് കാണിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 26/08/2020 ലെ I(8) നമ്പർ തീരുമാനവും കത്തും 18/09/2020 ൽ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സത്വര തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| | | | 9. ലാൻറ് ഡെവലപ്പ്മെൻറിനുള്ള തുക ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ കണ്ടെത്തുന്നതിന് പകരം ഹാബിറ്റാറ്റ് മുഖേന പ്രസ്തുത പണികൾ നടപ്പാക്കിയതുമൂലം തൊഴിലുറപ്പ് പദ്ധതിയിലൂടെ സമാഹരിക്കേണ്ടിയിരുന്ന 1 കോടി രൂപയുടെ സേവനം നഷ്ടമായി | 9. MGNREGS തൊഴിലാളികളെ വീട് നിർമ്മാണത്തിൽ പങ്കാളികളാക്കുന്നതിന് വ്യവസ്ഥയുള്ളതിനാൽ, പ്രസ്തുത പ്രവർത്തിയ്ക്ക് ടി തൊഴിലാളികളെ ഉൾപ്പെടുത്തി ഹാബിറ്റാറ്റിൻെറ ഭാഗത്തുനിന്നും സംഭവിച്ചിട്ടുള്ള പ്രസ്തുത പോരായ്മ പരിഹരിക്കാവുന്നതാണെന്ന് പദ്ധതിയുടെ 22/10/2019-ലെ അവലോകന യോഗത്തിൽ ഒന്നാം നമ്പറായി തീരുമാനമെടുത്തിട്ടുള്ളതും മേലിൽ ടി നിർദ്ദേശം വീഴ്ചകൂടാതെ നടപ്പാക്കുന്നതുമാണ്. |
| | | | 10. ബൃഹത്തായ പദ്ധതിയുടെ മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട് ശുചിത്വ മിഷനിനുള്ള അനുയോജ്യതാ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. താഴത്തെ നിലയിലെ അടുക്കളകളിൽനിന്നുള്ള പുകയുടെ ബഹിർഗമനത്തിന് പ്ലാനിലോ എസ്റ്റിമേറ്റിലോ വ്യവസ്ഥകളില്ല. കൂടാതെ ഫ്ലാറ്റ് സമുച്ചയത്തിലോട്ടുള്ള സഞ്ചാരമാർഗം പ്രയോഗികമല്ല. | 10. വട്ടവട പഞ്ചായത്ത് KRWSA യുടെ ഭാഗമായ ജലനിധിയുമായി എഗ്രിമെൻറ് വച്ചിട്ടുള്ള പഞ്ചായത്തായതിനാൽ കുടിവെള്ളവും ശുചിത്വ സംവിധാനവും ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് ജലനിധിയെ ആയിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. |

| | | | | |
|---|---|---|---|---|
| | | | 11.പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് പട്ടികജാതി വകുപ്പിൽ നിന്നുള്ള അനുയോജ്യത സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.ഗുണഭോക്താക്കളുടെ വിശദ വിവരങ്ങൾ പട്ടികയിലില്ലാത്തത് അതിൻെറ ആധികാരികതയ്ക്ക് ഭംഗം വരുത്തുന്നു. | 11. 2017-ൽ തയ്യാറാക്കിയ താൽക്കാലിക ലിസ്റ്റിൽ ഉൾപ്പെട്ട പലരും പിന്നീട് വന്ന ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടു വന്നിട്ടുള്ളതിനാൽ, മറ്റ് പദ്ധതിയിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി ഗുണഭോക്തൃലിസ്റ്റ് അന്തിമമാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ, വില്ലേജ് ഓഫീസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതിയെ ജില്ലാ തല മോണിറ്ററിംഗ് സമിതി ചുമതലപ്പെടുത്തിയിട്ടുണ്ട്.കുറഞ്ഞ ചെലവിൽ കൂടുതൽ സൗകര്യങ്ങൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതിനാൽ പുകയില്ലാത്ത അടുപ്പ് സ്ഥാപിച്ചുകൊണ്ട് പുകയുടെ ബഹിർഗമനം നിയന്ത്രിക്കാവുന്നതാണ് മുകളിലത്തെ നിലയിലേക്കുള്ള പ്രവേശനമാർഗ്ഗം സുഗമമാക്കുന്നതിന് നിരവധി സാങ്കേതിക വിദ്യകൾ ലഭ്യമാണെന്നുള്ളതിനാൽ നിർവ്വഹണ സമയത്ത് ആയത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ പരിഹരിക്കേണ്ടതാണെന്ന് ഇതിലേക്കായി കൂടി 17/08/2019 തീയതിയിൽ കൂടിയ അവലോകന യോഗത്തിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം നിർവ്വഹന ഏജൻസിയോട് നിർദ്ദേശിച്ചിട്ടുണ്ട്.2017-ൽ തയ്യാറാക്കിയ താൽക്കാലിക ലിസ്റ്റിൽ ഉൾപ്പെട്ട പലരും പിന്നീട് വന്ന ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടു വന്നിട്ടുള്ളതിനാൽ, മറ്റ് പദ്ധതിയിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി ഗുണഭോക്തൃലിസ്റ്റ് അന്തിമമാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ, വില്ലേജ് ഓഫീസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതിയെ ജില്ലാ തല മോണിറ്ററിംഗ് സമിതി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| | | | 12.പദ്ധതിയുടെ ഗുണഭോക്താക്കളെ വ്യക്തമായി നിശ്ചയിക്കാതെയും അവരുടെ സമ്മതവും കരാറോ ഇല്ലാതെ കെട്ടിടനിർമ്മാണം | 12. കോവിലൂർ, വട്ടവട എന്നിവിടങ്ങളിലെ പട്ടികജാതി ചക്ലിയ വിഭാഗങ്ങളിലുള്ളവർക്കായാണ് വട്ടവട മാതൃകാ ഗ്രാമം എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കൊട്ടാക്കൊമ്പൂർ പ്രദേശത്തെ ജനങ്ങൾക്ക് വേണ്ടി ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം മറ്റൊരു പ്രോജക്ട് |

| | | | | |
|---|---|---|---|---|
| | | | നടത്തുന്നതും ലക്ഷ്യ സാക്ഷാത്ക്കാരത്തെ ദോഷകരമായി ബാധിക്കും | ഏറ്റെടുക്കുന്നതാണെന്ന് അന്നത്തെ ബഹു.ദേവികുളം എംഎൽഎ ഉറപ്പ് നൽകിയിട്ടുണ്ടായിരുന്നു. ആയതിനാൽ കൊട്ടാക്കൊമ്പൂർ ഭാഗത്തെ ജനങ്ങളെ ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിന് പഞ്ചായത്തോ ബഹു. എംഎൽഎയോ ഉദ്ദേശിച്ചിട്ടുണ്ടായിരുന്നില്ല. റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കടവരി ഭാഗത്ത് പട്ടികജാതി വിഭാഗത്തിലുള്ള ജനങ്ങൾ അധിവസിക്കുന്നില്ല. കൂടാതെ ക്ലാവര എന്ന പ്രദേശം തമിഴ് നാടിൻെറ ഭാഗമാണ്. |
| | | | 13. വസ്തുവിൻെറ ഉടമസ്ഥാവകാശം നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഇല്ലാത്തതിനാൽ കോടികൾ വിലമതിക്കുന്ന പഞ്ചായത്ത് ഭൂമി അന്യാധീനപ്പെടാൻ സാധ്യത ഉണ്ട്. | 13. വീടിൻെറ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്നതിനായി ഇതിൻെറ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ടി ഭൂമി പട്ടയമായി നൽകാമെന്ന് ബഹു. ദേവികുളം എംഎൽഎയുടെ അധ്യക്ഷതയിൽ 17/10/2020 കൂടിയ യോഗത്തിൽ വച്ച് ഇതിൻെറ ജില്ലാതല കോ-ഓർഡിനേറ്റർ കൂടിയായ ബഹു. ഇടുക്കി ജില്ലാ കളക്ടർ ഉറപ്പ് നൽകിയിട്ടുള്ളതിനാൽ വീടിൻെറ ഉടമസ്ഥാവകാശത്തിനെക്കുറിച്ചുള്ള ആശങ്കകൾ അടിസ്ഥാനരഹിതമാണ്. ആയതിനാൽ ടി പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| **എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ** | | | | |
| 8. | മലയാറ്റൂർ നീലേശ്വരം | 3.1.4 | 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16<br>നക്ഷത്രതടാകം പദ്ധതി - പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത ആവശ്യത്തിന് വേണ്ടി സർക്കാർ അനുമതിയില്ലാതെ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി. 4 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |

**സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | |
| | | | 1.ഗവൺമെൻറ് അനുമതിയില്ലാതെ മെഗാ കാർണിവൽ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നതിനും പദ്ധതിപ്പണം കൈമാറുന്നതിനും തീരുമാനമെടുത്ത കമ്മിറ്റി മീറ്റിംഗുകളിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയുണ്ടായില്ല. | 1. 2018 – 19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സി. അംഗീകാരം വാങ്ങിയാണ് പദ്ധതി നടപ്പിലാക്കിയത് അപ്രകാരം നടപ്പിലാക്കിയതിനും പദ്ധതി പണം കൈമാറിയതിനും പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനത്തിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ അനുമതിവാങ്ങേണ്ടതാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് സാധൂകരണത്തിനായി 08/09/2021 തീയതിയിലെ അടിയന്തിര കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് കോർഡിനേഷൻ കമ്മിറ്റി മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടി അപേക്ഷ കിട്ടിയാൽ പരിശോധിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്. |
| | | | 2. പ്രാദേശികമായ ഒരു ജനകീയ വികസനസമിതി നടത്തിവന്നിരുന്ന ഒരു കാർണിവൽ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് മുൻപ് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. ആയത് | 2. 2018 – 2019 വർഷത്തേക്ക് ഡി.പി.സി. അനുമതി വാങ്ങിയാണ് പദ്ധതി നടപ്പിലാക്കിയത് പ്രളയം എന്ന വലിയ ദുരന്തമുഖത്ത് നിന്നും കരകയറിയ ജനതയുടെ ഭക്ഷണവും പാർപ്പിടവും പോലെ പ്രധാനമാണ് അവരുടെ മാനസിക നിലയുടെ കാര്യവും എന്നത് കൊണ്ട് തന്നെയാണ് ആയതിന് പ്രാധാന്യം നൽകി പഞ്ചായത്ത് കാർണിവൽ നടത്തിയത്. കാർണിവലിലെ ജനപങ്കാളിത്തവും ആളുകളുടെ ആവേശവും ആയത് തെളിയിച്ചതാണ്. കാർണിവൽ ദിവസങ്ങളിൽ മലയാറ്റൂർ – നീലീശ്വരം പഞ്ചായത്തിലെ |

| | | | |
|---|---|---|---|
| | | ലഭ്യമാക്കാതെ പദ്ധതി രൂപീകരിച്ച് ഗ്രാമ/ ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് കൈമാറിയത് ഗുരുതരമായ അപാകതയാണ്. പഞ്ചായത്തിൻറെ ഉത്തമതാൽപര്യങ്ങൾ സംരക്ഷിക്കേണ്ട ഭരണസമിതിയും, സെക്രട്ടറിയും പദ്ധതി മാർഗ്ഗരേഖ തെറ്റായി വ്യാഖ്യാനം ചെയ്താണ് ഈ ആഘോഷത്തിനായി പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയത്. | ജനങ്ങൾ മാത്രമല്ല സമീപ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും ഉൾപ്പെടെ ജില്ലയുടെ പല ഭാഗത്ത് നിന്നും ആളുകൾ എത്തിയിരുന്നു. ബഹു. സർക്കാരിനൊപ്പം ചേർന്ന് പ്രളയം മൂലം ഉണ്ടായ കെടുതി നേരിടുവാൻ ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയും പരാതികൾക്കിടയില്ലാത്തവിധം ആയവ നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതുമാണ്. |
| | | 3. മലയാറ്റൂർ ജനകീയ വികസന സമിതി, മൂലൻസ് ട്രസ്റ്റ് തുടങ്ങിയ നോൺ ഗവൺമെൻറൽ ഏജൻസികൾ കൂടി ഉൾപ്പെട്ട ഒരു കാർണിവലിൽ പഞ്ചായത്ത് സെക്രട്ടറി ഗവൺമെൻറ് അനുമതിയില്ലാതെ ഓർഗനൈസിംഗ് കമ്മിറ്റിയുടെ ട്രഷറർ എന്ന നിലയിൽ പ്രവർത്തിച്ചത് അംഗീകരിക്കുന്നില്ല. | 3. ഓർഗനൈസിംഗ് കമ്മിറ്റിയുടെ ട്രഷററായി സെക്രട്ടറി പ്രവർത്തിച്ചിട്ടില്ലാത്തതും അങ്ങിനെ പ്രവർത്തിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടില്ലാത്തതും ആയത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടില്ലാത്തതുമാണ്. |

| | | | |
|---|---|---|---|
| | | 4. നക്ഷത്രതടാകം- കാർണിവൽ എന്നിവയുടെ നടത്തിപ്പിനായി പ്രസിഡൻറ്, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ നക്ഷത്രതടാകം എന്നതിൻെറ ചുരുക്കപ്പേരായി NTMNG എന്ന പേരിലാണ് അക്കൌണ്ട് ആരംഭിച്ചത് (അക്കൌണ്ട് നമ്പർ 50100262483542, HDFC, Kalady) | 4. അക്കൗണ്ട് ആരംഭിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും ബാങ്കിൽ അപേക്ഷ നൽകുകയും ചെയ്തിട്ടുള്ളതാണ്. ബാങ്കിൻെറ സൗകര്യാർത്ഥം മാത്രമാണ് NTMNG (നക്ഷത്രതടാകം മലയാറ്റൂർ - നീലേശ്വരം ഗ്രാമപഞ്ചായത്ത്) എന്ന് ചുരുക്കപ്പേരിൽ അക്കൗണ്ട് ചേർത്തത്. |
| | | 5.സംഭാവനകൾ പിരിക്കുന്നതിന് പഞ്ചായത്ത് രസീത് ബുക്കുകൾ അച്ചടിച്ചിട്ടുണ്ട്. എത്ര രസീത് ബുക്കുകൾ അടിച്ചു എന്ന വ്യക്തമാക്കുന്ന ബിൽ, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവയില്ല. ആർക്കൊക്കെ രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു എന്ന രേഖപ്പെടുത്തലുകൾ ഇല്ല. ഒരു രസീത് ബുക്ക് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. പഞ്ചായത്തിൻെറ രസീത് ബുക്കിന് പുറമേ ഇത്തരത്തിൽ ഒരു രസീത് ബുക്ക് ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നേടേണ്ടിയിരുന്നു. | ജനറൽ കൺവീനർ കൂടിയായ പഞ്ചായത്ത് പ്രസിഡൻറിൻെറ നേതൃത്വത്തിലാണ് രസീത് ബുക്ക് അച്ചടിച്ചത്. ടി രസീത് ബുക്ക് മറ്റാർക്കും ഇഷ്യൂ ചെയ്തിട്ടില്ലാത്തതുമാണ്. അച്ചടിച്ച രസീത് ബുക്കിലെ 40 ലീഫുകളിൽ 16 എണ്ണം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. മുൻ വർഷ കാർണിവലുകളിൽ ധനസഹായം നൽകിയ നാമ മാത്രമായ ആളുകളിൽ നിന്നും സംഭാവന സ്വീകരിക്കാനല്ലാതെ വ്യാപകമായ പിരിവ് പഞ്ചായത്ത് ഉദ്ദേശിച്ചിരുന്നില്ല. പണപിരിവ് നടത്തിയിട്ടില്ലാത്തതും, മറ്റാർക്കു രസീത് ബുക്ക് നൽകിയിട്ടില്ലാത്തതുമാണ്. രസീത് ബുക്ക് അച്ചടിച്ചതും ഉപയോഗിച്ചതും, പ്രസിഡൻറിൻെറ മേൽ നോട്ടത്തിലായിരുന്നതിനാൽ അതിലെ അപാകത മുൻകൂട്ടി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ, ലഭിച്ച തുക കൌണ്ടർ ഫോയിലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | രസീത് ബുക്കുകൾ എത്രയെണ്ണം പ്രിൻറ് ചെയ്തു, ആരെല്ലാം ഇതുപയോഗിച്ച് പിരിവ് നടത്തി എന്നും വ്യക്തമല്ല. | |
| | | 6.രസീത് ബുക്കിലെ ഉപയോഗിച്ച ലീഫുകളുടെ കൗണ്ടർ ഫോയിലുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭാവനകളുടെ ആകെ മൂല്യം 4,72,500/- രൂപയാണ്. എന്നാൽ കാർണിവലിനായുള്ള ബാങ്ക് അക്കൗണ്ടിൽ സംഭാവനയിനത്തിൽ വരവ് വന്നിട്ടുള്ളത് 3,04,000/- രൂപ മാത്രമാണ് | 6. സംഭാവനയായി ലഭിച്ച തുകകൾക്ക് അനുസൃതമായി രസീത് എഴുതി നൽകിയെങ്കിലും ലഭിച്ച മുഴുവൻ തുകയും പ്രസിഡൻറിന് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. കാർണിവലുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നതിന് ലഭിച്ച സംഭാവന തുക പ്രസിഡൻറ് നേരിട്ട് ചെലവഴിച്ചതു കൊണ്ടാണ് സംഭാവനയിനത്തിൽ ലഭിച്ച തുക മുഴുവനായി അക്കൗണ്ടിൽ വരാതിരുന്നത്. |
| | | 7.രസീത് ബുക്ക് പ്രകാരം മൂലൻസ് എന്ന പേരിലുള്ള സംഭാവന 50,000/- രൂപയാണ്. എന്നാൽ, ബാങ്ക് അക്കൗണ്ട് പ്രകാരം മൂലൻസ് എന്ന പേരിൽ 1,00,000/- രൂപ വരവുണ്ട്.<br>രസീത് എഴുതാതെയും തുകകൾ വരവ് വന്നിട്ടുണ്ട് എന്ന് ഇത് വ്യക്തമാക്കുന്നു. | 7. മൂലൻസ് എന്ന സ്ഥാപനം ആകെ സംഭാവന നൽകിയത് 1 ലക്ഷം രൂപയാണ്. ആയത് 50,000/- രൂപ വീതം രണ്ട് തവണകളിലായാണ് നൽകിയത്. കാർണിവൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചതിന് ശേഷം പ്രസിഡൻറും ബന്ധപ്പെട്ടവരും കാർണിവൽ വിജയകരമാക്കുവാൻ വേണ്ട എല്ലാ വിധ സഹായവും അഭ്യർത്ഥിക്കുവാൻ ആദ്യം സന്ദർശിച്ചത് മൂലൻസ് എന്ന സ്ഥാപനത്തിൻറെ ഉടമയെയാണ്. അദ്ദേഹം 50,000/- രൂപ ചെക്ക് ആയാണ് പ്രസിഡൻറിന് നൽകിയത്. ഈ സന്ദർഭത്തിൽ രസീത് ബുക്ക് ലഭ്യമല്ലായിരുന്നു. ടി ചെക്ക് ഉപയോഗിച്ചാണ് എച്ച്.ഡി.എഫ്.സി. കാലടി ബ്രാഞ്ചിൽ അക്കൗണ്ട് ആരംഭിച്ചത്. രസീത് നൽകാതിരുന്നത് മനപ്പൂർവം അല്ലാത്തതും യാതൊരു ദുരുദ്ദേശത്തോടെയും അല്ലാത്തതും ആണെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | 8. 28/10/2019 ലെ 2(1) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പാസ്സാക്കിയ കാർണിവൽ വരവ് - ചെലവ് കണക്കുകൾ പ്രകാരം ആകെ വരവ് 18,06,684/- രൂപയാണ്. എന്നാൽ പാസ്സ്ബുക്ക് പ്രകാരമുള്ള ആകെ വരവ് 13,56,134/- രൂപ മാത്രമാണ്. നീക്കിയിരുപ്പ് തുക ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുമില്ല | 8. സംഭാവന 5,22,500/- രൂപ അമ്യൂസ്മെൻറ് പാർക്ക് 6,50,000/-രൂപ , ട്രേഡ് ഫെയർ - 2,32,050/-രൂപ , പഞ്ചായത്ത് വിഹിതം 250000/-രൂപ , ജില്ലാ പഞ്ചായത്ത് വിഹിതം 1,50,000/-രൂപ , പലിശ - 2134/-രൂപ എന്നിവ ഉൾപ്പെടെ ആകെ വരവ് 18,06,684/- രൂപയാണെങ്കിലും മുഴുവൻ തുകയും ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. ചില സാഹചര്യങ്ങളിൽ കാർണിവൽ സംബന്ധിച്ചുണ്ടാകുന്ന ചിലവുകൾക്ക് പ്രസിഡൻറ് തുക നേരിട്ട് ചിലവഴിച്ചിട്ടുള്ളത് കൊണ്ടാണ് ബാങ്കിൽ നിക്ഷേപിക്കപ്പെടാതെ പോയത്. അത് കൊണ്ട് തന്നെയാണ് വരവ് ചെലവ് കണക്കുകൾ പ്രകാരമുള്ള വരവും, പാസ്സ് ബുക്കിലെ വരവും തമ്മിൽ വ്യത്യാസം സംഭവിച്ചിട്ടുള്ളത്. ആകെ വരവ് 18,06,684/- രൂപയും ആക ചിലവ് 17,91,179/- രൂപയും വിവിധ ഇനങ്ങളിലായി നൽകാനുള്ള ബാധ്യത 3,02,699/- രൂപയും ബാക്കി (ക്യാഷ് ഇൻ ബാങ്ക )15,505/- രൂപയും ആയുള്ള വരവ് ചിലവ് കണക്കുകൾ 28.10.2019 ലെ 2(1) തീരുമാനം പ്രകാരം പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന അംഗീകരിച്ചതാണ്. |
| | | 9.പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കണക്കുകളിലെ ഒരു വരവിനമാണ് ട്രേഡ് ഫെയർ വരവ്. 2,32,050/- രൂപയാണ്. എന്നാൽ ഇത്തരത്തിൽ ഒരു ഇനവും തുകയും ബാങ്ക് അക്കൗണ്ട് പ്രകാരം വരവ് വന്നിട്ടില്ല | 9. ഡിസംബർ മാസം 25-ാം തീയതി മുതൽ 30-ാം തീയതി വരെയുള്ള 6 ദിവസമാണ് കാർണിവൽ നടന്നത്. പഞ്ചായത്ത് ആദ്യമായി ഏറ്റെടുത്ത് നടത്തുന്ന കാർണിവലിൽ ഉണ്ടായ കച്ചവട സ്ഥാപനങ്ങളിൽ നിന്നും പലപ്പോഴായി ലഭിച്ച തുകയാണ് 2,32,050/- രൂപ. കാർണിവലുമായി ബന്ധപ്പെട്ട് അതാത് സമയങ്ങളിൽ ഉണ്ടാകുന്ന ചിലവുകൾ ഫിനാൻസ് കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ പ്രസിഡൻറ് യഥാവിധി ചിലവാക്കിയിട്ടുണ്ട്. ട്രേഡ് ഫെയറിൽ നിന്നുള്ള വരവ് ഉൾപ്പെടെയുള്ള വരവുകളിൽ നിന്നാണ് ടി ചിലവ് പ്രസിഡൻറ് നിർവഹിച്ചത്. അത് കൊണ്ടാണ് ടി ഇനത്തിൽ ബാങ്ക് അക്കൌണ്ട് പ്രകാരം വരവ് വന്നിട്ടില്ലാത്തത്. |

| | | | |
|---|---|---|---|
| | | 10.വിവിധ സബ് കമ്മിറ്റികൾ മുഖേനയാണ് കാർണിവെലിനായി ചെലവ് നടത്തിയിട്ടുള്ളത്. ഈ കമ്മിറിറികളാണ് സേവനദാതാക്കളിൽ നിന്ന് ക്വട്ടേഷനുകൾ സ്വീകരിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. ഭൂരിഭാഗം കമ്മിറ്റികൾക്കും ബാങ്ക് അക്കൌണ്ടിൽ നിന്ന് സെക്രട്ടറി മുൻകൂറുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ചില സബ് കമ്മിറ്റികൾ തങ്ങൾക്ക് ലഭിച്ച സംഭാവന തുകകൾ ഉപയോഗിച്ച് നേരിട്ട് ചെലവ് നടത്തിയതായും ശ്രദ്ധയിൽപ്പെട്ടു. | 10. കാർണിവലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് പഞ്ചായത്ത് അംഗങ്ങൾ ചെയർമാനായി കൊണ്ടുള്ള വിവിധ സബ് കമ്മിറ്റികൾക്ക് രൂപം കൊടുക്കുകയും പ്രസ്തുത കമ്മിറ്റികൾ മുഖേനയാണ് ഓരോ ഇനങ്ങൾക്കും ചിലവുകൾ നിർവഹിക്കപ്പെട്ടിട്ടുള്ളതും. വളരെ പരിമിതമായ സമയം കൊണ്ടാണ് ഏറെ മുന്നൊരുക്കം വേണ്ടതായ കാർണിവൽ പ്രാവർത്തികമാക്കിയത്. ഓരോ ഇനങ്ങളിലും ക്വട്ടേഷൻ സ്വീകരിച്ചതും പ്രവൃത്തികൾ പൂർത്തീകരിച്ചതും സബ് കമ്മിറ്റികൾ ആണ്. സബ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ചെയർമാൻ കൂടിയായ പഞ്ചായത്ത് മെമ്പർ രേഖാമൂലം ആവശ്യപ്പെടുന്നത് പ്രകാരം പഞ്ചായത്ത് പ്രസിഡൻറിൻെറ നിർദ്ദേശം വാങ്ങിയാണ് മുൻകൂർ ചിലവുകൾ ഉൾപ്പെടെ സെക്രട്ടറി പണം അനുവദിച്ചിട്ടുള്ളത്. പണം അനുവദിച്ചിട്ടുള്ളത് പ്രസിഡൻറും സെക്രട്ടറിയും ചേർന്നാണ്. |
| | | 11.സബ്കമ്മിറ്റികൾ ക്വട്ടേഷനുകൾ സ്വീകരിച്ചാണ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത് സ്റ്റേജ്, ഫ്ലോട്ടിംഗ് സ്റ്റാർ, ലൈറ്റ് ആൻറ് സൌണ്ട്, നക്ഷത്രം, പപ്പാനി എന്നീ ഇനങ്ങളെല്ലാം ഒരു ലക്ഷം രൂപയിലധികം തുക ചെലവ് വന്ന ഇനങ്ങളാണ് പഞ്ചായത്തിന് ബാധകമായ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം ഇവ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിച്ച് ചെയ്യേണ്ടിയിരുന്ന | 11. മെമ്പർമാർ ചെയർമാൻമാരായുള്ള സബ് കമ്മിറ്റികളാണ് അവരുടെ പരിധിയിൽ വരുന്ന ഇനങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിച്ചത്. ഡിസംബർ 25 മുതൽ ഡിസംബർ 30 വരെയുള്ള ദിവസങ്ങളിൽ തന്നെ കാർണിവൽ നടക്കേണ്ടതുണ്ട്. പുതുവത്സരത്തിന് ഡിസംബർ 30 ന് രാത്രി 12 മണിക്ക് 60 അടിയോളം ഉയരം വരുന്ന പപ്പാനിയെ കത്തിച്ച് കൊണ്ടാണ് ആഘോഷപരിപാടികൾ അവസാനിക്കുന്നത്. മാറ്റിവയ്ക്കപ്പെടാൻ കഴിയാത്ത് പരിപാടിയായതിനാൽ പരിമിതമായ സമയം പരമാവധി പ്രയോജനപ്പെടുത്തിയും ഈ മേഖലയിൽ അനുഭവ സമ്പത്തുള്ള മലയാറ്റൂർ ജനകീയ വികസന സമിതിയുടെ സഹായ സഹകരണത്തോടെയാണ് ക്വട്ടേഷനുകൾ അംഗീകരിച്ച് പരിപാടികൾ നടപ്പിലാക്കിയത്. ചട്ടപ്രകാരമുള്ള ടെണ്ടർ/ഇ-ടെണ്ടർ സബ് കമ്മിറ്റികൾക്ക് ചെയ്യാൻ കഴിയാതിരുന്നത് സമയപരിമിതി മൂലം മാത്രമാണെന്നാണ് |

| | | | |
|---|---|---|---|
| | | പ്രവൃത്തികളായിരുന്നു. | പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിരിക്കുന്നത്. |
| | | 12.പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കണക്കുകൾ പ്രകാരം ആകെ ചെലവ് 17,91,179/- രൂപയാണ്.എന്നാൽ ഹാജരാക്കിയ വൌച്ചറുകൾ പ്രകാരം ആകെ 14,60,227/- രൂപയുടെ ചെലവ് മാത്രമാണ് നടന്നിട്ടുള്ളത്. പഞ്ചായത്തിൻറെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കുന്ന എന്ന കമ്മിറ്റി തീരുമാനമെടുത്ത് നടപ്പിലാക്കിയ ഈ പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പഞ്ചായത്തിൻെറ വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. പദ്ധതി തുക കൈമാറിയത് മാത്രമാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. | 12. കാർണിവൽ നടത്തിപ്പിനായി ആകെ ചെലവ് വന്നിട്ടുള്ളത് 17,91,129/- രൂപയാണ്. ആയതിനുള്ള വൌച്ചറുകളും പഞ്ചായത്തിലുണ്ട്. പഞ്ചായത്ത് പദ്ധതി പ്രകാരം വകയിരുത്തിയ തുക കാർണിവലിനു വേണ്ടി പ്രത്യേകം ആരംഭിച്ച അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തത് പഞ്ചായത്തിൻെറ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, മറ്റ് വരവുകളും ചിലവുകളും പഞ്ചായത്തിൻെറ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് കാർണിവലിൻെറ വരവ് ചിലവ് കണക്കുകൾ പ്രത്യേകം തയ്യാറാക്കിയത്. പ്രസ്തുത കണക്ക് പഞ്ചായത്ത് കമ്മിറ്റി ഐക്യകണ്ഠേന അംഗീകരിച്ചിട്ടുള്ളതാണ്. ശേഷം പഞ്ചായത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളേയും ജനകീയ വികസന സമിതിയേയും ഉൾപ്പെടുത്തിയിട്ടുള്ള സർവ്വകക്ഷി യോഗത്തിലും കാർണിവൽ നടത്തിപ്പ് അവലോകനം നടത്തുകയും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളതുമാണ് |
| | | 13.വൗച്ചറുകളോടൊപ്പം ചേർത്തിരിക്കുന്ന പല ബില്ലുകളും ആധികാരികമല്ല. | 13. പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തിയത് പ്രകാരം സബ് കമ്മിറ്റികളാണ് വാങ്ങലുകൾ നിർവഹിച്ചിട്ടുള്ളത്. സബ് കമ്മിററി നക്ഷത്രങ്ങൾ വാങ്ങിയത് മാർക്കറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ്. പഞ്ചായത്ത് കമ്മിറ്റി |

| | | | |
|---|---|---|---|
| | | | മുമ്പാകെ ആയതിനുള്ള ബില്ലും വച്ചിട്ടുണ്ട്. ലഭ്യമായ ബിൽ ആണ് ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിച്ചത്. |
| | | 14. പരിശോധന ആരംഭിച്ച ആദ്യഘട്ടത്തിൽ തന്നെ പദ്ധതി സംബന്ധിച്ച ഫയൽ അപൂർണ്ണമാണെന്ന് ബോധ്യപ്പെട്ടുകയും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എന്ക്വയറിനൽകുകയുമാണുണ്ടായത്. ഫയലിൽ പദ്ധതിവിഹിതം കൈമാറിയത് സംബന്ധിച്ച രേഖമാത്രമാണുണ്ടായിരുന്നത്. | 14. ഓഡിറ്റ് രേഖകൾ സമർപ്പിക്കുവാൻ വൈകിയത് മനഃപൂർവ്വമല്ലെന്നും, ഓഡിറ്റ് അവസാനിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചിട്ടുള്ളത് പരിഗണിച്ചും പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ബോധിപ്പിക്കുന്നു. |
| | | 15.പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത ആവശ്യത്തിന് വേണ്ടി സർക്കാർ അനുമതി ഇല്ലാതെ ഏറ്റെടുത്ത് നടപ്പാക്കിയതിനാൽ നാല് ലക്ഷം രൂപ (4,00,000/) ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. | 15. പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്ത് 08/09/2021 തീയതിയിൽ മറുപടി ഓഡിറ്റിന് നല്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | |
| **കാസറഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ** | | | | |
| 9. | കിണാനൂർ കരിന്തളം | 3.1.1 | 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1<br>കെട്ടിട നിർമ്മാണം ക്രമവത്ക്കരണം- അനുവദനീയമായതിൽ അധികരിക്കുന്ന കെട്ടിട വിസ്തീർണ്ണത്തിന് അധിക ഫീസ് ഈടാക്കിയിട്ടില്ല.<br>പെർമിറ്റ് ഇനത്തിൽ കുറവ് വന്ന 22,91,700 രൂപ ഈടാക്കേണ്ടതാണ്. | കിണാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ ശ്രീജോസ് എബ്രഹാം ,പാലക്കുടിയിൽ ഹൌസ് ,പരപ്പ ,പരപ്പ (പി.ഒ) എന്നവർ കമേഴ്സ്യൽ/പാർപ്പിടാവശ്യ കെട്ടിടത്തിനുള്ള പെർമിറ്റിനാണ് 12.04.2017 തീയ്യതിയിൽ അപേക്ഷ നൽകിയത്.ടി കെട്ടിടംകെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 34(2) പ്രകാരം ഗ്രൂപ്പ് F/ ഗ്രൂപ്പ് A1 ൽ ആണ് ഉൾപ്പെടുന്നത്. എന്നാൽ ഗ്രൂപ്പ് എ 2 ലോഡ്ജിംഗ് ഹൗസിൽ ഉൾപ്പെടുത്തിയാണ് ഓഡിറ്റ് റിപ്പോർട്ടിൽ അനുവദീയമായ FAR കൂടുതലായതിനാൽ അധിക ഫീസ് വാങ്ങാൻ നിർദ്ദേശിച്ചിരിക്കുന്നത് അപേക്ഷകൻ അപേക്ഷയിൽ പറയുന്ന വിനിയോഗ ഗണത്തിൽ മാത്രമേ ഒരു കെട്ടിടത്തെ ഉൾപ്പെടുത്താൻ കഴിയൂ. ഗ്രൂപ്പ് എഫ്/എ 1 കെട്ടിടനിർമ്മാണത്തിന് നൽകിയ അപേക്ഷയിൻമേൽ മറിച്ചൊരു തീരുമാനം എടുക്കാൻ പെർമിറ്റ് നൽകുന്ന ഉദ്യോഗസ്ഥന് കഴിയില്ല.<br>കെട്ടിടം ആകെ തറവിസ്തീർണ്ണം 6641.28 ചതുരശ്രമീറ്റർ ആണ്. 300 ചതുരശ്രമീറ്ററിൽ കൂടുതലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് (ഗ്രൂപ്പ് എ 1) അധികഫീസില്ലാതെ അനുവദീയമായ FAR 1.75 ആണ്. ഗ്രൂപ്പ് എഫ്/എ 1 കെട്ടിടത്തിൽ എറ്റവും നിയന്ത്രിതമായ FAR ഉള്ളത് 300 ചതുരശ്രമീറ്ററിൽ കൂടുതലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിനാണ്. ആയത് പ്രകാരം FAR കണക്കാക്കുമ്പോൾ FAR അനുവദീയമായ 1.75 നേക്കാൾ കുറവാണ് (FAR1.6). അത് കൊണ്ട് തന്നെ ഈ കെട്ടിടത്തിന് അധികഫീസ് ഈടാക്കേണ്ട ആവശ്യം വരുന്നില്ല. 09.01.2019 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 2 നെ തുടർന്ന് അപേക്ഷകന് തുക അടക്കാൻ കത്ത് നൽകിയിരുന്നു. ആയതിനുള്ള മറുപടിയിൽ ടിയാൻ കെട്ടിടം ഗ്രൂപ്പ് എഫ്/ഗ്രൂപ്പ് എ 1 ലാണ് ഉൾപ്പെടുന്നതെന്നും |

| | | | | |
|---|---|---|---|---|
| | | | | അപേക്ഷ commercial/residential കെട്ടിടനിർമ്മാണ ത്തിനുവേണ്ടിയാണെന്നും അതിനാൽ അധിക ഫീസ്അടക്കാൻ ബാധ്യസ്ഥനല്ലെന്നും അറിയിച്ചിട്ടുണ്ട്. ഖണ്ഡിക പ്രകാരമുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 27.08.2020 ലെ 1900/20/എസ്.സി2 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന് 30.09.2020 ന് ലഭ്യമായ പുനരഭിപ്രായക്കുറിപ്പിൽ 27.08.2020 ന് സമർപ്പിച്ച മറുപടി അംഗീകരിക്കാവുന്നതല്ലെന്നും ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക ഒടുക്കുന്നതിന് 29.12.2020 ലെ കത്ത് പ്രകാരം ശ്രീ ജോസ് എബ്രഹാം ,പാലക്കുടിയിൽ ഹൌസ് ,പരപ്പ ,പരപ്പ (പി.ഒ) എന്നവർക്ക് നോട്ടീസ് നൽകിയിരുന്നു. ആയതിന് 08.06.2021 ന് ടിയാൾ സമർപ്പിച്ച മറുപടിയിൽ ഗ്രൂപ്പ് A2-F ഗണത്തിൽപ്പെട്ട കെട്ടിടനിർമ്മാണത്തിന് അപേക്ഷ സമർപ്പിക്കുകയോ പെർമ്മിറ്റ് വാങ്ങുകയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ ഓഡിറ്റിൽ പരാമർശിച്ച തുക അടക്കാൻ ബാധ്യസ്ഥനല്ലെന്നും വീണ്ടും അറിയിച്ചിരിക്കുകയാണ്.<br>നിർമ്മിക്കുന്ന കെട്ടിടം ഏതു വിനിയോഗ ഗണത്തിൽ പെടുന്നതാണെന്ന് അപേക്ഷകനാണ് തീരുമാനിക്കുന്നത്. അത് അദ്ദേഹം അപേക്ഷയിൽ രേഖപ്പെടുത്തുന്നുമുണ്ട്. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിൽ പറയുന്ന വിനിയോഗ ഗണത്തിൽപെടുന്ന കെട്ടിട നിർമ്മാണം കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമാണോ എന്നാണ് പെർമ്മിറ്റ് കൊടുക്കുമ്പോൾ സെക്രട്ടറി പരിശോധിക്കുന്നത്. പെർമ്മിറ്റ് വാങ്ങിയ കെട്ടിടത്തിന്റെ വിനിയോഗ ഗണത്തിൽ നിന്ന് വ്യത്യസ്തമായി കെട്ടിടം ഉപയോഗിക്കുന്നുവെങ്കിൽ മാത്രമേ അത് അനധികൃത കെട്ടിടമായി മാറുന്നുള്ളൂ. പെർമ്മിറ്റ് നൽകുമ്പോൾ ടി കെട്ടിടം മറ്റൊരു ആവശ്യത്തിന് വേണ്ടി ഉപയോഗിക്കും എന്ന് മുൻകൂട്ടി തീരുമാനിക്കാനാവില്ല. പെർമ്മിറ്റിനനുസൃതമായി നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നല്കാതെ ടി ഉപയോഗത്തിന് അല്ലാതെ കെട്ടിടം ഉപയോഗിക്കുമ്പോൾ മാത്രമാണ് നിയമപ്രകാരമുള്ള നടപടികൾ ഉദ്യോഗസ്ഥൻ സ്വീകരിക്കാനാവുക.പെർമിറ്റ് അനുവദിച്ച A1+F (താമസാവശ്യം + വാണിജ്യം) വിനിയോഗ ഗണത്തിൽ തന്നെയാണ് |

| | | | | |
|---|---|---|---|---|
| | | | | കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളത്. പെർമിറ്റ് അനുവദിച്ച 6641.28 ച.മീ. പ്ലിന്ത് ഏരിയയിൽ നിന്നും വിസ്തീർണ്ണം കുറവായി 6243.84 ച.മീ. പ്ലിന്ത് ഏരിയയിലാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ഇത് A2 വിനിയോഗ ഗണത്തിനു തന്നെ അധിക ഫീസില്ലാതെ അനുവദനീയമായ തറവിസ്തീർണ്ണമാണ്. ഈ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്ലണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| ക്രമ നമ്പർ | നഗരസഭ | പരാമർശ ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | കൊട്ടാരക്കര | 3.1 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പ്രവർത്തികൾക്ക് തൊഴിലാളികൾക്ക് കൂലി നല്കി -നിരാകരിക്കുന്ന തുക 219433/- | 2017-18 ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തിന്റെ മേൽ മറുപടി നൽകുന്നതിനായി ശ്രീ. വിജയൻപിള്ള, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. അഞ്ജലീകൃഷ്ണൻ അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർക്ക് 17/08/2019 -ൽ നഗരസഭയുടെ നോട്ടീസ് നൽകിയിരുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ നൽകിയ മറുപടിയിൽ എസ്റ്റിമേറ്റ് പ്രകാരം ഭൂരിഭാഗം പണികളും കാനയുടെ ആഴം കൂട്ടുക, റോഡിന്റെ സൈഡിൽ ഓട നിർമ്മിക്കുക കനാലിലുള്ള മണ്ണും ചെളിയും നീക്കം ചെയ്യുക തുടങ്ങിയ ഐറ്റങ്ങൾ ആയിരുന്നുവെന്നും 2017 ൽ നടപ്പിലാക്കിയ ഈ പ്രവർത്തികൾ കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പ്രതികൂല കാലാവസ്ഥ മൂലം പൂർത്തീകരിച്ച മൺ ഓടകൾ മണ്ണും ചെളിയും നിറയുകയും കാട് തളിർക്കുകയും ചെയ്തിട്ടുള്ളതും എം. ബുക്കിലെ മെഷർമെന്റുകൾ വർഷങ്ങൾക്കു ശേഷം കൃത്യമായി ബോധ്യപ്പെടുത്തുന്നതിന് സാധിക്കില്ലാ എന്നും സൂചിപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് 2017 -18 വർഷത്തെ ഫർദർ റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാത്തതിനാൽ ആയത് സംബന്ധിച്ച് തുടർ നടപടികൾ ഉണ്ടെങ്കിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് |

| | | | | |
|---|---|---|---|---|
| | | | | 22/07/2020 -ൽ നഗരസഭയുടെ നോട്ടീസ് നൽകിയിരുന്നതും മറുപടി ലഭ്യമാകാത്തതിനെത്തുടർന്ന് 24/09/2020 ൽ G2/6121/20 -ാം നമ്പരായി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ചാർജ്ജ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് 1968 - റവന്യൂ റിക്കവറി ആക്ട് വകുപ്പ് 15 പ്രകാരം നഷ്ടമായ തുക ടി. ആളുകളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| 2. | കരുനാഗപ്പള്ളി നഗരസഭ | 3.1.2 | 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-41 വീരണകാവ് പി.എച്ച്.സിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി- 95,63,632 രൂപ അടങ്കൽ വകയിരുത്തി 47,000,00 രൂപ ചെലവ് വരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണവും ഇലക്ട്രിക്കൽ വർക്കും പൂർത്തിയായെങ്കിലും ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കാത്തതിനാൽ നിഷ്ക്രിയ ആസ്തിയായി തുടരുന്നു. | ടി വിഷയം നഗരസഭാ കൗൺസിൽ പരിഗണിക്കുകയും ബന്ധപ്പെട്ട വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് ഒരു സബ് കമ്മിറ്റിയ്ക്ക് രൂപം നൽകുകയും ചെയ്തിട്ടുള്ളതാണ്. ടി സബ് കമ്മിറ്റിയും നഗരസഭാതല ട്രാഫിക് അഡ്വൈസറി കമ്മിറ്റിയും 27/07/2021 ൽ യോഗം ചേരുകയും പ്രസ്തുത പ്രൈവറ്റ് ബസ് സ്റ്റാന്റ് സെപ്റ്റംബർ 15-ഓട് കൂടി പ്രവർത്തനയോഗ്യമാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ്, മോട്ടോർ വാഹന വകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങിയ വകുപ്പ് പ്രതിനിധികളും പ്രസ്തുത യോഗത്തിൽ സംബന്ധിച്ചിട്ടുണ്ട്. ആയതിലേക്ക് ആവശ്യമായ ട്രാഫിക് ക്രമീകരണങ്ങൾ വരുത്തുന്നതിനും യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ആകയാൽ പ്രസ്തുത ബസ് സ്റ്റാന്റ് പ്രവർത്തനം ആരംഭിച്ചതിന് ശേഷം തുടർ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു |
| 3. | കോട്ടയം നഗരസഭ | 3.1.2 | ലക്ഷങ്ങൾ ചിലവഴിച്ച് നഗരസഭയിൽ സ്ഥാപിച്ച ബയോബിന്നുകൾ പ്രവർത്തിക്കുന്നില്ല: | |

| | | |
|---|---|---|
| | 1. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് അലുമിനിയം ഫോർഡ് ഷീറ്റ് മാറ്റി GS ഷീറ്റ് ഇടുന്നതിന് തീരുമാനമുണ്ടായിരുന്നു റിവൈസ്ഡ് എസ്റ്റിമേറ്റിൽ അലുമിനിയം ട്രഫോർഡ് എന്നാൽ ഷീറ്റ് തന്നെയാണ് കാണിച്ചിട്ടുള്ളത്. കരാറുകാരൻ GS ഷീറ്റ് ആണോഅലുമിനിയം ട്രഫോർഡ് ഷീറ്റ് ആണോ ഷെഡ്ഡുകളിൽ ഇട്ടത് എന്ന് പരിശോധിക്കാനായി എം. എം.ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1. ടി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ആറാമത്തെ ഇനമായി അലുമിനിയം ട്രഫോർഡ് ഷീറ്റ് ആണ് അംഗീകരിച്ചിരിക്കുന്നത്. അലുമിനിയം ഷീറ്റ് തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. എം. ബുക്ക് പരിശോധനയ്ക്കായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടുണ്ട്. |
| | 2.ആദ്യ പാർട്ട് ബില്ലിൽ 58 ബയോബിന്നുകൾ നിർമ്മിച്ചതിന് തുക കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ 38 എണ്ണം മാത്രമേ ഹെൽത്ത് വിഭാഗത്തിന് കൈമാറിയിട്ടുള്ളൂ.<br>നാഗമ്പടംമൈതാനത്തിലെ നോർത്ത് ഭാഗത്തുള്ള 20 യൂണിറ്റുകൾ കെട്ടിടത്തിന്റെ അപാകതകൾ കാരണം കൈമാറിയിട്ടില്ല. ഇപ്രകാരം അപാകതകൾ നിലനിൽക്കെ ബിൽതുകഅനുവദിച്ചത് ക്രമപ്രകാരമല്ല. | 2.ആദ്യ പാർട്ട് ബിൽ തയ്യാറാക്കിയിരിക്കുന്നത് 03 2018 ൽ ആണ്. അതിന് മുമ്പായി അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകൾ പരിശോധിച്ച് യഥാസമയം ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. സമയത്ത് ചെയ്ത പ്രവൃത്തികൾക്ക് യാതൊരു വിധ അപാകതകളോ കേടുപാടുകളോ ഉണ്ടായിരുന്നില്ല. ആയത് ബോധ്യപ്പെട്ടത് പ്രകാരമാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽ പാസാക്കിയിട്ടുള്ളത്. |
| | 3.നാഗമ്പടം മൈതാനത്തിലെ നോർത്ത് ഭാഗത്തുള്ള 20 യൂണിറ്റുകൾ കെട്ടിടത്തിന്റെ അപാകതകൾപരിഹരിക്കണമെന്ന് ആവശ്യപ്പെട്ട കരാറുകാരന് മുനിസിപ്പൽ എഞ്ചിനീയർ 05.09.2018 ൽ കത്ത് നൽകിയിരുന്നു. ആയത് ഓഡിറ്റ് കാലയളവ് വരെയും പരിഹരിച്ച് ടി യൂണിറ്റുകൾ ഹെൽത്ത് വിഭാഗത്തിന് | 3. നാഗമ്പടം മൈതാനം വടക്ക്ഭാഗത്തുള്ള 20 യൂണിറ്റ് ബയോബിന്നുകൾ കെട്ടിടത്തിന്റെ അപാകതകൾ പരിഹരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 03/06/2020 ലെ PW2/1465/17 നമ്പർ കത്ത് പ്രകാരം ആരോഗ്യ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | കൈമാറിയിട്ടില്ല. | |
| | | | 4. നാഗമ്പടം മൈതാനത്തിലെ നോർത്ത് ഭാഗത്തുള്ള 20 യൂണിറ്റുകൾ കെട്ടിടത്തിന്റെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കരാറുകാരന് മുനിസിപ്പൽ എഞ്ചിനീയർ 05.09.2018 ൽ കത്ത് നൽകിയിരുന്നു. ആയത് ഓഡിറ്റ് കാലയളവ് വരെയും പരിഹരിച്ച് ടി യൂണിറ്റുകൾ ഹെൽത്ത് വിഭാഗത്തിന് കൈമാറിയിട്ടില്ല. | 4. പദ്ധതിയുടെ യൂണിറ്റുകൾ നിർമ്മാണം നടത്തിയത് നഗരസഭാ ഹെൽത്ത് കമ്മിറ്റി അംഗീകരിച്ച് ഹെൽത്ത് സൂപ്പർവൈസറടക്കം നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലാണ്. 20/09/2017 ലെ കൗൺസിൽ യോഗനടപടികളിൽ ഇക്കാര്യം വ്യക്തമാകുന്നുണ്ട്. |
| | | | 5. നിലവിൽ എത്ര പ്ലാന്റുകൾ പ്രവർത്തനക്ഷമമാണെന്നുള്ള റിപ്പോർട്ട് നഗരസഭാ ഹെൽത്ത് വിഭാഗത്തിൽ നിന്നും ലഭ്യമാക്കാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല | 5. നിലവിൽ 110 ബയോബിന്നുകൾ പ്രവർത്തന ക്ഷമമാണ്. ആവശ്യമായ മേൽനോട്ടം വഹിക്കുന്നതിന് ഓരോ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഓഫീസിൻ കീഴിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും തൊഴിലാളികൾക്കും ചുമതല നൽ കിയിട്ടുണ്ട്. |
| 4. | മൂവാറ്റുപുഴ നഗരസഭ | 3.1 | 2. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി 2017-18 നഷ്ടം-8,99,593/- | 2017-18 വർഷത്തെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്ക് കുറഞ്ഞ നിരക്ക് അംഗീകരിച്ചിട്ടുള്ളത് ശ്രീ.ജയ്സൺ കുര്യാക്കോസിന്റെ പേരിലാണ്. ആയതനുസരിച്ച് ബന്ധപ്പെട്ട കരാറുകാരൻ പണികൾ നടത്തിയിട്ടുള്ളതും ആയതിന് അദ്ദേഹത്തിന് തുക നഗരസഭയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ളതാണ്.<br>എന്നാൽ എല്ലാ വർഷവും നഗരസഭ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ വച്ചിട്ടുള്ളതും ടി സ്ഥലങ്ങളിൽ പുതിയ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.അറ്റകുറ്റപ്പണികൾക്ക് അംഗീകരിച്ച തുക മാത്രമാണ് നൽകിയിട്ടുള്ളത്. പുതിയതായി സ്ഥാപിക്കുന്നതിന് മാത്രമാണ് സാധന സാമഗ്രികൾ നൽകിയത്. ആയതിന് പ്രത്യേക പണിക്കൂലി നൽകിയിട്ടില്ലാത്തതിനാൽ ടിയിനത്തിൽ സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലാത്തതാണ്. തെരുവു വിളക്കുകളുടെ കൃത്യമായ കണക്കുകൾ ടി കാലയളവിൽ പൂർണ്ണമായി കണക്കാക്കുവാൻ സാധിച്ചിട്ടില്ല.എന്നാൽ ഇപ്പോൾ വാർഡു തലത്തിൽ കെ.എസ്.ഇ.ബി. നമ്പർ നൽകിയിട്ടുള്ള ഇലക്ട്രിക് |

പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളുടെ കൃത്യമായ രേഖ നഗരസഭയിൽ ലഭ്യമാണ്. ടി എണ്ണം അറ്റകുറ്റപ്പണിയ്ക്ക് നൽകിയിട്ടുള്ള എണ്ണത്തേക്കാൾ വളരെ കൂടുതലാണ്. എന്നിരുന്നാലും ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി. ലഭ്യമാക്കാത്തതിനാൽ കാലാകാലങ്ങളിൽ കൃത്യമായ കണക്കുകൾ തയ്യാറാക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടു വരുന്നുണ്ട് എന്നുള്ളതു കൊണ്ട് രജിസ്റ്റർ പൂർത്തിയാക്കാൻ കഴിയാതെ വരുന്നു. ടി കരാറുകാരൻ 13/9/2018-ന് മരണപ്പെട്ടിട്ടുള്ളതിനാൽ അദ്ദേഹത്തിന്റെ ഫൈനൽ ബിൽ കൊടുക്കാത്തതിനാലുമാണ് പിന്നീട് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും സാധനങ്ങളുടെ വിലയും പണിക്കൂലിയും വെവ്വേറെ തന്നിട്ടുള്ളത്. ആയതിന് ഈ പണിയുടെ ദർഘാസുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. കരാറുകാരൻ മരണപ്പെട്ടിട്ടുള്ളതിനാൽ അദ്ദേഹത്തിന്റെ അംഗീകരിച്ച നിരക്ക് ഉപയോഗിച്ചിട്ടുള്ള ബിൽ പാസ്സാക്കി നൽകി അംഗീകരിക്കാവുന്നതും മേൽ വസ്തുക്കളും കരാറുകാരന്റെ മരണവും പദ്ധതിയുടെ പൂർത്തീകരണവും ഫൈനൽ ബിൽ തുക നാളിതുവരെ നൽകാത്തതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കാവുന്നതാണെന്ന് ബോധിപ്പിക്കുന്നു.

**മറ്റ് അപാകതകൾ:**

1. 2017-18 വർഷത്തെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്ക് കരാർ വച്ചിരിക്കുന്നത് 12/7/2017-ലാണ്. ടെണ്ടർ വ്യവസ്ഥ അനുസരിച്ച് കാലാവധി അവസാനിക്കുന്നത് 10/7/2018-ലാണ്. എന്നാൽ ഇക്കാലയളവിലേയ്ക്കുള്ള തുക കരാറുകാരന് 19/2/2018-ൽ നൽകി.(ബിൽ നമ്പർ 19/17-18 തീയതി 19/2/18 പ്രകാരം 14,99,037/- രൂപ) തെരുവിളക്കുകൾ നന്നാക്കുന്നതിന് കരാറിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ് തന്നെ മുഴുവൻ തുകയും നൽകി.20/4/2017-ലെ ടെ

1. നഗരസഭകളിൽ പദ്ധതി അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്കാണ് ദർഘാസുകൾ സ്വീകരിക്കുക. എന്നാൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി കൾ ഏപ്രിൽ മാസം മുതൽ നിർവ്വഹിക്കുന്നതാണ്.ടെണ്ടർ ചെയ്യാൻ വരുന്ന താമസം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയെ ബാധിക്കാതെ ചെയ്തു വന്നാൽ മാത്രമേ ആയതിന് പ്രയോജനമുള്ളു.എഗ്രിമെന്റ് വയ്ക്കുന്ന തീയതി ഇതുമായി ബന്ധപ്പെടുത്താൻ കഴിയില്ല. മേലിൽ കാലാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് തുക നൽകുന്നതല്ല എന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

| | | |
|---|---|---|
| | ണ്ടർ നോട്ടീസ് പ്രകാരം കാണിച്ചിരിക്കുന്ന തെരുവു വിളക്കുകളുടെ എണ്ണവും കരാറുകാരന് തുക അനുവദിച്ചിരിക്കുന്ന തെരുവു വിളക്കുകളുടെ എണ്ണവും വ്യത്യാസപ്പെട്ടിരിക്കുന്നു.<br><br>തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി<br>2018-19 നഷ്ടം-4,35,146/- രൂപ | |
| | മറ്റ് അപാകതകൾ:<br>2. ടെണ്ടറിൽ തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട ധാരാളം വ്യവസ്ഥകൾ പറഞ്ഞിരുന്നെങ്കിലും കരാറിൽ പ്രസ്തുത വ്യവസ്ഥകൾ ഉൾപ്പെടുത്താതെ മരാമത്ത് പ്രവൃത്തികൾക്കുള്ള വ്യവസ്ഥകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. | 2. കരാർ സാധാരണ നിരക്ക് പ്രകാരം ഒപ്പ് വച്ചിട്ടുള്ളതിനാലാണ് ഈ വ്യവസ്ഥകൾ ഉൾപ്പെടുത്താതിരുന്നത്. |
| | 3. തെരുവു വിളക്കുകളുടെ പരിപാലനം ടെണ്ടറിംഗ് മുഖേന നടപ്പാക്കുന്നതിനുള്ള മാർഗ്ഗ രേഖയിൽ(സർക്കുലർ 3055/DA3/2011/തസ്വഭവതീയതി 15/9/2011) സ്പെയർപാർട്സുകൾ മാറ്റി വയ്ക്കുന്നതിലോ കരാറിൽ ഉൾപ്പെടുന്ന മറ്റു ജോലികളിലോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് യാതൊരു പങ്കും ഉണ്ടായിരിക്കില്ലെന്ന നിബന്ധനയുള്ളപ്പോഴും 12/4/2018-ലെ ടെണ്ടറിംഗ് വ്യവസ്ഥയിൽ സ്പെയർപാർട്സുകൾ കരാറുകാരൻ തന്നെ റീപ്ലേസ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥയുള്ളപ്പോഴും ഇതു പാലിക്കാതെ നഗരസഭ മെറ്റീരിയൽസ് വാങ്ങി നൽകി. | 3. സാധന സാമഗ്രികൾ വാങ്ങി നൽകിയിരിക്കുന്നത് പുതിയ പോസ്റ്റുകളിലേയ്ക്ക് മാത്രമാണ്. നിലവിൽ കരാറിൽ പറഞ്ഞിരിക്കുന്ന ലൈറ്റുകളിൽ റിപ്പയർ മാത്രമാണ് നടത്തിയിരിക്കുന്നത്. പുതിയ പോസ്റ്റുകളിൽ ലൈറ്റ് സ്ഥാപിക്കുന്നതിന് പണിക്കൂലി വേറെ നൽകിയിട്ടില്ലാത്തതുമാണ്. |

| | | |
| --- | --- | --- |
| | 4. തെരുവു വിളക്കുകളുടെ പരിപാലനം ടെണ്ടറിംഗ് മുഖേന നടപ്പാക്കുന്നതിനുള്ള മാർഗ്ഗ രേഖയിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള പരാതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 4. ഓഡിറ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും നിർദ്ദേശം ലഭിച്ചതു മുതൽ പരാതി രജിസ്റ്റർ സൂക്ഷിച്ചു വരുന്നു. |
| | 5. 12/4/2018-ലെ ടെണ്ടറിംഗ് വ്യവസ്ഥയിൽ പറഞ്ഞിരിക്കും പ്രകാരമുള്ള റിപ്പയേർഡ് ലിസ്റ്റും പെൻഡിംഗ് ലിസ്റ്റും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ പാലിച്ചിട്ടില്ല.പകരം കൗൺസിലർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. | 5. ഓഡിറ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിച്ച നിർദ്ദേശ പ്രകാരം ടി കാര്യം നടപ്പിലാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടു വരുന്നു |
| | 6. തെരുവു വിളക്കുകൾക്കുള്ള മെറ്റീരിയൽസ് വാങ്ങുന്ന പ്രോജക്ട് പ്രകാരം ട്യൂബ് ഒഴികെയുള്ളവയ്ക്ക് വാറണ്ടിയുള്ളതിനാൽ വാറണ്ടി കാലയളവിൽ കേട് പറ്റുന്നവ വാങ്ങിയ സ്ഥാപനത്തിൽ നിന്നും റീപ്ലേസ് ചെയ്ത് വാങ്ങാമായിരുന്നു. എന്നാൽ തെരുവു വിളക്കു പരിപാലനത്തിന് കരാർ ഏറ്റെടുത്തയാൾ കേടു വന്ന ഉപകരണങ്ങൾ നഗരസഭയിൽ തിരികെ ഏൽപ്പിക്കാത്തതിനാൽ വാറണ്ടി കാലയളവിൽ കേടു പറ്റിയവ വാങ്ങിയ സ്ഥാപനത്തിൽ നിന്നും റീപ്ലേസ് ചെയ്തു വാങ്ങുവാൻ സാധിക്കാതെ വന്നു.കേടു വന്ന സാധനങ്ങൾ യഥാസമയം കരാറുകാരൻ നഗരസഭയിൽ തിരി | 6. നഗരസഭയിൽ തിരിച്ചേൽപ്പിച്ച സാധനങ്ങൾ റീപ്ലേസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

ച്ചേൽപ്പിച്ചിട്ടുള്ളതാണെന്നും വാറണ്ടി കാലാവധിയിൽ കേടു വന്നവ റീപ്ലേസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമാണ്

| | |
|---|---|
| 7. 12/4/2018-ലെ ടെണ്ടറിങ്ങ് വ്യവസ്ഥ 6 ൽ തെരുവു വിളക്കുകളുടെ കേടുപാടുകൾ 48 മണിക്കൂറിനുള്ളിൽ മാറ്റി ആയത് റിപ്പോർട്ട് ചെയ്യേതാണെന്നും അല്ലാത്തപക്ഷം ഓരോ മണിക്കൂറിനും താഴെ പറയുന്ന നിരക്കിൽ പിഴ ബില്ലിൽ നിന്നും കുറവു ചെയ്യാനും വ്യവസ്ഥ ചെയ്യുന്നു. CFL/ സിംഗിൾ ട്യൂബ്-4 ഡബിൾ ട്യൂബ് സെറ്റ്-5 SV ലാമ്പ്-10 16/12/18-ൽ 10-ാം വാർഡ് കൗൺസിലർ നൽകിയ കത്തിൽ 10-ാം വാർഡിലെ സ്ട്രീറ്റ് ലൈറ്റുകളും SV ലാമ്പുകളും മാസങ്ങളായി കത്തുന്നില്ലെന്നും പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും നടപടി ഉണ്ടാകുന്നില്ലെന്നും കരാർ വ്യവസ്ഥ പാലിക്കാത്തതിനാൽ കരാറുകാരനെ മാറ്റുവാനും രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട് എന്നിട്ടും തെരുവു വിളക്കുകളുടെ കേടുപാടുകൾ യഥാസമയം തീർക്കാതിരുന്നതിന് ടെണ്ടറിങ്ങ് വ്യവസ്ഥ 6 പ്രകാരമുള്ള ഫൈൻ ഈടാക്കിയില്ല. കനത്ത മഴയും വെള്ളപ്പൊക്കവും കാരണം വൈദ്യുതി ബന്ധവും വിതരണവും അറ്റു പോയതിനാലാണ് ചില ഭാഗങ്ങളിൽ അറ്റകുറ്റപ്പണിയ്ക്ക് താമസം നേരിട്ടത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ മാസങ്ങളായി തെരുവു വിളക്കുകൾ തെളിയു | 7. കരാറുകാരൻ മരണപ്പെട്ടതിനാൽ ടി കാലയളവിൽ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. എന്നിരുന്നാലും അദ്ദേഹത്തിന്റെ തന്നെ ജോലിക്കാരെ വച്ച് പരമാവധി പണികൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അവകാശിയ്ക്ക് ടി വിഷയത്തിലുള്ള പരിചയ കുറവ് പരാതികൾക്ക് ഇടവരുത്തിയതാണ്. |

| | | | | |
|---|---|---|---|---|
| | | | ന്നില്ലെന്നാണ് സൂചിപ്പിക്കുന്നത്. ആയത് പരസ്പര വിരുദ്ധമാണ്. | |
| | | | 8. 27/10/2018-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും 12/4/18 -ലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും കാണിച്ചിരിക്കുന്നത്: | 8. ഓഡിറ്റ് പരാമർശത്തെ തുടർന്ന് നാളിതുവരെയുള്ള തെരുവു വിളക്കുകളുടെ എണ്ണം വാർഡുതലത്തിൽ കെ.എസ്.ഇ.ബി. പോസ്റ്റു നമ്പർ സഹിതം തയ്യാറാക്കി വയ്ക്കുകയും കാലാകാലങ്ങളിൽ പുതുക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| ഇനം | സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം | 12/4/18 ലെ ടെർ പ്രകാരം |
|---|---|---|
| ട്യൂബ് ലൈറ്റ് | 1598 | 2104 |
| SV/MV ലാമ്പ് | 362 | 460 |
| CFL | 729 | 802 |
| LED | 100 | - |

| | | | | |
|---|---|---|---|---|
| | | | 9. കരാർ കാലാവധി 1 വർഷമാണെന്നിരിക്കെ (2/5/18 മുതൽ 1/5/19 വരെ) 20/3/19-ൽ മുഴുവൻ തെരുവിളക്കുകളുടേയും തുക കരാകാരന് അനുവദിച്ചിരിക്കുന്നു. | 9. തെരുവുവിളക്കുകൾ നന്നാക്കുന്നത് ആവശ്യമായതിനാൽ ബിൽ ഹാജാരാക്കുന്ന മുറയ്ക്ക് തുക നൽകിയിട്ടുണ്ട് . എങ്കിലും കൂടുതൽ തുക നല്കിയിട്ടില്ലാത്തതാണ്. |
| 5. | പട്ടാമ്പി നഗരസഭ | 3.1 | റെയിൽവേ ഫുട്ട് ഓവർബ്രിഡ്ജ് നിർമ്മാണം - നടപടി ക്രമങ്ങൾ പാലിക്കാതെ തുക അനുവദിച്ചതിനാൽ 4,25,415/- രൂപയുടെ നഷ്ടം. | റെയിൽവേയുമായി നഗരസഭ എഗ്രിമെൻറ് വച്ചിട്ടില്ല. റെയിൽവേയുമായി ബന്ധപ്പെട്ടപ്പോൾ ഫീസിബിലിറ്റി ലഭിക്കുന്ന പ്രോജക്ടുകൾക്ക് മാത്രമേ എഗ്രിമെന്റ് വയ്ക്കുകയുള്ളു ഇൻസ്പെക്ഷൻ ഓഫ് സൈറ്റ്, ഡീറ്റൈൽഡ് എസ്റ്റിമേറ്റ് എന്നീ പ്രവർത്തികൾക്ക് വന്ന ചെലവുകളാണ് സെൻറേജ് ചാർജ്ജ് എന്ന നിലയ്ക്ക് ഈടാക്കുന്നതെന്നും ടി തുക തിരിച്ചുനല്കുവാൻ കഴിയിലിലെന്നും റെയിൽവേ അറിയച്ചതായി പട്ടമ്പി നഗരസഭാ സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൻെറ |

| | | | | |
|---|---|---|---|---|
| | | | | പകർപ്പ് ഇതോടോപ്പം ഉള്ളടക്കം ചെയ്യുന്നു. |
| 6. | മണ്ണാർക്കാട് നഗരസഭ | 3.1 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപെക്സ് നിർജ്ജീവ ആസ്തിയായി തുടരുന്നു (മണ്ണാർക്കാട് നഗരസഭയുടെ 2017 18 ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3) 201516 ൽ 20,00,000/ രൂപ വകയിരുത്തി ആവിഷ്കരിച്ച 165/18:ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ് എന്ന പദ്ധതിക്കായി 201516 ൽ 7,54,322/ രൂപയും 201617 ൽ 9,50,604/ രൂപയും ചെലവഴിച്ച് ആറ് കടമുറികളുടെ സ്ട്രക്ചർ വർക്ക് പൂർത്തിയാക്കിയിരുന്നു. 201718 വർഷം 21,12,864/ രൂപ വകയിരുത്തി ആവിഷ്ക്കരിച്ച 105/18 ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം എന്ന പദ്ധതി പ്രകാരം ഇതിന്റെ മുകളിലത്തെ നിലയിൽ 6 കടമുറികളുടെ സ്ട്രക്ചർ വർക്ക് കൂടി പൂർത്തീകരിച്ചിട്ടുണ്ട് മുകളിലത്തെ നിലയിലേക്ക് കയറാനുള്ള സ്റ്റെയർ എസ്റ്റിമേറ്റിലുൾപ്പെടുത്തിയിട്ടില്ല. ചെയ്യുകയോ ഇതിനായി എസ്റ്റി എസ്റ്റിമേറ്റ്തയ്യാറാക്കുകയോ ചെയ്യാതെയാണ് 201718-ൽ മുകളിലത്തെ നില പണിതത്. 37,75,671/ രൂപ ചിലവഴിച്ച് കെട്ടിടം നിലവിൽ നിർജ്ജീവാവസ്ഥയിൽ തുടരുകയാണ്. | 2017-18 വർഷത്തിൽ ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സിന്റെ രണ്ടാം ഘട്ട നിർമ്മാണം ആരംഭിക്കുന്ന വേളയിൽ ടി കെട്ടിടത്തിന്റെ സ്റ്റെയർകേസ് നിർമ്മിക്കേണ്ട ഭാഗത്ത് കാലപ്പഴക്കമുള്ള ഒരു കെട്ടിടം നില നിന്നിരുന്നു. മൈനർ ഇറിഗേഷൻ വകുപ്പിന്റെ ഓഫീസ് പ്രവർത്തിച്ചിരുന്ന ടി കെട്ടിടം ഒഴിപ്പിക്കുന്നതിന് കാലതാമസമുണ്ടാകുമെന്ന സാഹചര്യത്തിൽ ഫണ്ട് നഷ്ടമാകാതിരിക്കാനാണ് മുകളിലത്തെ നിലയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. 2020- 21 സാമ്പത്തിക വർഷത്തിൽ ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി കോംപ്ലക്സിലെ താഴത്തെ നിലയിലെ മൂന്ന് മുറികളിൽ നിലവിൽ ജനകീയ ഹോട്ടൽ പ്രവർത്തിച്ചു വരുന്നു. ബാക്കി മുറികൾ ലേലം ചെയ്യുന്നതിനായി ബൈലോ അംഗീരിക്കുന്നതിന്. ധനകാര്യ സ്ഥിരം സമിതി കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതും മുറികളുടെ വാടക നിശ്ചയിച്ചിക്കുന്നതിനുള്ള നടപടികൾ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന് കത്ത് നൽകിയിട്ടുള്ളതാണ്.കോവിഡ്19 നോടനുബന്ധിച്ച് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| 7. | കൽപ്പറ്റ നഗരസഭ | 3.1 | 1)നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമായിട്ടില്ല. | (1) കൽപ്പറ്റ നഗരസഭ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചു എണ്ണവും, തെരുവ് വിളക്കുകൾ സ്ഥാപിച്ച പ്രദേശവും വാർഡ് തിരിച്ചുള്ള കണക്കുകളും രജിസ്റ്ററായി തയ്യാറാക്കിയിട്ടുണ്ട്. അവയുടെ പകർപ്പുകൾ ഓഡിറ്റ് മുമ്പാകെ സമർപ്പിക്കുന്നതാണ്. |
| | | | 2)പ്രാദേശിക സമിതി രൂപീകരിച്ചിട്ടില്ല. | 2)നഗരസഭയിലെ കെ.എസ്.ഇ.ബി.പോസ്റ്റുകൾ, തെരുവ് വിളക്കുകൾ എന്നിവയുടെ എണ്ണം എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാദേശിക സമിതികൾ രൂപീകരിക്കുന്നതിന് ശ്രമം നടന്നുവെങ്കിലും പ്രളയ ദുരന്ത പ്രശ്നങ്ങളും മറ്റും കാരണം പൊതുജനങ്ങളുടെ സഹകരണം ഉണ്ടാകാത്തതിനാലാണ് ആയത് നടപ്പിലാക്കാതിരുന്നത്. തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിന് പ്രാദേശിക സമിതി ഇല്ലാത്തതിനാൽ പ്രാദേശിക സമിതി ചെയർമാൻ ആയ വാർഡ് കൗൺസിലറാണ് തെരുവ് വിളക്കുകൾ നന്നാക്കിയതിന്റെ സാക്ഷ്യപത്രം അനുവദിക്കുന്നത്. പരാതി രജിസ്റ്റർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൂക്ഷിച്ചിട്ടുള്ളതും പരാതികൾ രേഖപ്പെടുത്തി അതാത് സമയം കറാരുകാരനെ വാർഡ് കൗൺസിലറെയും അറിയിച്ചു വരുന്നതുമാണ്. |
| | | | 3)പരാതി പരിഹാര രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 3)തെരുവ് വിളക്കുകളുടെ പരാതികൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന രജിസ്റ്റർ നഗരസഭ ഓഫീസിൽ ലഭ്യമാണ്. അതാത് സമയങ്ങളിൽ ചേരുന്ന വാർഡ് സഭകൾ ഇത് സംബന്ധിച്ച് ചർച്ച നടത്തി പരാതികൾ ക്രോഡീകരിച്ച്, ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരികയാണ് ചെയ്തു വരുന്നത്. |

| | |
|---|---|
| | തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതികൾ ലഭ്യമാവുന്ന മുറക്ക് ആയത് ബന്ധപ്പെട്ട കരാറുകാരെ അറിയിക്കുകയും പരിഹാര നടപടികൾ കൈകൊള്ളുകയുമാണ് ചെയ്തുവരാറ്. ബന്ധപ്പെട്ട വാർഡ് കൗൺസിലർമാർ, വാർ ഡ് സഭകൾ എന്നിവയിലൂടെ ഇത് സംബന്ധിച്ച പരാതികൾ പ രിഹരി ച്ച വരുന്നുണ്ട്. |
| 4)2016-17, 2017-18 സാമ്പത്തിക വർഷത്തിൽ കരാർ നൽകിയത് മുൻവർഷം കരാറിൽ ഏർപ്പെട്ട കരാറുകാരന് തന്നെയാണ് ഇ- ടെണ്ടർ നടത്താത്തതിന്റെ കാരണം. | 4) 2016-17, 2017-18 വർഷങ്ങളിൽ തെരുവ് വിളക്ക് എ.എം.സി ക്ഷണിച്ചത് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് . പത്ര പരസ്യം നൽകുകയും ക്വട്ടേഷൻ ക്ഷണിച്ച് ആയതിൽ ഏറ്റവും കുറഞ്ഞ നിരക്കിന് കൗൺസിൽ അംഗീകാരം ലഭ്യമാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയുമാണുണ്ട ായത്. ഇത് സംബന്ധിച്ച എല്ലാ രേഖകളും അടങ്ങിയ ഫയലുക ൾ ഓഡിറ്റ് മുൻപാകെ സമർപ്പിക്കുന്നതുമാ ണെന്ന് കൽപ്പറ്റ നഗരസഭ സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം സൂക്ഷമതയോടെ നിരിക്ഷിച്ച് ആയത് ഉറപ്പാക്കുന്നതാണ്.<br><br>നഗരത്തിന്റെ പല ഭാഗത്തും പുലിശല്യം നിലനിൽക്കുന്നതിനാലും 2018-2019 വർഷങ്ങളിലെ പ്രളയം കാരണം നഗരത്തിന്റെ മിക്ക ഭാഗങ്ങളും തെരുവ് വിളക്കുകൾ തെളിയാത്ത സാഹചര്യത്തിലുമാണ് അടിയ ന്തിരമായി സാധാരണ ടെണ്ട ർ വിളിക്കേണ്ടി വന്നത് എന്ന് ബോധിപ്പിക്കുന്നു. |

| | |
|---|---|
| 5)എ.എം.സിക്കായി ഓപ്പൺ ടെണ്ടർ ആണ് വിളിച്ചിട്ടുള്ളത് ഇ ടെണ്ടർ നോട്ടീസിൽ മാതൃഭൂമി, ഹിന്ദു ദിനപത്രങ്ങൾ പരസ്യം ചെയ്യുന്നതിനായി രേഖപ്പെടുത്തിയിട്ടു ണ്ടെങ്കിലും മാതൃഭൂമി ദിനപത്രത്തിൽ മാത്രമാണ് പരസ്യം ചെയ്തിട്ടുള്ളത്. | 5) 5 ലക്ഷം പരിധിയിൽ കഴിയുന്ന എല്ലാ പ്രവൃത്തികൾക്കും നിലവിൽ ഇ ടെണ്ടർ വഴിയാണ് വർക്കുകൾ നടത്തി വരുന്നത് . നഗരസഭയിൽ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന വെയ്ക്കാറുമില്ല. മുൻ കാലങ്ങളിൽ ഇ ടെണ്ടർ വഴിയല്ലാതെ കരാർ ഉടമ്പടിയിൽ നഗരസഭ രജിസ്ട്രേഷൻ ഉള്ള കരാറുകാരെ മാത്രമേ പരിഗണിക്കാറുണ്ടായിരുന്നുള്ളൂ. ആയതിനാലാണ് ഓപ്പൺ ടെണ്ടർ നടപടി സ്വീകരിച്ചത്. നിലവിൽ ഈ വ്യവസ്ഥ നടപ്പിലാക്കുന്നില്ല.<br><br>ടെണ്ടർ പരസ്യം മാതൃഭൂമി, ഹിന്ദു ദിനപത്രങ്ങളിൽ വരുത്തുന്നതിനായി പരസ്യം നൽകിയിട്ടുള്ളതാണ്. എന്നാൽ ഹിന്ദു ദിന പത്രത്തിൽ പരസ്യം വരാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും മനപൂർവ്വമല്ലെന്നും ബോധിപ്പിക്കുന്നു. കൂടാതെ നഗരസഭ പരിധിയിലെ പൊതു സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡുകളിലും, വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് ജില്ലാ ഭരണകൂടം, പൊതുമരാമത്ത് വകുപ്പ് നോട്ടീസ് ബോർഡുകളിലും പരസ്യം നൽകിയിട്ടുള്ളതാണെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ടെന്ന് കൽപ്പറ്റ നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| 6)തെരുവ് വിളക്ക് ടെണ്ടർ ക്ഷണിച്ചത് നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് ഉചിതമായില്ല. | 6)കൽപ്പറ്റ നഗരസഭയിൽ 70 എണ്ണം കരാറുകാർ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ബന്ധപ്പെട്ട രേഖകൾ, എക്സിപീരിയൻസ് സാക്ഷ്യപത്രം എന്നിവ സഹിതം രജിസ്റ്റർ ചെയ്ത കരാറുകാർക്ക് മുൻഗണന നൽകുക മാത്രമാണ് ഇക്കാര്യത്തിൽ ചെയ്തിട്ടുള്ളത്. രേഖപ്പെടുത്തുന്ന തുക, ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് എ.എം.സി. എൽപ്പിച്ചു നൽകിവരുന്നതെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. മാത്രവുമല്ല നഗര പ്രദേശങ്ങളെ കുറിച്ചും വിവിധ വാർഡുകളുടെ പ്രാന്ത പ്രദേശങ്ങൾ, ഉൾഭാഗത്തെ നഗരസഭ റോഡുകൾ എന്നിവയെ കുറിച്ചും നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാർക്ക് സാമന്യബോധം ഉണ്ടാവും എന്ന |

| | |
|---|---|
| | ഉത്തമ വിശ്വാസത്തിലും, പ്രവൃത്തിയുടെ സു ത ാര്യത ഉറപ്പ് വരുത്തുന്നതിനുമാണ് നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാർക്ക് പ്രാമുഖ്യം നൽകിയിരുന്നത്. |
| 7)തൻവർഷം തെരുവ് വിളക്കുകൾ കത്താത്തത്-പരാതികൾ, പരാതി പ രിഹരിച്ച റിപ്പോർട്ട്, പ്രാദേശിക സമിതികളുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. | 7)തെരുവ് വിളക്കുകൾ തെളിയാത്തത് സംബന്ധിച്ച പ രാതികൾ, അതാത് വാർഡ് കൗൺസിലർമാർ സമർപ്പിക്കുന്ന പരാതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ, നഗരസഭ ഓവർസീയർ പ രിശോധിക്കുകയും, പ്രസ്തുത പരാതി സംബന്ധിച്ച വിഷയം കരാറുകാരനെ അറിയിക്കുകയും പ രാതിക്ക് പരിഹാരം കാണുകയും ആണ് ചെയ്തു വരാറ്. ഇത് സംബന്ധിച്ച പരാതികൾ കാലകാലങ്ങളിൽ കൂടുന്ന വാർഡ് സഭകളിൽ ഉന്നയിക്കുകയും, വാർഡ് സഭ രജിസ്റ്ററുകളിൽ പരാതി രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്. പരാതി ലഭ്യമായത് ഫയലുകളിൽ സൂക്ഷിച്ചു വരുന്നുണ്ട്. ആയത് ഓഡിറ്റ് മുൻപാകെ സമർപ്പിക്കുന്നതാണെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| 8)തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 15-09-2011 ലെ സർക്കുലർ നമ്പർ 3055/ഡി.എ.3/2011 ത സ്വ ഭ വ സർക്കുലർ നമ്പർ ഡി.എ 3/2016 ത സ്വ ഭ വ തീയതി 07-11-2017 നിർദ്ദേശങ്ങൾ കരാറുകാരനുമായുള്ള ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. | 8)സാധാരണ ഉടമ്പടി മാതൃകയാണ് ഉപയോഗിച്ചത് പ രാമർശിത വ്യവസ്ഥകൾ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുള്ളതാണ്. മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട് |
| 9)എ.എം.സി.തുക 3 മാസത്തിലൊരിക്കൽ അനുപാതികമായാണ് നല്കേണ്ടത്. ബില്ലിനോടൊപ്പം സമർപ്പിക്കന്ന സാക്ഷ്യപത്രം സുതാര്യമല്ല. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നത് പ രിശോധിക്കുന്നില്ല. റിപ്പയർ ചെയ്യാത്ത കരാറുകാരന് എതിരെ നടപടി | 9)തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് കരാറുകാരൻ വിവിധ വാർഡു കൗൺസിലർമാരുടെ സാക്ഷ്യപത്രം സഹിതം ബിൽ തുക ആവശ്യപ്പെട്ട് ബിൽ സമർപ്പിക്കുകയും, ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കുകയും, പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കൗൺസിലിന്റെ അംഗീകാരത്തോടെയും ആണ് ബിൽ തുക നൽകി വന്നിട്ടുള്ളത്. |

| | |
|---|---|
| സ്വീകരിച്ചില്ല. | തെരുവ് വിളക്കുകൾ തെളിയാത്തത് സംബന്ധിച്ച് തൻവർഷത്തെ കരാറുകാരന് നിരന്തരം നോട്ടീസ് നൽകുകയും, ആയതിൻ പ്രകാരം പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില പരാതികളിൽ പരിഹാരം കാണുന്നതിന് അന്നത്തെ കരാറുകാരൻ വിമുഖത കാണിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തെരുവ് വിളക്കുകളുടെ എ.എം.സി തുക- നിശ്ചിത തുക കുറവ് ചെയ്താണ് കരാറുകാരന് നൽകിയത്. അവസാന ബിൽ പ്രകാരം ടി തുകയിൽ നിന്നും നിശ്ചിത തുക കുറവ് വരുത്തി കൊണ്ടാണ് കരാറുകാരന് ബിൽ തുക അനുവദിച്ചിട്ടുള്ളത്. |
| 10)കരാറുകാരൻ ടെണ്ടറിനൊടൊപ്പം പ്രവൃത്തി നടത്തുന്ന തൊഴിലാളികളുടെ ലൈസൻസ്, ഗ്രൂപ്പ് ഇൻഷൂറൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. | 10)പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കരാറുകാരന് പി.ഡബ്ള്യു.ഡി.ഇലക്ട്രിക്കൽ ലൈസൻസ് ഉള്ള വ്യക്തിയാണ്. കൂടാതെ വർഷാവർഷം നഗരസഭയിൽ കരാർ ലൈസൻസ് പുതുക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ടെറിനോടൊപ്പം ലൈസൻസ് വെയ്ക്കാതിരുന്നത് കരാറുകാരൻ ഇലക്ട്രിക്കൽ പ്രവൃത്തികളുമായി ബന്ധപ്പെട്ടുള്ള സ്ഥാപനം നടത്തുന്നതാകയാൽ ടി തൊഴിലാളികളെ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കുന്നതിന് പ്രത്യേകം ലൈസൻസുകളോ, ഗ്രൂപ്പ് ഇൻഷൂറൻസ് പോളിസികളോ സൂക്ഷിച്ചിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് എ.എം.സി. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| 11) സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒന്നര ലക്ഷത്തിൽ നിന്ന് 50000/-രൂപ കുറവ് ചെയ്തതാണ് കരാറുകാരനിൽ നിന്ന് സ്വീകരിച്ചത്. | 11)ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾക്ക് മതിയായ ഇ.എം.ഡി. തുകയായ 2.5% മതിയെന്ന ധാരണയിലാണ് ഒരു ലക്ഷം രൂപ സെക്യൂരിറ്റി വെച്ചത്. നിലവിൽ കോൺട്രാക്ട് അവധി കഴിഞ്ഞതിനാലും മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നഗരസഭ കൗൺസിൽ അംഗീകാരത്തോടെയാണ് തുക തിരികെ നൽകിയിട്ടുള്ളത്. |

| | | |
|---|---|---|
| | 12)2018-19 വർഷത്തെ ടെണ്ടർ സംബന്ധിച്ച് ചില കൗൺസിലർ മാരുടെ പരാതി- വിയോജന കുറിപ്പ്- അച്ഛനും മകനും ടെണ്ടറിൽ പങ്കെടുത്തു അന്വേഷണം നടത്തിയിട്ടില്ല. | 12)ലഭ്യമാവുന്ന ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതിന് കൗൺസിൽ അംഗീകാരം ലഭിക്കുകയും ആയതിൻ പ്രകാരം നടപടി സ്വീകരിച്ചതുമാണ്.<br>2018-2019 വർഷത്തിൽ തെരുവ് വിളക്ക് എ.എം.സി. സംബന്ധിച്ച് പത്രവാർത്ത നൽകുകയും ടെണ്ടർ ലഭ്യമാവുകയും ചെയ്തു. ലഭ്യമായ ടെണ്ടറുകളിൽ നിലവിലുള്ള മാനദണ്ഡം പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നും<br><br>ബൾബുകൾ, ഇലക്ട്രിക്ക് ഉപകരണങ്ങൾ എന്നിവയ്ക്ക് വിപണിയിൽ വില കുറവ് ഉണ്ടാവുകയും ആയതിൻ പ്രകാരം വിലയും തുകയും രേഖപ്പെടുത്തി ടെണ്ടർ സമർപ്പിച്ചതിനാലാണ് 2018-2019 നെ അപേക്ഷിച്ച് 2019-20 വർഷത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി ടെണ്ടർ സമർപ്പിച്ചതും ആയതിൽ കുറഞ്ഞ നിരക്ക് അംഗീകരിച്ചതിനും ഇടയായതെന്നും<br><br>പ്രസ്തുത വർഷങ്ങളിൽ നിരക്ക് കൂടുന്നതിനും കുറക്കുന്നതിനും നഗരസഭ ഉദ്യോഗസ്ഥർക്ക് നേരിട്ട് ഇടപെടാൻ സാധ്യമല്ല. നഗരസഭ ഇത് സംബന്ധിച്ച് ക്രമ വിരുദ്ധമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്നും<br><br>മന:പൂർവ്വമോ അല്ലാതെയോ പ്രസ്തുത തുക നഷ്ടം വരുത്തുന്നതിനുള്ള യാതൊരു നടപടിയും നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലാത്തതാണെന്നും ഇക്കാര്യം പരിഗണിച്ച് കൽപ്പറ്റ നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

# സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2019-2020 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി

## വിശദീകരണ പത്രിക

| ക്രമനമ്പർ | പരാമർശ ഖണ്ഡിക | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | അദ്ധ്യായം-1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട്സും അക്കൗണ്ടബിലിറ്റിയും - | വിശദമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | 1 | പശ്ചാത്തലം- പ്രാദേശിക സർക്കാരുടെ 25 വർഷങ്ങളും ചെറുതല്ലാത്ത നേട്ടങ്ങളും- | |
| 3 | 1.1 | വികേന്ദ്രീകൃത ആസൂത്രണം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നിയമങ്ങൾ വിഭാവനം ചെയ്ത ആസൂത്രണ നടപടികൾ എത്രത്തോളം ഫലപ്രദമായി നടപ്പിലാക്കപ്പെട്ടു. അവ അക്കൗണ്ട്സും അക്കൗണ്ടബിലിറ്റിയുമായി എപ്രകാരം പൊരുത്തപ്പെടുന്നു എന്നും പരിശോധിക്കുകയാണിവിടെ | **ഖണ്ഡിക 1.1 മുതൽ ഖണ്ഡിക 1.1.2 വരെ:-** ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വികസന പദ്ധതികൾ താഴെ തട്ടിൽ നിന്നും ആരംഭിച്ച് പദ്ധതികളായും അവ ബജറ്റിൻെറ ഭാഗമാക്കിയുമാണ് ചെയ്തു വരുന്നത്. ടി |

| | | | |
|---|---|---|---|
| 4 | 1.1.1 | പദ്ധതി ആസൂത്രണം - സമഗ്രമായ നിയമ ദർശനങ്ങളും പ്രായോഗ യാഥാർത്ഥ്യങ്ങളും ഗ്രാമസഭയിൽ ലഭ്യമാക്കുന്ന മേഖലാതല സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമസഭകൾ തയ്യാറാക്കി നല്കുന്ന പദ്ധതി നിർദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് ബ്ലോക്ക് ഡിവിഷനുകളും ബ്ലോക്ക് ഡിവിഷനുകളിലെ പദ്ധതി നിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് ജില്ലാ ഡിവിഷനുകളും പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതും ഇപ്രകാരം ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് ഗ്രാമപഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളും ബ്ലോക്ക് ഡിവിഷനുകളുടെ പദ്ധതി നിർദ്ദേശങ്ങളും കണക്കിലെടുത്തുകൊണ്ട് ബ്ലോക്ക് പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികളും ജില്ലാ ഡിവിഷനുകളുടെ നിർദ്ദേശങ്ങളും കണക്കിലെടുത്തും സംയോജിപ്പിച്ചും ജില്ലാ പഞ്ചായത്തുകളും പദ്ധതികൾ തയ്യാറാക്കേണ്ടതും അവ ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ആറ് തലങ്ങളിലും ഘട്ടങ്ങളിലുമായി ചുമതല വിഷയങ്ങൾ ഒരോന്നിലും അഥവാ വിഭവ ശേഷിവിവരങ്ങളെ നിയോജക മണ്ഡലങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളുടെ തലത്തിലും സംക്ഷേപിച്ചും വിശകലനം ചെയ്തു പരിഗണിച്ചുമാണ് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ഇങ്ങനെ ത്രിതല പഞ്ചായത്തുകൾ തയ്യറാക്കി നല്കുന്ന പദ്ധതികൾക്കൊപ്പം മുനിസിപ്പാലിറ്റികളുടെ പദ്ധതികളും കൂടി സംയോജിപ്പിച്ചുകൊണ്ട്, ജില്ലയുടെ സമഗ്ര വികസനം | പദ്ധതി നിർദ്ദേശങ്ങൾ ഫലവത്താകണമെങ്കിൽ ഗ്രാമസഭകൾ ശാക്തീകരിക്കേണ്ടതുണ്ട്. ഇതര വകുപ്പുമായി താരതമ്യം ചെയ്യുമ്പോൾ അക്കൗണ്ടിംഗിലും അക്കൗണ്ടബിലിറ്റിയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വളരെയേറെ മുൻപിൽ തന്നെയാണ്. വർഷാവർഷം ബജറ്റും വാർഷിക ധനകാര്യ പത്രികയും തയ്യാറാക്കുന്നതിനാലും ജന പ്രതിനിധി സഭയുടെ അംഗീകാരത്തോടെയുമാണ് ധനകാര്യ ഇടപാടുകൾ നടത്തുന്നുവെന്നതിനാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരത്തിലുള്ള തനത് രീതിയാണ് അവലംബിച്ചുവരുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി എല്ലാ രീതിയിലുമുള്ള തുടർ സംവിധാനങ്ങളും ഏർപ്പെടുത്തുകയും അധികാര നടപടികൾ സ്ഥാപനവത്കരിക്കുന്നതിലൂടെ പത്തോ പതിനഞ്ചോ വർഷങ്ങൾ കൊണ്ട് നേടാവുന്ന നേട്ടങ്ങൾ ആദ്യ വർഷങ്ങളിൽ തന്നെ നേടാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി സർക്കാർ സ്വീകരിച്ച നടപടികളുടെ നേട്ടം |

| | | | |
|---|---|---|---|
| | | ലക്ഷ്യമാക്കി ജില്ലാ ആസൂത്രണ സമിതികൾ ജില്ലയ്ക്ക് മുഴുവനുമായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കേണ്ടതും ആണ്. സംസ്ഥാന വികസന നയങ്ങളും മേഖലാതല വികസന നയങ്ങളും ബാധകമായ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളുടെ സ്ഥാപനങ്ങളുടെ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടുള്ള ജില്ലയുടെ കരട് വികസന പദ്ധതി ലക്ഷ്യങ്ങളും ആധാരമാക്കിയാണ് അതത് സ്ഥാപനങ്ങളുടെ പദ്ധതികളും പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതികൾ പരിശോധിച്ച് അംഗീകരിച്ച് നല്കേണ്ടത്. ഉപരിതല അധികാരസ്ഥാനങ്ങളാൽ നിർവഹിക്കപ്പെടേണ്ട വാർഷിക പദ്ധതി ആസൂത്രണ നടപടികളും വിഷയമേഖലാ വിവരങ്ങളുടെ നിയോജകമണ്ഡല-തദ്ദേശ സ്ഥാപനതല, ജില്ലാ സംസ്ഥാന തലങ്ങളിലെ സംയോജനങ്ങളും സാധ്യമാക്കുവാനുള്ള വിവരവിനിമയ സങ്കേതങ്ങളും ക്രമീകരണവും ഇനിയും ഉണ്ടാകേണ്ടതായാണുള്ളത്. | നാനാ മേഖലകളിലും എല്ലാ ജന വിഭാഗങ്ങളിലും പ്രകടമാകുന്നുണ്ട്. അക്കൗണ്ട്സ് നടപടികൾ ക്രമീകരിക്കുന്നതിന് സോഫ്റ്റ് വെയർ സംവിധാനങ്ങളും എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| 5 | 1.1.2 | തദ്ദേശ സ്ഥാപനതല വിവരസഞ്ചയങ്ങളുടെ വൈപുല്യവും സ്ഥാപനങ്ങൾക്കുതകുന്ന അറിവുകളുടെ ദൗർലഭ്യവും. | |

| | | | |
|---|---|---|---|
| 6 | 1.1.2.1 | ഭൗമ വിവര ഗ്രാമപഞ്ചായത്ത് Geo informatics panchayath (GIP) -നിയമം നിഷ്കർഷിച്ച വിധം നടപടികൾ ചിട്ടപ്പെടുത്തി ആസൂത്രണ ചട്ടങ്ങളും മാന്വലുകളും തയ്യാറാക്കുകയും തദനുസൃതമായി പ്രവർത്തിക്കുന്നതിനു വേണ്ട സാങ്കേതിക സംവിധാനങ്ങൾ ഒരുക്കി സ്ഥാപനങ്ങളിൽ ഉപയുക്തമാക്കുകയും ചെയ്യുക എന്നത് മാത്രമാണ്. ആതിനാൽ അപ്രകാരമൊരു മാറ്റത്തിന് വേണ്ട ആലോചനകളും നടപടികളും ഓഡിറ്റ് ശിപാർശ ചെയ്യുന്നു. | **ഖണ്ഡിക 1.1.2.1 മുതൽ ഭാഗം 2 ലെ അദ്ധ്യായം -1 ഉൾപ്പെടെയുള്ള ഖണ്ഡികൾ :-** ഇവയെല്ലാം സർക്കാർ തലത്തിൽ വിശദമായ ഒരു പഠനം നടത്തി വിശകലനം ചെയ്ത് അഭിപ്രായം രൂപീകരിച്ച് മറുപടി നല്കേണ്ടതാണെന്ന് കാണുന്നു. അധികാര വികേന്ദ്രീകരണം ഇന്നത്തെ രൂപത്തിൽ സാർത്ഥകമാക്കിയ ഇക്കഴിഞ്ഞ രണ്ടര ദശക കാലയളവിൽ, ഓഡിറ്റിൽ പരാമർശിക്കപ്പെട്ട പോരായ്മകളും കുറവുകളും ഗണ്യമായ അളവിൽ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഒട്ടേറെ വിഷയങ്ങൾ ഇനിയും പരിഹരിക്കാനുണ്ട്. ഓഡിറ്റ് നിരീക്ഷണത്തിലെ ഓരോ വിഷയങ്ങളും വിശദമായി പഠിച്ച് അധികാര വികേന്ദ്രീകരണ പ്രക്രിയയെയും അവയുടെ നടത്തിപ്പിനെ സംബന്ധിച്ചുള്ള ഒരു പഠനത്തിലൂടെ ഇവയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫലവത്താക്കണമെന്നു തന്നെയാണ് സർക്കാരിന്റെ അഭിപ്രായം. വിവിധ വകുപ്പ് തലങ്ങളിലൂടെയുള്ള അന്തർവകുപ്പ് |
| 7 | 1.1.3 | ആസൂത്രണവും ബജറ്റിംഗും: സംസ്ഥാനത്തിന് പൊതുവായി ഏകോപിത ഉപരിതല അധികാര സ്ഥാനങ്ങളും നിയമ വ്യവസ്ഥകളും ആവശ്യമോ?- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് നടപടികൾ, സംസ്ഥാന ബജറ്റിൽ തുടങ്ങി വകുപ്പുകളും ജില്ലാപഞ്ചായത്തുകൾക്കും ശേഷം ബ്ലോക്ക് പഞ്ചായത്തുകൾ അവസാനം ഗ്രാപഞ്ചായത്തുകളുടെ ബജറ്റും എന്ന ക്രമത്തിൽ തയ്യാറാക്കപ്പെടുന്നതിനുള്ള സാധ്യതകളും നിയമനിഷ്കർഷകൾ തുറന്നു വെയ്ക്കുന്നുണ്ട്. | |
| 8. | 1.2 | ആസൂത്രണവും ബജറ്റ് രൂപീകരണവും - വിനിയോഗത്തിലെ ഫലക്ഷമതയും, ജനങ്ങളെ ബോധ്യപ്പെടുത്താനും തീരുമാനങ്ങളിൽ പങ്കാളികളാക്കാനും ഉള്ള തദ്ദേശ | |

| | | | |
|---|---|---|---|
| | | സ്വംയംഭരണ സ്ഥാപനങ്ങളുടേയും ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായതും വ്യക്തിനിഷ്ഠമായതും ആയ സവിശേഷ നിയമബാധ്യതകളെല്ലാം സമഗ്രമായി പരിഗണിച്ച് കൊണ്ടാവണം ബജറ്റ് അക്കൗണ്ട് ഫോർമാറ്റുകളും പബ്ലിക് റിപ്പോർട്ടിംഗ് നടപടിക്രമങ്ങളും നിഷ്കർഷിക്കപ്പെടേണ്ടത്. | കൂടിയാലോചനകളിലൂടെയും നയരൂപീകരണത്തിലൂടെയും നിയമങ്ങൾ/ ചട്ടങ്ങൾ എന്നിവയുടെ ഭേദഗതി അടക്കമുള്ള കാര്യങ്ങളിലുള്ള അഭിപ്രായം പറയേണ്ടതായ വിഷയങ്ങളും ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം വിശദവും സമഗ്രവും വിവിധ തലങ്ങളിലുമുള്ള കൂടിയാലോചനകളിലൂടെയും മാത്രമാണ് എത്തിച്ചേരേണ്ടത്. മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയങ്ങളെക്കുറിച്ചുള്ള പരാമർശ ഓഡിറ്റ് ഖണ്ഡികകൾക്കുള്ള മറുപടി, വിശദമായ ഒരു പഠനത്തിന് ശേഷം സർക്കാർ സമർപ്പിക്കുന്നതാണ്. ഒപ്പം പദ്ധതി നടത്തിപ്പ്, ബജറ്റിംഗ്, ആസൂത്രണം, അക്കൗണ്ടിംഗ്, അക്കൗണ്ടബിലിറ്റി മുതലായ വിഷയങ്ങളെകുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങളുടെ മേൽ ഇതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ നിർദ്ദേശം സമർപ്പിക്കാൻ പ്ലാനിംഗ് ബോർഡ്/ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ- |
| 9. | 1.2.1 | ബജറ്റ് - കേരളം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണ രംഗത്ത് കൈവരിച്ച അതിൻെറ ഔന്നത്യങ്ങൾക്ക് നിരക്കാത്ത ഏതെങ്കിലും ചില കുറവുകൾ ബജറ്റ് അക്കൗണ്ട് നടപടികളിൽ പരിഹരിക്കപ്പെടാനുണ്ടോ എന്നും ഗൗരവബുദ്ധ്യായുള്ള പരിശോധനയ്ക്കും നടപടികൾക്കും വസ്തുതാപരമായ വിമർശനങ്ങൾ ഇടയാക്കേണ്ടതാണ്. | |
| 10. | 1.2.2 | ആസൂത്രണ-ബജറ്റ് ധർമ്മങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാകേണ്ടതിൻെറ അനിവാര്യതകൾ. - നിയമ നിർദ്ദേശങ്ങളിൽ അടങ്ങിയിട്ടുള്ള ബാക്ക് വേർഡ് ഫോർവേർഡ് ലിങ്കേജ് ഉറപ്പാക്കികൊണ്ടുള്ള ആസൂത്രണ നടപടികളുടെ സമയക്രമങ്ങളും, എല്ലാ തലങ്ങളിലുമുള്ള പദ്ധതികൾക്കും ഗ്രാമ വാർഡ് സഭകൾ മുഖേന ജനങ്ങളോടു പുലർത്തേണ്ട ഉത്തരവാദിത്ത ബന്ധങ്ങളും ത്രിതല സ്ഥാപനങ്ങളുടെ പദ്ധതികളെ തമ്മിൽ പരസ്പരപൂരമാകും വിധം ക്രമീകരിക്കേണ്ടതിൻെറ ആവശ്യകതയും സമഗ്രമായി പരിഗണിച്ചും ആവണം ബജറ്റ് ചട്ടങ്ങൾ തയ്യാറാക്കേണ്ടത്. | |

| | | | |
|---|---|---|---|
| | | ആസൂത്രണഭരണ നടപടികളുടെ പരിഷ്കാരത്തോടൊപ്പം തദനുസൃതമായ സാങ്കേതിക ക്രമീകരണങ്ങളോടെ വിവരവിനിമയ സംവിധാനങ്ങൾ സംസ്ഥാനമൊട്ടാകെ ഏവർക്കും ലഭ്യമാക്കുന്നതിനും അവശ്യം വിവരങ്ങൾ യഥാവിധി ശേഖരിച്ച് സഞ്ചയിച്ചുകൊണ്ട് നിർദിഷ്ട വിധം തദ്ദേശ സ്ഥാപനങ്ങളെ മുൻകൂട്ടി സജ്ജമാക്കുന്നതിനും ഉള്ള സംസ്ഥാന തല തീരുമാനങ്ങളും നടപടികളും സമാന്തരമായി ഉണ്ടാകുന്നതും ആവശ്യമാണ്. | ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 11 | 1.2.3 | ആസൂത്രണവും അക്കൗണ്ടും നിയോജക മണ്ഡലങ്ങളും.- ബജറ്റും അക്കൗണ്ടിംഗും നിയോജകമണ്ഡല അടിസ്ഥാനത്തിൽ ആണോ സ്ഥാപന അടിസ്ഥാനത്തിലാണോ സമഗ്രവും ഫലപ്രദവും ആകുക അഥവാ എപ്രകാരമാണ് അക്കൗണ്ടിംഗ് വ്യവസ്ഥ ചെയ്യപ്പെടേണ്ടത് എന്നും ഉള്ള അന്വേഷണങ്ങൾ പ്രസക്തമാണ്. | |
| 12 | 1.2.4 | ഗ്രാമ/വാർഡ് സഭകളുടെ അധികാരങ്ങളും ചുമതലകളും - | |
| 13 | 1.3 | കണക്കു പറയാനുള്ള പ്രദേശിക സർക്കാരുകളുടെ ബാധ്യതകളും കണക്കു സൂക്ഷിപ്പിനായുള്ള നിഷ്കർഷകളും- ജനാധിപത്യ അധികാരസ്ഥാനങ്ങളോടു കണക്കു പറയേണ്ടതിലുള്ള സ്ഥാപനങ്ങളുടെ ബാധ്യത നിറവേറ്റപടുന്നതിന് സത്വര നടപടികൾ ആവശ്യമാകുന്ന പശ്ചാത്തലത്തിലാണ് വിഷയം പരിശോധയ്ക്കു വിധേയമാകുന്നത്. | |

| | | | |
|---|---|---|---|
| 14. | 1.3.1 | ബജറ്റ് സെൻററുകളും അക്കൗണ്ട് ശീർഷകങ്ങളും- പഞ്ചായത്തുകൾക്കു ബാധകമാകുന്ന അക്കൗണ്ട് മാന്വൽ ഇനിയും നടപ്പിൽ വന്നിട്ടില്ല. 2011 ൽ നിലവിൽ വന്ന അക്കൗണ്ട് ചട്ടങ്ങളാകട്ടെ നിയോജക മണ്ഡലം അഥവാ ഫീൽഡ് എന്ന ബജറ്റ് സെൻറർ ഒഴിവാക്കിയിരിക്കുന്നതായുമാണ് കാണുന്നത്. ആതായത് പഞ്ചായത്തുകൾക്കും ഫണ്ട്-ഫങ്ഷൻ- ഫങ്ഷണറി എന്നീ മൂന്നു വിധ കണക്കുപറച്ചലുകൾക്കുള്ള ബാധ്യത മാത്രമാണു ചട്ടങ്ങളിൽ പരിഗണിച്ചിട്ടുള്ളു എന്നു പറയാം. അക്കൗണ്ടു മാന്വലിൻെറ അഭാവത്തിൽ അക്കൗണ്ടിംഗ് ക്രമീകരിക്കുന്നതിലേയ്ക്കു പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളിലും, ചട്ടങ്ങൾക്കു സമാനമായി, ഫീൽഡ് എന്ന ബജറ്റ് സെൻറർ ഒഴിവാക്കിയാണ് കോഡുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. | |
| 15. | 1.3.2 | അക്കൗണ്ട് ചട്ടങ്ങളും മാന്വലുകളും കാൽ നൂറ്റാണ്ടിനപ്പുറം- അക്കൗണ്ടിംഗ് ഫോമുകൾക്ക് രൂപം നല്കേണ്ടത് ബജറ്റ് ഫോർമാറ്റുകൾക്ക് അനുസൃതമായാണ്. എന്നാൽ ബജറ്റ് മാന്വൽ പഞ്ചായത്തുകൾക്ക് മാത്രമാണുള്ളത്. അവയടക്കം ബജറ്റ് ചട്ടങ്ങൾ നടപ്പിലായിട്ടുമില്ല. | |
| 16. | 1.3.3 | ഓൺ ലൈൻ ധനവിനിമയ സങ്കേതങ്ങളും പൊതു ധന വിനിയോഗ കല്പനകളും- മേൽ പശ്ചാത്തലത്തിൽ വിദഗ്ധരുടെ അഭിപ്രായ നിർദ്ദേശങ്ങളോടെ തുടർനടപടികൾ | |

| | | | |
|---|---|---|---|
| | | തീരുമാനിക്കേണ്ട വിഷയങ്ങൾ താഴെ ചേർക്കുന്നു.<br><br>ഫണ്ടിനെ വിനിയോഗ തീരുമാനങ്ങൾക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര അവകാശങ്ങളോട് ചേർത്ത് പുനർ നിർവ്വചിക്കുക<br><br>ട്രഷറി ബാങ്ക് അക്കൗണ്ടുകളിൽ വരവ് വയ്ക്കാത്ത ഇനങ്ങൾ കണക്കിൽ ചേർക്കുന്നതിനുള്ള ഉപാധികളും ക്രമീകരണങ്ങളും<br><br>അനുബന്ധ സ്ഥാപനങ്ങൾ മുഖേനയുള്ള ഗ്രാൻറുകളുടേയും സബ്സിഡികളുടേയും വിതരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാകണം എന്ന നിയമ നിഷ്കർഷ നടപ്പിലാക്കുന്നതിലേയ്ക്ക് അപ്രകാരമുള്ള ധനവിനിയോഗ തീരുമാനങ്ങളിലും കണക്കുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരാവകാശങ്ങൾ സംരക്ഷിക്കപ്പെടുത്തതിനുള്ള സാദ്ധ്യതകൾ അക്കൗണ്ടിംഗിൽ പരിഗണിക്കുക.<br><br>സംസ്ഥാന ബജറ്റിനോടുള്ള ബന്ധത്തിൽ നിയമസഭ മുൻപാകെ കണക്കുകളുടെ സമാഹൃത വിവരം സമർപ്പിക്കേണ്ടതിനുള്ളതിനാൽ ബജറ്റിൽ നിന്നും ഓഡിറ്റിന് വിധേയമാകുന്ന സ്ഥാപനങ്ങളിലും വിഷയങ്ങളിലും അനുവദിക്കുന്നതിനും വിനിയോഗിക്കുന്നതുമായ മുഴുവൻ തുകകളുടേയും വിവരങ്ങൾ- ഓഡിറ്റ് വിധേയമാകുന്ന കണക്കുകളിൽ ഉൾപ്പെടാത്തവ മാത്രം- ഓഡിറ്റ് വകുപ്പിന് | |

10 9

| | | | |
|---|---|---|---|
| | | കൈമാറുന്നതിനുള്ള ക്രമീകരണം | |
| 17. | 1.4 | ഭരണ നടപടികളിലെ സുതാര്യതയും പബ്ലിക് റിപ്പോർട്ടും-ബഡ്ജറ്റും കണക്കും ഓഡിറ്റും എല്ലാം നിർബന്ധമായും നഗരസഭകളെ മുന്നിർത്തി പുനരാവിഷ്കരിക്കുന്നതോടൊപ്പം പബ്ലിക് റിപ്പോർട്ടിംഗ് ക്രമീകരണങ്ങൾ സ്ഥാപനവത്കരിക്കുന്നതിനുള്ള സത്വര നടപടികളും ഉണ്ടാകണമെന്നാണ് ഓഡിറ്റിന്റെ അഭിപ്രായം. | |
| 18 | 1.4.1 | വാർഷിക റിപ്പോർട്ടും ഗ്രാമസഭകളും നിയമസഭയും-- | |
| 19 | 1.5 | ശിപാർശകൾ | |

| | | | |
|---|---|---|---|
| | | | |
| 20 | 1.5.1 | വികേന്ദ്രീകൃതാസൂത്രണവും ബജറ്റിംഗും<br><br>എ. വാർഷികമായി കരട് ജില്ലാ പദ്ധതികൾ പരിഗണിച്ചു കൊണ്ട് സംസ്ഥാന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നിഷ്കർകൾ പ്രയോഗത്തിലായതിനാൽ സംസ്ഥാന ബജറ്റിന് മുന്നോടിയായി സർക്കാർ വകുപ്പുകൾ അവശ്യം പരിഗണിക്കപ്പെടേണ്ട ഒന്നായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ മാറണം.<br><br>ബി) സംസ്ഥാനത്തെ വികസന വിഷയങ്ങളിൽ ഒരോന്നിൻെറയും ആകെ വിഭവ ശേഷികളുടെ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ഒരു വിവരസഞ്ചയത്തിൻെറ ഭാഗമാകും വിധം കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിവരങ്ങൾ സംയോജിപ്പിക്കാൻ കഴിയുന്ന സംവിധാനങ്ങളോടെ മാത്രമേ ജില്ലാ ആസൂത്രണ കമ്മിറ്റികൾക്കു അവയിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റാനാകൂ. സ്വാഭാവികമായും അതത് വകുപ്പുകളുടെ പദ്ധതി രൂപീകരണത്തിനും ഇതേ വിവരങ്ങളായിരിക്കണം പരിഗണിക്കുന്നത്.<br><br>സി) ബജറ്റിംഗിലും തുടർന്ന് സംസ്ഥാന നിയമസഭ മുൻപാകെ ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയ കണക്കുകളുടെ സമാഹൃത | |

| | | | |
|---|---|---|---|
| | | വിരങ്ങൾ സമർപ്പിക്കുന്നതിലും തദ്ദേശ നികായങ്ങളും സംസ്ഥാന സർക്കാരും ഓഡിറ്റും തമ്മിൽ ഏകോപന സംവിധാനങ്ങൾ ആവശ്യമാണ്. | |
| 21 | 1.5.2 | തീരുമാനങ്ങൾക്കും റിപ്പോർട്ടിനും വിഭവങ്ങളെകുറിച്ച് കാലികവും പ്രസക്തവുമായ വിവരങ്ങളുടെ ലഭ്യത ഉറപ്പാക്കാനും മതിയായ സാങ്കേതിക സംവിധാനങ്ങളുടെ ലഭ്യത കർമ്മ പദ്ധതികളുടെയും ആവശ്യകത- ഏത് വിഷയത്തിലും എല്ലാ തലത്തിലും തീരുമാനങ്ങൾക്കും ആധാരമാകുന്ന അറിവുകളുടെ പൂർണ്ണതയും അനുയോജ്യതയും നടപടികളുടെ ഫലപ്രാപ്തിയെ നേരിട്ടു ബാധിക്കുന്ന ഘടകങ്ങൾ ആണ്. ആസൂത്രണവും ബജറ്റുമായുള്ള ബന്ധത്തിൽ തീരുമാനകർത്താക്കളോട് ആവർത്തിച്ച് കാണുന്ന നിയമ നിഷ്കർഷയാണ് ഭൗതീകവും സാമ്പത്തികവുമായ വിഭവശേഷി പരിഗണിക്കുക എന്നത്. ആയതിനാൽ ചുവടെ ചേർക്കുന്നവ നടപടികൾക്കായി സമർപ്പിക്കുന്നു.<br><br>എ) ബജറ്റ് സെന്ററുകൾ അടിസ്ഥാനമാക്കിയാണ് പ്രദേശിക സർക്കാരുടെ തീരുമാനങ്ങൾ എന്നതിനാൽ ഇവയുടെ നിർവ്വചനവും ഉപയോഗവും- ബജറ്റ് ശീർഷകങ്ങൾ അനുവദിക്കുന്നതടക്കം - നിയതമാകുന്നതിലേയ്ക്ക് സ്വതന്ത്ര | |

| | | | |
|---|---|---|---|
| | | അധികാരം സംസ്ഥാന ഓഡിറ്റ് വകുപ്പിൽ അഥവാ നിർദ്ദിഷ്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ആൻറ് ഓഡിറ്റ് കമ്മീഷനിൽ നിക്ഷിപ്തമാക്കുക.<br><br>ബി) നിലവിൽ മുനിസിപ്പൽ അക്കൗണ്ട് മാന്വലിൽ ഫണ്ട്, ഫങ്ഷൻ, ഫങ്ഷണറി, ഫീൽഡ് എന്നിവയ്ക്കു പുറമേ സ്ഥാപനങ്ങളടക്കമുള്ള ആസ്തികളേയും ബജറ്റ് സെന്ററുകളായി നിഷ്കർഷിക്കുക.<br><br>സി) വസ്തുനികുതി/ ആസ്തി വിവര ശേഖരങ്ങൾ സമഗ്രമായി പുന:സഞ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുന, വാർഡു വിഭജനം ബാധിക്കാത്ത വിധം കെട്ടിടങ്ങളുടെ വിവരങ്ങളോടൊപ്പം എല്ലാ മൂല്യങ്ങളും പരിഗണിച്ചുകൊണ്ട് സ്ഥാവര ആസ്തികൾക്കെല്ലാം പൊതു സ്വകാര്യ ഒഴിവാക്കലുകളില്ലാതെ തനതായ തിരിച്ചറിയൽ നമ്പർ കോഡുകൾ ഉപയോഗിക്കുക, ആധുനിക ജിയോ സ്പെക്ഷ്യൽ മാപ്പിംഗ് സങ്കേതങ്ങളുടെ സാധ്യതകൾ ഉപയോഗിക്കുന്നതോടൊപ്പം, അതിൽ നിന്നും നൈസർഗിക സവിശേഷതകളെ-)കര, പാടം, തീരം, മല.....പ്രദേശം എന്നോ, പുഴ റോഡ് റെയിൽ...ന് സമീപം എന്നോ, നീർത്തടം വ്യവസായ പ്രദേശം ഏതെന്നോ) തരം തിരിച്ച് കോഡിംഗിൽ പരിഗണിക്കുന്നതും ഉചിതമായിരിക്കും. തദ്ദേശ സ്ഥാപനങ്ങൾക്കും അവയുടെ നിയോജക മണ്ഡലങ്ങൾക്കും കോഡുകൾ നല്കുന്നതിലും വാസഗൃഹങ്ങളുടെ കോഡുമായി | |

14 13

| | | | |
|---|---|---|---|
| | | സംയോജിപ്പിക്കുന്നതിലും തനതായ ക്രമീകരണം പ്രത്യേകം ഉണ്ടാകണം<br><br>ഡി) ബജറ്റിംഗിലും അക്കൗണ്ടിംഗിലും ബജറ്റ് സെൻററുകളുടെ ശീർഷകങ്ങളോടൊപ്പം മുൻ പറഞ്ഞ വിധം പരിഷ്കരിക്കുന്ന ആസ്തി വിവര ശേഖരത്തിലെ കോഡുകളും പ്രസക്തമാകുന്നിടത്തോളം ഉപയോഗിക്കുന്നതിലുള്ള സാധ്യതകൾ നാച്ചുറൽ റിസോഴ്സ് അക്കൗണ്ടിംഗ് വിദഗ്ദരുമായി കൂടിയാലോചിച്ച് നടപ്പിലാക്കണം<br><br>ഇ) മേൽപ്പറഞ്ഞവയെല്ലാം സാധ്യമാകും വിധം സോഫ്റ്റ് വെയർ നെറ്റ് വർക്കിംഗ് സംവിധാനങ്ങളും സങ്കേതങ്ങളും ആർജ്ജിക്കുന്നതിനോ ലഭ്യമാക്കുന്നതിനോ നടപടികൾ സ്വീകരിക്കുക | |
| 22 | 1.5.3 | സംസ്ഥാന ഓഡിറ്റ് വകുപ്പിനെ കമ്മീഷനായി രൂപപ്പെടുത്തുക | |
| 23 | | <u>അദ്ധ്യായം-3</u><br><br>തദ്ദേശനികായങ്ങളും സംസ്ഥാന ഓഡിറ്റ് ഉത്തരവാദിത്വ ബന്ധങ്ങൾ | |
| 24 | 3.1 | ഗ്രാമ വാർഡു സഭകളേയും നിയമസഭയേയും കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റൂട്ടറി ഓഡിറ്റിൻെറ സേവന പരിധിയിൽ പ്രത്യേകം ഉൾപ്പെടുത്തുന്നതിലേയ്ക്ക് നിഷ്കർഷിക്കപ്പെട്ട | |

15 14

| | | | |
|---|---|---|---|
| | | സവിശേഷ രേഖകളും ഓഡിറ്റ് കർത്തൃവ്യങ്ങളും | |
| 25 | 3.2 | ദ്വിവിധ അക്കൗണ്ടബിലിറ്റികളും രണ്ട് ഓഡിറ്റ് ചുമതലകളും നിയോഗ സവിശേഷതകൾ. | |
| 26 | 3.2.1 | സോഷ്യൽ ഓഡിറ്റും പോർഫോമൻസ് ഓഡിറ്റും | |
| 27 | 3.3 | ഓഡിറ്റിംഗ് സ്റ്റാൻഡേർഡും ഓഡിറ്റിലെ മൂന്ന് കക്ഷികളും (Three parties in Audit) | |
| 28 | 3.3.1 | സ്ഥാപനതലം<br>ഓഡിറ്റ് റിപ്പോർട്ടിൻെറ സ്വീകർത്താക്കളാരെന്ന് നിർവചിക്കണം. | |
| 29 | 3.3.1.1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | " |
| 30 | 3.3.1.2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ | |
| 31 | 3.3.2 | സംസ്ഥാനതലം സമാഹൃത ഓഡിറ്റും റിപ്പോർട്ടും | " |
| 32 | 3.3.2.1 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികളിൽ സർക്കാരിനെ പ്രതിനിധാനം ചെയ്യുന്നതിന് ഓഡിറ്റ് പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഭരണ വകുപ്പുകൾക്ക് | |

| | | | |
|---|---|---|---|
| | | ഉത്തരവാദിത്തങ്ങൾ നിർവചിച്ച നല്കി വ്യവസ്ഥ ചെയ്യണം. | |
| 33 | 3.3.2.2 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സംസ്ഥാന തലത്തിൽ കംപ്ലയൻസ് ഓഡിറ്റിനും പെർഫോമൻസ് ഓഡിറ്റിനും ഓഡിറ്റ് പ്ലാൻ തയ്യാറാക്കുന്നതിനു വേണ്ടി നിയമസഭാ സമിതി സർക്കാർ തലത്തിൽ കൂടിയാലോചനകൾക്കുള്ള ക്രമീകരണമുണ്ടാകണം | " |
| 34 | 3.3.1 | ചാർജ്ജ് സർചാർജ്ജ് നടപടികളും ഓഡിറ്റ് കമ്മീഷനും | |
| | | ശിപാശകൾ<br><br>1. ഗ്രാമ വാർഡ് സഭാ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രാദേശിക സർക്കാരുകളുടെ ഓഡിറ്റ് കമ്മിറ്റി രൂപീകരിക്കുന്നതിലുള്ള സാധ്യത കഴിയുമെങ്കിൽ ഓരോ വാർഡിലും തെരഞ്ഞെടുപ്പിൽ രണ്ടാം സ്ഥാനത്തു വരുന്ന സ്ഥാനാർത്ഥികളെ ഉൾപ്പെടുത്തി നടപ്പിലാക്കാനാകുമെങ്കിൽ ഏറ്റവും ഉചിതമാണ്<br><br>2. ഫിനാഷ്യൽ ഓഡിറ്റിന്റെ നിർവചനത്തോടും നിലവാര നിഷ്കർഷളോടും ചേർന്നു നില്ക്കുന്ന വാർഷിക ഓഡിറ്റിനു പുറമേ കംപ്ലയൻസ് പെർഫോർമൻസ് ഓഡിറ്റുകൾകൂടി ഏറ്റെടുക്കുന്നതിനും നിർവ്വഹിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ.<br><br>3. നിയമസഭയോടുള്ള ബന്ധത്തിൽ അതത് നിയമങ്ങളുടെ | |

17 16

| | | | |
|---|---|---|---|
| | | നിർവ്വഹണത്തിൻെറ ഉത്തരവാദിത്വമുള്ള ഒരാൾ ഓഡിറ്റിന് സംവദിക്കുന്നതിനും തുടർ നടപടി സ്വീകരിക്കേണ്ടതിനും സംസ്ഥാന തലത്തിൽ ഉണ്ടാകേണ്ടതും ആവശ്യമാണ്.<br><br>4. അനുയോഗ്യമായ നിർവ്വഹണ ക്രമീകരമവും നടപടികളുമാണ് ആവശ്യം.<br><br>5. സംസ്ഥാന നിയമസഭയാൽ നിയോഗിതമായ ഓഡിറ്റർക്ക് പുതിയ സാങ്കേതിക സാഹചര്യം സൃഷ്ടിക്കുന്ന വിവര ലഭ്യത പരിമിതികളും ഉടമസ്ഥതാ വിഷയങ്ങളും പരിഹാരത്തിനായി ശ്രദ്ധയിൽക്കൊണ്ടുവരുന്നു. | |
| | | **<u>ഭാഗം 2 :</u>** <u>അദ്ധ്യായം - 1</u> | |
| 35 | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളും ഓഡിറ്റ് വിവരങ്ങളും | " |
| 36 | | 2019-20 ൽ ഓഡിറ്റ് ചെയ്ത 2018-19 ലെ വരവ് ചെലവിനത്തിലെ കണക്കുകൾ | |
| 37 | | വരവിനത്തിലെ കണക്കുകൾ അക്കൗണ്ട് ഹെഡ് തിരിച്ച് | " |
| 38 | | ചെലവിനത്തിലെ കണക്കുകൾ അക്കൗണ്ട് ഹെഡ് തിരിച്ച് | |

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട വിവിധ ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഖണ്ഡികകളിന്മേലുള്ള ന്യൂനതാ പരിഹാര പത്രിക**

<table>
<tr><th>ക്രമ നം</th><th>ഖണ്ഡിക നം</th><th>നിഗമനങ്ങൾ / ശുപാർശകൾ</th><th>സ്വീകരിച്ച നടപടി</th></tr>
<tr><td>1</td><td>2</td><td>3</td><td>4</td></tr>
<tr><td>1</td><td>3.</td><td>

**ശാസ്താംകോട്ട ശുദ്ധജലതടാക സംരക്ഷണം - ഇനിയും ആരംഭിക്കാത്ത സംരക്ഷണം**

(കൊല്ലം ജില്ലാ പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2)

നിർവ്വഹണ ഉദ്യോഗസ്ഥൻ-ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ അടങ്കൽ തുക

<table>
<tr><td>വികസന ഫണ്ട്</td><td>5,00,000</td></tr>
<tr><td>ഗ്രാമ പഞ്ചായത്ത്</td><td>1,00,000</td></tr>
<tr><td>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</td><td>5,00,000</td></tr>
<tr><td>കൊല്ലം നഗരസഭ</td><td>5,00,000</td></tr>
<tr><td>**ആകെ**</td><td>**16,00,000**</td></tr>
</table>

കേരളത്തിലെ പ്രകൃതിദത്ത തടാകമായ ശാസ്താംകോട്ട കായൽ അശാസ്ത്രീയമായ ജല ഉപഭോഗം, , ജല ചൂഷണം, നഗരവത്ക്കരണം, മലിനീകരണം, മണ്ണൊലിപ്പ് എന്നിവ നിമിത്തം നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ഇതിനു പരിഹാരമായി ശാസ്താംകോട്ട തടാകതീരത്ത്
</td><td>

ശാസ്താംകോട്ട ശുദ്ധജലതടാകം സംരക്ഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 2017-18 വർഷം കൊല്ലം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയാണിത്. ഈ പ്രോജക്ടിനായി കൊല്ലം നഗരസഭ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്, പടിഞ്ഞാറേ കല്ലട ഗ്രാമ പഞ്ചായത്ത്, ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് എന്നിവർ ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയിട്ടുണ്ട്. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത്.

എന്നാൽ ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ നിരവധി അപാകതകൾ ഉണ്ടായിട്ടുള്ളതായി ലഭ്യമായ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നു. സാങ്കേതിക അനുമതി ആവശ്യമായ പദ്ധതി സാങ്കേതിക അനുമതി ഇല്ലാതെ നടപ്പിലാക്കി, അനുവദനീയമായതിലും അധികം തുക ചെലവഴിച്ച് പദ്ധതി നിർവ്വഹണം പാതിവഴിയിൽ ഉപേക്ഷിച്ചു, എന്നിങ്ങനെ ഗൗരവതരമായ വീഴ്ചകൾ പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി
</td></tr>
</table>

| | | |
|---|---|---|
| | ഇപ്പോഴുള്ള അക്കേഷ്യാമരങ്ങൾ നീക്കം ചെയ്ത് തനത് വൃക്ഷങ്ങൾ, ഫലവൃക്ഷങ്ങൾ, ഈറ, മുള, കൈത, കയർ ഭൂവസ്ത്രം ഉപയോഗിച്ച് പുല്ല് വച്ച് പിടിപ്പിക്കൽ, തുടർപരിപാലനം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ വേണ്ടി ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതിയാണ് ശാസ്താംകോട്ട ശുദ്ധജലതടാക സംരക്ഷണം.<br><br>പദ്ധതി നിർവ്വഹണത്തിനായി കൊല്ലം നഗരസഭ 5,00,000/- രൂപ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് 5,00,000/- രൂപ, പടിഞ്ഞാറെ കല്ലട ഗ്രാമ പഞ്ചായത്ത് 50,000/- രൂപ, ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് 50,000/- രൂപ ക്രമത്തിൽ ജില്ലാ പഞ്ചായത്തിന് തുക നല്കിയിട്ടുണ്ട്.<br><br>പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ 1,39,950/- രൂപ ബിൽ നം.7/17-18 തീയതി 31.03.2018 പ്രകാരം പിൻവലിച്ച് വലിയ കൂടയിലെ തൈകൾക്കായി 45/- രൂപ ക്രമത്തിൽ 2130 എണ്ണത്തിന് 95,850/- രൂപയും തൈകളുടെ ജൂൺ 5 വരെയുള്ള പരിപാലന ചിലവായി 70 ദിവസത്തേയ്ക്ക് ദിവസക്കൂലി ഇനത്തിൽ നിയമിച്ചിട്ടുള്ള വാച്ച്മാന്റെ വേതനമായി 630/- രൂപ ക്രമത്തിൽ 44,100/- രൂപയും ചെലവഴിച്ചിരിക്കുന്നു. ഇതിൽ 95,850/- രൂപ സാമൂഹ്യ വനവത്ക്കരണ വിഭാഗത്തിന്റെയും 44,100/- രൂപ കൈപ്പട്ടൂർ പങ്കാളിത്ത ഹരിത സമിതിയുടെയും അക്കൗണ്ടിൽ നല്കി. ഇതുമായി ബന്ധപ്പെട്ട് 14.03.2018 ൽ സാമൂഹ്യവനവത്ക്കരണ വിഭാഗം പത്തനംതിട്ടയുമായി കരാറിലേർപ്പെടുകയും ചെയ്തു. | പരിശോധിക്കുകയും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾക്ക് ഉത്തരവാദികളെ കണ്ടെത്തി നഷ്ടമായ തുക തിരിച്ചുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.(എ.സി3/32/2021/ത.സ്വ.ഭ.വ) |

കയർ ഭൂവസ്ത്രം വിരിക്കുന്നതുമായി ബന്ധപ്പെട്ട് 01.06.2018 ൽ 1446/2017 ആയി കയർഫെഡുമായി കരാറിലേർപ്പെടുകയും ചെയ്തു. ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ചെലവുകൾ നടത്തിയിട്ടില്ല. ഫയലുകൾ പരിശോധിച്ചതിൽ നാളിതുവരെ 920 തൈകൾ മാത്രമേ കൈപ്പട്ടൂർ നഴ്സറിയിൽ നിന്നും ഏറ്റെടുത്ത് നട്ടു പിടിപ്പിച്ചിട്ടുള്ള റേഞ്ച് ഫോറസ്റ്റാഫീസർ ( സാമൂഹ്യവനവത്ക്കരണം) പത്തനംതിട്ടയുടെ എസ്.ഇ.പി 327/18 തീയതി 13.07.2018 ൽ മുഴുവൻ തൈകളും ഏറ്റെടുക്കുവാൻ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

16,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 29.10.2018 ൽ ജി.1446/2017 ആയി സാങ്കേതിക അംഗീകാരത്തിനായി ഡയറക്ടർ ഓഫ് സോയിൽ കൺസർവേഷൻ നല്കിയിരുന്നെങ്കിലും അഡീഷണൽ ഡയറക്ടർ ഓഫ് സോയിൽ കൺസർവേഷന്റെ 31.10.2018 ലെ പി.ജി (1)8375/2018 ഉത്തരവ് പ്രകാരം മൺകുളം, കയർഭൂവസ്ത്രം എന്നിവ ഒഴിവാക്കി 10,00,000/- രൂപയുടെ മാത്രം പ്രവൃത്തികൾക്കാണത്ര സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളത്.

ഡയറക്ടർ ഓഫ് സോയിൽ കൺസർവേഷന്റെ 17.12.2018 ലെ പി.ജി.(1)8375/2018 നമ്പർ കത്തിൽ 15.11.2018 , 20.11.2018 എന്നീ തീയതികളിൽ മാധ്യമ വാർത്തകളെ തുടർന്ന് ഡയറക്ടർ ഓഫ് സോയിൽ കൺസർവേഷന്റെ ഓഫീസിൽ നിന്നുമുള്ള സംഘം പദ്ധതി പ്രദേശം പരിശോധിച്ചതിൽ കയർ ഭൂവസ്ത്രം സ്ഥാപിച്ചിട്ടുള്ളത്

| | |
|---|---|
| | തികച്ചും അശാസ്ത്രീയമാണെന്നും, സാങ്കേതികാനുമതി കൂടാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും ആയതിനാൽ തുടർപ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനും ആവശ്യപ്പെട്ടു.<br><br>**<u>പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.</u>**<br><br>*സാങ്കേതിക അനുമതി ആവശ്യമായ പ്രോജക്റ്റ് ആയതു ലഭ്യമാകുന്നതിനു മുമ്പേ നടപ്പിലാക്കി.<br>*വനം വന്യജീവി വകുപ്പിന്റെ സ.ഉ (സാധാ)നം159/2017/വനം തീയതി 22.04.2017 പ്രകാരം വലിയ കൂടത്തൈ ഒന്നിന് 45/- രൂപയായി നിശ്ചയിച്ചിട്ടുള്ളതാണ്. ഇതിനോടൊപ്പം തൈകളുടെ പരിപാലനം എന്ന പേരിൽ വാച്ചുമാന്റെ വേതനം ഇനത്തിൽ 44.100/- രൂപ നല്കി.<br>*നാളിതുവരെ 920 തൈകൾ മാത്രമേ ഏറ്റെടുത്ത് നട്ടുപിടിപ്പിച്ചിട്ടുള്ളൂ.<br>*തുടർപ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.<br><br>അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10, തീയതി 06.03.2019) പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായില്ലെന്നു, ആയതിനാൽ റീക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നെന്നും, തൈകൾ വാങ്ങുന്നത് വനംവകുപ്പിൽ നിന്നായതിനാലാണ് സാങ്കേതികാനുമതിക്ക് മുമ്പേ പ്രവർത്തനങ്ങൾ തുടങ്ങിയതെന്നും, നട്ടു പിടിപ്പിക്കുവാൻ |

| | |
|---|---|
| | അവശേഷിക്കുന്ന 1210 തൈകൾ കൊട്ടാരക്കര മണ്ണ് സംരക്ഷണ ഓഫീസിൽ സൂക്ഷിച്ച് പരിപാലിച്ചുവരുന്നുണ്ടെന്നും മറുപടി നല്കി. 45/- രൂപയ്ക്ക് ലഭ്യമാകുന്ന തൈകൾക്ക് പരിപാലന ചെലവായി തുക നല്കിയ നടപടി അംഗീകരിക്കുന്നില്ല. കൂടാതെ 2130 തൈകൾ വാങ്ങിയതിൽ ഇതുവരെ നട്ടുപിടിപ്പിക്കാത്ത 1210 തൈകളുടെ വിലയും നിരാകരിക്കുന്നു.<br><br>2130 കൂടത്തൈകളുടെ വില, തൈകളുടെ പരിപാലന ചെലവ് എന്നീ ഇനങ്ങളിലായി നല്കിയ 1,39,950/- രൂപയിൽ നട്ടുപിടിപ്പിച്ച തൈകളുടെ വിലയായ 41,400/- രൂപ കഴികെ 98,550/- രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.<br><br>വലിയ ലക്ഷ്യത്തോടെ ആരംഭിച്ച ഒരു പ്രോജക്ട് നിരുത്തരവാദിത്തത്തോടെ നടപ്പിലാക്കിയതുമൂലം കുറച്ച് തൈകൾ വാങ്ങുന്നതിന് തുക ചെലവഴിക്കുന്നതിൽ മാത്രം പദ്ധതി പ്രവർത്തനം ഒതുങ്ങി. വാങ്ങിയതൈകൾ വച്ചു പിടിപ്പിക്കുന്നതിനുപോലും കഴിഞ്ഞില്ല മോണിറ്ററിംഗ് സമിതി, വികസനകാര്യ സ്ഥിരം സമിതി എന്നിവയുടെ ഫലപ്രദമായ ഇടപെടൽ ഒരു ഘട്ടത്തിലും ഉണ്ടായിട്ടില്ല. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. |

2 1

**റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്തില്ല - നഷ്ടം 38,02,500/-**

(എറണാകുളം ജില്ലാ പഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോന്നാനിക്കാട്- പുന്നമറ്റത്തിൽത്താഴം റോഡ് ആരക്കുഴ ഗ്രാമ പഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ | S0022/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | കെ.വി.പോൾ |
| ഫയൽ നമ്പർ | A1-222/17-18 |

ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ കോന്നാനിക്കാട് - പുന്നമറ്റത്തിൽത്താഴം റോഡ് 1090 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ റീടാറിംഗ് ചെയ്യുന്നതിനും 60 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ ഇന്റർലോക്കിംഗ് കട്ട വിരിക്കുന്നതിനും ഐറിഷ് ഡ്രയിൻ നിർമ്മിക്കുന്നതിനും 15 ലക്ഷം രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നു. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.കെ.വി.പോൾ മേൽ പ്രവൃത്തിക്ക് കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനായി മെറ്റീരിയൽസ് നിർദ്ദിഷ്ട സ്ഥലത്ത് സംഭരിക്കുകയും ടൈൽ നിരത്തുന്നതിനുള്ള മൺവേലകളും ടാറിംഗിനായി റോഡ് ക്ലീനിംഗും പൂർത്തീകരിച്ചിരുന്നു.

ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ കോന്നാനിക്കാട് പുന്നമറ്റത്തിൽതാഴം റോഡ് അറ്റകുറ്റപ്പണികൾക്കായി എറണാകുളം ജില്ലാ പഞ്ചായത്ത് 2017-18 വർഷം പ്രോജക്റ്റ് നം.22 ആയി 15 ലക്ഷം രൂപ വകയിരുത്തി പദ്ധതി ഏറ്റെടുത്തിരുന്നു. ടി പ്രവൃത്തിയുടെ പ്രാരംഭ വേലകൾ നടന്നു വരവേ, കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി, ജില്ലാ പഞ്ചായത്തിന്റെ അറിവോടു കൂടെയല്ലാതെ ടി റോഡിന്റെ മദ്ധ്യഭാഗത്ത് കൂടി ആഴത്തിൽ കാന നിർമ്മിക്കുകയും പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്തു. ഈ വിവരം ആരക്കുഴ പഞ്ചായത്ത് അസി.എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്യുകയും ആയത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും കേരള വാട്ടർ അതോറിറ്റിയോട് റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ജില്ലാ പഞ്ചായത്തിൽ അടയ്ക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

പ്രദേശ വാസികളുടെ യാത്രാക്ലേശം അടിയന്തിരമായി പരിഹരിക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പ്രതിഷേധം കണക്കിലെടുത്തും, ജില്ലാ പഞ്ചായത്ത് ഭരണസമിതി ടി റോഡ് പ്രവൃത്തിക്ക് ഭേദഗതി വരുത്തുകയും റോഡ് റെസ്റ്ററേഷൻ കൂടി ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി, അടിയന്തിരമായി റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി എടുക്കുകയും ചെയ്തു. അധികം ആവശ്യമായ തുകയ്ക്ക് 2018-19, 2019-20 വർഷങ്ങളിൽ പദ്ധതികൾ ഏറ്റെടുത്ത് റോഡ് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയോട് റെസ്റ്റോറേഷൻ ചാർജ്ജ് ആവശ്യപ്പെട്ടുകൊണ്ട് 07.03.2018 ൽ കത്ത് നൽകിയെങ്കിലും ടി തുക സാങ്കേതിക പ്രശ്നം ഉന്നയിച്ചുകൊണ്ട് ഇന്നുവരെയും ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല കൂടാതെ ജില്ലാ പഞ്ചായത്ത് കാലാകാലങ്ങളിലായി കുടിവെള്ള ക്ഷാമം ഉള്ള പ്രദേശങ്ങളിൽ വിവിധ കുടിവെള്ള വിതരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ശുദ്ധജലം ലഭ്യമാക്കുന്ന പ്രവൃത്തികളാണ് ഏറെയും.

എന്നാൽ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ടിട്ടുള്ള മേൽ റോഡിന്റെ മധ്യഭാഗത്തുകൂടി കേരള വാട്ടർ അതോറിറ്റിയിൽ ( പിറവം പ്രോജക്റ്റ് ഡിവിഷൻ) നിന്നും ഏർപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി രണ്ട് മീറ്റർ വീതിയിലും ഒന്നര മീറ്റർ ആഴത്തിലും റോഡ് വെട്ടിപൊളിച്ച് കുടിവെള്ള പദ്ധതിക്കായി പൈപ്പ് ഇട്ടിട്ടുള്ളതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ LDGD സബ് ഡിവിഷൻ, മൂവാറ്റുപുഴ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റോഡിന്റെ പുനരുദ്ധാരണത്തിനായി 51.58 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ ഒടുക്കണമെന്ന് കാണിച്ചു കൊണ്ട് LSGD ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നു. (07.03.18 ലെ A1-222/17- ാം നമ്പർ കത്ത്).

51.58 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ ഒടുക്കണമെനന് കാണിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 2 മീറ്റർ വീതിയും 2000 മീറ്റർ നീളവും പരിഗണിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും ടാർ റോഡ് ഏറ്റവും കുറവ് ( 1.20 മീറ്റർ) മുറിക്കുന്ന വീതിയിൽ 1250 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും 14.03.18 ൽ കേരള വാട്ടർ അതോറിറ്റി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. (14.03.18 ലെ EP/PD/PVM/458/2016 കത്ത്). ആയതിനാൽ എസ്റ്റിമേറ്റ് പുനപരിശോധിച്ച് തുക പുനർ നിർണ്ണയിച്ചു നൽകണമെന്നും തുക ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മേൽ കത്തിൽ അറിയിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നം.76/12.12.19).

ഇതനുസരിച്ച് 1150 മീറ്റർ നീളത്തിൽ റോഡ് പുനർ നിർമ്മിക്കുന്നതിന് 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരക്കുഴ കേരള വാട്ടർ അതോറിറ്റിയിൽ മുൻകൂർ തുക നിക്ഷേപിച്ചാണ് ടി പ്രവൃത്തികൾ ഏറ്റെടുക്കുന്നത്. ടി പ്രവൃത്തികൾ പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, ചെലവു ചെയ്ത തുകയിൽ നീക്കിബാക്കിയുള്ള തുക തിരിച്ചടക്കുന്നതിനും കേരള വാട്ടർ അതോറിറ്റി വീഴ്ച വരുത്തിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി ഇങ്ങനെ വിവിധ ഇനങ്ങളിലായി ജില്ലാ പഞ്ചായത്തിലേയ്ക്ക് അടവാക്കേണ്ട തുക സംബന്ധിച്ച് പുതിയ ഭരണസമിതി ഗൗരവമായി ചർച്ച ചെയ്യുകയും വിവിധ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ യോഗം വിളിച്ചു ചേർക്കുകയും അവരോട് ടി തുകകൾ ഉടനടി അടയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.സർക്കാർ ഇക്കാര്യം പരിശോധിക്കുകയും നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(എ.സി.3/32/2021/ത.സ്വ.ഭ.വ)

| | |
|---|---|
| | LSGD അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ PWD (R&B) TVM ചീഫ് എഞ്ചിനീയറുടെ സർക്കുലർ നമ്പർ CE/R&B/GL/6682/06 dated 18.03.13 പ്രകാരം റെസ്റ്റോറേഷൻ ചാർജ്ജായി 34,98,300/- രൂപയും കണക്കാക്കിയിട്ടുണ്ട് ( 1150x2=2300m2 @1521/-)<br><br>08.03.18 ൽ LSGD സബ് ഡിവിഷൻ, മൂവാറ്റുപുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ ഏകദേശം 2 കി.മീ ദൂരം 2 മീറ്റർ വീതിയിലും 1.5 മീറ്റർ ആഴത്തിലും കുഴിയെടുത്ത് (trenching) വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ 1250 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും 1.20 മീറ്റർ വീതിയിലാണ് റോഡ് മുറിക്കുന്നതെന്നും അറിയിച്ചിട്ടുള്ളതിനാൽ ജി.ഒ (ആർ.ടി) നം.30/2018/PWD dated 05.01.18 ഉത്തരവ് പ്രകാരമുള്ള ഗൈഡ് ലൈൻസ് അനുസരിച്ച് റെസ്റ്റാറേഷൻ വീതി 1.8(1.2x1.5) മീറ്ററാണ് വരുന്നത്. എന്നാൽ റോഡിന്റെ മധ്യഭാഗത്തുകൂടി 2 മീറ്റർ വീതിയിൽ കട്ട് ചെയ്തിട്ടുണ്ടെന്ന് LSGd സബ്ഡിവിഷൻ, മൂവാറ്റുപുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും 1250 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ അറിയിച്ചിട്ടുള്ളതിനാലും ജില്ലാ പഞ്ചായത്തിൽ ഒടുക്കേണ്ട റെസ്റ്റാറേഷൻ ചാർജ്ജ് ചുവടെ കൊടുക്കുന്നു.<br>**1250x2==2500 m2 @ 1521 = 38,02,500/- രൂപ** |

| | | | |
|---|---|---|---|
| | | ` റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്യതായി കാണുന്നില്ല. വാർഷിക കണക്കുകൾ പരിശോധിച്ചതിൽ മേൽ ഇനത്തിൽ തുക വരവുള്ളതായോ കിട്ടാനുള്ളതായോ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ടി തുക ഡിമാന്റ് ചെയ്ത് ഈടാക്കാനാവസ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെനന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. | |
| 3 | 1. | **<u>1.കുടുംബശ്രീ യൂണിറ്റുകളിലേക്ക് ന്യൂട്രിമിക്സ് പൗഡർപാക്കിംഗ് മെഷിൻ വാങ്ങൽ - അപാകതകൾ</u>**<br>(മലപ്പുറം ജില്ലാ പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7)<br>*നിർവ്വഹണം: ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ.<br>*പ്രോജക്ട് നമ്പർ : SO 639/17-18.<br>*തുക : 22,22,840/- ( വികസന ഫണ്ട് ജനറൽ).<br>*ബിൽ നമ്പർ : 14/17-18 തീയ്യതി : 29.03.2018<br><br>ജില്ലയിലെ 6 കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് പൗഡർപാക്കിംഗ് മെഷിൻ എന്ന മേൽ പദ്ധതിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ M/s Metal Age Machineries എന്ന സ്ഥാപനത്തിൽ നിന്ന് ലഭിച്ച ടെണ്ടർ ഭരണ സമിതിയുടെ 28.03.2018 ലെ യോഗത്തിന്റെ 2(10) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, | സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു (ഫയൽ നം.എ.സി1/36/2021/തസ്വഭവ). മേൽ പദ്ധതിയുമായി ബന്ധപ്പെട്ട, ടെൻഡർ അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സ്ഥലപരിശോധന അടക്കമുള്ള വിശദമായ അന്വേഷണം ആവശ്യമാണെന്ന് കാണുന്നു. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശദമായ അന്വേഷണം നടത്തി ബഹു.നിയമസഭാ സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. |

കുടുംബശ്രീ, 623/A2/16/KSMPM dated 24.03.2018 പ്രകാരം സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ടെണ്ടറിലും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീയുടെ സപ്ലൈ ഓർഡറിലും രേഖപ്പെടുത്തിയ ലഭ്യമാക്കേണ്ട മെഷിനറികളുടെ വില വിവരം ചുവടെ ചേർക്കുന്നു.

**ടെണ്ടറിലും സപ്ലൈ ഓർഡറിലും ലഭ്യമാക്കേണ്ട** .
വിശദവിവരം ചേർക്കുന്നു.

| SL No | Item | quantity | Rate |
|---|---|---|---|
| 1. | Screw Feeder  Feeding Powder to Packing Machine | 6 | **600000+108000(GST)=708000** |
| 2. | SS Lined Hammer mill | 6 | 1320000+66000(GST) =1386000 |
| Total | | | 2094000 |

ഫയൽ പരിശോധിച്ചതിൽ സ്ഥാപനം മേൽ മെഷിനറികൾ അംഗീകൃത ടെണ്ടറിലെ വിലയേക്കാളും കൂടിയ വിലക്കാണ് സപ്ലൈ ചെയ്തിട്ടുള്ളത്. വിശദവിവരം ചേർക്കുന്നു.

| SL No. | Item | Quantity | Rate |
|---|---|---|---|
| 1. | Screw Feeder -Feeding Powder to Packing Machine. | 6 | 7,52,840/- (GST ഉൾപ്പെടെ)- ഇൻവോയ്സ് നം.M/104 dated 27.3.18 |

| | | | |
|---|---|---|---|
| 2. | SS Line Hammer Mill | 6 | 14,70,000 (GST ഉൾപ്പെടെ)- ഇൻവോയ്സ് നം.M/101 dated 27.03.18 |
| Total | | | 2222840 |

അധികം നൽകിയ വില രൂപ 1,28,840/- 14/17-18 തീയ്യതി 29.3.2018 നമ്പർ ബിൽ പ്രകാരം 22,22,840/- രൂപ സുധീഷ്, മാനേജിംഗ് പാർട്ണർ, മെറ്റലേജ് മെഷിനറീസിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

മെഷിനറികൾ വിതരണം ചെയ്യപ്പെട്ട 6 ന്യൂട്രിമിക്സ് യൂണിറ്റുകളിൽ 16.05.2019, 02.09.2019, 03.09.2019 എന്നീ തീയതികളിൽ കുടുംബശ്രീ ഉദ്യോഗസ്ഥരുടെയും ഗ്രാമ പഞ്ചായത്തിലെ സെക്രട്ടറിമാരുടെയും സാന്നിധ്യത്തിൽ സന്ദർശിച്ചു. M/0104 Dated 27.03.2018, M/0101 Dated 27.03.2018 എന്നീ ഇൻവോയ്സുകൾ പ്രകാരമുള്ള Screw Feeder, Hammer Mill SS Lined എന്നിവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് ലഭ്യമായിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ജില്ലാ പഞ്ചായത്തിന്റെ 2017-18 പദ്ധതിപ്രകാരം പാക്കിംഗ് മെഷിൻ എന്ന ഉപകരണമാണ് ലഭിച്ചതെന്ന് ന്യൂട്രിമിക്സ് യൂണിറ്റ് ഭാരവാഹികൾ രേഖാമൂലം അറിയിച്ചു. പരിശോധന നടത്തിയ 6 യൂണിറ്റുകളിലും 2017-18 പദ്ധതിപ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതായി പറയുന്ന പാക്കിംഗ് മെഷിൻ ജില്ലാ പഞ്ചായത്ത് വാങ്ങിയതു സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. ടെണ്ടർ പ്രകാരം വിതരണണം ചെയ്യേണ്ട മെഷിനറികൾക്ക് പകരം പാക്കിംഗ് മെഷിൻ വാങ്ങുന്നതിനുള്ള തീരുമാനം ഭരണ സമിതി

അംഗീകരിച്ചത് സംബന്ധിച്ച രേഖകളും ലഭ്യമാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 5/09.05.2019, 21/18.05.2019 ഓഡിറ്റ് എൻക്വയറികൾ നൽകി. ഇവയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല.

ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങളല്ല യൂണിറ്റുകളിലുള്ളത് എന്നും പരിശോധനയിൽ കണ്ട പാക്കിംഗ് മെഷിനുകളുടെക്വട്ടേഷൻ, ഇൻവോയ്സ്/ബിൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല എന്ന് ആദ്യ മറുപടിയും പുനരഭിപ്രായവും നൽകി. പുനരഭിപ്രായക്കുറിപ്പിനു ജില്ല പഞ്ചായത്ത് നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

ജില്ലയിലെ 6 ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് പൗഡർ പാക്കിംഗ് മെഷിൻ എന്നായിരുന്നു പദ്ധതിയിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ മറ്റൊരു ന്യൂട്രിമിക്സ് യൂണിറ്റിനുള്ള ഹാമ്മർ മില്ല് ഉൾപ്പെടെയുള്ള മെഷിനറികളും ഈ പദ്ധതിയുടെ മെഷിനറികളും ഒരുമിച്ചാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത്. ഹാമ്മർമിൽ എന്ന മെഷീന്റെ പ്രവർത്തനം നിലവിൽ യൂണിറ്റുകളിൽ പൾവറൈസർ എന്ന മെഷീൻ നിർവ്വഹിക്കുന്നുവെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടെ പൗച്ച് പാക്കിംഗ് മെഷിൻ വാങ്ങി നൽകാൻ കമ്പനിയോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ടെണ്ടറിൽ ഹാമ്മർ മില്ലും സ്ക്രൂ ഫീഡറും എന്ന് കാണിച്ചു പോയതിനാലാണ് ബില്ലിൽ പൗച്ച് പാക്കിംഗ് മെഷിന്റെ വിലയായ തുക ഹാമ്മർ മില്ല്, സ്ക്രൂ ഫീഡർ എന്നിവയായി കാണിച്ചത് എന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. പുതുക്കിയ ബില്ല്, വിതരണ ഏജൻസിയുടെ വിശദീകരണം,

| | |
|---|---|
| | ആയതിന്മേലുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ വിലയിരുത്തൽ, ജില്ലാ പഞ്ചായത്ത് ഭരണ സമിതി തീരുമാനം എന്നിവ യഥാക്രമം അനുബന്ധം 4,5,6,7 എന്നിവയായി ചേർക്കുന്നു.<br>മറുപടി പരിശോധിച്ചതിൽ ചില വൈരുദ്ധ്യങ്ങൾ കാണുന്നു. അനുബന്ധം 4 ആയി പൗച്ച് പാക്കിംഗ് മെഷിന്റെ ഇൻവോയ്സ് ( നം.M/101 തീയ്യതി 27.03.2018) ഹാജരാക്കി. എന്നാൽ ടെണ്ടറിൽ ഈ മെഷിന്റെ വില ഉൾപ്പെടുത്താതെ ബില്ലിൽ ലഭ്യമാക്കിയ വില എങ്ങനെ അംഗീകരിച്ചു എന്ന് വ്യക്തമല്ല.<br>അനുബന്ധം 5 ആയി മെറ്റൽ ഏയ്ജ് മെഷിനിറീസ് കിഴക്കോണി, ഡിസ്ട്രിക് മിഷൻ കോ-ഓർഡിനേറ്റർ, മലപ്പുറം ന് ആയച്ച 15.03.2018 ലെ കത്താണ് " മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കുടുംബശ്രീ ന്യൂട്രിമിക്സുകൾക്ക് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുമ്പാകെ ടെണ്ടർ പ്രകാരം 6 ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് ഹാമ്മർ മിൽ സ്ക്രൂ ഫീഡർ ആണ് നല്കേണ്ടിയിരുന്നത്. പ്രസ്തുത പ്രോജക്ടിന്റെ ടെക്കനിക്കൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ജില്ലാ പഞ്തചായത്ത് ഭരണ സമിതിയുടെ അംഗഹീകാരത്തോടെ പാക്കിംഗ് മെഷിനുകൾ വിതരണം ചെയ്യുകയാണുണ്ടയത്.<br>എന്നാൽ ഈ കത്ത് 15.03.2018 ലേതാണ്. ഈ കത്തിനുശേഷം 24.03.2018 നാണ് മിഷൻ കോർഡിനേറ്റർ ഹാമ്മൽ മീൽ, സ്ക്രൂ ഫീഡർ എന്നിവയ്ക്ക് സപ്ലൈ ഓർഡർ നൽകിയിരിക്കുന്നത് മാത്രമല്ല ടെക്നിക്കൽ കമ്മിറ്റിയുടെ യാതൊരു ശുപാർശയും ഫയലിൽ ലഭ്യമല്ല.<br>അനുബന്ധം 6 ആയി ജില്ല പഞ്ചായത്ത് സാങ്കേതിക കമ്മിറ്റി 2020 ജനുവരി 24 ന ചേർന്ന യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കി. തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. | |

മാനേജിംഗ് പാർട്ണർ സാങ്കേതിക കമ്മിറ്റി മുമ്പാകെ ഫോണിൽ വിളിച്ച് അറിയിച്ചതിൻ പ്രകാരം പദ്ധതി പ്രയോജനം സംരംഭകർക്ക് ലഭ്യമാക്കിയിട്ടുള്ളതായി കമ്മിറ്റി വിലയിരുത്തുന്നു.

- പാക്കിംഗ് മെഷിന്റെ യഥാർത്ഥ ബിൽ വിതരണ ഏജനസിയിൽ നിന്നും ഫയലിൽ കൈപ്പറ്റുവാൻ തീരുമാനിച്ചു

അനുബന്ധം 7 ആയി ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 28.01.2020 ലെ യോഗത്തിന്റെ 9(10) നമ്പർ തീരുമാനത്തിന്റെ ശരിപകർപ്പാണ് ലഭ്യമാക്കിയത്. തീരുമാനം ചുവടെ ചേർക്കുന്നു.

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ പ്രോജക്ടിൽ ഉൾപ്പെടുത്തിയ 6 ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് പാക്കിംഗ് മെഷിൻ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ പദ്ധതി രേഖയിൽ പാക്കിംഗ് മെഷിൻ എന്നും അകത്ത് ഹാമർ മിൽ എന്നുമാണ് രേഖപ്പെടുത്തിയത്. അതനുസരിച്ച് ഹാമർ മില്ലാണ് ടെണ്ടർ ചെയ്തത്. എന്നാൽ യൂണിറ്റി അംഗങ്ങളുടെ യോഗത്തിൽ ഈ മെഷിനറിക്ക് സമാനമായ രീതിയിൽ പ്രവർത്തിക്കുന്ന പൾവറൈസർ നിലവിലുല്ള ഉള്ളതിനാലും പദ്ധതി രേഖയിൽ പാക്കിംഗ് മെഷിൻ രേഖപ്പെടുത്തിയിട്ടുള്ളതിനാലും ഹാമർമിൽ ആവശ്യമില്ലെന്ന് യൂണിറ്റുകൾ അറിയിക്കുകയും പ്രോജക്ട് കാലാവധി കഴിയുകയായതിനാൽ റീ ടെണ്ടർ ചെയ്യുന്നതിന് സമയമില്ലാത്തതിനാൽ പൗച്ച് പാക്കിംഗ് മെഷിൻ വാങ്ങി നൽകുകയാണുണ്ടായതെന്നും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ 27.01.20 ലെ 623/എ 2/16/

| | | |
|---|---|---|
| | കെ.എസ്.എം.പി.എം നമ്പർ കത്തിൽ അറിയിച്ചത് പ്രകാരം ഹാമ്മർ മില്ലിന് പകരം പാക്കിംഗ് മെഷീൻ വാങ്ങിയ നടപടിക്ക് സാധൂകരണം നൽകി തീരുമാനിച്ചു.<br><br>യൂണിറ്റുകളിൽ നിലവിൽ ഉപയോഗിച്ചു വരുന്ന മെഷിനറികൾ ഏതെല്ലാമാണ് പദ്ധതി രൂപീകരണ സമയത്ത് യൂണിറ്റുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമായ പഠനം നടത്തി, ആയതിനുള്ള നടപടികൾ ആസൂത്രണം ചെയ്യുന്നതിൽ പദ്ധതി രൂപീകരണ ഘട്ടത്തിലും നിർവ്വഹണത്തിലും വീഴ്ച വന്നതായി കാണുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയും വിതരണ ഏജൻസിയും ചെയ്ത തെറ്റായ നടപടിക്രമങ്ങൾ സാങ്കേതിക കമ്മിറ്റിയും ഭരണ സമിതിതിയും 2 വർഷത്തിനു ശേഷം അംഗീകരിക്കുന്നതായാണ് കാണുന്നത്. ഈ നടപടി അംഗീകരിക്കാവുന്നതല്ല. ഈ വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. | |
| 4 1 | **1. <u>എ ബി സി പ്രോജക്ടിനുവേണ്ടി നിർമ്മിച്ച കെട്ടിടം ഉപയോഗിക്കാനായില്ല. 14,34,562/- പാഴ് ചെലവ്</u>**<br>(കണ്ണൂർ ജില്ലാ പഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-25)<br><br>*പ്രോജക്ട് :- 372/2019 തെരുവു നായക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി.<br>*അടങ്കൽ  22,60,000/- ( വികസനഫണ്ട് ജനറൽ) | 2017-18 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി തെരുവ് നായ്ക്കളെ പിടികൂടി വന്ധീകരിച്ച് പേവിഷബാധക്കെതിരെയുള്ള കുത്തിവയ്പ്പ് നൽകി പിടിച്ച സ്ഥലത്ത് തന്നെ കൊണ്ടുവിടുന്നതിനാണ് എ.ബി.സി പദ്ധതി നടപ്പിലാക്കിയത്. 2018-19 വർഷം അവസാനത്തോടെ ഈ കേന്ദ്രം പ്രവർത്തനമാരംഭിച്ചു.<br><br>രണ്ട് മാസക്കാലം മികച്ച രീതിയിൽ പ്രവർത്തനം |

| | | |
|---|---|---|
| | *20,000/-(തനത് ഫണ്ട്)<br>*1,00,00,000/-(ഗ്രാമപഞ്ചായത്ത് വിഹിതം).<br>*ആകെ - 1,22,80,000/-<br>* നിർവ്വഹണ ഏജൻസി :- നിർമ്മിതി കേന്ദ്രം.<br>*ആകെ പ്രവൃത്തിമൂല്യം - 14,34,562/-<br>*ചെക്ക് നമ്പർ :- 2946157/27.3.2019 ▯ 10,61,087/-.<br>*മൊബിലൈസേഷൻ അഡ്വാൻസ് ( 2017-18) 3,10,000/-(<br>ചെക്ക് നമ്പർ ലഭ്യമല്ല).<br>*നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം സർക്കാരിലേക്കുള്ള അടവുകൾ - ഇൻകം ടാക്സ് 25,390/-, ജി.എസ്.ടി 25,390/- രൂപ KCWWF - 12,695/- രൂപ.<br><br>കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ 803/18 നമ്പർ പ്രോജക്ടായ തെരുവു നായ്ക്കളുടെ പ്രജനനിയന്ത്രണ പദ്ധതിയുടെ ഭാഗമായി കോപ്പാലം വെറ്ററിനറി ഡിസ്പ്ൻസറിയിൽ എ ബി സി കേന്ദ്രം നിർമ്മിക്കുന്നതിന് 15,50,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, നിർമിതി കേന്ദ്രക്ക് മൊബിലൈസേഷൻ അഡ്വാൻസായി 2017-18 ൽ 3,10,000/- രൂപ അനുവദിക്കുകയും 2018-19 ൽ ഫൈനൽ ബിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച ചെക്ക് പ്രകാരം ഫൈനൽ ബിൽ തുക നിർമിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.<br><br>ഓഡിറ്റിന്റെ ഭാഗമായി 05.12.2019 ന് തലശ്ശേരി നഗരസഭയുടെ പരിധിയിലുള്ള കോപ്പാലം വെറ്ററിനറി | നടന്നുകൊണ്ടിരിക്കെ പൊതുജനങ്ങളിൽ നിന്നുണ്ടായ പ്രതിഷേധത്തെ തുടർന്നാണ് പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നത്. എ.ബി.സി. കേന്ദ്രത്തിൽ നായ്ക്കളെ പാർപ്പിച്ചത് സുരക്ഷിതമായ കൂടുകളിൽ മതിൽക്കെട്ടിനകത്തായിരുന്നിട്ടും, ജനങ്ങളുടെ പ്രതിഷേധം കാരണം പ്രവർത്തനം നിറുത്തി വെക്കാൻ നിർബന്ധിതമാവുകയായിരുന്നു.<br><br>തലശ്ശേരി മുനിസിപ്പാലിറ്റിയിൽ തന്നെയുള്ള വെറ്ററിനറി പോളിക്ലിനിക് തലശ്ശേരിയിൽ എ.ബി.സി. കേന്ദ്രം ആരംഭിക്കുന്നതിനായി തലശ്ശേരി നഗരസഭ ഇപ്പോൾ ജില്ലാ പഞ്ചായത്തിന് അനുവാദം നൽകിയിട്ടുണ്ട്. കോപ്പാലം എ.ബി.സി. കേന്ദ്രത്തിനായി ഒരുക്കിയ താല്ക്കാലിക നിർമ്മിതികൾ അഴിച്ചെടുത്ത് തലശ്ശേരി വെറ്ററിനറി പോളിക്ലിനിക്കിൽ പുതിയ എ.ബി.സി.കേന്ദ്രം ആരംഭിക്കുമ്പോഴോ അല്ലെങ്കിൽ പടിയൂർ ജില്ലാ പഞ്ചായത്ത് പുതുതായി ആരംഭിക്കുന്ന എ.ബി.സി കേന്ദ്രത്തിലോ ഉപയോഗപ്പെടുത്തുവാൻ സാധിക്കും.<br><br>കോപ്പാലം എ.ബി.സി കേന്ദ്രത്തിനായി വാങ്ങിയ മുഴുവൻ ഉപകരണങ്ങളും മരുന്നുകളും കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ |

സെന്ററിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. അപ്പോൾ കണ്ടതായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.കോപ്പാലം വെറ്ററിനറി സെന്ററിൽ നിർമ്മിച്ച എ ബി സി സെന്റർ നിലവിൽ പ്രവർത്തിക്കുന്നില്ല.
2.സെന്ററിനു തൊട്ടടുത്ത ബിൽഡിംഗിൽ അങ്കണവാടി പ്രവർത്തിക്കുന്നുണ്ട്.
3.മാലിന്യ നിർമ്മാർജ്ജനത്തിന് ഫലപ്രദമായ മാർഗങ്ങളില്ല.
4.നായകൾക്കു വേണ്ടിയുള്ള 12 കൂടുകൾ ഉപയോഗ ശൂന്യമായിക്കിടക്കുന്നു.
5.ഷെൽഫുകൾ, വാഷിംഗ് മെഷിൻ, ഓട്ടോക്ലേവ്, ശാസ്ത്രക്രിയോപകരണങ്ങൾഎന്നിവ ഉപയോഗിക്കാതെ നശിക്കുന്നു.
6.ഉപ്പുവെള്ളം മാത്രം ലഭ്യമാകുന്നതിനാൽ ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു.

സ്ഥാപനത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രസ്തുത സ്ഥലം എബിസി കേന്ദ്രം പ്രവർത്തിക്കുന്നതിന് അനുയോജ്യമാണോ എന്ന സാധ്യതാ പഠനം നടത്തിയിട്ടില്ല. ആ കാലത്ത് ചുമതലയുണ്ടായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ, സ്ഥലം വെറ്ററിനറി സർജൻ, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ തീരുമാന പ്രകാരമാണ് ഇവിടെ കേന്ദ്രം ആരംഭിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണം നമ്പർ 29/19 -11-2019 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. കൂടാതെ എബിസി കേന്ദ്രം നിലവിൽ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ലെന്ന് സമ്മതിച്ചിട്ടുണ്ട്. തന്നെ പാപ്പിനിശ്ശേരി എ.ബി.സി. കേന്ദ്രത്തിലേക്ക് മാറ്റി നിലവിൽ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

കോപ്പാലം എ.ബി.സി കേന്ദ്രത്തിനായി സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടില്ല. ഡിസ്പൻസറിയിൽ ലഭ്യമായ മുറികളാണ് ഉപയോഗിച്ചിട്ടുള്ളത്. അവിടെ നിർമ്മിച്ച താല്ക്കാലിക ഷെഡ്ഡുകൾ അഴിച്ചെടുത്ത് ജില്ലാ പഞ്ചായത്തിന്റെ പരിഗണനയിലുള്ള മറ്റ് എ.ബി.സി കേന്ദ്രങ്ങൾ ആരംഭിക്കുമ്പോൾ പുനരുപയോഗിക്കാവുന്നതാണെന്നും ആയതിനാൽ കോപ്പാലം എ.ബി.സി കേന്ദ്രം ആരംഭിച്ച ഇനത്തിൽ സർക്കാരിന് പാഴ്ച്ചെലവ് ഉണ്ടായിട്ടില്ല എന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | ആയതിനാൽ പ്രസ്തുത പദ്ധതിക്കുവേണ്ടി ചെലവഴിച്ച 14,34,562/- രൂപ പാഴ് ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. | |
| 5 | 2 | **ഐഎവൈ ഭവന പദ്ധതി - മുതലും പലിശയുമടക്കം 1.34 കോടി രൂപയുടെ സാമ്പത്തിക ബാധ്യത**<br><br>( വൈക്കം ബ്ലോക്ക് പഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13)<br>സർക്കാർ ഉത്തരവ് കൈ നം.193/2013/തസ്വഭവ തീയതി 24.05.13 പ്രകാരം 2011-12 ൽ എഗ്രിമെന്റ് വച്ച ഐ.എ.വൈ ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധിക ധനസഹായം ലഭ്യമാക്കുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു.<br><br>പ്രസ്തുത ഉത്തരവ് പ്രകാരം ലോൺ തുക ബ്ലോക്ക് പഞ്ചായത്തുകൾ തന്നെ 10 വർഷം കൊണ്ട് പ്ലാൻ ഫണ്ട് ഉപയോഗിച്ച് തിരിച്ചടയ്ക്കേണ്ടതാണെന്നും 11.25% പലിശ സർക്കാർ വഹിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12-13 പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വിവിധ സഹകരണ ബാങ്കുകളിൽ നിന്നായി ആകെ 87,75,000/- രൂപ വായ്പ എടുത്തിരുന്നു. എന്നാൽ നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് തുടർന്നുള്ള വാർഷിക പദ്ധതികളിലൊന്നും തുക വകയിരുത്തി വായ്പാമുതൽ തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ല. വായ്പാതുക അടവാക്കാതിരുന്നതുമൂലം | 2012-13 ൽ ഐ.എ.വൈ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചെങ്കിലും സംസ്ഥാന വിഹിതം ലഭ്യമാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 20/03/2014 - ലെ 1774/ഡിഡി/2013/തസ്വഭവ നമ്പർ സർക്കുലർ (1) അടിസ്ഥാനത്തിലാണ് 117 ഗുണഭോക്താക്കൾക്കായി 75,000/- രൂപ നിരക്കിൽ .877500/- രൂപ 6 സഹകരണ ബാങ്കുകളിൽ നിന്നായി വായ്പ ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചത്. ഇതിൻ പ്രകാരം ഒരു ബാങ്ക് 18/04/2013 - ലും ബാക്കിയുള്ള 5 ബാങ്കുകൾ 30/04/2013 - ലും വായ്പ അനുവദിച്ചു നൽകി. ഈ തുക 2012-13 ▯ ലെ 117 ഗുണഭോക്താക്കൾക്ക് ആർ.റ്റി.ജി.എസ് മുഖേന ഓഫീസിൽ നിന്നും അനുവദിച്ചിട്ടുമുണ്ട്.<br><br>സർക്കാർ ഉത്തരവ് കൈ നം.90/2013 തീയതി 14/03/2014 (II) പ്രകാരം മുതലും പലിശയും തിരിച്ചടക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമായിരിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. അതിനാൽ പ്രോജക്റ്റ് |

| | | |
|---|---|---|
| | പലിശയിനത്തിൽ മാത്രം 2018-19 വർഷം വരെ 46 ലക്ഷത്തിലധികം രൂപയുടെ ബാധ്യത ഉണ്ടായിട്ടുള്ളതായി ബാങ്കുകൾ ലഭയമാക്കിയ കണക്കുകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു ( സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി 2013-14 വർഷം പ്ലാൻ ഫണ്ട് വിനിയോഗിച്ച് പലിശയിനത്തിൽ അടവാക്കിയതും പിന്നീട് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും റീ ക്രൂപ്പ് ചെയ്തിട്ടുള്ളതുമായ രൂപ കിഴിച്ചുള്ള തുകയാണിത്.<br><br>വായ്പ അടവാക്കാതിരിക്കുന്നതും പലിശ വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 1/16-10-19) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം അവതരിപ്പിച്ചതിനെതുടർന്ന് വായ്പയെടുത്ത മുതൽ വാർഷിക പദ്ധതിയിൽപ്പെടുത്തി തിരിച്ചടവാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് സർക്കാരിന്റെ അനുമതിയ്ക്ക് സമർപ്പിക്കുന്നതാണെന്നും വായ്പ സംബന്ധിച്ച വരവു ചെലവുകണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും പ്രസിഡന്റ് അറിയിച്ചു.<br><br>ഐ.എ.വൈ പദ്ധതി നിർവ്വഹണം മേൽപ്പറഞ്ഞ തരത്തിൽ ബ്ലോക്ക് പഞ്ചായത്തിനും സർക്കാരിനും വൻസാമ്പത്തിക ബാധ്യത ഉണ്ടാക്കാനിടയായത് ഗൗരവമായി കാണുന്നു. വായ്പടെയുത്ത തുക തിരിച്ചടയ്ക്കുന്നതിനും പലിശയിനത്തിലുള്ള ബാധ്യത വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും വിഷയം അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി. തുടർനടപടികൾ സ്വീകരിക്കേണ്ടതും | പദ്ധതിയിലുൾപ്പെടുത്തി വായ്പ തുക തിരിച്ചടക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചില്ല. തുടർന്ന് ബാങ്കുകളിൽ നിന്നുള്ള സമ്മർദ്ദം മൂലം 31/03/2014 വരെയുള്ള പലിശയിനത്തിൽ 393455/- രൂപ ബ്ലോക്ക് പഞ്ചായത്ത് ബി.പി.എഫ്.എ-1 ൽ നിന്നും അടവാക്കി. പലിശ അടച്ചില്ലെങ്കിൽ പിഴ പലിശ ഒടുക്കേണ്ടിവരുമെന്ന ബാങ്കുകളുടെ സമ്മർദ്ദം മൂലം ബ്ലോക്ക് പഞ്ചായത്തിന് ഉണ്ടാകുന്ന വൻ സാമ്പത്തിക ബാദ്ധ്യത പരിഗണിച്ചുമാണ് പലിശ അടവാക്കിയിട്ടുള്ളത്. (തീരുമാനം നം.8 തിയതി 17.09.2014) ഇപ്രകാരം പലിശ അടവാക്കിയതിന് സർക്കാർ ഉത്തരവ് (സാധാ)നം.646/2019/തസ്വഭവ തീയതി 18/03/2019 (III) പ്രകാരം സാധൂകരണം നൽകിയിട്ടുണ്ട്.<br><br>2018-19 - ലെ സംസ്ഥാന ഓഡിറ്റിനെ തുടർന്ന് 2020-21ൽ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ തിരിച്ചടക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് ബ്ലോക്ക് പഞ്ചായത്ത് അപേക്ഷ നൽകുകയും ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കോ-ഓർഡിനേഷൻ കമ്മിറ്റി ഗ്രാമ വികസന കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ സജീവ ഇടപെടലുണ്ടാകേണ്ടതുമാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. | |
| 6 | 3 | **<u>വായ്പാ തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ച</u>**<br>**<u>പലിശയിനത്തിൽ വൻതുക ബാദ്ധ്യത</u>**<br>പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1<br>സർക്കാർ ഉത്തരവ് (കൈ) നം. 193/2013/തസ്വഭവ തീയതി 24.05.13 പ്രകാരം 2011-12 ൽ എഗ്രിമെന്റ് വച്ച ഐ.എ.വൈ ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധിക ധനസഹായം ലഭ്യമാക്കുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ലോൺ തുക ബ്ലോക്ക് പഞ്ചായത്തുകൾക്ക്തന്നെ 10 വർഷം കൊണ്ട് പ്ലാൻ ഫണ്ട് ഉപയോഗിച്ച് തിരിച്ചടയ്ക്കേണ്ടതാണെന്നും 11.25% പലിശ സർക്കാർ വഹിക്കുന്നതാണ് എന്നും വ്യക്തമാക്കിയിരുന്നു. കൂടാതെ സർക്കാർ ഉത്തരവ് (എം.എസ്) 90/13//തസ്വഭവ തീയതി 14.03.2013 പ്രകാരം 2012-13 വർഷത്തെ പ്ലാൻ ഫണ്ടിൽ ചെലവഴിക്കാതെ ബാക്കിയായ തുകയിൽ നിന്നും അടിയന്തിരമായി ഐ.എ.വൈ പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതം നൽകുന്നതിനായി വിനിയോഗിക്കാമെന്നും ടി തുക വായ്പ ലഭ്യമാകുകയോ സർക്കാരിൽ നിന്നും പണം ലഭിക്കുകയോ ചെയ്താലുടൻ | പരാമർശങ്ങൾക്കുള്ള വിശദമായ മറുപടികൾ താഴെ ചേർത്തിരിക്കുന്നു. |

<table>
<tr>
<td></td>
<td>പ്ളാൻ ഫണ്ടിനത്തിൽ തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ പറഞ്ഞ രണ്ടു ഉത്തരവുകളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കാതെ ബ്ലോക്ക് പഞ്ചായത്ത് സാമ്പത്തിക ഇടപാടുകളിൽ നടത്തിയ ഗുരുതരമായ ക്രമക്കേടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</td>
<td></td>
</tr>
<tr>
<td></td>
<td><u>ബാങ്ക് വായ്പ തുക പ്ലാൻഫണ്ടിലേക്ക് തിരികെ ഒടുക്കിയില്ല</u><br><br>2012-13 വർഷം പ്ലാൻ ഫണ്ടിൽ ചെലവാകാതിരുന്ന 52.50 ലക്ഷം രൂപ (പൊതുവിഭാഗത്തിൽ നിന്നും 39 ലക്ഷം രൂപയും എസ്.സി.പി വിഭാഗത്തിൽ നിന്നും 13.50 ലക്ഷം രൂപയും)ഐ.എ.വൈ. പദ്ധതിയ്ക്കായി സർക്കാർ ഉത്തരവ് പ്രകാരം വകമാറ്റി ഐ.എ.വൈ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ വരവ് വച്ചിരുന്നു. (പള്ളിക്കത്തോട് എസ്.ബി.ഐ അക്കൗണ്ട് നം.67169988433). വായ്പ തുക ലഭ്യമാകുന്ന മുറയ്ക്ക് ടി തുക തിരികെ പ്ലാൻ ഫണ്ടിലൊടുക്കേണ്ടതായിരുന്നു. ബ്ലോക്ക് പഞ്ചായത്തിന് ആനിക്കാട് റീജണൽ ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിന്നും 30 ലക്ഷം രൂപയും കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 22.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 52.50 ലക്ഷം രൂപ വായ്പ ലഭിച്ചിരുന്നു. തുക ലഭിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ബാങ്കിന്റെ പേര്</th><th>ലഭിച്ച തുക</th><th>വരവ് വന്ന തീയതി</th></tr>
<tr><td>ആനിക്കാട്</td><td>1,00,00,000</td><td>30.04.2013</td></tr>
</table>
</td>
<td>14/03/2013 ലെ സർക്കാർ ഉത്തരവ് (കൈ) നം. 90/2013/ത.സ്വ.ഭ.വ അനുസരിച്ച് 2012-13 വർഷത്തെ പ്രോജക്ട് നമ്പർ 89/12 പ്രകാരം 39,00,000/- രൂപയും പ്രോജക്ട് നമ്പർ 90/12-13 പ്രകാരം 13,50,000/- രൂപയും ഉൾപ്പെടെ ആകെ 52,50,000/- രൂപ (70X75000=52,50,000/- രൂപ) സംസ്ഥാന സർക്കാർ വിഹിതമായ അധിക ധനസഹായം നൽകുന്നതിന് വിനിയോഗിച്ചുവെന്നും മേൽ ഉത്തരവ് പ്രകാരം ടി തുക തിരികെ ലഭിക്കുമ്പോൾ പ്ളാൻ ഫണ്ടിൽ വരവ് വെച്ച് പ്രോജക്ടുകൾക്ക് വിനിയോഗിക്കാം എന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ പറഞ്ഞിരിക്കുന്ന പ്രകാരം രണ്ട് ബാങ്കിൽ നിന്നും 2013-14 സാമ്പത്തിക വർഷത്തിൽ വായ്പ എടുത്തതായും ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.</td>
</tr>
</table>

<table>
<tr>
<td></td>
<td>
<table>
<tr><td>റീജണൽ ഫാർമേഴ്സ് സഹകരണ ബാങ്ക്</td><td>29,00,000</td><td>30.12.2013</td></tr>
<tr><td rowspan="2">കിടങ്ങൂർ സർവീസ് സഹകരണ ബാങ്ക്</td><td>1,00,000</td><td>30.04.2013</td></tr>
<tr><td>21,50,000</td><td>30.01.2014</td></tr>
<tr><td>ആകെ</td><td>52,50,000</td><td></td></tr>
</table>
വായ്പയായി ലഭിച്ച തുക പ്ളാന് ഫണ്ടിനത്തില് വരവ് വെയ്ക്കേണ്ടതിന് പകരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഐ.എ.വൈ പ്ളാൻഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (പള്ളിക്കത്തോട് എസ്.ബി.ഐ.അക്കൗണ്ട് നം.67169988433) നിക്ഷേപിച്ച് തനത് ഫണ്ടായി കണക്കാക്കി മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിക്കുകയാണുണ്ടായത്.ഇത് സർക്കാർ ഉത്തരവുകളുടെ. ഗുരുതരമായ ലംഘനമാണ്.
</td>
<td>ഈ തുക 2013-14 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിനത്തിൽ സുലേഖ സോഫ്റ്റ് വെയർ മുഖേന വരവ് വെയ്ക്കുന്നതിന് പ്രൊവിഷൻ ഇല്ലാതിരുന്നതിനാലാണ് പള്ളിക്കത്തോട് എസ്.ബി.ഐ യിലെ ഐ.എ.വൈ പ്ലാൻ അക്കൗണ്ടായ 67169988433- ൽ നിക്ഷേപിച്ച് തനത് ഫണ്ടിനത്തിൽ കണക്കാക്കി 2013-14 - ലെ പ്രോജക്ടുകൾ തയ്യാറാക്കി ഡി.പി.സി അംഗീകാരം നേടി ഓഡിറ്റിൽ പറഞ്ഞിരിക്കും പ്രകാരം അഞ്ച് പ്രോജക്ടുകൾക്കായി 29,18,419/- രൂപ ചെലവഴിച്ചത്. ആയതിനാൽ സർക്കാർ ഉത്തരവുകളുടെ ലംഘനം ഉണ്ടായിട്ടില്ല എന്ന് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്ളാൻ ഫണ്ട് തനത് ഫണ്ടായി കണക്കാക്കി മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിച്ചു എന്ന ഓഡിറ്റ് നിരീക്ഷണത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ഗ്രാമ വികസന കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.(എ.സി2/46/2021/ത.സ്വ.ഭ.വ)</td>
</tr>
<tr>
<td></td>
<td><u>മതിയായ ഫണ്ട് ബാലൻസ് ഉണ്ടായിരുന്നിട്ടും ആവശ്യാധിഷ്ഠിതമല്ലാതെ വായ്പ എടുത്തു.</u><br><br>ഐ.എ.വൈ ഗുണഭോക്താക്കൾക്കുള്ള ത്രിതല പഞ്ചാത്തുകളിൽ നിന്നുള്ള വിഹിതവും സംസ്ഥാന സർക്കാർ</td>
<td>പള്ളിക്കത്തോട് എസ്.ബി.ഐ 6719988433 അക്കൗണ്ട് ഐ.എ.വൈ യുടെ ത്രിതല പഞ്ചായത്ത് വിഹിതവും</td>
</tr>
</table>

| | | |
|---|---|---|
| | വിഹിതവും സൂക്ഷിച്ചിരുന്നത് പള്ളിക്കത്തോട് എസ്.ബി.ഐ യുടെ 67169988433 നം. അക്കൗണ്ടിലായിരുന്നു. ടി അക്കൗണ്ടിൽ 1.4.2013 ലെ മുന്നിരിപ്പ് തുക 1,50,99,819/- രൂപയായിരുന്നു. വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളതും ജില്ലാ പഞ്ചായത്തു വിഹിതവും ഉൾപ്പെടെ 30.4.13 ലെ ബാലൻസ് തുക 2,23,98,246/- രൂപ അക്കൗണ്ടിൽ അവശേഷിക്കുമ്പോഴാണ് ബ്ലോക്ക് പഞ്ചായത്ത് 52.50 ലക്ഷം രൂപ വായ്പ എടുക്കുന്നതിനായി സഹകരണ ബാങ്കുകളുമായി കരാറിലേർപ്പെടുന്നത്. കൂടാതെ 2013-14 വർഷം വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായതത പഞ്ചായത്തിൽ നിന്നുമായി 2.19 കോടി രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുകയും 2.14 കോടി രൂപ ഐ.എ.വൈ ഗുണഭോക്താക്കൾക്കായി ചെലവഴിക്കുകയും ചെയ്തിരുന്നു. 31.03.2014 ൽ അക്കൗണ്ടിൽ ബാലൻസ് തുകയായി 2.09 കോടി രൂപ അവശേഷിക്കുന്നുമുണ്ടായിരുന്നു. ഇതിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വായ്പ തുകയുടെ ആവശ്യം ഇല്ലാതെ തന്നെ വായ്പ എടുക്കുകയും അതുമൂലം വൻ സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുകയുമാണ് ഉണ്ടായത് എന്ന് വ്യക്തമാണ്. 52.50 ലക്ഷം രൂപ അനാവശ്യമായി വായ്പ എടുക്കുകയും തൻമൂലം പലിശ ഉൾപ്പെടെ 78,15,291/- രൂപ ബ്ലോക്ക് പഞ്ചായത്തിന് ബാദ്ധ്യത വരുത്തിവയ്ക്കുകയുമാണ് ഉണ്ടായത്. | സംസ്ഥാന വിഹിതവും സൂക്ഷിക്കുന്ന ആവശ്യത്തിലേയ്ക്കാണ്. ടി അക്കൗണ്ടിൽ നിലനിൽക്കുന്ന തുക വിവിധ വർഷങ്ങളിലെ ഐ.എ.വൈ സ്പിൽ ഓവർ വീടുകൾക്ക് നൽകുവാൻ അവശേഷിക്കുന്ന തുകയും പലിശയിനത്തിൽ ലഭിക്കുന്ന തുകയുമാണ്. വീടുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ടി അക്കൗണ്ടിൽ നിന്നും അതാത് ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട അനുവദിച്ച് നൽകുന്നതിനായാണ് ടി തുക വിനിയോഗിക്കുന്നത് എന്ന് പാമ്പാടി ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു. വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ മതിയായ ഫണ്ട് ബാലൻസ് ഉണ്ടായിരുന്നിട്ടും ആവശ്യാധിഷ്ഠിതമല്ലാതെ വായ്പ എടുത്തതുസംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഗ്രാമവികസന കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| | **<u>ഭവന പദ്ധതിയ്ക്കായി തുക വകമാറ്റി വിനിയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കി</u>**<br><br>വാസയോഗ്യമായ പാർപ്പിടം ഇല്ലാത്ത എല്ലാ ദരിദ്ര കുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ | ഐ.എ.വൈ ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ അധിക വിഹിതം നൽകുക എന്ന ലക്ഷ്യം 2012-13 വർഷം തന്നെ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പൂർത്തീകരിച്ചു. (70x75000=52,50000/- രൂപ) . വിവിധ പ്ളാൻ |

നടപ്പാക്കിയ ഐ.എ.വൈ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ വിഹിതം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ലഭ്യമാക്കിയ വായ്പ തുക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുകയും 2013-14, 2014-15 വർഷങ്ങളിൽ റോഡ് നിർമ്മാണ പ്രോജക്ടുകൾ, ബ്ലോക്ക് പഞ്ചായത്തിന് വാഹനം വാങ്ങൽ എന്നിവ ഉൾപ്പെടെ വിവിധ പ്രോജക്ടുകൾക്കായി തുക ചെലവഴിക്കുകയും ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പാറമറ്റം -താന്നിക്കുന്ന് റോഡ് നിർമ്മാണം-പാമ്പാടി പഞ്ചായത്ത് | 11,40,000 | ചെക്ക് നം.615435/27.314 |
| മലമ്പതി കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 1,99,273 | 960080 & 960081/2.3.15 |
| രാജീവ് ഗാന്ധി സേവാ കേന്ദ്രം നിർമ്മാണം | 5,00,000 | 960083/9.3.15 |
| സിഡിപിഒ ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ | 80.246 | 960047/28.10.15 |
| ബ്ലോക്ക് പഞ്ചായത്ത് വാഹനം | 9,98,900 | 615418/30.12.13 |
| ആകെ | 2918419/- | |

ഭവന പദ്ധതിയ്ക്കായി ലഭിച്ച തുക ഇപ്രകാരം വകമാറ്റി മറ്റ് പ്രവർത്തികൾക്ക് വിനിയോഗിച്ചത് ഗുരുതരമായ ക്രമക്കേടാണ്. ടി പ്രോജക്ടുകൾക്ക് ചെലവഴിച്ചതിന് ശേഷം ബാക്കിയുള്ള തുകയായ 23,31,581/- രൂപയിൽ 20,02,447/- രൂപ 2018-19 വർഷം വായ്പ തുകയിലേക്ക് പദ്ധതികളിൽ ചെലവഴിക്കാതിരുന്ന തുകയാണ് ഇത്തരത്തിൽ ഐ.എ.വൈ പദ്ധതിക്കുവേണ്ടി ടി വർഷം തന്നെ ചെലവഴിച്ചത്. ടി ലക്ഷ്യം പൂർത്തീകരിച്ചതിനുശേഷമാണ് 2013-14 വർഷം രണ്ടു ബാങ്കുകളിൽ നിന്നായി 52,50000/- രൂപ ലോൺ എടുത്തതും, ടി തുക സുലേഖ സോഫ്റ്റ് വെയർ മുഖേന പ്ലാൻ ഫണ്ടിൽ വരവ് വെയ്ക്കാൻ സാധിക്കാതെ വന്നതിനാൽ ഓൺ ഫണ്ടായി കണകാക്കി ഐ.എ.വൈ പ്ലാൻ അക്കൗണ്ടിൽ നിക്ഷേപിച്ച് 2013-14, 2014-15 വർഷങ്ങളിൽ ഡിപിസി അംഗീകാരം തേടി 5 പ്രോജക്ടുകൾക്ക് 29,18,419/- രൂപ ചെലവഴിച്ചിട്ടുള്ളതും എന്ന് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു. ഐ.എ.വൈ ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ അധിക വിഹിതം നൽകുക എന്ന ലക്ഷ്യം പൂർത്തീകരിച്ചതിനുശേഷവും ലോണെടുത്ത് അത്യാവശ്യമില്ലാത്ത പ്രോജക്ടുകൾക്ക് പണം ചെലവഴിച്ച എന്ന ഓഡിറ്റ് നിരീക്ഷണത്തിന് സെക്രട്ടറി നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഗ്രാമവികസന കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| | അടയ്ക്കുകയുണ്ടായി. ലോൺ തുകയിൽ ബാക്കി നിൽക്കുന്ന 3,29,134/- രൂപയും സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. | |
| | **1 വായ്പ ലഭിച്ച് 4 വർഷത്തിന് ശേഷം മാത്രം തിരിച്ചടവ് ആരംഭിച്ചു - ബാങ്ക് നിയമനടപടിയിലേക്ക് നീങ്ങിയതുമൂലം വായ്പ തുക മുഴുവനും തിരികെ അടക്കേണ്ടി വന്നു.**<br><br>2013-14 വർഷം രണ്ട് ബാങ്കുകളിൽ നിന്നായി 52.50 ലക്ഷം രൂപ വായപ് ലഭിച്ചിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം അടുത്ത സാമ്പത്തിക വർഷം മുതൽ തന്നെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് 10 തുല്യഗഡുക്കളായി തിരിച്ചടവ് നടത്തേണ്ടിയിരുന്നു. എന്നാൽ മുതലിനത്തിലുള്ള തുകയും പലിശയും സർക്കാർ അടയ്ക്കും എന്ന ധാരണയിൽ ബ്ലോക്ക് പഞ്ചായത്ത് മുതലിനത്തിലുള്ള തുക പോലും അടയ്ക്കുകയുണ്ടായില്ല. വായ്പ നൽകിയ ആനിക്കോട് റീജണൽ ഫാർമേഴ്സ് സഹകരണ ബാങ്ക് 2015-16 വർഷം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുമ്പാകെ ആർബിട്രേഷനിൽ കേസ് ഫയൽ ചെയ്യുകയും പലിശ ഉൾപ്പെടെ ലോൺതുക മുഴുവൻ ഒറ്റഗഡുവായി അടച്ചു തീർക്കണമെന്ന് ആവശ്യം ഉന്നയിക്കുകയും ചെയ്തു. സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 10 വർഷം കൊണ്ടു മാത്രം അടച്ചു തീർക്കാമായിരുന്നു. മുതലിനത്തിലുള്ള ലോൺ തുക മുഴുവനായും 2017-18, 2018-19 വർഷങ്ങളിലായി അടച്ചു തീർക്കുകയായിരുന്നു. 2017-18 വർഷം പ്ലാൻ ഫണ്ട് വിനിയോഗിച്ച് വിവിധ പ്രോജക്ടുകളിലായി 16,23,776/- രൂപ വീതം രണ്ടു | 2013-14 വർഷം രണ്ട് ബാങ്കുകളിൽ നിന്നായി എടുത്ത 52.50 ലക്ഷം രൂപയുടെ ലോൺ മുതൽ തുക 10 ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരുന്നതെന്നും , 2017-18 വർഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുതൽ ഇനത്തിൽ ആനിക്കാട് റീജിയണൽ എസ്.സി.ബി.യിൽ 16,23,777/- രൂപയും കിടങ്ങൂർ എസ്.സി.ബിയിൽ 16,23,776/- രൂപയും തിരിച്ചടച്ചിട്ടുള്ളതാണെന്നും, ടി ലോൺ സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്തുമായി നിലവിൽ കേസുള്ളതിനാലും ലോൺ മുതൽ തുക ബാക്കി നിൽക്കുന്നത് പലിശയിനത്തിൽ കൂടുതൽ ബാധ്യത ഉണ്ടാക്കുമെന്നുള്ളതിനാലും 27/04/18 ലെ ഭരണ സമിതിയുടെ 5(2) -ാം നമ്പർ തീരുമാനപ്രകാരം 2018-19 വർഷം മുതൽ ഈ ഇനത്തിൽ ബാക്കി നിൽക്കുന്ന 20,02,447/- രൂപ ( ആനിക്കാട് എസ്. സി.ബി 1376223/- കിടങ്ങൂർ എസ്.സി.ബി 626224/-) ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ. പ്ലാൻ എസ്.ബി.അക്കൗണ്ട് |

| | | |
|---|---|---|
| | ബാങ്കുകളിലുമായി അടയ്ക്കുയും 2018-19 വർഷം ലോൺ തുക നിക്ഷേപിച്ചിരുന്ന ബാങ്ക് അക്കൗണ്ടിൽ നിന്നും ബാക്കി തുകയായ 20,02.447/- രൂപ നൽകുകയുമാണ് ഉണ്ടായത്. മറ്റ് പ്രോജക്ടുകൾക്ക് വിനിയോഗിക്കാമായിരുന്ന തുക ഈ രീതിയിൽ ലോൺ തിരിച്ചടവിന് മാത്രമായി ഉപയോഗപ്പെടുത്തേണ്ടി വന്നത് സ്ഥാപനത്തിന്റെ ഉത്തമ താത്പര്യങ്ങൾക്ക് നിരക്കാത്തതാണ്. | നം.67169988433- ൽ നിന്നും പിൻവലിച്ച് ഒടുക്കിയിട്ടുള്ളതുമാണെന്നും ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | **<u>ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച വായ്പ തുകയ്ക്ക് പലിശയിനത്തിൽ വൻ ബാദ്ധ്യത</u>**<br><br>പ്ലാൻ ഫണ്ടിൽ തിരികെ അടയ്ക്കേണ്ടിയിരുന്ന 11.25% പലിശയോട്ടുകൂടിയി വായ്പ തുക ആയത് ചെയ്യാതെ ബാങ്ക് സേവിംഗ്സ് അക്കൗണ്ടിൽ സൂക്ഷിക്കുകയായിരുന്നു. തൻമൂലം 11.6.18 ൽ ആനിക്കാട് സർവ്വീസ് സഹകരണ ബാങ്കിൽ പലിശയിനത്തിൽ 14,91,300/- രൂപയും കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്കിൽ 10,44,019/- രൂപയും ഉൾപ്പെടെ ആകെ 25,35,319/- രൂപ തിരികെ അടയ്ക്കാൻ ശേഷിക്കുന്നതായി കാണുന്നു. ആവശ്യാധിഷ്ഠിതമല്ലാതെ വായ്പയെടുക്കുകയും എടുത്ത വായ്പ സർക്കാർ ഉത്തരവുകൾക്കനുസൃതമായി തിരികെ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ട തുക അടയ്ക്കാതെ തനത് ഫണ്ട് പോലെ കൈകാര്യം ചെയ്ത് ചെലവഴിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വന്ന ഭീമമായ പലിശ തുകയ്ക്ക് ഉത്തരവാദിത്വം ടി കാലയളവിലെ സെക്രട്ടറിയ്ക്കും ഭരണസമിതിയ്ക്കുമാണ്. പലിശ അടയ്ക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് അവശ്യപ്പെട്ടു കൊണ്ട് 30.08.18 ൽ നിലവിലെ സെക്രട്ടറി ഡെപ്യൂട്ടി | ധനകാര്യ വകുപ്പിന്റെ 21/03/19 ലെ IWHI/5/19 ധന നമ്പർ കത്ത് പ്രകാരം സർക്കാർ അക്കൗണ്ടുകളിൽ നിലനിൽക്കുന്ന പലിശയിനത്തിൽ ലഭ്യമായ തുകയിൽ നിന്നും ഐ.എ.വൈ വായ്പയുടെ മുതൽ, പലിശ എന്നിവ ഒടുക്കുന്നതിന് നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി രണ്ടു ബാങ്കുകളിലെ പലിശ ഇനത്തിലുള്ള തുകയായ 25,73,306/- രൂപ (15,25,234/- , 10,48,072/- ) ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ പ്ളാൻ അക്കൗണ്ടിൽ പലിശ ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നും ഒടുക്കി ലോൺ പൂർണ്ണമായും തീർപ്പാക്കിയിട്ടുള്ളതാണ്. |

| | | |
|---|---|---|
| | ഡവലപ്പ്മെന്റ് കമ്മീഷണർ, പി.എ യും കോട്ടയത്തിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ സർക്കാരിന്റെ ഭാഗത്തു നിന്നും അനുകൂല മറുപടിയുണ്ടായിട്ടില്ല. | |
| | **മുതൽ ഇനത്തിൽ തിരികെ അടച്ച തുക ബാങ്ക് വരവ് വച്ചത് പലിശയിനത്തിൽ**<br><br>276.7.18 ൽ ബ്ലോക്ക് പഞ്ചായത്ത്, ആനിക്കാട് റീജയണൽ ഫാർമേഴ്സ് സഹകരണ ബാങ്കിൽ മുതൽ ഇനത്തിൽ അടച്ച 13,76,223/- രുപ ബാങ്ക് വരവ് വച്ചത് സംസ്ഥാന സർക്കാർ അടയ്ക്കണമെന്ന് കരുതപ്പെടുന്ന പലിശയിനത്തിലാണ് തൻമൂലം ബാങ്കിന്റെ കണക്കുകളിൽ മുതൽ ഇനത്തിൽ തുക അടയ്ക്കാൻ അവശേഷിക്കുന്നതു മൂലം പലിശ ഇനത്തിലുള്ള ബാദ്ധ്യത ഇനിയും കൂടാൻ സാദ്ധ്യതയുമുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 30.05.19 ൽ നം.എ 3/2071/18 നമ്പർ കത്ത് പ്രകാരം ഈ രീതിയിൽ പലിശ തുകയിലേക്ക് വരവ് വച്ചത് സർക്കാർ ഉത്തരവിന്റെയും വായ്പ കരാർ ഉടമ്പടിയുടേയും ലംഘനമായതിനാൽ മേൽ തുക, മുതൽ ഇനത്തിൽ വകയിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആനിക്കാട് ബാങ്കിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബാങ്കിന്റെ ഭാഗത്തു നിന്നും നടപടിയൊന്നും ഉണ്ടായില്ല.<br>മേൽ പറഞ്ഞ അപാകതകൾ വ്യക്തമാക്കുന്നത് ആവശ്യാധിഷ്ഠിതമല്ലാതെ വായ്പ എടുക്കുകയും ടി തുക സർക്കാർ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് തനത് ഫണ്ടിൽ സൂക്ഷിക്കുകയും ചെയ്തതിനാൽ വൻ പലിശ ബാദ്ധ്യത സ്ഥാപനത്തിന് ഉണ്ടാകുകയും ചെയ്തു എന്നതാണ്. | കിടങ്ങൂർ എസ്.സി.ബിയിൽ തിരിച്ചടവ് തുക മുതലിനത്തിൽ മാത്രം കുറവ് ചെയ്തിട്ടുള്ളതും പലിശ തുക പ്രത്യേകമായി കണക്കാക്കിയിട്ടുള്ളതാണ്. എന്നാൽ ആനിക്കാട് എസ്.സി.ബി യിൽ തിരിച്ചടവ് തുക മുതലിനത്തിൽ എന്നതുപോലെ തന്നെ പലിശ ഇനത്തിലും വരവ് വെച്ചതായി അവരുടെ 30/08/2018- ലെ സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നതിനാൽ ആയത് ഈ ഓഫീസിലെ 6/09/2018- ലെ കത്ത് പ്രകാരം തിരുത്തി നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതാണ് ശേഷം മുതലും പലിശയും തിരിച്ചടവ് വരുത്തി ലോൺ തീർപ്പാക്കി നൽകിയ സ്റ്റേറ്റ്മെന്റിൽ മുതൽ തിരിച്ചടവ് തുക പൂർണ്ണമായും മുതൽ ഇനത്തിൽ തന്നെ അതായത് തീയതികളിൽ വരവ് വെച്ചിട്ടുള്ളതും പലിശ പ്രത്യേകമായി നിലനിർത്തിയിട്ടുള്ളതുമാണ്. ആയത് സംബന്ധിച്ച് ടി ബാങ്കിന്റെ 25/02/2020 ലെ അന്തിമ സ്റ്റേറ്റ്മെന്റിന്റെ പകർപ്പും ലോൺ പൂർണ്ണമായും തിരിച്ചടവ് |

| | | |
|---|---|---|
| | സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന പക്ഷം ആയത് അനുസരിച്ച് ബാദ്ധ്യത തീർക്കാൻ നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം പലിശയിനത്തിലുള്ള ബാദ്ധ്യത തുകയ്ക്ക് ടി കാലയളവിലെ സെക്രട്ടറിയും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും ഉത്തരവാദികളാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പരാമർശം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.1/03/2019). | വായ്പ കണക്ക് അവസാനിപ്പിച്ചതായി അറിയിച്ചുകൊണ്ട് ബാങ്ക് നൽകിയ കത്തിന്റെ പകർപ്പും ലഭ്യമായിട്ടുണ്ട്. |
| | | |